# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

2011 നവംബർ 3, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 147—നമ്പർ 24

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2011 നവംബർ 3, വ്യാഴം*

*സ്പീക്കർ*

**ശ്രീ. ജി. കാർത്തികേയൻ**

*ഡെപ്യൂട്ടി സ്പീക്കർ*

**ശ്രീ. എൻ. ശക്തൻ**

*സെക്രട്ടറി*

**ശ്രീ. പി. ഡി. രാജൻ**

*ചീഫ് എഡിറ്റർ*

**ശ്രീമതി ഉഷ വി. ദാമോദർ**

**എഡിറ്റിംഗ് ബ്രാഞ്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

.446/14

LIBRARY ARCHIVES Kerala Legislative Assembly

# മന്ത്രിസഭാംഗങ്ങൾ

| | |
|---|---|
| മുഖ്യമന്ത്രി | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| ആരോഗ്യവും കയറും വകുപ്പുമന്ത്രി | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | ശ്രീ. എ. പി. അനിൽ കുമാർ |
| ഊർജ്ജ വകുപ്പുമന്ത്രി | ശ്രീ. ആര്യാടൻ മുഹമ്മദ് |
| എക്സൈസും തുറമുഖവും വകുപ്പുമന്ത്രി | ശ്രീ. കെ. ബാബു |
| സഹകരണ വകുപ്പുമന്ത്രി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| മരാമത്ത് വകുപ്പുമന്ത്രി | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | ശ്രീ. ടി. എം. ജേക്കബ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | ശ്രീ. കെ. എം. മാണി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | ഡോ. എം. കെ. മുനീർ |
| തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി | ശ്രീ. ഷിബു ബേബിജോൺ |
| ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി | ശ്രീ. വി. എസ്. ശിവകുമാർ |
| റവന്യൂ വകുപ്പുമന്ത്രി | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

LIBRARY ARCHIVES Kerala Legislative Assembly

# ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .... 26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .... 53

II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1520-ന്റെ

തിരുത്തിയ ഉത്തരം .... 243

III ചരമോപചാരം

എം. പി. ഗംഗാധരൻ, അഡ്വ. പി. അബ്ദുൾ മജീദ്,

ടി. ഗോവിന്ദൻ എന്നിവരുടെ നിര്യാണം ..... 243

IV അടിയന്തരപ്രമേയം

ജാതി പറഞ്ഞ് ആക്ഷേപിച്ചതായി പറയപ്പെടുന്ന സംഭവം

(അവതരണാനുമതി നിഷേധിച്ചു) .... 245

V അറിയിപ്പ് .... 258

LIBRARY ARCHIVES Kerala Legislative Assembly

പേജ്

VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ — ... 259

VII റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ... 266

2. സബ്ജക്ട് കമ്മിറ്റി IV, VI, VIII, IX,X, XIII, XIV എന്നിവയുടെ 2010-11- ലെ ധനാഭ്യർത്ഥനകളുടെ പരിശോധനസംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് ... 266

VIII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് .... 268

IX ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

2011-ലെ കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ (ഭേദഗതി) ചട്ടങ്ങൾക്കും കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ചട്ടങ്ങൾക്കും കേരള പേപ്പർ ലോട്ടറീസ് ഭേദഗതി ചട്ടങ്ങൾക്കുംനൽകിയഭേദഗതികളുടെ പരിഗണന ... 268

X നിയമനിർമ്മാണ കാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവുംഅനന്തരഘട്ടങ്ങളും ... 269


LIBRARY ARCHIVES Kerala Legislative Assembly

പേജ്

**XI** ധനകാര്യം

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെയും 1993-94, 1995-96, 1996-97, 1997-98, 2002-03, 2003-04, 2004-05, 2005-06, 2006-07, 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും .... 282

LIBRARY ARCHIVES Kerala Legislative Assembly

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2011 നവംബർ 3, വ്യാഴം

വാല്യം: 147] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 24

നിയമസഭ 2011 നവംബർ മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### (i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ...ഓർഡർ...ചോദ്യം നമ്പർ * 721

### പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആശ്വാസ പ്രവർത്തനം

1 (*721) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ:
ശ്രീ. കെ. കെ. ജയചന്ദ്രൻ:
ശ്രീ. ബാബു എം. പാലിശ്ശേരി:
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇപ്പോൾ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ ഏതൊക്കെയാണ്; അവ പൂട്ടിയതിനുള്ള കാരണം വെളിപ്പെടുത്തുമോ; ഇവ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിപ്പിച്ച തോട്ടങ്ങൾ എത്രയായിരുന്നു;

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മുൻസർക്കാർ നൽകിവരുന്ന ആശ്വാസ പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ;

(ഡി) തോട്ടങ്ങൾ നവീകരിക്കുന്നതിനായി പുതുതായി കേന്ദ്രസഹായം തേടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : സർ,

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ

ഇടുക്കി ജില്ല

1. പീരുമേട് എസ്റ്റേറ്റ്
2. ലോൺട്രി എസ്റ്റേറ്റ്
3. മേത്താനത്ത് എസ്റ്റേറ്റ്.

പാലക്കാട് ജില്ല

1. കരിമല എസ്റ്റേറ്റ്
2. ബിയാട്രീസ് എസ്റ്റേറ്റ്
3. വാഴക്കുണ്ട് എസ്റ്റേറ്റ്
4. ശിങ്കാരച്ചോല എസ്റ്റേറ്റ്
5. കല്ലിയറ എസ്റ്റേറ്റ്
6. റോസറി എസ്റ്റേറ്റ്
7. മണലാരു എസ്റ്റേറ്റ് (കാർഡമം ഡിവിഷൻ)
8. മീരാ ഫ്ളോറൻസ് എസ്റ്റേറ്റ്.

തോട്ടം ഉൽപ്പന്നങ്ങളുടെ വിലനിലവാരത്തകർച്ച, മാനേജ്മെന്റ്കളുടെ സാമ്പത്തിക ദുരുപയോഗം, ഉൽപ്പാദനച്ചെലവിൽവന്ന വർദ്ധന, ഉൽപ്പാദനക്ഷമതക്കുറവ്, EFL പരിധിയിൽ വരുന്നവ, ലീസ് പീരീഡ് കഴിഞ്ഞവ എന്നിവയാണ് പ്രധാനമായും തോട്ടങ്ങൾ പൂട്ടിയതിനുള്ള കാരണങ്ങൾ. നിലവിൽ അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തന സജ്ജമാക്കുന്നതിന് വിവിധ തലങ്ങളിൽ അനുരഞ്ജന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 13 തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിച്ചു.

(സി) ഉണ്ട്. തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം, കുടിവെള്ളം, വൈദ്യുതി, ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായം, ആരോഗ്യപരിപാലനം, ഒന്നാം ക്ലാസ് മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം, മാരകരോഗം ബാധിച്ചിട്ടുള്ള തോട്ടം തൊഴിലാളികൾക്ക് ധനസഹായം, മരണാനന്തര ധനസഹായം, തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

വിവാഹ ധനസഹായം എന്നിങ്ങനെയുളള ആശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ഡി) ഇല്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, തിരുവനന്തപുരം ജില്ലയിലെ തോട്ടം മേഖലയായ പൊൻമുടി പ്രദേശത്തെ, പരിസ്ഥിതി ദുർബ്ബല പ്രദേശമായി പ്രഖ്യാപിച്ചുവെങ്കിലും അവിടെ യാതൊരുവിധ നിർമ്മാണ പ്രവർത്തനങ്ങളോ വികസനമോ നടക്കുന്നില്ല. ലയങ്ങൾ അറ്റകുറ്റപ്പണികൾ ചെയ്തതിന്റേയും കൺസ്ട്രക്ഷൻ നടത്തിയതിന്റേയും ഭാഗമായി മുതലാളിയുടേയും തൊഴിലാളികളുടേയും പേരിൽ 42 കേസ്സുകളാണ് ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുളളത്. ഇതിന് പരിഹാരമായി എന്തെങ്കിലും സഹായം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ ആശ്വാസപ്രവർത്തനമാണ് ചോദ്യം. അവിടത്തെ തൊഴിലാളികളുടെ പേരിൽ മന:പൂർവ്വമായി എന്തെങ്കിലും കേസുകൾ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എടുത്തിട്ടുണ്ടെങ്കിൽ അക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പ്പെടുത്തിയാൽ വനം വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹാരമുണ്ടാക്കാം.

മി. സ്പീക്കർ : ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ, അങ്ങേക്ക് രണ്ടാമത്തെ ചോദ്യം ചോദിക്കാം.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഇ.എഫ്.എൽ. ആയി ഉൾപ്പെടുത്തിയിട്ടും അവിടെ വികസനം നടക്കുന്നില്ല. സർക്കാർ അതിനെന്തെങ്കിലും.......

മി. സ്പീക്കർ : ഇത് ആദ്യത്തെ ചോദ്യമാണോ ; രണ്ടാമത്തെയാണോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഞാൻ മറുപടി പറയാം. ഇ.എഫ്.എൽ. ആയി പ്രഖ്യാപിക്കുന്നിടത്ത് വികസന പ്രവർത്തനം നടത്താൻ കഴിയുമോ ഇല്ലയോയെന്ന് ലേബർ ഡിപ്പാർട്ടുമെന്റിന് മറുപടി പറയാൻ പറ്റില്ല.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, തോട്ടം മേഖലയെപ്പറ്റി പഠിക്കാൻ ലേബർ കമ്മീഷണറെ കൺവീനറാക്കി രൂപീകരിച്ച കമ്മിറ്റി ഇന്ത്യ മുഴുവൻ സഞ്ചരിച്ചശേഷം തയ്യാറാക്കിക്കൊടുത്ത റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചു. ആ റിപ്പോർട്ടിലെ ശുപാർശകൾ എന്തൊക്കെയാണ്; അത് നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇത് സംബന്ധിച്ച് പ്രത്യേക ചോദ്യമായി എഴുതിത്തന്നാൽ മറുപടി പറയാം. പ്ലാന്റേഷൻ ലേബർ ആക്ടിന്റെ അപാകതകൾ പരിഹരിക്കാൻ കേന്ദ്ര ഗവണ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്ലാന്റേഷൻ ലേബർ ആക്ട് പഴയ ആക്ടായതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ധാരാളം അപാകതകളുണ്ട്. അതിനൊരു പരിഹാരമായി കഴിഞ്ഞ വർഷം ഒരു അമെന്റ്മെന്റ് ഉണ്ടായിട്ടുണ്ട്. പക്ഷേ അതുകൊണ്ട് പൂർണ്ണമായില്ല. ലേബർ ആക്ടിന്റെ അപാകതകൾക്ക് പരിഹാരം കാണാനുള്ള നിർദ്ദേശങ്ങളെക്കുറിച്ച് കഴിഞ്ഞ തവണ കേന്ദ്രമന്ത്രിയുമായി ചർച്ച ചെയ്തതാണ്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, പീരുമേട് റ്റീ കമ്പനി വളരെക്കാലമായി പൂട്ടിക്കിടക്കുകയാണ്. ഈ കമ്പനി തുറക്കാൻ മാനേജ്മെന്റ് സമ്മതിക്കാത്തതിന്റെ ഫലമായി ആയിരക്കണക്കിന് തൊഴിലാളികൾ ദുരിതമനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഈ തോട്ടം ഏറ്റെടുക്കാൻ കേന്ദ്ര ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചപ്പോൾ തോട്ടം ഉടമ ഹൈക്കോടതിയിൽപ്പോയി സ്റ്റേ വാങ്ങി. ആ സ്റ്റേ വെക്കേറ്റ് ചെയ്ത് തോട്ടം ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അടിയന്തരമായി ആ കമ്പനി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, പീരുമേട് റ്റീ കമ്പനി തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശ്രമം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടന്നുവരികയാണ്. ഒന്നുരണ്ട് ചർച്ചകൾ നടന്നു. അവിടത്തെ ട്രേഡ് യൂണിയൻ നേതാക്കൻമാർക്കും ഈ സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കണമെന്ന ആഗ്രഹം കാണുന്നില്ല എന്ന ഒരു പ്രശ്നവും പീരുമേട് റ്റീ കമ്പനിയിലുണ്ട്. ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ഈ കാര്യം പരിശോധിക്കാം.

ശ്രീ. ബാബു എം.പാലിശ്ശേരി: സർ, രാജ്യത്തിന് വരുമാനവും തൊഴിലാളികൾക്ക് ജോലിയുമുണ്ടാകുന്നതിനുവേണ്ടിയാണ് തോട്ടങ്ങൾ ലീസിന് കൊടുക്കുന്നത്. ഉദാഹരണത്തിന്, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ചെറുതും വലുതുമായ എല്ലാ തോട്ടങ്ങളിലെയും തൊഴിലാളികൾക്ക് രണ്ട് രൂപ നിരക്കിൽ അരി കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിരുന്നു. ഇപ്പോൾ അവർക്ക് രണ്ട് രൂപ നിരക്കിലുള്ള അരിയുമില്ല, ബി.പി.എൽ. അല്ലാത്തതുകൊണ്ട് ഒരു രൂപ നിരക്കിലുള്ള അരിയും കിട്ടാത്ത ഗതികേടിലാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെന്തെങ്കിലും പരിഹാരമാർഗ്ഗമുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ തോട്ടം മേഖലയിൽ നിലനിന്നിരുന്ന എല്ലാ ആനുകൂല്യങ്ങളും ഈ സർക്കാർ തുടർന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ഒട്ടനവധി പുതിയ ആനുകൂല്യങ്ങളും നൽകാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. ഇത്തരത്തിൽ ആനുകൂല്യം നൽകുന്നത് പലപ്പോഴും മുതലാളിമാരെ സഹായിക്കുന്ന നിലയിലേയ്ക്ക് മാറുമെന്നുള്ളതുകൊണ്ട് പുതിയ ആനുകൂല്യം നൽകുന്നതിന് ഒരു തടസ്സമായി നിൽക്കുകയാണ്. രണ്ടു രൂപ നിരക്കിലും ഒരു രൂപ നിരക്കിലുമുള്ള അരി നൽകുന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്തശേഷം വ്യക്തമായ മറുപടി പറയാം. ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാജു എബ്രഹാം: സർ, പൂട്ടിക്കിടക്കുന്നതും പൂട്ടാത്തതുമായ തോട്ടങ്ങളിലെ തൊഴിലാളികളുടെ സ്ഥിതി വളരെ ദയനീയമാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള ലയങ്ങളിൽ ടോയ്‌ലറ്റ് സൗകര്യമോ വൈദ്യുതിയോ ഇല്ല. നാലും അഞ്ചും തലമുറകളിൽപ്പെട്ട തൊഴിലാളികൾ അവിടെ കൂട്ടമായി പാർക്കുകയാണ്. ഈ പ്രശ്നങ്ങളോടൊപ്പംതന്നെ കഴിഞ്ഞ ഗവൺമെന്റ് കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ ഈ ഗവൺമെന്റ് വന്നതിനുശേഷം കൊടുക്കുന്നുമില്ല. സപ്ലിമെന്ററി ഡിമാൻഡിൽപ്പോലും ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് തോട്ടം തൊഴിലാളികൾ മുഴുവൻ തമിഴ്നാട്ടിലേയ്ക്ക് പോകുന്ന അവസ്ഥയാണുള്ളത്. ജീപ്പിലാണ് തൊഴിലാളികളെ ഇവിടേക്ക് കൊണ്ടുവരുന്നത്. ഇത്തരം ഗുരുതരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ എന്തൊക്കെ നടപടികളാണ് അങ്ങ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, രണ്ട് വിഷയമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. തൊഴിലാളികൾ തമിഴ്നാട്ടിലേക്ക് തിരിച്ചുപോകുന്നതിനെക്കുറിച്ചും നിലവിലുള്ള ആനുകൂല്യം കൊടുക്കുന്നതിനെക്കുറിച്ചുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന എല്ലാ ആനുകൂല്യവും ഈ ഗവൺമെന്റ് വിതരണം ചെയ്തുകഴിഞ്ഞു; കൂടാതെ 10 ലക്ഷം രൂപ കുടിശ്ശിക ഉണ്ടായിരുന്നതും വിതരണം ചെയ്തു. ഈ മേഖലയിൽ തൊഴിലാളികൾ കുറയുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. അതിന് ലയങ്ങളുടെ പോരായ്മ ഒരു യാഥാർത്ഥ്യമാണെന്ന കാര്യം നിഷേധിക്കുന്നില്ല. അതെല്ലാം പ്ലാന്റേഷൻ ലേബർ ആക്ടിൽ ഒരു കാലഘട്ടത്തിലുണ്ടായിരുന്ന വിഷയമാണ്. കേരളത്തിൽതന്നെ ഇവരെ നിലനിർത്താനുള്ള ആകർഷണീയമായ സാഹചര്യങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് നമുക്ക് കൂട്ടായി ചർച്ച ചെയ്യാം. അവർക്കുവേണ്ടി ഒരു ഹൗസിംഗ് പ്രോജക്ട് ആവശ്യമാണ്. അതിനെക്കുറിച്ച് കഴിഞ്ഞ ദിവസം ഞാൻ സഭയിൽ പറഞ്ഞതാണ്. ഏതെങ്കിലും രീതിയിൽ, തൊഴിലാളികൾക്ക് സ്വന്തമായി ഒരു സെന്റ് ഭൂമിയോ വീടോ ഉണ്ടാകുന്ന സാഹചര്യം സൃഷ്ടിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. അതിന് പല തടസ്സങ്ങളുമുണ്ട്; അതിനെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതുണ്ട്.

ശ്രീ. വർക്കല കഹാർ: സർ, അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചത് കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാരാണ്. ആദ്യമായി തൊഴിലാളികളുടെ മക്കൾക്ക് യൂണിഫോം നൽകി, അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുത്തു, അഞ്ച് കിലോ അരി നൽകുന്ന പദ്ധതിയുണ്ടാക്കി, പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും കൊടുത്തു, മെഡിക്കൽ/എഞ്ചിനീയറിംഗ് മേഖലയിൽ പഠിക്കുന്ന കുട്ടികൾക്ക് സർക്കാർതന്നെ ഫീസ് കൊടുക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുണ്ടാക്കി. കഴിഞ്ഞ സർക്കാർ നടപ്പിലാക്കിയതൊന്നും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിർത്തലാക്കിയിട്ടില്ല. ബോണക്കാട് എസ്റ്റേറ്റ്, മാനേജ്മെന്റ് ഉപേക്ഷിച്ചുപോയി. അവിടെനിന്ന് ഇലയെടുത്ത്

പീരുമേടും ഇടുക്കിയിലും കൊണ്ടുപോയി വിറ്റാണ് തൊഴിലാളികൾ ദൈനംദിന ജീവിതം നയിക്കുന്നത്. അടിയന്തരമായി മാനേജ്മെന്റിനെ വിളിച്ചുവരുത്തി ബോണക്കാട് എസ്റ്റേറ്റ് തുറപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഷിബു ബേബി ജോൺ: സർ, ബോണക്കാട് എസ്റ്റേറ്റ് ഭാഗികമായി തുറന്ന് പ്രവർത്തിക്കുന്നുവെന്നാണ് സർക്കാരിന് ലഭിച്ചിരിക്കുന്ന രേഖകളിൽ നിന്നും മനസ്സിലാകുന്നത്. ഭാഗികമായി തുറന്ന് പ്രവർത്തിക്കുന്ന തോട്ടങ്ങളിലും ആനുകൂല്യങ്ങൾ വിതരണം ചെയ്യുമായിരുന്നു. ആനുകൂല്യം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഒബ്ജക്ഷൻ വന്നു. ആനുകൂല്യങ്ങൾ കൊടുക്കുന്നത് മുതലാളിമാരെ സഹായിക്കാനാണെന്നും മുതലാളിമാർ കൊടുക്കേണ്ട ആനുകൂല്യം എന്തിനാണ് സർക്കാർ ഏറ്റെടുക്കുന്നത് എന്നുള്ള ചോദ്യമാണ് വന്നത്. അതുകൊണ്ടുതന്നെ ഭാഗികമായി തുറന്ന് പ്രവർത്തിക്കുന്ന തോട്ടങ്ങൾക്ക് ആനുകൂല്യം നൽകാൻ സാധിക്കുന്നില്ല. മറ്റൊരു വശമുള്ളത്, ഈ തോട്ടങ്ങൾ പൂട്ടിക്കിടന്നാൽ ഗവൺമെന്റിൽനിന്ന് ആനുകൂല്യവും കിട്ടും മറ്റുള്ള കാര്യങ്ങൾ നടക്കുകയും ചെയ്യുമെന്നുള്ള കാഴ്ചപ്പാടുമായി ചില ട്രേഡ് യൂണിയൻ നേതാക്കൻമാർ പോകുന്നുണ്ട്. അതുംകൂടി നിരുത്സാഹ പ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

ശ്രീ. സി. ദിവാകരൻ: സർ, കേരളത്തിന്റെ പരമ്പരാഗത സമ്പത്താണ് തോട്ടങ്ങൾ. കേരളത്തിലേറ്റവും കൂടുതൽ തൊഴിലവസരങ്ങളുള്ളതും തോട്ടം മേഖലകളിലാണ്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സ്വാധീനിക്കുന്നതും ഒട്ടേറെ തൊഴിലവസരങ്ങളുള്ളതുമായ പരമ്പരാഗത തോട്ടങ്ങളെ മറ്റാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കാൻ ഗവൺമെന്റ് നിർദ്ദേശിക്കുന്നുണ്ടോ; തോട്ടങ്ങളുടെ അഞ്ച് ശതമാനം ഭൂമി വിനോദസഞ്ചാരത്തിനുവേണ്ടി വിഭജിക്കുമ്പോൾ പതിനായിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ട പ്പെടുമെന്നുള്ള കാര്യം തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇങ്ങനെയൊരു പ്രൊപ്പോസൽ നേരത്തെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ട്. പ്രതിസന്ധിയുണ്ടായ ഒരു ഘട്ടത്തിൽ ഇക്കാര്യം എല്ലാ ട്രേഡ് യൂണിയനുകളും ആവശ്യപ്പെട്ടിട്ടുണ്ട്. തോട്ടം മേഖല വലിയൊരു പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്, ലക്ഷക്കണക്കിന് തൊഴിലാളികൾ ആശ്രയിക്കുന്ന മേഖലയാണിത്. ഇക്കാര്യം വളരെ ഗൗരവത്തോടെ നമ്മൾ ചർച്ച ചെയ്യേണ്ടതുണ്ട്.

ശ്രീ. സി. ദിവാകരൻ: ഒരു ട്രേഡ് യൂണിയനും അത് ആവശ്യപ്പെട്ടിട്ടില്ല.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഉണ്ടെന്നാണ് എന്റെ അറിവ്, നമുക്ക് രേഖകൾ പരിശോധിക്കാം. ഞാനൊരു വാദപ്രതിവാദത്തിനില്ല. ഏലത്തോട്ടങ്ങൾ വീണ്ടും പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. ഒരു ഭാഗത്ത് തൊഴിലാളികളെ കിട്ടാനില്ല, മറുഭാഗത്ത് ഏലത്തിന് വിലയില്ലാത്തതു കൊണ്ട് കൂലി കൂട്ടാൻ തോട്ടം ഉടമ തയ്യാറുമല്ല. കൂടാതെ, തൊഴിലാളി നേതാക്കന്മാരും തൊഴിലാളികളും ടാസ്ക് കൂട്ടാനും തയ്യാറല്ല.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെയൊരു സങ്കീർണ്ണമായ സ്ഥിതിയിലെത്തിയിരിക്കുകയാണ്. എല്ലാ പേരും കൂടി ആലോചിച്ച് ഇതിനൊരു പരിഹാരം കാണേണ്ടതാണ്.

ശ്രീ. സി. മോയിൻകുട്ടി: സർ, റബ്ബർ തോട്ടം മേഖലയിൽ ടാപ്പിംഗ് തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടുതന്നെ പലയിടത്തും ടാപ്പിംഗ് നടക്കുന്നില്ല. ഈ സാഹചര്യം പരിഗണിച്ചുകൊണ്ട് യുവാക്കളെ ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനായി ടാപ്പിംഗ് മേഖലയിൽ യുവാക്കൾക്ക് പരിശീലനം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, പരിശീലനത്തിന്റെ കുറവാണ് ഈ രംഗത്തേക്ക് ആൾക്കാർ വരുന്നതിന് തടസ്സമെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നില്ല. ന്യായമായ കൂലി ലഭ്യമാകുമെങ്കിൽ കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് വരും. പരിശീലനത്തിന്റെ കുറവുകാരണമാണ് ആളുകളുടെ കുറവുള്ളതെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അടച്ചിട്ടിരുന്ന 22 തോട്ടങ്ങളിൽ 20-ഉം തുറന്നു പ്രവർത്തിപ്പിച്ചു. അന്ന് പ്ളാന്റേഷൻ ലേബർ കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ പ്ളാന്റേഷൻ ലേബർ കമ്മിറ്റി, ഒരു സബ്കമ്മിറ്റി രൂപീകരിച്ച് പ്ളാന്റേഷൻ മേഖലയെ സംബന്ധിച്ച് ഒരു സ്റ്റഡി നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഉടമകളും തൊഴിലാളി പ്രതിനിധികളും സംയുക്തമായി ഗവൺമെന്റിന് നൽകിയ റെക്കമെന്റേഷൻ ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തു. ആ റെക്കമെന്റേഷനിൽ പറയുന്ന പ്രധാനപ്പെട്ട കാര്യങ്ങൾ, അടച്ചിട്ടിരിക്കുന്ന രണ്ട് തോട്ടങ്ങൾ തുറന്നുപ്രവർത്തിക്കുന്നതിന് നിയമപരമായ നടപടികൾ സ്വീകരിക്കണം, കാർഷിക പരിഷ്കാര നിയമവുമായി ബന്ധപ്പെട്ട ഭേദഗതി വേണം, ഇ.എഫ്.എൽ.-ന്റെ പരിധിയിൽ നിന്ന് തോട്ടങ്ങളെ ഒഴിവാക്കണം, തേയില, കാപ്പി തോട്ടങ്ങളെ പ്ളാന്റേഷൻ ടാക്സിൽ നിന്ന് ഒഴിവാക്കണം എന്നിവയാണ്. അതിന്റെ അടിസ്ഥാനത്തിൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയങ്ങളെല്ലാം ചർച്ച ചെയ്ത് തീരുമാനമെടുക്കാനായി ഈ മാസം 30-ാം തീയതി ഒരു യോഗം വിളിച്ചിട്ടുണ്ട്. ആ യോഗത്തിൽ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്ന് വിശ്വസിക്കുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 13 തോട്ടങ്ങൾ തുറന്നുപ്രവർത്തിച്ചു എന്നാണ് എനിക്ക് കിട്ടിയിരിക്കുന്ന കണക്ക്. അവശേഷിക്കുന്ന ചില തോട്ടങ്ങൾ ഇ.എഫ്.എൽ. ആയതുകാരണം ഏറ്റെടുത്തതാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ഞാൻ ഇക്കാര്യം ചർച്ച ചെയ്തു. ആ തോട്ടങ്ങൾ കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്ത് നടത്താനാണ് ഉദ്ദേശിക്കുന്നത്. ഈ വിഷയം

LIBRARY ARCHIVES Kerala Legislative Assembly

30-ാം തീയതി ചർച്ചചെയ്യാം. ട്രേഡ് യൂണിയൻ നേതാക്കന്മാർ തന്നെ ഇവ ഏറ്റെടുത്ത് നടപ്പിലാക്കണമെന്നുപറഞ്ഞ് എം.എൽ.എ-മാരടക്കം സമീപിച്ചിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളെല്ലാംകൂടി ഉൾക്കൊള്ളിച്ചുകൊണ്ടാണ് 30-ാം തീയതി ചർച്ചയ്ക്ക് വച്ചിരിക്കുന്നത്. അന്ന് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാവുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, പാലക്കാട് ജില്ലയിൽ 8 തോട്ടങ്ങൾ പൂട്ടിക്കഴിഞ്ഞുവെന്ന് അങ്ങ് സൂചിപ്പിച്ചു. ലീസ് കാലാവധി തീർന്നതിനനുസരിച്ച് നെല്ലിയാമ്പതിയിൽ സർക്കാർ ഏറ്റെടുക്കാൻ പോകുന്ന തോട്ടങ്ങളിലെ തൊഴിലാളികളുടെ അവസ്ഥ വളരെ ദയനീയമാകും. അവരുടെ പുനരധിവാസവും അവർക്ക് നൽകേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചും സർക്കാർ അടിയന്തരമായി എന്തെങ്കിലും തീരുമാനമെടുക്കുമോ; ഇതിനുവേണ്ടി പാലക്കാട് ഒരു പ്രത്യേക യോഗം വിളിച്ചുചേർക്കാൻ സർക്കാർ തയ്യാറാവുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഈ വിഷയങ്ങളെക്കുറിച്ച് പ്രാഥമികമായി ഒരു ചർച്ച നടന്നുകഴിഞ്ഞു. തീർച്ചയായും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമായി ചേർന്ന് എല്ലാ വിഷയങ്ങളും ചർച്ച ചെയ്യാൻ തീരുമാനിച്ചിരിക്കുകയാണ്. എം.എൽ.എ-മാരേയും ജനപ്രതിനിധികളേയും ചേർത്തുകൊണ്ടുള്ള ഒരു ചർച്ച നടത്താനും തീരുമാനിച്ചിട്ടുണ്ട്, അത് ഉടൻ ഉണ്ടാകും.

ശ്രീ. എസ്. രാജേന്ദ്രൻ: സർ, തേയിലത്തോട്ടത്തിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കാണ് ചുരുങ്ങിയ കൂലി കിട്ടുന്നത്. ഇപ്പോൾ 144 രൂപയാണ് അവർക്ക് കിട്ടുന്നത്. പി.എൽ.സി 2-ാം തീയതി കൂടാൻ തീരുമാനിച്ചിരുന്നുവെങ്കിലും കമ്മീഷണർ ഇല്ലാത്തതുകൊണ്ട് മാറ്റിവച്ചു എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അനുദിനം വർദ്ധിച്ചുവരുന്ന പെട്രോൾ, ഡീസൽ, ഗ്യാസ് വില വർദ്ധനവുകാരണം നിലവിലുള്ള കൂലികൊണ്ട് ഇന്ന് ജീവിക്കാൻ ബുദ്ധിമുട്ടാണ്. അതുകൊണ്ട് എത്രയുംപെട്ടെന്ന്, ഇടക്കാലമായോ അല്ലെങ്കിൽ സ്ഥിരമായോ അവർ ആവശ്യപ്പെട്ടതനുസരിച്ചുള്ള മിനിമം കൂലി നടപ്പിലാക്കണം. 300 രൂപയാണ് അവരുടെ ഡിമാൻഡ്. മിനിമം കൂലി നടപ്പിലാക്കുന്നതിനുള്ള നടപടി ഉടൻ സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, പി.എൽ.സി. ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. മൂന്നുനാലു ചർച്ചകൾ നടന്നു. ടീ ഇൻഡസ്ട്രി പ്രതിസന്ധിയിലാണ്. ഒരു ഭാഗത്ത് ഇപ്പോഴത്തെ കൂലിക്ക് നിലവിൽ തൊഴിലാളികളെ കിട്ടുന്നില്ല; മറുഭാഗത്ത് വിലയില്ലാത്ത ഒരു സാഹചര്യമുള്ളതുകൊണ്ട് കൂലി കൂട്ടാൻ തോട്ടമുടമകൾ തയ്യാറുമല്ല. ഈ സാഹചര്യത്തിലാണ് ടാസ്ക് കൂട്ടണമെന്ന് അവർ ആവശ്യപ്പെട്ടത്. അതിന് ട്രേഡ് യൂണിയൻ നേതാക്കന്മാർ തയ്യാറുമല്ല. ഇന്നലെയും ഇക്കാര്യം ചർച്ച ചെയ്തു. 9-ാം തീയതി വീണ്ടും ചർച്ച വച്ചിരിക്കുകയാണ്. ഈ വ്യവസായം നിലനിൽക്കണമെന്ന രീതിയിൽ എല്ലാവരുംകൂടി സഹകരിച്ചാൽ മാത്രമേ ഇതിനൊരു പരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുകയുള്ളൂ. ഇല്ലെങ്കിൽ 2001 കാലഘട്ടത്തിൽ നടന്നതുപോലെ നിരവധി തോട്ടങ്ങൾ പൂട്ടുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ നീങ്ങും.

ശ്രീ. റ്റി. യു. കുരുവിള: സർ, ഏലത്തോട്ടങ്ങൾ ഇന്ന് വലിയ പ്രതിസന്ധിയിലാണ്. ഏലത്തിന്റെ വില നാലിലൊന്നായി കുറയുകയും തൊഴിലാളികൾ വേതനം കൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്ന പശ്ചാത്തലത്തിൽ കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് യൂണിയൻകാർ ആവശ്യപ്പെട്ടത് 5 ശതമാനം conversion ചെയ്യാമെന്നും അത് ഭൂപരിധിയിലേക്ക് കൂട്ടിച്ചേർക്കാമെന്നുമാണ്. ഒരു രീതിയിലും ദോഷം വരാത്ത രീതിയിലാണ് അന്ന് ഗവൺമെന്റ് ബിൽ പാസ്സാക്കിയത്. ആ നിയമം നടപ്പാക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതിനെല്ലാം ഒരു consensus ഉണ്ടാകേണ്ട കാര്യമുണ്ട്. ഏലം മേഖല ഇപ്പോൾ പ്രതിസന്ധിയിലേക്ക് പോകുകയാണ്, ഏലത്തിന് വില കുറഞ്ഞുവരികയാണ്. തേയിലത്തോട്ടത്തെ സംബന്ധിച്ചും ഇത്തരം പ്രശ്നം നിലനിൽക്കുകയാണ്. ഇതിനൊരു consensus ഉണ്ടാകണം. എല്ലാവരുംകൂടി ഈ വ്യവസായത്തെ save ചെയ്യാനായി അനുയോജ്യമെന്ന് തോന്നുന്ന നടപടികൾ കൈക്കൊള്ളണം. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും പരിശോധിക്കാവുന്നതാണ്.

മി. സ്പീക്കർ: ശ്രീമതി ബിജിമോൾ, തോട്ടം മേഖലയിൽ നിന്നുവരുന്ന ആളാണെന്ന് എനിക്കറിയാം. അതുകൊണ്ട് അത്യാവശ്യ കാര്യങ്ങൾ ചോദിക്കുക.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, ഗ്രാറ്റുവിറ്റിയുമായി ബന്ധപ്പെട്ടാണ് ചോദ്യം. കഴിഞ്ഞ ഗവൺമെന്റുമായി ഉണ്ടാക്കിയ എഗ്രിമെന്റിൽ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി കൊടുക്കാൻ മാനേജ്മെന്റിന്റെ കൈവശം പണമില്ലായെന്നുപറഞ്ഞ സാഹചര്യത്തിലാണ് ഗ്രാറ്റുവിറ്റിക്ക് പകരമായി തൊഴിലാളികൾക്ക് ഭൂമി കൊടുക്കാൻ തീരുമാനിച്ചത്. അന്ന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ പ്ളാന്റേഷൻ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗംകൂടി ചർച്ചചെയ്യുമ്പോൾ ഗ്രാറ്റുവിറ്റി തുക റെഡി ക്യാഷായി മാനേജ്മെന്റിന് കൊടുക്കാൻ ഇല്ലാതെ വരുന്ന സാഹചര്യത്തിൽ തൊഴിലാളിക്ക് വീടുവയ്ക്കുന്നതിനുവേണ്ടി രണ്ട് സെന്റ് സ്ഥലം കൊടുക്കുന്നെങ്കിൽ കൊടുക്കട്ടെ എന്ന മനോഭാവം വച്ചുകൊണ്ടാണ് പൈസയ്ക്കുപകരം ഭൂമി എന്ന നിർദ്ദേശം അന്ന് കൊണ്ടുവന്നത്. എന്നാൽ, അതിന്റെ ചുവടുപിടിച്ചു കൊണ്ട് ഇന്ന് വ്യാപകമായ കൊള്ളയും ഭൂമി കച്ചവടവും എസ്റ്റേറ്റ് മറിച്ചു വിൽപ്പനയുമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. ഇതിന്റെ മറവിൽ എത്ര ഏക്കർ ഭൂമി ഓരോ എസ്റ്റേറ്റുകളും അവിടെ വിറ്റിട്ടുണ്ട് എന്നുള്ളതിനെ സംബന്ധിച്ച് കണക്കാക്കണം. ഇപ്പോൾ എം.എം.ജെ. എന്ന ഒരു എസ്റ്റേറ്റ് മാത്രം 10 കോടി രൂപയ്ക്ക് 50 ഏക്കർ ഭൂമി വിറ്റിട്ടുണ്ട്. അവിടെ തൊഴിലാളിക്ക് ഒരു രൂപപോലും ഗ്രാറ്റുവിറ്റി കൊടുത്തിട്ടില്ല. ഇങ്ങനെ പ്രവർത്തിക്കുന്ന



LIBRARY ARCHIVES Kerala Legislative Assembly

മാനേജ്മെന്റിന്റെ പേരിൽ ഗവൺമെന്റ് എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ ആ മേഖലയിൽ പ്രവർത്തിക്കുന്ന ആളായതുകൊണ്ട് വളരെ കൃത്യമായിട്ടുള്ള കാര്യമാണ് പറഞ്ഞത്. ഗ്രാറ്റുവിറ്റി തുക കൊടുക്കാൻ സാധിക്കാത്തവർക്ക് തുകയ്ക്ക് പകരം ഭൂമി കൊടുക്കാൻവേണ്ടി ഒരു എഗ്രിമെന്റ് ഉണ്ടാക്കിയതിന്റെ മറവിൽ വ്യാപകമായി കച്ചവടം നടക്കുന്നുണ്ട്. അതൊക്കെ നിയമത്തിനെതിരാണ്. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതെല്ലാം പരിശോധിച്ച് കർശന നടപടി സ്വീകരിക്കുന്നതാണ്. മുൻ ഗവൺമെന്റ് എടുത്ത തീരുമാനത്തിൽ അപാകതയുണ്ടെങ്കിൽ പരിശോധിക്കും. പ്ലാന്റേഷന്റെ അടിസ്ഥാനപരമായ നിയമം മരം മുറിച്ചു വിറ്റുകൂടാ എന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മുറിച്ചു വിൽപന നടന്നു. അത് പ്രോത്സാഹിപ്പിക്കുന്ന നടപടി ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകില്ല. അക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ അത് അനുവദിക്കുകയില്ല എന്നുള്ള നിലപാടാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, മരങ്ങൾ മുറിച്ചുവിൽക്കുന്നത് ഏത് സാഹചര്യത്തിലാണെങ്കിലും തത്വത്തിൽ അംഗീകരിക്കാൻ കഴിയില്ല. ട്രേഡ് യൂണിയൻ നേതാക്കന്മാരുടെ യോഗം ചേർന്ന് ഒരു വ്യതിചലനം ഈ കാര്യത്തിൽ നടന്നിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അങ്ങനെ മുറിച്ചുവിൽക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുത്തു, കുറച്ചാളുകൾക്ക് ഭൂമി കൊടുത്തു, ഇത്തരത്തിൽ കിട്ടിയ ഭൂമി മറ്റുള്ള ആളുകൾക്ക് വീണ്ടും വിറ്റു. അങ്ങനെ വിൽക്കുന്നത് തെറ്റാണ്. ആ തെറ്റ് തിരുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. അതോടൊപ്പം ലേബർ മിനിസ്റ്റർ പറഞ്ഞതുപോലെ, തൊഴിലാളികളോട് സൗഹാർദ്ദം കാണിച്ചുകൊണ്ടുതന്നെ അവരുടെ പ്രശ്നം സെറ്റിൽ ചെയ്യണം; അതേസമയം ഗവൺമെന്റിന്റെ പൊതുവായ നയത്തെ ലംഘിക്കത്തക്ക വിധത്തിൽ പോകുകയുമരുത്. അത് ഏത് രൂപത്തിലായാലും നിയമപരമായി മാത്രമേ നമുക്ക് കൈകാര്യം ചെയ്യാൻ പറ്റൂ.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ: സർ, ചെറുകിട തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി തൊഴിലുടമകൾ സഹകരിക്കുന്നില്ലായെന്നുള്ള ആക്ഷേപമാണ് തൊഴിലാളികളുടെ ഭാഗത്തുനിന്നും ഉയർന്നുവരുന്നത്. ഇവരുടെ ക്ഷേമനിധിയും ചികിത്സാ ചെലവുകളും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ അനുകൂലമായ തീരുമാനം ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ; ഇത്തരം പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, അങ്ങനെ ഒരു പരാതി ഇതുവരെ എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തീർച്ചയായും ക്ഷേമനിധി ബോർഡുകളുടെ ആനുകൂല്യങ്ങളൊന്നും പര്യാപ്തമല്ല എന്നുള്ളതിൽ തർക്കമൊന്നുമില്ല. അത്

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമാക്കാൻ എങ്ങനെ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. വ്യക്തമായ ഏതെങ്കിലും കേസ് ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ തീർച്ചയായും പരിശോധിച്ച് മറുപടി നൽകുന്നതാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ശ്രീ. റി. എം. ഉമ്മർ മാസ്റ്റർ സൂചിപ്പിച്ചത്, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ഇപ്പോൾ പ്രായോഗികമാകുന്നില്ല എന്നാണ്. അതിന്റെ കാരണം തോട്ടമുടമകൾ 100 രൂപ അടച്ചിട്ട് പ്ലാന്റേഷൻ ഇൻസ്പെക്ടർ ഓഫീസിൽ രജിസ്റ്റർ ചെയ്താൽ മാത്രമേ ആ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ ചേരാനുള്ള അവകാശമുള്ളൂ. തോട്ടം ഉടമസ്ഥർ ഇത് ചെയ്തിരിക്കണമെന്ന് നിബന്ധനയില്ല. അതുകൊണ്ട് ചെറുകിട തോട്ടം തൊഴിലാളികളുടെ ക്ഷേമനിധിയെന്നത് ഇതുവരെ പ്രായോഗികമായിട്ടില്ല. ചെറുകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരമുള്ള സംരക്ഷണമില്ലാത്ത സാഹചര്യത്തിൽ, ക്ഷേമനിധി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അവർക്ക് ലഭ്യമാകുന്നതിന് ഗവൺമെന്റിന്റെ ഇടപെടൽ ഉണ്ടാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, അതാണ് ഞാൻ പറഞ്ഞത്, ഈ ക്ഷേമനിധി കൊണ്ട് ആനുകൂല്യങ്ങൾ പര്യാപ്തമായി കൊടുക്കാൻ സാധിക്കുന്നുവെന്ന് ഗവൺമെന്റ് വിശ്വസിക്കുന്നില്ല. അവ കുറേക്കൂടി ഫലപ്രദമാക്കുവാനും ചെറുകിട തോട്ടങ്ങളിലും മറ്റ് മേഖലയിലും കൂടുതൽ ആനുകൂല്യം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും തൊഴിലാളികൾക്ക് കൊടുത്ത് ഈ മേഖലയിൽ അവർ പണിയെടുക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുക എന്നുള്ളതാണ് വേണ്ടത്. അവർ ഇപ്പോൾ എല്ലായിടത്തും പണി ഉപേക്ഷിച്ചുപോകുകയാണ്. അവരെ ഈ മേഖലയിൽ നിലനിർത്തി പണിയെടുക്കുന്ന ഒരു സാഹചര്യം എങ്ങനെ സൃഷ്ടിക്കാനാകുമെന്ന് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആരോഗ്യ ഇൻഷ്വറൻസ് അടക്കമുള്ള പദ്ധതികൾ എക്സ്റ്റെൻഡ് ചെയ്യുന്നതിനെക്കുറിച്ച് ഗൗരവപൂർവ്വം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

## സഹകരണമേഖലയിലെ നെല്ല് സംഭരണം

2 (*722) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. റ്റി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ മേഖലയിലെ നെല്ല് സംഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ) : സർ,

(എ) സഹകരണ മേഖലയിലെ നെല്ല് സംഭരണ സംസ്ക്കരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന/എൻ.സി.ഡി.സി. ധനസഹായത്തോടെ സംസ്ഥാന നെല്ല് സംഭരണ/സംസ്ക്കരണ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി പ്രകാരം കോട്ടയം ജില്ലയിലെ നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്, എറണാകുളം ജില്ലയിലെ പള്ളിയാക്കൽ സർവ്വീസ് സഹകരണ ബാങ്ക്, തൃശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്ക്, വയനാട് ജില്ലയിലെ തിരുനെല്ലി സർവ്വീസ് സഹകരണ ബാങ്ക് എന്നിവയ്ക്ക് ഒരു കോടി രൂപ വീതം ധനസഹായം അനുവദിച്ചുകൊണ്ട് നെല്ല് സംസ്ക്കരണ/നവീകരണ യൂണിറ്റ് സ്ഥാപിച്ച് നെല്ല് സംസ്ക്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നെല്ല് സംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാരിന്റെ ഒരു വർഷത്തെ കർമ്മ പരിപാടിയിലുൾപ്പെടുത്തി തൃശൂർ ജില്ലാ നെല്ല് വിപണന സംസ്ക്കരണ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ 923-നെ ധനസഹായം നൽകുന്നതിന് തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നെല്ല് സംഭരിക്കുന്ന സഹകരണ സംഘങ്ങൾക്ക് സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതിനായി സംസ്ഥാന പദ്ധതിപ്രകാരം ബഡ്ജറ്റിൽ തുക വകയിരുത്തി ധനസഹായം നൽകിവരുന്നു.

(ബി) നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(സി) തൃശൂർ ജില്ലാ നെല്ല് വിപണന സംസ്ക്കരണ സഹകരണ സംഘം ക്ലിപ്തം നമ്പർ ആർ. 923-നെ സർക്കാർ/എൻ.സി.ഡി.സി. ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനായി തെരഞ്ഞെടുക്കുകയും സംഘത്തിന്റെ നിലവിലുള്ള അരിമില്ലിന്റെ പുനരുദ്ധാരണത്തിനായി സംസ്ഥാന പദ്ധതിപ്രകാരം ഒരു കോടി രൂപ ധനസഹായം നൽകുന്നതിനുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുമാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, സ്വകാര്യ മേഖലയിലെ മില്ലുകൾ ലാഭം കൊയ്യുമ്പോൾ സഹകരണ മേഖലയിലെ മില്ലുകളുടെ പ്രവർത്തനം ശോചനീയമാണ്. ഇലക്ട്രിസിറ്റിയുടെ മിനിമം ചാർജ്ജ് ഡിമാൻഡ്, യഥാസമയം നെല്ല് സംഭരണത്തിന് പൈസ കൊടുക്കുന്നതിനുള്ള സാമ്പത്തികമായ സ്റ്റെബിലിറ്റിയില്ലായ്മ തുടങ്ങിയ പല പ്രായോഗിക പ്രയാസങ്ങളുമുണ്ട്. അതുകൊണ്ട് സഹകരണമേഖലയിലെ നെല്ല് സംസ്ക്കരണ ശാലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ചർച്ചചെയ്ത് അവയെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പരിപാടിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് സഹകരണമേഖലയിലുള്ള മില്ലുകളൊക്കെ വളരെ നഷ്ടത്തിലും എന്നാൽ സ്വകാര്യമേഖലയിലെ മില്ലുകൾ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട് എന്നുമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കുന്നതാണ്. വർക്കിംഗ് ക്യാപ്പിറ്റലിന്റെ ബുദ്ധിമുട്ടുണ്ട്. മറ്റൊന്ന്, കാലാകാലങ്ങളിൽ മെഷിനറികൾ നന്നാക്കാനുള്ള സാമ്പത്തിക ബുദ്ധിമുട്ടുള്ളതുകൊണ്ട് സഹകരണ മേഖലയിലെ മില്ലുകൾക്ക് പ്രൈവറ്റ് മേഖലയുമായി മത്സരിക്കുന്നതിന് ബുദ്ധിമുട്ട് വന്നിട്ടുണ്ട്. ഏതായാലും വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണിത്. പല സംഘങ്ങളും മില്ലുകളും വളരെയധികം സാമ്പത്തിക നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അക്കാര്യത്തിൽ എന്തു ചെയ്യാൻ പറ്റുമെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശൂർ ജില്ലയിലെ ചേലക്കര നിയോജക മണ്ഡലത്തിൽ എസ്.സി./എസ്.ടി. വിഭാഗത്തിന്റെ കീഴിലുള്ള സഹകരണ സംഘത്തിൽ ആരംഭിച്ച മില്ല് പത്ത് കൊല്ലത്തോളമായി പ്രവർത്തനരഹിതമായി കിടക്കുന്നതിന്റെ ഫലമായി കോടിക്കണക്കിന് രൂപ വിലയുള്ള മെഷിനറി മുഴുവൻ തുരുമ്പുപിടിച്ച് നശിച്ചുപോകുകയാണ്. വ്യക്തമായ ഒരന്വേഷണം നടത്തി ഈ മില്ലിന്റെ ഭാവിയെപ്പറ്റി ഒരു തീരുമാനമെടുക്കുന്ന കാര്യം സർക്കാർ ശ്രദ്ധിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, തൃശൂർ ജില്ലാ പഞ്ചായത്താണ് എസ്.സി./എസ്.ടി.-വിഭാഗക്കാർക്കുവേണ്ടി ഒരു മിൽ സ്ഥാപിച്ചത്. ബസ്മതി അരിയാണ് അവിടെ പ്രോസസ് ചെയ്തെടുക്കുന്നത്. ആ മിൽ കഴിഞ്ഞ പത്ത്-പന്ത്രണ്ട് കൊല്ലമായി അടഞ്ഞുകിടക്കുകയാണ്. റിവൈവ് ചെയ്യാൻ പറ്റത്തക്ക രീതിയിലല്ല അതിന്റെ പ്രവർത്തനം. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കുമാത്രം ഉപയോഗിക്കത്തക്ക രീതിയിലുള്ള ഒരു പ്രോജക്ടാണ് അവിടെ സംവിധാനം ചെയ്തിട്ടുള്ളത്. പഞ്ചായത്തുമായി ആലോചിച്ച് ആ മിൽ മറ്റെന്തെങ്കിലും സംവിധാനത്തിൽ പ്രവർത്തിപ്പിക്കാൻ സാധിക്കുമോ എന്നുള്ള കാര്യം പരിശോധിക്കുന്നതായിരിക്കും.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, അപ്പർ കുട്ടനാട് മേഖലയിൽ മഴമൂലം കൃഷി നശിച്ചതായിട്ടുള്ള വാർത്ത മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്. കഴിഞ്ഞ തവണ വേനൽ മഴയിലുണ്ടായ നഷ്ടപരിഹാരം അപ്പർ കുട്ടനാട് മേഖലയിൽ ഇനിയും കൊടുത്തുതീർക്കാനുണ്ട്. സഹകരണ സ്ഥാപനങ്ങൾ 2010-11 സാമ്പത്തിക വർഷം ആകെ വിതരണം ചെയ്ത കാർഷിക വായ്പ എത്ര; അതിൽ നെൽകൃഷിക്ക് മാത്രമായി എത്ര വായ്പ സഹകരണ സ്ഥാപനങ്ങൾ നൽകി എന്ന കാര്യം വിശദീകരിക്കാമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, 2010-11 സാമ്പത്തിക വർഷം ആകെ വിതരണം ചെയ്ത കാർഷിക വായ്പ 2906.61 കോടി രൂപയാണ്. അതിൽ നെൽകൃഷിക്ക് മാത്രമായി 158 കോടി 77 ലക്ഷം രൂപയാണ് വായ്പ നൽകിയത്.

ശ്രീ. അൻവർ സാദത്ത്: സർ, കഴിഞ്ഞവർഷം സഹകരണ സംഘങ്ങൾ മുഖേന എത്ര ടൺ നെല്ല് സംഭരിച്ചു; ഈ വർഷം എത്ര ടൺ നെല്ല് സംഭരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, കഴിഞ്ഞ വർഷം 58 സംഘങ്ങൾ മുഖേന 10358 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

ശ്രീ. വി. റ്റി. ബൽറാം : സർ, ഇൻഡ്യയിൽ സഹകരണമേഖല ഏറ്റവും ശക്തമായ ഒരു സംസ്ഥാനമാണ് കേരളം. എന്നാൽ സംസ്ഥാനത്ത് നെൽകൃഷി ഇപ്പോൾ വലിയ പ്രതിസന്ധി നേരിടുകയാണ്. നെല്ല് സംഭരണം മാത്രമാണ് ഇപ്പോൾ സഹകരണ മേഖല പ്രധാനമായും ഏറ്റെടുക്കുന്നത്. ഇതിനുപരിയായി നെൽകൃഷിയെ മൊത്തത്തിൽ പ്രോത്സാഹിപ്പിക്കുന്നതിനായി മറ്റെന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് സഹകരണ വകുപ്പ് ഉദ്ദേശിക്കുന്നത്; നെല്ലിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള ഫുഡ് പ്രോസസ്സിംഗ് ഇൻഡസ്ട്രിയിലേക്ക് കടക്കുകയും അത് ബ്രാൻഡ് ചെയ്ത് ഉൽപ്പന്നങ്ങളായി വിപണിയിലിറക്കുകയും ചെയ്യുന്നതടക്കമുള്ള കാര്യങ്ങൾ സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, സഹകരണ വകുപ്പ് ഇപ്പോഴും കർഷകന് 25,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നുണ്ട്. കൂടാതെ ഇപ്പോൾ പരിധിയില്ലാതെ വായ്പ നൽകി, നെല്ല് പ്രോസസ് ചെയ്ത് സഹകരണസംഘം മുഖേന ശേഖരിച്ച് കൺസ്യൂമർ ഫെഡ് മുഖേന അരിയാക്കി മാർക്കറ്റിൽ വിതരണം ചെയ്യുന്ന സംവിധാനം നിലവിലുണ്ട്. കാർഷിക വായ്പ നൽകുന്നത് കൂടാതെ കാർഷിക രംഗത്ത് ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ നയം. കൃഷി വകുപ്പും സഹകരണ വകുപ്പുമായി കൂടിയാലോചിച്ചുകൊണ്ട് ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സഹകരണ മേഖലയിലുള്ള നെല്ല് സംഭരണത്തെ സംബന്ധിച്ചുള്ളതാണ് ചോദ്യം. എന്റെ മണ്ഡലത്തിലെ മൈലം പഞ്ചായത്തിൽ പള്ളിക്കൽ പ്രദേശത്ത് പാടശേഖര സമിതിയേയും കുടുംബശ്രീ യൂണിറ്റുകളേയും ഉൾപ്പെടുത്തിക്കൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വൻതോതിൽ നെൽകൃഷി ആരംഭിച്ചിരുന്നു. അതോടൊപ്പംതന്നെ പച്ചക്കറി കൃഷിയും വളരെ നന്നായി ചെയ്തിട്ടുള്ള ഒരു പഞ്ചായത്താണത്.

മി. സ്പീക്കർ : സഹകരണ മേഖലയാണ് ചോദ്യം.

ശ്രീമതി പി. അയിഷാ പോറ്റി : സഹകരണ മേഖലയുടെ ആഭിമുഖ്യത്തിൽ നെല്ല് സംഭരണവും അവിടെ ആരംഭിച്ചിട്ടുണ്ട്. കൊയ്ത്തുമെതിയന്ത്രമടക്കം എല്ലാ സംവിധാനവുമുള്ള ഈ കേന്ദ്രത്തെ സഹകരണമേഖലയിൽ ഏറ്റെടുത്ത് കൃഷി വകുപ്പുമായി ചേർന്ന് നെല്ല് സംഭരിച്ച് പ്രോസസ്സ് ചെയ്ത് അരിയാക്കി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാനും അതോടൊപ്പം പച്ചക്കറി ശേഖരിച്ച് സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് വിപണന കേന്ദ്രങ്ങൾ ആരംഭിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യത്തിൽ, കൃഷി വകുപ്പുമായി ആലോചിച്ച് സഹകരണ മേഖലയ്ക്ക് ചെയ്യാൻ കഴിയാവുന്ന എല്ലാ കാര്യവും ചെയ്യുമെന്ന് ഉറപ്പുതരികയാണ്. ഏതായാലും നല്ല രീതിയിലുള്ള പ്രവർത്തനമാണ് അവിടെ നടക്കുന്നത്. പരിശോധിച്ച് വേണ്ടകാര്യങ്ങൾ ചെയ്യുന്നതായിരിക്കും.

ശ്രീ. സി. പി. മുഹമ്മദ്: സർ, ഗുണനിലവാരമുള്ള നെല്ല് സംഭരിച്ച് അരിയാക്കി തമിഴ്നാട്ടിൽ കൊണ്ടുപോയി കൂടിയ വിലയ്ക്ക് വിൽക്കുകയും അവിടെനിന്നും കൂടിയ വിലയ്ക്കുള്ള അരി കേരളത്തിലെ റേഷൻ ഷോപ്പുകൾവഴി വിതരണം ചെയ്യുകയും ചെയ്യുന്ന സംഭവം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഞാൻതന്നെ സഭയിൽ ഉന്നയിച്ചതാണ്. അത് ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുമോ; സഹകരണ സംഘങ്ങൾ നഷ്ടമാണെങ്കിലും അതിന്റെ നടത്തിപ്പുകാരിൽ ചിലർക്കെങ്കിലും അത് ലാഭമാണ് എന്നുള്ളകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം അദ്ദേഹത്തിന്റെ അറിവിൽ ശരിയായിരിക്കാം. പക്ഷേ ഗവൺമെന്റിന് ആ കാര്യത്തിൽ വലിയ അറിവില്ല. അതിനെക്കുറിച്ച് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സർക്കാർ ആവശ്യപ്പെട്ട് സംഭരണം നടത്തിയ സഹകരണ സംഘങ്ങൾ പലതും ഇന്ന് വലിയ സാമ്പത്തിക പ്രതിസന്ധിയിലാണ്. സർക്കാർ പൈസ കൊടുത്തിട്ടില്ല. അതുകൊണ്ട് അത്തരം സംഘങ്ങൾക്ക് കൊടുക്കാനുള്ള പൈസ എത്രയുംവേഗം സർക്കാർ കൊടുത്തുതീർക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, വളരെയധികം തുക കൊടുത്തു തീർക്കാനുണ്ടെന്നു തോന്നുന്നില്ല. ഉള്ള തുക പരിശോധിച്ച് അടിയന്തരമായി കൊടുത്തുതീർക്കുന്നതായിരിക്കും.

ശ്രീ. പി. ഉബൈദുള്ള: സർ, നെൽകൃഷി നഷ്ടത്തിലായതുകൊണ്ട് നെൽകൃഷിയിൽ നിന്ന് കർഷകർ പുറകോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണ്. ഉൽപ്പാദനച്ചെലവിനനുസരിച്ച് നെല്ലിന് വില ലഭ്യമാക്കാൻ സഹകരണ വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചേർന്ന് പുതിയ എന്തെങ്കിലും സംരംഭങ്ങൾക്ക് രൂപം നൽകുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ: സർ, ആ ചോദ്യത്തിനുള്ള മറുപടി വ്യക്തമായി എനിക്ക് പറയാൻ പറ്റില്ല. കാരണം, അതെല്ലാം ഗവൺമെന്റിന്റെ പോളിസി മാറ്റവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. അതുസംബന്ധിച്ച് കൂട്ടായി ചർച്ച ചെയ്ത് തീരുമാനിക്കാമെന്നാണ് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ചന്ദ്രൻ : സർ, സഹകരണ മേഖലയിൽ കൺസ്യൂമർ ഫെഡ്ഡാണ് നെല്ല് സംഭരിക്കുന്നത്. പാലക്കാട് ജില്ലയിൽ കൺസ്യൂമർ ഫെഡ് ആലത്തൂർ മാർക്കറ്റിംഗ് സൊസൈറ്റിയെയാണ് സംഭരണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. ഈ മാർക്കറ്റിംഗ് സൊസൈറ്റി സംഭരിക്കുന്ന നെല്ല് കാലടിയിലെ ഒരു സ്വകാര്യ മില്ലിലാണ് അരിയാക്കി വിൽപ്പന നടത്തുന്നത്. കേരളത്തിൽ സർക്കാർ ഉടമയിലുള്ള ഏക മില്ലാണ് ആലത്തൂരിലെ മോഡേൺ റൈസ് മിൽ. ആ മിൽ ഇന്ന് പൂട്ടിയിരിക്കുകയാണ്. ആ സാഹചര്യത്തിലാണ് മാർക്കറ്റിംഗ് സൊസൈറ്റി സംഭരിക്കുന്ന നെല്ല് കാലടിയിൽ കൊണ്ടുപോയി സംസ്കരിക്കുന്നത്. ഒരു ദിവസം 40 ടൺ നെല്ല് അരിയാക്കാൻ ശേഷിയുള്ള ഒരു മിൽ സർക്കാർ ഉടമയിലുള്ളപ്പോൾ അത് പ്രവർത്തിപ്പിക്കാതെ സ്വകാര്യ മില്ലുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിപ്പിക്കുന്നത് സഹകരണ മേഖലയ്ക്ക് ഗുണകരമല്ല, അതിനെ സംബന്ധിച്ച് അങ്ങയുടെ നിർദ്ദേശമെന്താണ്?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, ബഹുമാനപ്പെട്ട മെമ്പറുടെ മണ്ഡലത്തിലുള്ള മോഡേൺ റൈസ് മിൽ നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നതായിരുന്നു. ഗവൺമെന്റ് വളരെയധികം സഹായവും കൊടുത്തു. പക്ഷേ അത് അടച്ചിടേണ്ടിവന്നു. ഇന്ന് പൊതുമേഖലയിൽ നടത്തുന്ന മില്ലുകളുടെ അനുഭവം ഇതാണ്. സഹകരണമേഖലയിലുള്ള ഇത്തരം മില്ലുകളെല്ലാം ഭാരിച്ച നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. അതുകൊണ്ട് അവ മുന്നോട്ടുകൊണ്ടു പോകാൻ സാധിക്കുന്നില്ല. സിവിൽ സപ്ളൈസ് കോർപ്പറേഷനും സ്വകാര്യ മില്ലുകൾക്ക് കൊടുക്കുന്നുണ്ട്. അവിടെ പ്രോസസ്സിംഗ് സൗകര്യമുള്ളതു കൊണ്ടാണ് കൊടുക്കുന്നത്. വേറെ മാർഗ്ഗമില്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത് എന്നറിയിക്കുകയാണ്.

ശ്രീ. ജോസഫ് വാഴക്കൻ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെല്ല് സംഭരിക്കാൻ അനുവാദം നൽകിയിരുന്ന ചില സഹകരണ ബാങ്കുകൾക്ക് സർക്കാർ വാഗ്ദാനം ചെയ്തിരുന്ന തുക ഇതുവരെ ലഭിച്ചിട്ടില്ല. ഉദാഹരണത്തിന് നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക്. സർക്കാരിന്റെ വാഗ്ദാനപ്രകാരം നെല്ലെടുത്ത് നീണ്ടൂർ റൈസ് എന്നുള്ള പേരിൽ വിപണനം നടത്തി. നാളിതുവരെ അവർക്കു കിട്ടാനുള്ള 1½ കോടിയോളം രൂപ സർക്കാരിൽ നിന്ന് ലഭിച്ചിട്ടില്ല; കൺസ്യൂമർ ഫെഡ്ഡിനെ ഏൽപ്പിച്ചു എന്നാണ് പറയുന്നത്. എന്നാൽ കൺസ്യൂമർ ഫെഡ് ബാങ്കിന് പൈസ കൊടുക്കാൻ തയ്യാറായിട്ടില്ല. അവർക്ക് തുക കൊടുക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

ശ്രീ. സി. എൻ. ബാലകൃഷ്ണൻ : സർ, നീണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിന് ഒരു കോടി രൂപ കൊടുത്തിട്ടുണ്ട്. നെല്ല് എടുത്ത വകയിൽ കൺസ്യൂമർ ഫെഡ് തുക കൊടുക്കാനുണ്ടെങ്കിൽ, തീർച്ചയായും അടിയന്തരമായി ഇടപെട്ട് ആ തുക കൊടുക്കാനുള്ള ഏർപ്പാട് ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

## ഹരിതശ്രീ

3 (*723) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതശ്രീ സംഘങ്ങൾ ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സംഘങ്ങൾ മുഖേന പച്ചക്കറി ഉൽപാദനത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിരുന്നത്; ഇവ ഇപ്പോഴും തുടരുന്നുണ്ടോ;

(സി) ഹരിതശ്രീ പദ്ധതി പ്രകാരം ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിക്കുന്നതിനും വിറ്റഴിക്കുന്നതിനും നിലവിൽ എന്തെങ്കിലും സംവിധാനങ്ങളുണ്ടോ ; വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ,

(എ&ബി) സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന 2007-08-ൽ നടപ്പിലാക്കിയ പച്ചക്കറി വികസന പദ്ധതിയാണ് ഹരിതശ്രീ. ഈ പദ്ധതിയുടെ തുടർച്ചയായിട്ടാണ് 2008-09 മുതൽ ജൈവ ഗ്രാമങ്ങളിലൂടെയുള്ള പച്ചക്കറി കൃഷി വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നത്. 25-50 കർഷകർ അടങ്ങുന്ന ഗ്രൂപ്പുകളാണ് ജൈവ ഗ്രാമമെന്ന പേരിൽ നിലവിൽ പ്രവർത്തിക്കുന്നത്. 547 ജൈവ ഗ്രാമങ്ങൾ നിലവിൽ സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാ വികസന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്.

(സി) കൃഷി വകുപ്പു മുഖേന നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതികളിലൂടെ ഉൽപാദിപ്പിക്കുന്ന പച്ചക്കറികൾ, അനുബന്ധ ഏജൻസികളായ ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ.യും സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങളുണ്ട്. കൂടാതെ കർഷക ഗ്രൂപ്പുകൾക്ക് അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നതിനുവേണ്ടി വിപണന യൂണിറ്റുകൾ ആരംഭിക്കുന്നതിനും വികസന പദ്ധതികൾ മുഖേന ധനസഹായം നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 മൊത്ത വ്യാപാര വിപണികളിൽ കൂടിയും പച്ചക്കറികൾ സംഭരിച്ച് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കാർഷികമേഖല പ്രതിസന്ധിയിലാകുന്ന ഒരു സാഹചര്യമാണുള്ളത്. വയനാട്ടിൽ വീണ്ടും കർഷക ആത്മഹത്യ തുടങ്ങിയിട്ടുണ്ട്. അതിനുള്ള ഒരു കാരണം, കർഷകന്



LIBRARY ARCHIVES Kerala Legislative Assembly

താങ്ങാനാവാത്ത വിധത്തിലുണ്ടാകുന്ന രാസവള വിലവർദ്ധനവാണ്. ഫാക്ടംഫോസിന് ഇന്നലെയും 90 രൂപ കൂടി. കഴിഞ്ഞ വർഷം 363 രൂപയായിരുന്നത് ഇപ്പോൾ 763 രൂപയായി. കർഷക ആത്മഹത്യ ഇല്ലാതാക്കുന്നതിന് പച്ചക്കറിക്കും നെൽക്കൃഷിക്കും ഉപയോഗിക്കുന്ന വളത്തിന് സബ്സിഡി കൊടുക്കാനുള്ള സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഇന്നലെ നടന്ന കർഷകന്റെ ആത്മഹത്യയെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അദ്ദേഹം ലോണെടുത്തത് രണ്ടുമൂന്നു വർഷങ്ങൾക്ക് മുമ്പാണ്. വളത്തിനു വില കൂടിയത് ഇപ്പോഴാണ്. അതുകൊണ്ടല്ല അദ്ദേഹം ആത്മഹത്യ ചെയ്തത്. സബ്സിഡി കൊടുത്ത് കർഷകരെ സഹായിക്കാനുള്ള എല്ലാ നടപടികളെക്കുറിച്ചും സർക്കാർ ആലോചിച്ചിട്ടുണ്ട്; അത് നടപ്പിലാക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിൽ മഴയായാലും വെയിലായാലും പച്ചക്കറി, പഴം എന്നിവ സംഭരിക്കാനും അവയ്ക്ക് വില കിട്ടാവുന്ന തരത്തിൽ സൂക്ഷിക്കാനുമുള്ള ഒരു സംവിധാനമില്ലാത്തത് പ്രധാന പ്രശ്നമാണ്. പ്രോസസ്സിംഗ് യൂണിറ്റുകൾ ഉണ്ടാക്കി ഇവ സംസ്കരിച്ച് സൂക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ കർഷകന് നഷ്ടം സംഭവിച്ചുകൊണ്ടിരിക്കും. ഇൻഡ്യയിൽ ഇപ്പോൾ പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്കാണ് ഏറ്റവും കൂടുതൽ സബ്സിഡി കൊടുക്കുന്നത്. റിലയൻസിന്റെ വലിയൊരു വരുമാനം അതാണ്. പ്ലാസ്റ്റിക് ഉൽപന്നങ്ങൾക്ക് 300 ശതമാനമാണ് സബ്സിഡി. കാർഷികോൽപ്പന്നങ്ങൾ പ്രോസസ്സ് ചെയ്ത് സൂക്ഷിക്കുന്നതിനും സബ്സിഡി കൊടുത്ത് അവരെ സംരക്ഷിക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, കൊച്ചിയിൽ അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ശീതീകരിച്ച സംഭരണ കേന്ദ്രവും അതോടൊപ്പം സംസ്കരിച്ച് സൂക്ഷിക്കുന്നതിനുവേണ്ടിയും കയറ്റി അയയ്ക്കാനുള്ള പുതിയ ഉല്പന്നങ്ങളുണ്ടാക്കുന്നതിനുമുള്ള പുതിയ സംരംഭങ്ങൾ ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇത്തരം സംരംഭങ്ങൾ കൊണ്ടുവരുന്ന ഗ്രൂപ്പുകൾക്ക് പ്രത്യേക സബ്സിഡി നൽകാനുള്ള നടപടികളെക്കുറിച്ചും ആലോചിക്കുന്നതാണ്.

ശ്രീ. കെ. അജിത്: സർ, ഹരിതശ്രീ പദ്ധതിയിൽപ്പെടുത്തി ഉൽപാദിപ്പിക്കുന്ന പച്ചക്കറികളുടേയും പഴങ്ങളുടേയും മറ്റ് കാർഷികോൽപ്പന്നങ്ങളുടേയും ഉൽപാദനം മോണിറ്റർ ചെയ്യുന്നതിനും അവ ന്യായമായ വിലയ്ക്ക് സംഭരിച്ച് കേരളത്തിനകത്ത് ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും സ്ഥിരമായൊരു സംവിധാനം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, സ്ഥിരമായ സംവിധാനം നിലവിലുണ്ട്. വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് തുടങ്ങിയവയാണവ. ചിലപ്പോൾ മാർക്കറ്റിൽ കൂടുതൽ ഇടപെട്ട് പ്രവർത്തിക്കുമ്പോൾ ചില വ്യതിയാനങ്ങൾ ഉണ്ടാകാറുണ്ട്. അത് ആലോചിച്ച് കൂടുതൽ സൗകര്യം ചെയ്തുകൊടുക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാജു: സർ, മാനന്തവാടിയിൽ ഒരു കർഷകൻ ആത്മഹത്യ ചെയ്തിരിക്കുകയാണ്. കർഷക ആത്മഹത്യകൾ വീണ്ടും വരികയാണ്. എനിക്ക് ചോദിക്കാനുള്ളത്, സംസ്ഥാനത്തുള്ള ആറ് കാർഷിക വിപണന കേന്ദ്രങ്ങളിൽ ഒന്നുപോലും കൊല്ലം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിൽ വരുന്നില്ല. അതിനാൽ കൊല്ലം കേന്ദ്രമാക്കി ഒരു കാർഷിക വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, കൊല്ലം ജില്ലയിൽ ഏകദേശം പത്തു-പതിനഞ്ച് കാർഷിക വിപണന കേന്ദ്രങ്ങളുണ്ട്. വി.എഫ്.പി.സി. കെ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ജില്ലാടിസ്ഥാനത്തിൽ കൊല്ലത്ത് നെടുവത്തൂർ മുതൽ കേരളപുരം വരെയുണ്ട്. കൊല്ലം ജില്ല കേന്ദ്രീകരിച്ചുകൊണ്ട് വലിയൊരു വിപണനകേന്ദ്രം ആരംഭിക്കാനുള്ള നടപടികൾ ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിക്കുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, ഹരിതശ്രീ പദ്ധതിക്ക് രണ്ടര ഏക്കർ ഭൂമി ഒരുസ്ഥലത്ത് ഒരുമിച്ച് വേണമെന്നുള്ള നിബന്ധനയുണ്ട്. ആ നിബന്ധന വന്നതുമൂലം കേരളത്തിന്റെ ഭൂമി ലഭ്യതയനുസരിച്ച് പലയിടത്തും ആ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഒരു പഞ്ചായത്തിൽത്തന്നെ വിവിധ സ്ഥലങ്ങളിൽ ഭൂമി ലഭ്യമാക്കി ഹരിതശ്രീ പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ഭൂമിയുടെ കാര്യത്തിൽ കർക്കശമായ നിലപാട് സ്വീകരിച്ചിട്ടില്ല. കാരണം ചെറുകിട ഭൂവുടമകളായ കർഷകരെയാണ് നമ്മൾ സഹായിക്കുന്നത്. അതുകൊണ്ട് 50 സെന്റുള്ള ചെറുകിട കർഷകർ ഒരുമിച്ചുചേർന്ന് രണ്ടര ഏക്കറുണ്ടെങ്കിൽ കൂടുതൽ സഹായങ്ങൾ നൽകുന്നുണ്ട്. അതിൽക്കൂടുതൽ ഭൂമിയുള്ളവർക്ക് കൂടുതൽ സഹായങ്ങൾ നൽകിവരുന്നുണ്ട്.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഹരിതശ്രീ സംഘങ്ങളെപ്പോലെതന്നെ ഓരോ പ്രദേശത്തിന്റെയും മണ്ണിന്റെ ഘടന, വിളകളുടെ സാഹചര്യം, പ്രാദേശികമായ സഹകരണം ഇവയെല്ലാം യോജിപ്പിച്ചുകൊണ്ട് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പുതിയൊരു കാർഷിക പാക്കേജ് തയ്യാറാക്കാൻ പ്രത്യേകമായ താല്പര്യമെടുക്കുമോ; അത്തരത്തിലുള്ള ആലോചന ഗവൺമെന്റിന്റെ ഭാഗത്തുണ്ടോ?

ശ്രീ. കെ. പി. മോഹനൻ: സർ, സമഗ്രമായ കാർഷിക പദ്ധതി നിർബന്ധമാണ്. അതിന് പ്രത്യേക കാർഷിക മേഖല വേണം. അതിനുവേണ്ടി ചില മണ്ഡലങ്ങളും ചില ജില്ലകളും തെരഞ്ഞെടുത്ത് കൃഷി, മൃഗസംരക്ഷണം, വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവയെല്ലാം ചേർന്ന് സംസ്ഥാനത്തുടനീളം ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് ബഹുമാനപ്പെട്ട റ്റി. എൻ. പ്രതാപന്റെ മണ്ഡലമടക്കം പതിനൊന്ന് മണ്ഡലങ്ങൾ ഇപ്രാവശ്യം തെരഞ്ഞെടുത്തിട്ടുണ്ട്. മണ്ഡലം എം.എൽ.എ.

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാനായി അവിടെ കമ്മിറ്റികൾ രൂപീകരിക്കാനാണ് ആലോചിച്ചിട്ടുള്ളത്. അടുത്ത വർഷം 140 മണ്ഡലങ്ങളിലും 'നിറവ്' എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. അത് ആരംഭിക്കാൻവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, ജൈവ പച്ചക്കറികൾക്ക് ഇന്ന് നല്ല മാർക്കറ്റാണ്. അരൂർ, കഞ്ഞിക്കുഴി എന്നീ പ്രദേശങ്ങളിൽ ജൈവ പച്ചക്കറി ഉല്പാദനം വൻതോതിൽ നടക്കുകയാണ്. അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ വളരെ തുച്ഛമായ വിലയ്ക്ക് കൃഷിക്കാർ മാർക്കറ്റിലും മറ്റും കൊണ്ടുവന്ന് വിൽക്കുകയാണ് ചെയ്യുന്നത്. ഇവ സംഭരിക്കാനും വിപണനം ചെയ്യാനുമുള്ള സൗകര്യം വളരെ കുറവാണ്. ഓണക്കാലത്ത് വളരെ തുച്ഛമായ സംഖ്യയാണ് ഓണവിപണിയിൽ അനുവദിക്കുന്നത്. ഈ സ്ഥിതി മാറ്റി ഒരു പഞ്ചായത്തിൽ സംഭരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രം സ്ഥാപിക്കണം. പച്ചക്കറിയുല്പാദനത്തിനടക്കം താങ്ങുവില കൊടുക്കുന്നതിന് നേരത്തെ തീരുമാനിക്കുകയും കുറച്ച് കൊടുക്കുകയും ചെയ്തിരുന്നു. 'എല്ലാ വീട്ടിലും പച്ചക്കറി' , 'എല്ലാവരും പാടത്തേക്ക്' എന്നിങ്ങനെ പുതിയ മുദ്രാവാക്യങ്ങളുമായി നിറവ് പോലുള്ള പുതിയ പദ്ധതികൾ ആരംഭിക്കുകയാണ്. അത്തരത്തിൽ സംഭരണത്തിനും വിപണനത്തിനുമായി പഞ്ചായത്തുകളിൽ ഒരു കേന്ദ്രമെങ്കിലും തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, പുതിയ പദ്ധതികളുമായി പഞ്ചായത്തുകൾ മുന്നോട്ടുവന്നാൽ അതിനുവേണ്ട സഹായങ്ങൾ സർക്കാർ നൽകുന്നതാണ്. അതോടൊപ്പം പച്ചക്കറികൾ ധാരാളം സൂക്ഷിച്ചുവയ്ക്കാൻ നമുക്ക് സാധ്യമല്ല. എല്ലാ സ്ഥലത്തും ശീതീകരിച്ച സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ പഞ്ചായത്തുകൾ മുന്നോട്ടുവന്നാൽ സർക്കാർ സഹായിക്കുന്നതാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞ മറുപടി തന്നെയാണ് വലിയ പ്രശ്നം. കുറേ നാളായി ഈ വിഷയം സഭയിൽ പറയുന്നുണ്ട്. പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി ധാരാളം പദ്ധതികൾ നമ്മൾ കൊണ്ടുവരുന്നുണ്ട്. പക്ഷെ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം ആരംഭിക്കുന്നതിന് ഗവൺമെന്റ് താല്പര്യമെടുക്കുന്നില്ല. ഇപ്പോഴും ആ നില തുടരുകയാണ്. എറണാകുളത്ത് ഇത്തരമൊരു കേന്ദ്രമുണ്ടെന്നു പറയുന്നു. വട്ടവട എന്ന പ്രദേശത്തൊക്കെ നല്ലരീതിയിൽ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഈ പച്ചക്കറികൾ കേടുകൂടാതെ സംരക്ഷിക്കുന്നതിന് സർക്കാരിന് പണം കുറവാണെങ്കിൽ പബ്ലിക്ക്-പ്രൈവറ്റ് പാർട്ടിസിപ്പേഷനോടുകൂടിയെങ്കിലും ഒരു സംവിധാനമുണ്ടാക്കുന്ന കാര്യം പോളിസി ഡിസിഷനായെടുത്ത് നടപ്പിലാക്കാൻ ശ്രമിക്കുമോ?

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രാധാന്യമുള്ള കാര്യമാണ്. ജില്ലാടിസ്ഥാനത്തിൽ വലിയ

LIBRARY ARCHIVES Kerala Legislative Assembly

വിപണന കേന്ദ്രങ്ങളും സംഭരണ കേന്ദ്രങ്ങളും ആരംഭിക്കുന്നതോടൊപ്പം ശീതീകരിച്ച സംഭരണ കേന്ദ്രങ്ങളുണ്ടാക്കാൻ പഞ്ചായത്തുകൾ മുന്നോട്ടുവന്നാൽ എത്ര സഹായം വേണമെങ്കിലും നൽകാം. കാരണം, ഭൂമിയുടെ കാര്യത്തിൽ പ്രശ്നമുണ്ട്. ജില്ലാ കേന്ദ്രങ്ങളിൽ ഇടുക്കിയിൽ ഇപ്പോൾത്തന്നെ സംഭരണ കേന്ദ്രങ്ങളും ശീതീകരിച്ച മൊബൈൽ വാനുകളുമുണ്ട്. എറണാകുളം, തൃശ്ശൂർ തുടങ്ങിയ കേന്ദ്രങ്ങളിൽ അത്യന്താധുനിക രീതിയിലുള്ള സംഭരണ കേന്ദ്രങ്ങളുണ്ടാക്കാനുള്ള നടപടികളുണ്ടാകും. ആർ.കെ.വി.വൈ. പദ്ധതിയിൽ അതിനനുസരിച്ചുള്ള ഫണ്ടുമുണ്ട്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കോഴിക്കോട് ജില്ലയിൽ വേങ്ങേരി എന്ന സ്ഥലത്ത് യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ഒരു സംഭരണകേന്ദ്രം ആരംഭിച്ചിട്ട് കുറേ വർഷങ്ങളായി. ആ സംഭരണ കേന്ദ്രത്തിന്റെ പ്രവർത്തനം ഫലപ്രദമായി നടപ്പിലാക്കുകയാണെങ്കിൽ കോഴിക്കോട് ജില്ലയിലെ മിക്കവാറുമെല്ലാ പ്രദേശത്തുമുള്ള കാർഷികോൽപ്പന്നങ്ങളുടെ സംഭരണ-വിപണന കേന്ദ്രമായി അത് വികസിപ്പിച്ചെടുക്കാൻ കഴിയും. പ്രസ്തുത കേന്ദ്രം ആ പ്രദേശത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ സർക്കാർ എന്തെങ്കിലും ശ്രമം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. പി. മോഹനൻ: സർ, കോഴിക്കോട് വേങ്ങേരിയിലുള്ള സംഭരണ കേന്ദ്രവും വിപണന കേന്ദ്രവും വിശാലവും ധാരാളം സൗകര്യങ്ങളുമുള്ളതാണ്. പക്ഷെ ആ കേന്ദ്രം പരമാവധി ഉപയോഗിക്കാൻ കഴിഞ്ഞകാലങ്ങളിൽ ആരും മുന്നോട്ടു വന്നിട്ടില്ല. അടുത്ത ദിവസം അവിടെപോയി പരിശോധിച്ചു. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി ഈ വിപണന കേന്ദ്രത്തെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകുന്നതാണ്. ശീതീകരിച്ച സംഭരണ കേന്ദ്രങ്ങൾ അവിടെ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## എംബസികളും നോർക്ക റൂട്ട്സും തമ്മിലുള്ള ബന്ധം

4 (*724) ഡോ. കെ. ടി. ജലീൽ:
ഡോ. ടി. എം. തോമസ് ഐസക്:
ശ്രീമതി കെ. എസ്. സലീഖ:
ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശങ്ങളിലുള്ള കേരളീയരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നോർക്ക റൂട്ട്സ് ഇപ്പോൾ എന്തെല്ലാം നിലയിലുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ബി) എംബസികളും നോർക്ക റൂട്ട്സും തമ്മിലുള്ള ബന്ധം ഇതിന് പര്യാപ്തമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നോർക്ക റൂട്ട്സിന് വിദേശത്തുള്ള മലയാളികളിൽ നിന്നും ഈ സർക്കാർ അധികാരമേറ്റശേഷം എത്ര പരാതികൾ ലഭിച്ചു; എത്ര കേസ്സുകളിൽ പരിഹാരമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ,

(എ) പ്രവാസികളുടെ പ്രശ്നങ്ങൾ വ്യക്തികൾ മുഖേനയും, മാധ്യമ വാർത്തകൾ മുഖേനയും ശ്രദ്ധയിൽപ്പെടുമ്പോൾ നോർക്ക റൂട്ട്സും നോർക്ക ഡിപ്പാർട്ടുമെന്റും ഇടപെട്ട് കേന്ദ്ര പ്രവാസികാര്യ വകുപ്പിന്റേയും കേന്ദ്ര വിദേശകാര്യ വകുപ്പിന്റേയും ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്. അടുത്തകാലത്ത് യെമനിലും ലിബിയയിലും ഉണ്ടായ കലാപങ്ങളിലെല്ലാം അടിയന്തരമായി ഇടപെട്ട് പരിഹാരമുണ്ടാക്കാൻ നോർക്ക റൂട്ട്സ് ശ്രമിക്കുകയുണ്ടായി.

(ബി) എംബസികൾക്ക് നിർദ്ദേശങ്ങൾ നൽകാൻ നോർക്ക റൂട്ട്സിസ് അധികാരമില്ലെങ്കിലും ഇവിടെ ലഭിക്കുന്ന പരാതികളെല്ലാംതന്നെ നോർക്ക റൂട്ട്സ് അതാത് എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവരികയും പരാതി പരിഹാരത്തിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(സി) നോർക്ക് റൂട്ട്സിൽ ഈ സർക്കാർ അധികാരമേറ്റശേഷം 22-10-2011 വരെ 75 അപേക്ഷകൾ ലഭിക്കുകയും 13 അപേക്ഷകൾക്ക് എംബസികളിൽ നിന്നും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് മറുപടി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി കാര്യങ്ങളിലും തൃപ്തികരമായ പരിഹാരം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, ഇക്കഴിഞ്ഞ അറബ് ഉച്ചകോടിയിൽ എടുത്ത രണ്ട് തീരുമാനങ്ങൾ കേരളത്തെ പ്രതികൂലമായി ബാധിക്കാൻ പോകുകയാണ്. ഒന്നാമത്തെ തീരുമാനം, വിദേശ തൊഴിലാളികളുടെ തൊഴിൽ കാലാവധി അഞ്ച് കൊല്ലമായി നിജപ്പെടുത്തുക, രണ്ടാമത്, അവിദഗ്ധരായ വിദേശതൊഴിലാളികളെ മുഴുവൻ പിരിച്ചുവിട്ട് സ്വദേശീയരായ തൊഴിലാളികളെ നിയമിക്കുക എന്നതാണ്. ഇതുമായി ബന്ധപ്പെട്ട് എംബസിയിൽ നിന്ന് എന്തെങ്കിലും ഇൻഫർമേഷൻ സർക്കാരിന് കിട്ടിയിട്ടുണ്ടോ; കിട്ടിയിട്ടില്ലെങ്കിൽ ഇതിന്റെ നിജഃസ്ഥിതി എന്താണെന്ന് എംബസിയുമായി ബന്ധപ്പെട്ട് മനസ്സിലാക്കി ഇതിനെ നേരിടാൻ ബൃഹത്തായ ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഇത് വളരെ ഗൗരവമായ ഒരു പ്രശ്നമാണ്. ഇത് സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഓരോ രാജ്യത്തിന്റേയും കാര്യങ്ങൾ തീരുമാനിക്കുന്നത് അതാത് രാജ്യമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം പ്രവാസികളുടെ ജോലി സാധ്യത ഗൾഫിൽ കുറയാൻ പോകുന്നുവെന്നത് മാത്രമല്ല, അവർ അവിടെനിന്നും മടങ്ങിവരേണ്ട സാഹചര്യവും വരും. ഈ രണ്ടുകാര്യങ്ങളും കേരളം മുൻകൂട്ടി കണ്ട് ആവശ്യമായ മുൻകരുതൽ സ്വീകരിക്കേണ്ടതായുണ്ട്. ഇത് ഗൗരവമായി പരിഗണിക്കേണ്ട വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. ടി. ജലീൽ: സർ, മതിയായ യാത്രാ രേഖകളും തൊഴിൽ രേഖകളുമില്ലാത്തതിന്റെ പേരിൽ നൂറുകണക്കിന് മലയാളികൾ ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്നുണ്ട്. ഇത്തരത്തിലുള്ള ആളുകളെ ജയിൽമുക്തരാക്കാൻ കേവലം ചില നിയമപരമായ ഇടപെടലുകൾകൊണ്ട് സാധിക്കും. അതിനുവേണ്ടി നോർക്ക-റൂട്ട്സിന്റെ കീഴിൽ ഒരു ലീഗൽ അസിസ്റ്റൻസ് സെൽ രൂപീകരിക്കുവാൻ തീരുമാനിച്ചിരുന്നു. അത്തരമൊരു സെൽ ഇതിനകം രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്?

ശ്രീ. കെ. സി. ജോസഫ്: സർ, ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളുടെ താൽപ്പര്യം കണക്കിലെടുത്ത്, പരാതികൾ ലഭിക്കുമ്പോഴും കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോഴുമെല്ലാം ഗവൺമെന്റ് ഇടപെടുകയും എംബസി മുഖേന പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. അതുപോലെതന്നെ വിദേശ രാജ്യങ്ങളിലെ നിയമങ്ങൾ സംബന്ധിച്ച് അവിടത്തെ മലയാളികൾക്ക് ആവശ്യമായ ഉപദേശം കൊടുക്കാൻ വേണ്ടി ലീഗൽ എയ്ഡ് സെല്ലുകൾ രൂപീകരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സർ, നോർക്കയുടെ കീഴിലുള്ള ഒരു കമ്പനിയാണ് നോർക്ക റൂട്ട്സ്. സാധാരണഗതിയിൽ ഡിപ്പാർട്ടുമെന്റിന് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ, ഉദാഹരണത്തിന്, വിദേശ മലയാളികളുടെ വ്യവസായ-വിദ്യാഭ്യാസ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകലാണ് റൂട്ട്സിന്റെ പണി. പക്ഷേ ഇപ്പോൾ സർക്കാർ നൽകിയിരിക്കുന്ന ഉത്തരങ്ങളിൽ എംബസികളുമായി ബന്ധപ്പെടുന്നതിനപ്പുറം എന്തെങ്കിലും ചുമതല നോർക്ക-റൂട്ട്സിനുള്ളതായി നിർവ്വചിച്ചിട്ടില്ല. നോർക്ക റൂട്ട്സിന്റെ യഥാർത്ഥ ധർമ്മം വ്യത്യസ്തമാണ്. എംബസിയുമായി ബന്ധപ്പെടുന്നതിനപ്പുറം എന്തെങ്കിലും ചുമതലകളും ധർമ്മങ്ങളും ഈ സ്ഥാപനത്തിന് സർക്കാർ കൽപ്പിച്ചിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പു മന്ത്രിക്ക് അറിയാവുന്നതുപോലെ നോർക്ക-റൂട്ട്സ് മുൻകൈ എടുത്തുകൊണ്ട് 'കാരുണ്യം' , 'സാന്ത്വനം' തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. മാത്രമല്ല, വിദേശമലയാളികളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ഡിസംബർ മാസം 29, 30 തീയതികളിൽ തിരുവനന്തപുരത്തുവച്ച് വിദേശ മലയാളി സംഗമം · വിളിച്ചുകൂട്ടുന്നുണ്ട്. എമർജിംഗ് കേരളയ്ക്ക് മുന്നോടിയായി വിദേശ നിക്ഷേപം ആകർഷിക്കുന്നതിനുള്ള നടപടികൾ നോർക്ക ഡിപ്പാർട്ടുമെന്റും നോർക്ക റൂട്ട്സും സ്വീകരിച്ചുവരികയാണ്.

ശ്രീമതി കെ. എസ്. സലീഖ: സർ, കുടുംബപ്രാരാബ്ധവും ജീവിതപ്രയാസവും കൊണ്ടാണ് സ്ത്രീകളിലധികവും ഗൾഫിലേക്ക് പോകുന്നത്. വീട്ടുജോലി വിസയിലും വിസിറ്റിംഗ് വിസയിലും ഗൾഫ് രാജ്യങ്ങളിൽ പോയി ജോലി ചെയ്യുന്നവർ വളരെയധികം പീഡനങ്ങളും പ്രയാസങ്ങളും അനുഭവിക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്.

അതുപോലെ പുരുഷന്മാർ എഗ്രിമെന്റ് വിസയിൽ പോയാൽപോലും ന്യായമായ ശമ്പളമോ ലീവ് തുടങ്ങിയ ആനുകൂല്യങ്ങളോ നിഷേധിക്കപ്പെടുന്ന സ്ഥിതിയുണ്ട്. ഇതുസംബന്ധിച്ച് കൃത്യമായ വിവരം ശേഖരിച്ച് അവർക്കാവശ്യമായ നിയമസഹായം ലഭ്യമാക്കുന്നതിനുവേണ്ടി നോർക്ക റൂട്ട്സിനേയും എംബസിയേയും യോജിപ്പിച്ച് പ്രവർത്തിപ്പിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, വിദേശ രാജ്യങ്ങളിലെ ജോലി സംബന്ധമായ തട്ടിപ്പുകളിൽ കേന്ദ്ര പ്രവാസികാര്യവകുപ്പ് വിപുലമായ ക്യാമ്പെയ്ൻ നടത്തുന്നുണ്ടെങ്കിലും ഇത്തരം സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിൽ ശിക്ഷിക്കപ്പെട്ട് കഴിയുന്ന മലയാളികളുടേയും വീട്ടുജോലിക്കായി പോകുന്ന സ്ത്രീകളെ പീഡിപ്പിക്കപ്പെടുന്നത് സംബന്ധിച്ച പരാതികളും ശ്രദ്ധയിൽപ്പെട്ടാലുടൻ നോർക്ക ഡിപ്പാർട്ടുമെന്റും നോർക്ക റൂട്ട്സും എംബസികളുമായി ബന്ധപ്പെട്ട് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ശ്രദ്ധയിൽപ്പെടുന്ന കാര്യങ്ങൾക്കെല്ലാംതന്നെ പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നുണ്ട്.

ശ്രീ. സാജു പോൾ: സർ, ലക്ഷക്കണക്കായ മലയാളികളും അവരുടേതായ വിവിധ സംഘടനകളുമൊക്കെ വിദേശരാജ്യങ്ങളിലുണ്ട്, പല കാര്യങ്ങളിലും അവരുടെ നിർദ്ദേശങ്ങൾക്കും അഭിപ്രായങ്ങൾക്കും ഒരു വിലയും ഉണ്ടാകാറില്ല. അടുത്ത ദിവസങ്ങളിൽ സൗദി അറേബ്യയിൽ നിന്നുൾപ്പെടെയുള്ള പ്രവാസി മലയാളി സംഘടനയിലെ ആളുകൾ എന്നെ ബന്ധപ്പെടുകയും വിവിധ രാജ്യങ്ങളിലെ ദരിദ്രരായ ആളുകൾക്ക് ഹജ്ജ് കർമ്മം അനുഷ്ഠിക്കാൻ സൗദി രാജാവ് അവസരം കൊടുത്തതായി പറയുകയും ചെയ്തു. ഇന്ത്യയിൽ നിന്ന് ഇരുപത് പേർക്കാണ് അതിനുള്ള സാധ്യതയുണ്ടായിരുന്നത്. അതിൽ എട്ട് പേർ കേരളത്തിൽനിന്ന് പോയവരാണ്. ആ എട്ട് പേരും ഒരു പ്രത്യേക പാർട്ടിയുടെ ആളുകളാണ്. പാവപ്പെട്ട ഒരൊറ്റ കോൺഗ്രസ്സുകാരനും ഹജ്ജ് യാത്രയ്ക്കുവേണ്ടി അവസരം നൽകിയില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധിക്കുവാൻ പ്രവാസികാര്യവകുപ്പ് മുൻകൈ എടുക്കുമോ?

മി. സ്പീക്കർ: എംബസികളേയും നോർക്ക റൂട്ട്സിനേയും സംബന്ധിച്ചാണ് ചോദ്യം.

ശ്രീ. കെ. സി. ജോസഫ്: സർ, ഹജ്ജിന്റെ കാര്യങ്ങൾ എന്റെ വകുപ്പിന്റെ പരിധിയിൽപ്പെടുന്ന കാര്യമല്ല.

ശ്രീ. ബെന്നി ബെഹനാൻ: സർ, വിദേശത്ത് നിന്ന് മടങ്ങിവരുന്ന മലയാളികൾക്ക് എന്തെങ്കിലും റീഹാബിലിറ്റേഷൻ സ്കീം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുന്നുണ്ടോ; അതോടൊപ്പം എയർ ഇന്ത്യ പലപ്പോഴും സ്വീകരിക്കുന്ന സമീപനം വളരെയേറെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. എയർ ഇന്ത്യ പീക്ക് ടൈമിൽ പലപ്പോഴും ചാർജ്ജ് കൂട്ടാറുണ്ട്. അത് കുറയ്ക്കാൻ വേണ്ടി എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: സർ, വിദേശരാജ്യങ്ങളിൽ നിന്ന് മടങ്ങിവരുന്ന മലയാളികളുടെ കാര്യങ്ങൾക്കായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കെ.എഫ്.സി.-യുമായി ബന്ധപ്പെട്ട് ഒരു സ്കീം ആരംഭിക്കുകയുണ്ടായി. പക്ഷെ അത് വിജയിച്ചില്ല. കേരളം നേരിടാൻ പോകുന്ന ഒരു വലിയ പ്രശ്നമാണ് മടങ്ങിവരുന്നവർക്ക് ആവശ്യമായ റീഹാബിലിറ്റേഷൻ ഉണ്ടാകണമെന്നുള്ളത്. ആ കാര്യം ഗൗരവമായി ഗവൺമെന്റ് പരിഗണിക്കുന്നതാണ്. മറ്റൊന്ന്, പീക്ക് ടൈമിൽ എയർ ഇന്ത്യ ചാർജ്ജ് വർദ്ധിപ്പിക്കുന്ന കാര്യം കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വിദേശ എംബസികളിൽ നോർക്ക സെല്ലിന്റെ ഒരു യൂണിറ്റോ സെല്ലോ രൂപീകരിക്കുന്നതിന് ഗവൺമെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, വിദേശ എംബസികളിൽ നോർക്ക സെല്ലിന്റെ യൂണിറ്റ് രൂപീകരണം സാധ്യമുള്ള കാര്യമല്ല. പക്ഷെ വിദേശ രാജ്യങ്ങളിൽ നോർക്കയുടെ ലീഗൽ എയ്ഡ് സെൽ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. വിദേശ എംബസികളിൽ മലയാളി ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പ്രവാസികളുടെ പ്രശ്നങ്ങളെക്കുറിച്ച് ധാരാളം പരാതികൾ കേൾക്കുന്നുണ്ട്. അവയ്ക്ക് പരിഹാരം കാണാൻ വിദേശ രാജ്യങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട മന്ത്രി ചെയർമാനായി ഉദ്യോഗസ്ഥർ ഉൾപ്പെടെ ഒരു സ്ഥിരം ഉപദേശക സമിതി രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഓരോ ഗൾഫ് രാജ്യങ്ങളിലും അവിടെയുള്ള മലയാളി സംഘടനകളുമായി ബന്ധപ്പെട്ട് അവർ ഉൾപ്പെടുന്ന ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ: സർ, എന്റെ മണ്ഡലത്തിലെ കീഴരിയൂർ പഞ്ചായത്തിൽപ്പെട്ട ഒരു വ്യക്തിയെ സൊമാലിയയിൽ വച്ച് കൊള്ളക്കാർ തട്ടിക്കൊണ്ടുപോയത് സംബന്ധിച്ച് കഴിഞ്ഞ ജനുവരിയിൽ ഞാൻ ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. അദ്ദേഹത്തെ മോചിപ്പിക്കാനാവശ്യമായ നടപടി എടുക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. സി. ജോസഫ്: സർ, സൊമാലിയയുമായി ബന്ധപ്പെട്ട കാര്യത്തിൽ നമുക്ക് ചില പരിമിതികളുണ്ട്. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ സംസ്ഥാന മുഖ്യമന്ത്രിയും കേന്ദ്ര മന്ത്രിമാരും ഇടപെട്ടു. പരിഹാരം ഉണ്ടാക്കുന്നതുമായി ബന്ധപ്പെട്ട കാര്യത്തിൽ നമുക്ക് പല പരിമിതികളുമുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)



LIBRARY ARCHIVES Kerala Legislative Assembly

# രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കാർഷിക വിപണന സഹായം

5 (*725) ശ്രീ. വർക്കല കഹാർ:
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിപണിയിൽ ഇടപെട്ട് കർഷകർക്ക് സഹായം നൽകുന്നതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

(ബി) അംഗീകൃത സംഭരണ ഏജൻസികൾക്ക് എന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകിവരുന്നത് ;

(സി) ഉത്സവ സീസണുകളിൽ ഏജൻസികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) വിപണിയിൽ ഇടപെട്ട് കർഷകർക്ക് സഹായം നൽകുന്നതിനായി സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ 6 മൊത്ത വ്യാപാര വിപണികൾ പ്രവർത്തിച്ചുവരുന്നു. ഈ വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ടുകൊണ്ടുവന്ന് ലേലം നടത്തി വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത ലേലങ്ങളിൽ കച്ചവടക്കാർ വില താഴ്ത്തി വാങ്ങാതിരിക്കുവാൻവേണ്ടി ഹോർട്ടികോർപ്പും ലേലങ്ങളിൽ പങ്കുചേരുന്നതാണ്. കർഷകരിൽ നിന്നും സെസ്സ് ഈടാക്കാതെ സൗജന്യമായിട്ടാണ് ലേലത്തിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുന്നത്. കർഷകൻ കൊണ്ടുവരുന്ന കാർഷിക ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകുകയും ചെയ്യുന്നു. കൂടാതെ കേരളത്തിലുടനീളം 263 സ്വാശ്രയ കർഷക വിപണികൾ നിലവിൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിലെ ലേല നടപടികളിൽ ഒരു ശക്തമായ സാന്നിദ്ധ്യം ഉറപ്പു വരുത്തുവാൻ വേണ്ടി ഹോർട്ടികോർപ്പിന് 50.00 ലക്ഷം രൂപ 2010 - 11 വർഷത്തിൽ നൽകുകയുണ്ടായി. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ കാർഷിക വിപണികൾ ശക്തിപ്പെടുത്തുന്നതിന് 2011- 12

LIBRARY ARCHIVES Kerala Legislative Assembly

വർഷത്തിൽ 450 ലക്ഷം രൂപ നൽകിയിട്ടുണ്ട്. കേരളത്തിലെ നെല്ല് സംഭരണത്തിന്റെ അംഗീകൃത ഏജൻസിയായ കേരള സ്റ്റേറ്റ് സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേന 2005 വർഷംമുതൽ നെല്ല് സംഭരണം നടത്തിവരുന്നു. കേന്ദ്രസർക്കാർ എല്ലാവർഷവും നെല്ലിന് പ്രഖ്യാപിക്കുന്ന താങ്ങുവില (എം.എസ്.പി.) കേരളത്തിലെ കർഷകരെ സംബന്ധിച്ചിടത്തോളം കുറവായതുകൊണ്ട് സംസ്ഥാന സർക്കാർ ഒരു ഉയർന്ന സംഭരണവിലയ്ക്ക് നെല്ല് സംഭരിക്കുന്നു.

(സി) ഓണം തുടങ്ങിയ ഉത്സവ സീസണുകളിലും പഴം, പച്ചക്കറി എന്നിവയുടെ വില ക്രമാതീതമായി ഉയരുമ്പോഴും കൃഷി വകുപ്പും, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, ഹോർട്ടികോർപ്പ് എന്നീ ഏജൻസികൾ മുഖേന വിപണനമേളകൾ/ചന്തകൾ സംഘടിപ്പിക്കാറുണ്ട് പ്രസ്തുത മേളകളിൽ 10 മുതൽ 30% വരെ വില കുറച്ചാണ് പച്ചക്കറികൾ വിൽപ്പന നടത്തുന്നത്. മാർക്കറ്റ് ഇന്റർവെൻഷൻ ഫോർ പ്രൈസ് സ്റ്റബിലൈസേഷൻ എന്ന പദ്ധതി പ്രകാരം 2011-12 വർഷത്തിൽ 350 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

### തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം

6 (*726) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് ഈ സർക്കാർ പുതുതായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; അവ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(ബി) യാതൊരു സാമൂഹ്യ സുരക്ഷിതത്വവും ഇല്ലാത്ത തൊഴിൽ മേഖല ഏതാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളല്ലാത്ത ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് പദ്ധതിയിൽ അംഗങ്ങളായി ചേരുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഇല്ല

## ജന്തുരോഗങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി

7 (*727) ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. വി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജന്തുരോഗങ്ങൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നിലവിലുള്ള ലാബുകളെ ജി.എൽ.പി. നിലവാരത്തിനനുസരിച്ച് ആധുനികവൽക്കരിക്കാനും ശക്തിപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ ;

(സി) രോഗ നിരീക്ഷണം, നിയന്ത്രണം, രോഗങ്ങൾ മുൻകൂട്ടി അറിയാനുള്ള സംവിധാനം ഉണ്ടാക്കൽ എന്നീ വിഷയങ്ങളെപ്പറ്റി ജനങ്ങളിൽ ബോധവൽക്കരണം നടത്തുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) 1. ജന്തുരോഗ നിയന്ത്രണ പ്രോജക്ട് മുഖേന കുളമ്പ് രോഗത്തിനെതിരെ സമഗ്ര പ്രതിരോധ കുത്തിവയ്പ് നടത്തിവരുന്നു.

2. സംസ്ഥാനത്തെ മൃഗാശുപത്രികൾ വഴി അടപ്പൻ, കരിങ്കാൽ, കുരലടപ്പൻ തുടങ്ങിയ കന്നുകാലി രോഗങ്ങൾക്കെതിരെ വ്യാപകമായി പ്രതിരോധ കുത്തിവയ്പുകൾ നടത്തിവരുന്നു.

3. ബ്രൂസെല്ലോസീസ്, ആട്വസന്ത എന്നീ മാരക രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ് ഉൾപ്പെടെയുള്ള പരിപാടികൾ ഉൾപ്പെട്ട രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്നു.

4. അകിടുവീക്ക രോഗ നിയന്ത്രണത്തിനായി തൊഴുത്തും പരിസരവും വൃത്തിയാക്കുന്നതിനുള്ള സാധന സാമഗ്രികൾ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള അകിടുവീക്ക രോഗ നിയന്ത്രണ പരിപാടി നടപ്പിലാക്കിവരുന്നു.

5. നായ്ക്കളിൽ നിന്നുള്ള പേവിഷബാധ നിയന്ത്രണത്തിനായി പേവിഷബാധ നിർമ്മാർജ്ജന പദ്ധതി നടപ്പിലാക്കിവരുന്നു. നായ്ക്കളുടെ വംശവർദ്ധനവ് തടയുന്നതിനായി 'ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം' നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നു.

6. പരാദ രോഗങ്ങളുടെ നിയന്ത്രണത്തിനായി വിര മരുന്നുകൾ സൗജന്യമായി മൃഗാശുപത്രികൾവഴി ലഭ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

7. രോഗ ചികിത്സയും നിയന്ത്രണവും സുഗമമാക്കുന്നതിനായി കൃത്യമായ രോഗ നിർണ്ണയ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നു.

8. രോഗവാഹികളായ കന്നുകാലികൾ അയൽ സംസ്ഥാനങ്ങളിൽനിന്ന് കടന്നെത്തുന്നത് നിയന്ത്രിക്കുന്നതിനായി ചെക്ക് പോസ്റ്റുകളിലെ കാലി പരിശോധന കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

9. എല്ലാ പഞ്ചായത്തുകളിലും ആരോഗ്യ രക്ഷാ ക്യാമ്പുകളും 500 പഞ്ചായത്തുകളിൽ പ്രത്യേകമായി വന്ധ്യതാ നിവാരണ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

10. കന്നുകാലിരോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവയ്പുകൾക്കുള്ള വാക്സിനുകൾ ലഭ്യമാക്കുവാൻ പാലോടുള്ള വെറ്ററിനറി ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

11. രോഗ ബാധയുണ്ടാവുന്ന സമയവും രോഗബാധയുണ്ടാവാൻ സാധ്യതയുള്ള പ്രദേശങ്ങളും മുൻകൂട്ടി കണ്ടെത്തി രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നു.

12. സാമ്പത്തിക പ്രാധാന്യമുള്ള കാലിരോഗങ്ങളുടെ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) സ്വീകരിക്കുന്നതാണ്.

(സി) നടത്തുന്നതാണ്.

**സാമ്പത്തിക മാന്ദ്യം**

**8 (*728)** ശ്രീ. ജി. സുധാകരൻ :
ശ്രീ. എളമരം കരീം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക മാന്ദ്യം പ്രവാസി മലയാളികളെ ഏതെല്ലാം നിലയിൽ ബാധിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം രാജ്യങ്ങളിലുള്ള മലയാളികളെയാണ് ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിച്ചിട്ടുള്ളത് ;

(സി) നോർക്ക റൂട്ട്സ് സാമ്പത്തിക മാന്ദ്യംമൂലം മടങ്ങിയെത്തുന്നവരെ സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) സാമ്പത്തികമാന്ദ്യംമൂലം ഏകദേശം 40,000 വിദേശ മലയാളികൾക്ക് അവരുടെ വീടുകളിലേക്ക് മാസശമ്പളം കൃത്യമായി അയയ്ക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) യു.എ.ഇ.-യിൽ ഉള്ള മലയാളികളെയാണ് പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. ഇതിൽത്തന്നെ ദുബായിൽ ഉള്ളവരെയാണ് കൂടുതലും പ്രതികൂലമായി ബാധിച്ചിരിക്കുന്നത്.

(സി) നോർക്ക റൂട്ട്സ് 2008-ൽ സാമ്പത്തികമാന്ദ്യംമൂലം തിരികെ വന്നവരുടെ രജിസ്ട്രേഷൻ നടത്തിയിരുന്നു.

## ചെറുകിട നാമമാത്ര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

9 (*729) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(ബി) ഈ മേഖലയിലെ കർഷകർക്ക് നിലവിലുള്ള ക്ഷേമപദ്ധതി കളെക്കുറിച്ച് വിശദമാക്കാമോ ;

(സി) ഇത്തരം കർഷകരുടെ കാർഷിക ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വിഭവ സംസ്കരണ വിപണന മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും, സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്.

(ബി) ചെറുകിട നാമമാത്ര കർഷകർക്ക് നിലവിലുള്ള ക്ഷേമ പദ്ധതികൾ ഇവയാണ്.

1. ഒരു ഹെക്ടറിനു താഴെ കൃഷിഭൂമിയുള്ളതും കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് എങ്കിലും നെൽക്കൃഷി ചെയ്യുന്നവരും 1-4-2009-ൽ 60 വയസ്സ് പൂർത്തീകരിച്ചതുമായ നെൽക്കർഷകർക്ക് നിലവിൽ പ്രതിമാസം 300 രൂപ പെൻഷൻ നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. സർക്കാർ ഉത്തരവ് നം.197/2011/ കൃഷി തീയതി 16-8-2011 പ്രകാരം സംസ്ഥാനത്തെ എല്ലാ ചെറുകിട നാമമാത്ര കർഷകർക്കുംകൂടി പെൻഷൻ അനുവദിച്ചുത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 60 വയസ്സ് കഴിഞ്ഞ കുടുംബനാഥനോ കുടുംബനാഥയ്ക്കോ പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ ലഭിക്കുന്നു. സർക്കാർ ഉദ്യോഗമോ മറ്റ് സർക്കാർ-അർദ്ധ സർക്കാർ പെൻഷൻ പദ്ധതി ആനുകൂല്യങ്ങളോ ലഭിക്കാത്തവർക്കായിരിക്കും ഈ പെൻഷൻ ലഭിക്കുക.

(സി) കാർഷിക ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുമെന്ന ഉദ്ദേശത്തോടെ കൃഷി വകുപ്പിന്റെ കീഴിൽ യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ 6 മൊത്ത വ്യാപാര വിപണികൾ സ്ഥാപിച്ചിട്ടുണ്ട്. ഈ വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ടുകൊണ്ടുവന്ന് ലേലം നടത്തി വിപണനം നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി ഉൽപ്പന്നങ്ങളുടെ അടിസ്ഥാനവില നിശ്ചയിച്ച് നടത്തിവരുന്ന ലേലം കർഷകരിൽ നിന്നും യാതൊരു ഫീസും ഈടാക്കാതെ സൗജന്യമായിട്ടാണ് നടത്തുന്നത്. കർഷകർ കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡിയും നൽകുന്നു.

കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാടൻ പച്ചക്കറികളും, പഴവർഗ്ഗങ്ങളും കർഷകർക്ക് ന്യായവില ഉറപ്പാക്കി ഹോർട്ടികോർപ്പ് സംഭരിക്കുകയും മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് വിൽക്കുകയും ചെയ്യുന്നു.

ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കി കർഷകർക്ക് ന്യായവില ഉറപ്പാക്കത്തക്കവിധത്തിൽ കേരളത്തിലുടനീളം 263 സ്വാശ്രയ കർഷക വിപണികൾ വി.എഫ്.പി.സി.കെ യുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ വില താഴ്ന്നു പോകുന്ന സാഹചര്യത്തിൽ ഫെയർപ്രൈസ് സപ്പോർട്ട് മുഖേന പരിഹാരം കണ്ടുവരുന്നു.

നാളികേര ബോർഡു മുഖേന നടപ്പിലാക്കുന്ന ടെക്നോളജി മിഷൻ ഓൺ കോക്കനട്ട് പദ്ധതി പ്രകാരം നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന യൂണിറ്റുകൾക്ക് പ്രോജക്ട് തുകയുടെ 25% പരമാവധി 50 ലക്ഷം രൂപ സബ്സിഡി നൽകുന്നുണ്ട്. കൂടാതെ സംസ്ഥാന നാളികേര അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനത്തിനായി ചെറിയ യൂണിറ്റുകൾ സ്ഥാപിക്കാൻ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

ഹോർട്ടിക്കൾച്ചർ ഉൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിനുള്ള പദ്ധതികൾ സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ മുഖേനയും നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കമ്പ്യൂട്ടർവൽക്കരണം

10 (*730) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ കമ്പ്യൂട്ടർവൽക്കരണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഏത് ഏജൻസിയുടെ സഹായത്തോടെയാണ് ഇതു നടപ്പിലാക്കി വരുന്നത് ;

(സി) ഈ സംവിധാനം എന്ന് പൂർത്തിയാക്കാനാകും ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ പ്രാഥമിക കമ്പ്യൂട്ടർവൽക്കരണം അറുപത് ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഓരോ കമ്പോണന്റും ആയതിന് സ്പെഷ്യലൈസ് ചെയ്ത പ്രത്യേകം ഏജൻസികളെ കൊണ്ടാണ് നടപ്പിലാക്കുന്നത്.

ഹാർഡ്‌വെയർ - ഡി.ജി.എസ്.ഡി. റേറ്റ് കോൺട്രാക്ട് ഏജൻസി

സോഫ്റ്റ് വെയർ - എൻ.ഐ.സി.

സൈറ്റ് പ്രിപ്പറേഷൻ - നിർമ്മിതി കേന്ദ്രം

ഡാറ്റാ എൻട്രി - കുടുംബശ്രീ

കപ്പാസിറ്റി ബിൽഡിംഗ് - വകുപ്പ് തലത്തിൽ

വകുപ്പുതലത്തിൽ പ്രസ്തുത പ്രവർത്തനം ഏകോപിപ്പിക്കുന്നു.

(സി) ഒരു വർഷം കൊണ്ട് പൂർത്തിയാക്കാനാകും എന്ന് പ്രതീക്ഷിക്കുന്നു.

## നെൽ കർഷകർക്ക് ഗ്രീൻ കാർഡ്

11 (*731) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ശശി:
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ നെൽകർഷകർക്കും ഗ്രീൻകാർഡ് നല്കിയിട്ടുണ്ടോ ; എങ്കിൽ ഇതുവരെ എത്ര കർഷകർക്ക് ഗ്രീൻകാർഡ് നൽകിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷകർക്ക് ഗ്രീൻകാർഡ് ലഭിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്താണെന്ന് വിശദമാക്കുമോ ;

(സി) ഈ പദ്ധതി സംസ്ഥാനത്ത് മുഴുവൻ മേഖലകളിലും നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) പരമ്പരാഗത നെൽക്കൃഷി മേഖലയായ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിലെ കർഷകരെയാണ് നെൽക്കൃഷി സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെയുള്ള 'നെൽക്കൃഷിക്കുള്ള പലിശരഹിത വായ്പാ പദ്ധതി'യിൽ ഉൾപ്പെടുത്തി ഗ്രീൻകാർഡ് നൽകിയിട്ടുള്ളത്. ഇതുവരെ പാലക്കാട്, തൃശ്ശൂർ, ആലപ്പുഴ എന്നീ ജില്ലകളിൽ നിന്നുള്ള 30775 നെൽക്കർഷകർക്ക് ഗ്രീൻ കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

(ബി) നെൽക്കൃഷിക്ക് അനുവദിക്കുന്ന പലിശരഹിത വായ്പാ പദ്ധതിയിൽ ഗുണഭോക്താക്കളാകുന്ന നെൽക്കർഷകരുടെ കൃഷി സംബന്ധമാകുന്ന വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി നൽകുന്ന ഗ്രീൻകാർഡ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് എളുപ്പത്തിൽ കാർഷിക വായ്പയും കർഷകർക്ക് മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നതിനുള്ള ഒരു ആധികാരിക രേഖയാണ്.

(സി) 2008-09 വർഷം നടപ്പിലാക്കിയ ഈ പദ്ധതി ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 2009-10 വർഷം മുതൽ പലിശരഹിത വായ്പയുടെ ആനുകൂല്യം സംസ്ഥാനത്തെ എല്ലാ നെൽക്കർഷകർക്കും പ്രയോജനം ലഭിക്കുന്നതിനായി പരിഷ്കരിച്ചിട്ടുണ്ട്.

## പുതിയ തൊഴിൽ മേഖലകളെ ഇ.എസ്.ഐ. പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി

12 (*732) ശ്രീ. കെ. ദാസൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. വി. അബ്ദുൾഖാദർ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ഏതെങ്കിലും മേഖലയിലെ തൊഴിലാളികളെ പുതുതായി ഇ.എസ്.ഐ.യുടെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോ ;

(ബി) ഇതിനായി പരിഗണനയിലുള്ള നിർദ്ദേശങ്ങൾ ഏതൊക്കെയാണ് ;

(സി) ഇ. എസ്.ഐ. യുടെ പരിധിയിൽപ്പെട്ട സ്ഥാപനങ്ങളെ പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ; ഇതിനുള്ള മാനദണ്ഡം എന്താണ് ; ഇതിനായി എത്ര അപേക്ഷകൾ ഉണ്ട് ?



LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഇല്ല.

(ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) കെ.എസ്.ആർ.ടി.സി., കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവയെ 1-10-2011 മുതൽ 30-9-2012 വരെയും മാതാ അമൃതാനന്ദമയി മഠത്തിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ 6-1-2011 മുതൽ 5-1-2012 വരെയും ഇ.എസ്.ഐ. പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇ.എസ്.ഐ. നൽകുന്ന ആനുകൂല്യങ്ങളെക്കാളും ഉയർന്ന ആനുകൂല്യങ്ങൾ നൽകുന്ന സ്ഥാപനങ്ങളെയാണ് ഇ.എസ്.ഐ. യുടെ പരിധിയിൽ നിന്നും ഒഴിവാക്കുന്നത്. ഇ.എസ്.ഐ. യുടെ പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ചിട്ടുള്ള 8 അപേക്ഷകളിന്മേൽ തീരുമാനമെടുക്കാനുണ്ട്.

**മജീദിയ വേജ് ബോർഡ് ശുപാർശ**

13 (*733) ശ്രീ. സാജു പോൾ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പത്രപ്രവർത്തകർക്കും ജീവനക്കാർക്കും സേവന-വേതന പരിഷ്ക്കരണം നടപ്പിലാക്കിയത് ഏത് വർഷത്തിലാണ് ;

(ബി) മജീദിയ വേജ് ബോർഡ് ശുപാർശ പ്രകാരം പത്രപ്രവർത്തകർക്ക് അർഹമായ സേവന-വേതന പരിഷ്ക്കരണം കേന്ദ്ര സർക്കാർ നടപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യം ഉടനെ നടപ്പാക്കണമെന്ന ആവശ്യം കേന്ദ്രത്തിൽ ഉന്നയിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) 2000-ത്തിൽ

(ബി) ഉണ്ട്.

(സി) ഇക്കാര്യം മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ചിസ് പ്ലസ് പദ്ധതി

14 (*734) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിസ് പ്ലസ് പദ്ധതി വ്യാപകമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ആശുപത്രികളിൽ കൂടി വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം പുതിയ ചികിത്സകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താൻ ആലോചിച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ചിസ് പ്ലസ് പദ്ധതി ഇപ്പോൾ നിലവിലുള്ള മൂന്ന് മാരകരോഗങ്ങൾക്കുള്ള ചികിത്സാ സഹായത്തിനു പുറമെ കരൾ, തലച്ചോർ എന്നിവയെ ബാധിക്കുന്ന രോഗങ്ങൾ, അപകടംമൂലമുള്ള ട്രോമാകെയർ എന്നീ മൂന്ന് വിഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി വിപുലമാക്കിയിട്ടുണ്ട്. കൂടാതെ റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ, ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുതലായ ഗവേഷണ സ്ഥാപനങ്ങൾ മുഖേനയും ചിസ് പ്ലസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) ശ്രീചിത്ര മെഡിക്കൽ സെന്റർ, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ആശുപത്രികളിൽക്കൂടി വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) പുതുതായി ന്യൂറോ, ലിവർ, ആക്സിഡന്റ് ട്രോമാകെയർ എന്നീ ചികിത്സകളാണ് ഉൾപ്പെടുത്തുന്നത്.

## ഗ്രാമീണ ക്ഷീര വിജ്ഞാന വ്യാപനവും ഉപദേശക സർവ്വീസുകളും ശക്തിപ്പെടുത്തൽ

15(*735) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ ക്ഷീര വിജ്ഞാനവ്യാപനവും ഉപദേശക സർവ്വീസുകളും ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) ഇതിനായി സെമിനാറുകൾ ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുവാൻ നടപടി എടുക്കുമോ ;

(സി) ഉദ്യോഗസ്ഥൻമാർക്കുവേണ്ടി സെമിനാറുകൾ, ശില്പശാലകൾ പരിശീലനം എന്നിവ നൽകുന്ന കാര്യം പരിഗണിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരിക കാര്യവും വകുപ്പു മന്ത്രി (ശ്രീ. കെ. സി. ജോസഫ്):

(എ) ഗ്രാമീണ മേഖലയിൽ ശുദ്ധമായ പാൽ ഉൽപാദനത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രാമീണ വിജ്ഞാന വ്യാപനവും ഉപദേശക പ്രവർത്തനങ്ങളും എന്ന പദ്ധതി. നടപ്പ് സാമ്പത്തിക വർഷം 175 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ മേഖലയിലെ കർഷകർക്ക് ഡയറിയിംഗിലെ പുത്തൻ സാദ്ധ്യതകളെക്കുറിച്ചുള്ള അറിവ് പകരുക എന്ന ലക്ഷ്യത്തോടെ 11.40 ലക്ഷം രൂപ മുടക്കുമുതലിൽ 1140 കർഷക സമ്പർക്ക പരിപാടി നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കും. ഉത്പാദിപ്പിക്കപ്പെടുന്ന പാലിന്റെ ഗുണനിലവാരം നിലനിർത്തുന്നതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തുന്നതിനായി 210 ഗുണനിലവാര ബോധവൽക്കരണ പരിപാടികൾ നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ഉദ്ദേശിക്കുന്നു. കൂടാതെ എല്ലാ ജില്ലകളിലും ഉപഭോക്തൃ മുഖാമുഖ പരിപാടികളും, ക്ഷീരസംഗമങ്ങളും നടപ്പിലാക്കുന്നുണ്ട്. 138 ബ്ലോക്കുകളിൽ ക്ഷീരസംഗമം പരിപാടികൾ, 2 റീജിയണൽ ഡയറി സെമിനാറുകൾ എന്നിവയും ഗ്രാമീണ വിജ്ഞാനവ്യാപനത്തിനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ലോക ക്ഷീരദിനം ജൂൺ 1-ന് സമുചിതമായി ആചരിക്കുകയുണ്ടായി. കൂടാതെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾക്ക് പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾവഴി ആവശ്യമായ പ്രചരണം നൽകുന്നതിന് പദ്ധതിയിൽ ഉപഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ കർഷകരിൽ എത്തിക്കുന്നതിനായി ഒരു വർഷം 4 ലക്കങ്ങളിലായി ക്ഷീരപഥം എന്ന ന്യൂസ് ലെറ്റർ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ, ക്ഷീരകർഷകർക്ക് ആകസ്മികമായി ഉണ്ടാകുന്ന നഷ്ടങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനായി 15 ലക്ഷം രൂപ മുടക്കുമുതലിൽ കണ്ടിജൻസി ഫണ്ട് രൂപീകരിച്ച് ധനസഹായം നൽകിവരുന്നു. സ്കൂളുകളിൽ സ്റ്റുഡന്റ്സ് ഡയറി ക്ലബ്ബ്, 50 ബ്ലോക്കുകളിൽ ഡയറി ഫാർമർ ഇൻഫർമേഷൻ സെന്റർ, മികച്ച ക്ഷീരകർഷകനുള്ള അവാർഡ് എന്നിവയും നടപ്പാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) ഗ്രാമീണ വിജ്ഞാന വ്യാപന പ്രവർത്തനത്തിന്റെ ഭാഗമായി സെമിനാറുകൾ, ഉപഭോക്തൃ മുഖാമുഖ പരിപാടികൾ, പാലിന്റെ ഗുണനിലവാര ബോധവത്കരണ പരിപാടികൾ എന്നിവ നടപ്പ് സാമ്പത്തിക വർഷം സംഘടിപ്പിക്കുന്നതിനായി യഥാക്രമം 6 ലക്ഷം, 0.70 ലക്ഷം, 5.25 ലക്ഷം എന്നിങ്ങനെ തുക വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ഗ്രാമീണ വിജ്ഞാന വ്യാപന പദ്ധതിയിൻകീഴിൽ 6.29 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, 2 റീജിയണൽ ഡയറി സെമിനാറുകളും നടത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

### പുനഃസംഘടിപ്പിക്കാത്ത ക്ഷേമനിധി ബോർഡുകൾ

**16 (*736)** ശ്രീ. എ. കെ. ബാലൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനിയും പുനഃസംഘടിപ്പിക്കാത്ത ക്ഷേമനിധി ബോർഡുകൾ ഉണ്ടോ ; എങ്കിൽ ഏതൊക്കെ ;

(ബി) ഏതെങ്കിലും ബോർഡ് പുനഃസംഘടിപ്പിക്കാതിരുന്നതുമൂലം ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാതെ വന്നിട്ടുണ്ടോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നിവ പുനഃസംഘടിപ്പിക്കപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

### കൃഷി ഫാമുകളെ നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് നടപടി

**17 (*737)** ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷി ഫാമുകളെ നൂതന കാർഷിക സാങ്കേതിക വിദ്യകളുടെ പ്രചാരണ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രക്രിയയ്ക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ അതിനായി ആസൂത്രണം ചെയ്തു നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ വിശദവിവരം നൽകാമോ ;

(സി) കൃഷി ഫാമുകൾ മുഖേന ഇപ്പോൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ എത്ര കൃഷി ഫാമുകളുണ്ട് ; അവയുടെ വിസ്തൃതി എത്രയാണ് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ഉണ്ട്.

(ബി) കൃഷി വകുപ്പിന് നേരിട്ട് നിയന്ത്രണമുള്ള സ്പെഷ്യൽ ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പദ്ധതിയിൽ 2011-12 സാമ്പത്തിക വർഷത്തിൽ 225 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഗുണമേന്മയുള്ള ഉൽപ്പാദനക്ഷമത കൂടിയ വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുന്നതിനും നൂതന കാർഷിക സാങ്കേതികവിദ്യകളുടെ പ്രചാരണത്തിനായി പ്രദർശനത്തോട്ടങ്ങൾ ഒരുക്കുന്നതിനും ആധുനിക ശാസ്ത്രീയ പരിചരണ സംസ്കരണ മുറകൾ സമന്വയിപ്പിച്ച് മാതൃകാ യൂണിറ്റുകളായി മാറ്റുന്നതിനും യന്ത്രവൽക്കരണത്തിനും ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉപയോഗിക്കുന്നു. ഇതുകൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയുടെ ഭാഗമായി ഗ്രീൻഹൗസുകൾ സ്ഥാപിക്കുകയും മാതൃകാ നഴ്സറികൾ സ്ഥാപിക്കുകയും പച്ചക്കറി വിത്ത് ഉൽപ്പാദിപ്പിക്കുകയും വിതരണം നടത്തുകയും ചെയ്യുന്നു. കേന്ദ്ര പദ്ധതിയായ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ഫാമുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. ആർ.ഐ.ഡി .എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഫാമുകളുടെ വിവിധ പ്രവർത്തനങ്ങൾക്കായി പദ്ധതികൾ നടപ്പിലാക്കിവരുന്നു. ജില്ലാ ഫാമുകളിലും 33 വിത്തുൽപ്പാദന കേന്ദ്രങ്ങളിലും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളിലും അതാത് ജില്ലാ പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിച്ച് ഫാമുകളിൽ നൂതന സാങ്കേതിക വിദ്യകളുടെ വികസനത്തിനായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) കർഷകർക്ക് ഗുണമേൻമയുള്ള വിവിധ വിളകളുടെ വിത്ത്, നടീൽ വസ്തുക്കൾ, ഫാം ഉൽപന്നങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാക്കുന്നു. ഇതുമൂലം പൊതുവിപണിയിലെ വില ഒരു പരിധിവരെ നിയന്ത്രിക്കുന്നതിന് സാധിക്കുന്നു. കൂടാതെ കർഷകർ, കുട്ടികൾ എന്നിവർക്ക് വിവിധ വിളകളുടെ കൃഷി രീതികൾ നേരിൽ കണ്ടുപഠിക്കുന്നതിന് ഫാമുകളെ ഉപയോഗപ്പെടുത്തിവരുന്നു.

(ഡി) കൃഷി വകുപ്പിന്റെ കീഴിൽ 10 ജില്ലാ കൃഷിത്തോട്ടങ്ങളും 10 സ്പെഷ്യൽ ഫാമുകളും 33 വിത്തുൽപ്പാദന കേന്ദ്രങ്ങളും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടെ ആകെ 61 ഫാമുകൾ ഉണ്ട്. ഇവയുടെ ആകെ വിസ്തൃതി 2073.57 ഹെക്ടറാണ്.

LIBRARY ARCHIVES Kerala Legislative Assembly

## സുഗന്ധ നെല്ലിനങ്ങൾ

18 (*738) ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എവിടെയെല്ലാം സുഗന്ധ നെല്ലിനങ്ങൾ കൃഷി ചെയ്തുവരുന്നുണ്ട്;

(ബി) ഏതെല്ലാം ഇനങ്ങളിൽപ്പെട്ട സുഗന്ധ നെല്ലിനങ്ങളാണ് കൃഷി ചെയ്യുന്നത് ;

(സി) ഇവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) വയനാട് ജില്ലയിലെ മിക്കവാറും എല്ലാ സ്ഥലങ്ങളിലും സുഗന്ധ നെല്ലിനങ്ങൾ കൃഷിചെയ്തുവരുന്നു. മാനന്തവാടി ബ്ലോക്കിൽ തിരുനെല്ലി, പനമരം എന്നീ പഞ്ചായത്തുകളിലും സുൽത്താൻ ബത്തേരി ബ്ലോക്കിൽ നൂൽപ്പുഴ, സുൽത്താൻ ബത്തേരി പഞ്ചായത്തുകളിലും കൽപ്പറ്റ ബ്ലോക്കിൽ പടിഞ്ഞാറേത്തറ പഞ്ചായത്തിലും കൂടുതലായി കൃഷി ചെയ്തുവരുന്നു.

(ബി) ഗന്ധകശാല, ജീരകശാല, ബസുമതി എന്നീ ഇനങ്ങളാണ് കൃഷി ചെയ്തുവരുന്നത്.

(സി) കഴിഞ്ഞ രണ്ടുവർഷങ്ങളിലായി സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സുഗന്ധ നെല്ലിനങ്ങൾ കൃഷി ചെയ്യുന്നതിനുവേണ്ടി ഹെക്ടറിന് 10,000 രൂപ നിരക്കിൽ സബ്സിഡി നൽകിക്കൊണ്ടുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. അതനുസരിച്ച് 2009-10 വർഷത്തിൽ 700 ഹെക്ടർ സ്ഥലത്തും(70 ലക്ഷം രൂപ) 2010-11 വർഷത്തിൽ 500 ഹെക്ടർ സ്ഥലത്തും (50 ലക്ഷം രൂപ) പദ്ധതി നടപ്പിലാക്കി കഴിഞ്ഞു. 2011-12 സാമ്പത്തിക വർഷത്തിൽ 100 ലക്ഷം രൂപ സഹായം നൽകി 1000 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിവരുന്നു.

## ഇ.എസ്.ഐ. മെഡിക്കൽ കോളേജും ദന്തൽ കോളേജും ആരംഭിക്കുന്നതിനുള്ള പദ്ധതി

19 (*739) ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. യുടെ ആഭിമുഖ്യത്തിൽ മെഡിക്കൽ കോളേജും ദന്തൽ കോളേജും ആരംഭിക്കുന്നതിനുള്ള പദ്ധതി റിപ്പോർട്ട് ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ;

(സി) നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. റസിഡൻഷ്യൽ ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. മെഡിക്കൽ കോളേജ് ബ്ലോക്ക്, ഡയഗ്നോസ്റ്റിക് സെന്റർ എന്നിവയുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. ഐ.പി. ബിൽഡിംഗിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ആകെ 60% പണി പൂർത്തിയായിട്ടുണ്ട്. എഴുകോൺ ഇ.എസ്.ഐ. ദന്തൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(ബി) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്, എഴുകോൺ ദന്തൽ കോളേജ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റു ഭരണപരമായ കാര്യങ്ങളും ഇ.എസ്.ഐ. കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് നടക്കുന്നത്. 31-10-2011 ൽ അവലോകന യോഗം നടത്തിയിട്ടുള്ളതായി ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(സി) 2013-14 വർഷത്തോടെ ഇത് പൂർത്തിയാക്കുവാൻ കഴിയുമെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അധികൃതർ അറിയിച്ചിട്ടുണ്ട്.

**ക്ഷേമനിധി ബോർഡുകൾ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ**

20(*740) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ തൊഴിലാളിക്ഷേമം മുൻനിർത്തി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇതിനായി എന്തെങ്കിലും നിയമനിർമ്മാണം ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പുതുതായി ക്ഷേമനിധി ബോർഡുകൾ രൂപീകരിച്ചിട്ടുണ്ടോ ;

(സി) തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള തൊഴിലാളി ക്ഷേമനിധികളിൽ സാമ്പത്തിക പ്രയാസം നേരിടുന്നവ ഏതൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവയെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പദ്ധതികൾ എന്താണ് എന്നും ഇവ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഉണ്ട്. സംസ്ഥാനത്തെ ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ള എല്ലാപേർക്കും ബയോമെട്രിക് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അംഗങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ഡിജിറ്റലൈസ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡുകളിലെ ദ്വയാംഗത്വം കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കെൽട്രോൺ സഹായത്തോടെ ഒരു സോഫ്റ്റ് വെയർ ഡെവലപ്പ് ചെയ്ത് വരികയാണ്. ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ക്രെഡിറ്റ് സ്ലിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ ക്ഷേമനിധി ബോർഡുകളിലെ കമ്പ്യൂട്ടർവത്ക്കരണം പൂർണ്ണമാകുന്നതോടുകൂടി പെൻഷൻ വിതരണവും മറ്റ് ആനുകൂല്യങ്ങളും ബാങ്ക് വഴി ആക്കുവാനും തൊഴിലുടമകൾക്ക് അംശദായവും മറ്റും ഇ-ഫയലിംഗ് വഴി നടത്തുവാൻ കഴിയുന്നതും ഇടപാടുകളിൽ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിയുന്നതുമാണ്. എല്ലാ ക്ഷേമ പെൻഷനുകളുടെയും മിനിമം തുക 400 രൂപയായി ഉയർത്തിയിട്ടുണ്ട്.

തൊഴിൽ വകുപ്പിന് കീഴിൽ വരുന്ന എല്ലാ ക്ഷേമനിധി ബോർഡുകളും കാര്യക്ഷമമാക്കി തൊഴിലാളി ക്ഷേമം ഉറപ്പുവരുത്തുന്നതിനായി വിവിധ നിർദ്ദേശങ്ങളടങ്ങിയ ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) സംസ്ഥാനത്ത് നിലവിലുള്ള 15 ക്ഷേമനിധി ബോർഡുകളിൽ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ കാട്ടുവള്ളി തഴതൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ബീഡി, സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ്, ബാർബർ-ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതി, അലക്ക് തൊഴിലാളി ക്ഷേമപദ്ധതി എന്നിവയാണ് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവ.

(ഡി) ക്ഷേമനിധി ബോർഡുകളിലെ പ്രധാന വരുമാന സ്രോതസ്സായ അംശദായത്തിന്റെ തോത് ഉയർത്തുവാനും സെസ്സ് ബാധകമായിട്ടുള്ള ബോർഡുകളിലെ നിലവിലുള്ള സെസ്സ് പിരിവ് ഊർജ്ജിതപ്പെടുത്തി സാമ്പത്തിക പിന്നോക്കാവസ്ഥ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായുള്ള ശ്രീനിവാസൻ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

## വിദ്യാർത്ഥികളിലെ കാർഷികാഭിരുചി

21 (*741) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുന്നതിന് ഈ വർഷം നടപ്പാക്കുന്നതിനുദ്ദേശിക്കുന്ന പരിപാടികൾ വ്യക്തമാക്കുമോ ;

(ബി) സ്കൂളുകളിലെ കാർഷിക ക്ലബ്ബുകൾക്ക് ഇപ്പോൾ വിത്തും വളവും നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത കുട്ടികൾക്കും പ്രത്യേക പരിശീലനം നൽകുന്നകാര്യം പരിഗണിക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ)

(എ) സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയുടെ ഒരു പ്രധാന ഘടകം വിദ്യാലയങ്ങളിലെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുകയെന്നതാണ്. പച്ചക്കറി കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് വിദ്യാർത്ഥികളിൽ ഒരവബോധം സൃഷ്ടിക്കുന്നതോടൊപ്പം കൃഷിപ്പണികളെക്കുറിച്ചുള്ള അറിവും വിദ്യാർത്ഥികൾക്കുണ്ടാകുകയെന്നതാണ് ഇതിന്റെ ഉദ്ദേശം. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത 30 സ്കൂളുകളിൽ സ്കൂൾപച്ചക്കറിത്തോട്ടം പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി&സി) സ്ക്കൂളുകളിൽ നിലവിലുള്ള കാർഷിക ക്ലബ്ബുകൾ മുഖേന സ്ക്കൂൾ വളപ്പിൽ പച്ചക്കറിത്തോട്ടമുണ്ടാക്കുന്നതിന് പദ്ധതിപ്രകാരം ആനുകൂല്യം നൽകിവരുന്നു. 20 സെന്റ് വിസ്തൃതിയുള്ള തോട്ടമൊരുക്കുന്നതിന് 2500 രൂപ നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. പ്രസ്തുത ധനസഹായം കൃഷിക്കാവശ്യമായ വിത്ത്, വളം, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും വേണ്ടിയാണ് 2011-12-ൽ പച്ചക്കറി വികസന പദ്ധതി മുഖേന ഇപ്രകാരം 500 സ്ക്കൂളുകൾക്കായി 12.50 ലക്ഷം രൂപ ധനസഹായം നൽകുന്നുണ്ട് ഇതിന് പുറമേ 125 സ്ക്കൂളുകളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനായി മേൽ സൂചിപ്പിച്ച പദ്ധതിയിൽ 12.50 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം നീക്കിവച്ചിട്ടുണ്ട്. കൂടാതെ സ്ഥാപനങ്ങളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്ന പ്രോജക്ട് പ്രകാരം കൊല്ലം ജില്ലയിലെ 350 സ്ക്കൂളുകളിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് 8.75 ലക്ഷം രൂപയും വയനാട് ജില്ലയിലെ 250 സ്ക്കൂളുകൾക്ക് 4.6 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം തിരുവനന്തപുരം ജില്ലയിലെ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുത്ത 30 സ്കൂളുകളിൽ വിത്തും വളവും വാങ്ങുന്നിനും പണിക്കൂലിക്കും മറ്റുമായി 100 ശതമാനം സബ്സിഡി നിരക്കിൽ 5000 രൂപയുടെ ധനസഹായം നൽകുന്നുണ്ട്. കൂടാതെ മേൽപ്പറഞ്ഞ 30 സ്കൂളുകളിലെ അദ്ധ്യാപകർക്കും തെരഞ്ഞെടുത്ത കുട്ടികൾക്കും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പ്രത്യേക പരിശീലനവും നൽകിവരുന്നു.

## തരിശ് നിലത്തെ കൃഷി

22 (*742) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുനിലം കൃഷി യോഗ്യമാക്കുന്നതിന് പ്രത്യേക പദ്ധതി ത്രിതല പഞ്ചായത്തുകളുമായിച്ചേർന്ന് നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) തരിശ് നിലം കൃഷി യോഗ്യമാക്കി കാർഷിക മേഖലയെ സ്വയം പര്യാപ്തതയിലേക്ക് കൊണ്ടുവരുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തരിശുനിലം കൃഷിയോഗ്യമാക്കി കാർഷിക മേഖലയെ സ്വയം പര്യാപ്തതയിലേക്ക് കൊണ്ടുവരുന്നതിന് 5 കോടി രൂപയുടെ തരിശുഭൂമി കൃഷി എന്ന പദ്ധതി പൊതുജന പങ്കാളിത്തത്തോടെ കൃഷിഭവനുകൾ മുഖാന്തിരം നടപ്പുസാമ്പത്തിക വർഷം നടപ്പാക്കുന്നുണ്ട്. ഈ പദ്ധതിയിൽ കർഷകർക്ക് താഴെ വിവരിക്കുന്ന ഘടകങ്ങൾക്ക് സാമ്പത്തിക സാങ്കേതിക സഹായം ലഭ്യമാക്കും.

1. അടിസ്ഥാന സൗകര്യ വികസനം
2. ഉല്പാദനോപാധികൾക്ക് ധനസഹായം
3. വിപണന സൗകര്യം
4. വായ്പാ സൗകര്യങ്ങൾ

സന്നദ്ധ സംഘടനകൾ, സ്വയംസഹായ സംഘങ്ങൾ, വ്യക്തികൾ, കുടുംബശ്രീ യൂണിറ്റുകൾ, വനിതാഗ്രൂപ്പുകൾ തുടങ്ങിയവവഴി ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്ക് അന്തിമ രൂപം നല്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## സംരക്ഷിത കൃഷി

23 (*743) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരക്ഷിത കൃഷി വികസിപ്പിക്കുന്നതിന് ഹോർട്ടിക്കൾച്ചർ മിഷൻ എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പുഷ്പകൃഷി, പച്ചക്കറി കൃഷി എന്നിവയുടെ സംരക്ഷണത്തിന് വേണ്ടിയുള്ള തണൽവലകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമോ ;

(സി) ഗ്രീൻഹൗസുകളുടെ നിർമ്മാണത്തിന് ധനസഹായം ഏർപ്പെടുത്തുമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ):

(എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിപ്രകാരം സംരക്ഷിത കൃഷി വ്യാപിപ്പിക്കുന്നതിനായി സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ഗ്രീൻഹൗസ്, തണൽ വലകൾ എന്നിവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നു. പച്ചക്കറികൃഷി, പുഷ്പകൃഷി എന്നിവയുടെ സംരക്ഷണത്തിനു വേണ്ടിയുള്ള തണൽ വലകൾ സ്ഥാപിക്കുന്നതിന് ട്യൂബുലാർ സ്ട്രക്ച്ചറിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 300 രൂപയും വുഡൻ സ്ട്രക്ച്ചറിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 205 രൂപയും ധനസഹായം നൽകുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 2000 ചതുരശ്രമീറ്റർ ട്യൂബുലാർ സ്ട്രക്ച്ചറിനും 500 ചതുരശ്രമീറ്റർ വുഡൻ സ്ട്രക്ച്ചറിനും അനുമതി ലഭിച്ചിട്ടുണ്ട്. ഫാൻ & പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് ചതുരശ്രമീറ്ററിന് മൊത്തം ചെലവിന്റെ 50 ശതമാനമായ 732.5 രൂപ ധനസഹായം നൽകുന്നു. നടപ്പുസാമ്പത്തിക വർഷത്തിൽ 30000 ചതുരശ്രമീറ്റർ ഫാൻ & പാഡ് സിസ്റ്റത്തിലുള്ള ഗ്രീൻഹൗസ് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. പോളീഹൗസ്/തണൽവല ഹൗസുകൾ എന്നിവയിൽ കൃഷി ചെയ്യുന്ന പച്ചക്കറിയുടെ നടീൽ വസ്തുക്കൾക്ക് ധനസഹായം നൽകുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ ചതുരശ്രമീറ്ററിന് 52.5 രൂപ നിരക്കിൽ 500 ചതുരശ്രമീറ്ററിന് 26300 രൂപയുടെ സാമ്പത്തിക സഹായത്തിന് ദേശീയ ഹോർട്ടിക്കൾച്ചർമിഷനിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ പോളീഹൗസ്/തണൽ വലകൾ എന്നിവയിൽ കൃഷി ചെയ്യുന്ന പുഷ്പങ്ങളുടെ നടീൽ വസ്തുക്കൾക്ക് ധനസഹായം നൽകുന്നുണ്ട് നടപ്പുസാമ്പത്തിക വർഷത്തിൽ ചതുരശ്രമീറ്ററിന് 250 രൂപ നിരക്കിൽ 2000 ചതുരശ്രമീറ്ററിന് 5 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം പുഷ്പകൃഷി, പച്ചക്കറികൃഷി എന്നിവയുടെ സംരക്ഷണത്തിന് വേണ്ടിയുള്ള തണൽവലകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ട്.

(സി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ഗ്രീൻഹൗസുകളുടെ നിർമ്മാണത്തിന് ധനസഹായം നൽകുന്നുണ്ട്.

## നീർത്തട വികസന പദ്ധതി

24 (*744) ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ ടി. എ. അഹ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട പ്രദേശങ്ങളിലെ നീർത്തടങ്ങളുടെ സമഗ്രവികസനത്തിനായുള്ള പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ പ്രധാന കണ്ടെത്തലുകൾ വെളിപ്പെടുത്തുമോ ;

(ബി) നീർത്തട വികസന പദ്ധതി പ്രകാരം എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(സി) ഇതുപ്രകാരം എത്ര പദ്ധതികൾ ഇതേവരെ ഏറ്റെടുത്തു ; അവയിൽ എത്രയെണ്ണം പൂർത്തിയായി ; എന്ത് തുക ചെലവിട്ടു ;

(ഡി) നടപ്പുവർഷം ഏതൊക്കെ പദ്ധതികളുടെ തുടർപ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ഏതൊക്കെ പൂർത്തിയാക്കാനുണ്ടെന്നും വിശദമാക്കുമോ ;

(ഇ) ഇതിന്റെ പ്രവർത്തനത്തിൽ ഏതൊക്കെ ഏജൻസികളാണ് പങ്കാളിത്തം വഹിക്കുന്നത് ; ഏകോപന നടപടികൾക്കുള്ള സംവിധാനം വിശദമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്)

(എ) ഉണ്ട്. പശ്ചിമഘട്ട പ്രദേശങ്ങളിൽ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഏറ്റെടുത്തിട്ടുള്ള നീർത്തടങ്ങളിലെ വികസന പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. നിർവ്വഹണ ചുമതലയുള്ള ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ, പഞ്ചായത്ത് പ്രസിഡന്റ്, കൃഷി ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ നിർവ്വഹണ ഏജൻസികൾ, നീർത്തട ഗ്രാമസഭാ പ്രതിനിധികൾ, ഗുണഭോക്തൃ പ്രതിനിധികൾ തുടങ്ങിയവരുടെ യോഗം ചേർന്ന് പ്രവർത്തന പുരോഗതി

LIBRARY ARCHIVES Kerala Legislative Assembly

വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബന്ധപ്പെട്ട കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂന്നു മാസത്തിലൊരിക്കൽ ജില്ലാ പ്ലാനിംഗ് ഓഫീസർ പദ്ധതിയുടെ അവലോകനം നടത്തുകയും റിപ്പോർട്ട് പശ്ചിമഘട്ട സെല്ലിന് നൽകുകയും ചെയ്യുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആറ് മാസത്തിലൊരിക്കൽ ജില്ലാ പ്ലാനിംഗ് ഓഫീസർമാരുടെ സംസ്ഥാനതല യോഗത്തിൽ വിലയിരുത്തുകയും വേണ്ട ഇടപെടലുകൾ പശ്ചിമഘട്ട സെല്ലിൽ നിന്നും നടത്തുകയും ചെയ്യുന്നു. എല്ലാ മാസവും പദ്ധതി പുരോഗതി റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ പ്ലാനിംഗ് ഓഫീസർമാർ പശ്ചിമഘട്ട സെല്ലിലേക്ക് അയച്ചുതരുന്നു.

<u>പ്രധാന കണ്ടെത്തലുകൾ</u>

1. മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്ക് ഹെക്ടർ ഒന്നിന് 7,500 രൂപയെന്നത് വളരെ കുറഞ്ഞ നിരക്കാണ്. പ്രസ്തുത നിരക്ക് ഉയർത്തുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

2. ഗ്രാമപഞ്ചായത്തുകൾക്ക് പശ്ചിമഘട്ട പദ്ധതി പ്രകാരം പ്രോജക്ടുകൾ തയ്യാറാക്കാനുള്ള സാങ്കേതിക വൈദഗ്ദ്ധ്യക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. പശ്ചിമഘട്ട പ്രവർത്തനങ്ങൾക്ക് പ്രധാന പങ്ക് വഹിക്കേണ്ട വാട്ടർഷെഡ് കമ്മിറ്റി കൺവീനർമാരായ കൃഷി ഓഫീസർമാർക്ക് പശ്ചിമഘട്ട വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് വ്യക്തതക്കുറവുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

4. 2002-ലെ പൊതുമരാമത്ത് നിരക്കനുസരിച്ചുള്ള തുകയാണ് നടപ്പാത നിർമ്മാണത്തിന് (പരമാവധി തുക 2,00,000) നിജപ്പെടുത്തിയത്. പൊതുമരാമത്ത് നിരക്ക് 2002-ൽ നിന്നും ഇരട്ടിയിലധികം വർദ്ധിച്ചതിനാൽ നടപ്പാത നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ പരിധി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

5. ഗ്രാമപഞ്ചായത്ത് ജില്ലാ സംസ്ഥാനതല വിലയിരുത്തൽ സംവിധാനം നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും എല്ലാ തലങ്ങളിലും പ്രസ്തുത അവലോകന യോഗം സമയബന്ധിതമായി നടപ്പിലാക്കുന്നില്ല.

പശ്ചിമഘട്ടവികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്ത് തലങ്ങളിൽ ബോധവൽക്കരണ ക്ലാസ്സും സെമിനാറുകളും സംഘടിപ്പിച്ചുവരുന്നു.

(ബി) നീർത്തട വികസന പദ്ധതിപ്രകാരം വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. പ്രകൃതി വിഭവങ്ങളുടെ പരിപാലനം

2. ഭൂജല പരിപാലനം

LIBRARY ARCHIVES Kerala Legislative Assembly

3. കാർഷിക വനവൽക്കരണം

4. വരുമാനദായക പ്രവർത്തനങ്ങൾ

5. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ

6. ഉല്പാദനമേഖലയുടെ പരിപാലനം

7. സാമൂഹ്യ സംഘാടനം

8. പരിശീലന ബോധവൽക്കരണ പരിപാടികൾ

9. ജീവനോപാധികൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ

10. പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള പ്രത്യേക പദ്ധതികൾ

11. കടന്നുചെല്ലാൻ കഴിയാത്ത പ്രദേശങ്ങളിലും പട്ടികജാതിസങ്കേതങ്ങളിലും നടപ്പാതകളുടെ നിർമ്മാണം.

12. ആസ്തി പരിപാലനം

13. പ്രാരംഭ പ്രവർത്തനങ്ങൾ

(സി) പശ്ചിമഘട്ട വികസന പദ്ധതിപ്രകാരം ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലായി 2002-03 മുതൽ 2010-11 വരെ 330 നീർത്തട പദ്ധതികൾക്ക് തുക അനുവദിക്കുകയുണ്ടായി. ഇതിൽ 29 നീർത്തട പദ്ധതികളുടെ പ്രവർത്തനം പൂർത്തീകരിച്ചു. ഇതിനായി 4995.51 ലക്ഷം(നാലായിരത്തി തൊള്ളായിരിത്തിതൊണ്ണൂറ്റഞ്ച് ലക്ഷത്തി അമ്പത്തി ഒന്നായിരം) രൂപ ചെലവഴിക്കുകയുണ്ടായി.

(ഡി) നാളിതുവരെ അനുവദിച്ച 330 നീർത്തട പദ്ധതികളിൽ പൂർത്തീകരിച്ച 29 പദ്ധതികൾ ഒഴികെയുള്ള 301 നീർത്തട പദ്ധതികളുടെ തുടർ പ്രവർത്തനങ്ങളാണ് നടപ്പു വർഷത്തിൽ നടക്കുന്നത്. മേൽ പ്രസ്താവിച്ച 301 നീർത്തടപദ്ധതികളും പൂർത്തീകരിക്കുവാനുള്ളവയാണ്.

(ഇ) ഏത് ഗ്രാമ പഞ്ചായത്ത് പ്രദേശത്താണോ പശ്ചിമഘട്ട വികസന പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളത് പ്രസ്തുത ഗ്രാമപഞ്ചായത്ത് നിർവ്വഹണ ഏജൻസിയും കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനുമാണ്. എന്നാൽ അതത് ജില്ലകളിലെ ജില്ലാതല ഏകോപന സമിതി അംഗീകരിച്ചിട്ടുള്ള സർക്കാരിതര സംഘടകളെ (എൻ.ജി.ഒ) ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം നിർവ്വഹണ ചുമതല ഏൽപ്പിക്കാവുന്നതാണ്. ഇതിനുപുറമേ നീർത്തട കമ്മിറ്റിയും ഗുണഭോക്തൃ സമിതിയും പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. ഈ പ്രവർത്തനങ്ങളുടെ ഏകോപനം ഗ്രാമപഞ്ചായത്തു തലത്തിൽ നീർത്തട ഗ്രാമസഭകളും ജില്ലാതലത്തിൽ ജില്ലാകളക്ടർ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറുമായിട്ടുള്ള ജില്ലാതല ഏകോപന സമിതിയും സംസ്ഥാനതലത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ കീഴിലുള്ള പശ്ചിമഘട്ട സെല്ലും നിർവ്വഹിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## കലാമണ്ഡലം

25 (*745) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ലാസ്സിക്ക് കലാരൂപങ്ങൾക്ക് അന്താരാഷ്ട്ര പ്രശസ്തിയും അംഗീകാരവും നേടിയെടുക്കുന്നതിന് കലാമണ്ഡലം എന്തെല്ലാം പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത് ;

(ബി) ഇതിനായി വിദേശ രാജ്യങ്ങളുമായുള്ള സാംസ്ക്കാരിക വിനിമയത്തിന്റെ കേന്ദ്രമാക്കി കലാമണ്ഡലത്തെ മാറ്റുമോ ;

(സി) അക്കാഡമിക് രംഗം പരിഷ്കരിക്കുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(ഡി) ഇത് നടപ്പാക്കുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്)

(എ) ഏഷ്യയും യൂറോപ്പും അമേരിക്കയും കാനഡയും ആസ്ട്രേലിയയിലുമടക്കമുള്ള വിദേശരാജ്യങ്ങളുമായി സാംസ്കാരിക വിനിമയ പരിപാടികൾക്ക് പ്രാരംഭ നടപടികൾ കലാമണ്ഡലം ആരംഭിച്ചിട്ടുണ്ട്. ഇൻഡ്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കലാമണ്ഡലം നടത്തിവരുന്ന കഥകളി, കൂടിയാട്ടം എന്നീ പരിപാടികൾ കൂടാതെ കലാമണ്ഡലത്തിൽനിന്ന് ചെറിയ കലാസംഘങ്ങളെ വിവിധ രാജ്യങ്ങളിൽ അയയ്ക്കുന്നതിനുള്ള പരിശ്രമവും തുടങ്ങിയിട്ടുണ്ട്. ചെക്ക് റിപ്പബ്ലിക്കിന്റെ ഇന്ത്യൻ അംബാസിഡറും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ രാജ്യവുമായി സാംസ്കാരിക വിനിമയ പരിപാടി വരുംവർഷങ്ങളിൽ നടത്തുന്നതിന് ധാരണയായിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളുമായുള്ള സാംസ്കാരിക വിനിമയത്തിന്റെ കേന്ദ്രമാക്കി കലാമണ്ഡലത്തെ മാറ്റാനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിച്ചുകഴിഞ്ഞു.

(സി) കലാമണ്ഡലത്തിൽ പഠന വിഷയമായിട്ടുള്ള പതിനാലോളം കലാരൂപങ്ങളുടെ താത്വികവും പ്രായോഗികവുമായ പഠനം വിപുലീകരിക്കുന്നതിനും അവയുടെ ചരിത്രപരവും സൗന്ദര്യാത്മകവുമായ ധാതുബലം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കലാമണ്ഡലത്തിന്റെ രണ്ടു ക്യാമ്പസുകളിലും വിദ്യാർത്ഥികൾക്കും

LIBRARY ARCHIVES Kerala Legislative Assembly

അദ്ധ്യാപകർക്കും ഒരുപോലെ പ്രയോജനപ്പെടുംവിധം ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും വേണ്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വള്ളത്തോൾ നഗർ ക്യാമ്പസിൽ 10 കലാപഠന കളരികളുടെ നിർമ്മാണം ഉടൻ തുടങ്ങുന്നു. ചെറുതുരുത്തിയിലുള്ള നിളാ ക്യാമ്പസിൽ കേരള ടൂറിസവുമായി സഹകരിച്ച് 8 കളരികളുടെ പണി പൂർത്തിയായി പഠനം ആരംഭിച്ചു. അവിടെത്തന്നെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ പണി മിക്കവാറും തീർന്നുകഴിഞ്ഞു. സംസ്ഥാന സർക്കാർ 6 കോടി രൂപ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. കലാമണ്ഡലം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ബൃഹത്തായ പദ്ധതികൾക്ക് ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് രൂപരേഖ സമർപ്പിച്ചിട്ടുണ്ട്.

**സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സഹായം**

**26 (*746)** ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരുമായി സഹകരിച്ച് പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(ബി) ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും സഹകരണ സ്ഥാപനങ്ങളും സംയുക്തമായി എല്ലാ ഗ്രാമപ്രദേശങ്ങളുടെയും സ്വയം പര്യാപ്തതയ്ക്കായി പ്രവർത്തന സംവിധാനം ഏർപ്പെടുത്തുമോ ;

(സി) സഹകരണ പ്രസ്ഥാനങ്ങളിലെ സമ്പത്ത് കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് മാർഗ്ഗനിർദ്ദേശവും മേൽനോട്ടനിർവ്വഹണവും ശക്തിപ്പെടുത്തുമോ ?

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരുമായി സഹകരിച്ച് പരമാവധി ഫണ്ട് ലഭ്യമാക്കി പദ്ധതികൾ നടപ്പാക്കുക എന്നതാണ് സർക്കാർ നയം. ഇതിനായി കേന്ദ്ര സർക്കാർ, കേന്ദ്ര സർക്കാർ ഏജൻസികളായ എൻ.സി.ഡി.സി., നബാർഡ് എന്നിവയുടെ വിവിധ പദ്ധതികൾക്കുള്ള ഫണ്ട് പരമാവധി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പഞ്ചായത്ത് തലത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, സഹകരണ സ്ഥാപനങ്ങളുടെയും പ്രതിനിധികളെ ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വായ്പാ വിതരണം വർദ്ധിപ്പിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനും ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതുൾപ്പെടെ ഗ്രാമത്തിന്റെ എല്ലാ ആവശ്യങ്ങളും നിറവേറ്റുന്ന തരത്തിൽ സഹകരണ ബാങ്കുകളെ പ്രാപ്തമാക്കുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെകൂടി സഹകരണത്തോടെ ടി കമ്മിറ്റികൾ ഫലപ്രദമായും കാര്യക്ഷമമായും പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സഹകരണ സ്ഥാപനങ്ങളിലെ സമ്പത്ത് വ്യവസ്ഥാപിതവും നിയമാനുസൃതവുമായ രീതിയിൽ മാത്രമേ വിനിയോഗിക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും മേൽനോട്ട നിയന്ത്രണവും നിർവ്വഹണവും ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വിവിധ തൊഴിൽ മേഖലകളിലെ കുറഞ്ഞ കൂലിനിരക്ക്**

27 (*747) ശ്രീമതി കെ. കെ. ലതിക :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ് രാജേന്ദ്രൻ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് നിശ്ചയിക്കപ്പെട്ട കുറഞ്ഞ കൂലിനിരക്കുകൾ ഉറപ്പുവരുത്താൻ സാധ്യമായിട്ടുണ്ടോ ;

(ബി) ഏതെല്ലാം മേഖലയിലെ തൊഴിലാളികൾക്കാണ് കുറഞ്ഞ കൂലി നിശ്ചയിക്കപ്പെട്ടിട്ടുള്ളത് ; ഇതിൽ ഇപ്പോഴും നടപ്പിലാക്കാൻ സാധ്യമായിട്ടില്ലാത്ത മേഖലകൾ ഏതെല്ലാമാണ്;

(സി) കുറഞ്ഞ കൂലി നിശ്ചയിക്കാൻ പുതുതായി പരിഗണനയിലിരിക്കുന്ന മേഖലകൾ ഏതൊക്കെയാണ് ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

(ബി) അനുബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 72 തൊഴിൽ മേഖലകളിലാണ് കുറഞ്ഞ കൂലി നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. സ്റ്റാർ ഹോട്ടൽ, മദ്യ ഉല്പാദന വ്യവസായം, (മദ്യ ഉല്പാദനവും, സ്പിരിറ്റ് വാറ്റലും ശുദ്ധീകരിക്കലും ഉൾപ്പെടെ) എന്നീ മേഖലകളിലാണ് ഇപ്പോഴും കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിന് സാധിച്ചിട്ടില്ലാത്തത്. †

(സി) പുതുതായി തൊഴിൽ മേഖലകൾ പരിഗണനയിലില്ല.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഫണ്ട് വിനിയോഗം

28 (*748) ശ്രീ. തോമസ് ചാണ്ടി :
ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഇൻഷ്വറൻസ് കമ്പനികൾ യഥാസമയം ഫണ്ട് നൽകാത്തതിനാൽ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഫണ്ട് വിനിയോഗം സംസ്ഥാനത്ത് നിലച്ചിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ പദ്ധതിയുടെ ഫണ്ട് വിനിയോഗം പുനഃസ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് പദ്ധതിയുടെ ഫണ്ട് വിനിയോഗം നടത്തുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ ;

(സി) നിർദ്ധനരോഗികൾക്ക് ഏറെ ആശ്വാസം നൽകുന്ന പ്രസ്തുത പദ്ധതി പ്രഖ്യാപിച്ചുകൊണ്ട് പൂർവ്വാധികം ഭംഗിയായി നടപ്പിലാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഇല്ല

(ബി) സംസ്ഥാന സർക്കാർ, സർക്കാർ-ചിയാക്-യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി-തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റേഴ്സ് (TPAs) ആശുപത്രികൾ എന്നീ ശ്രേണിയിലൂടെയാണ് ഫണ്ട് വിനിയോഗം നടത്തുന്നത്.

(സി) ആർ.എസ്.ബി.വൈ./ചിസ് പദ്ധതി പൂർവ്വാധികം ഭംഗിയായി നടന്നുവരുന്നുണ്ട്.

## ബാലവേല തടയുന്നതിന് ബോധവൽക്കരണ പരിപാടികൾ

29 (*749) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലവേല തടയുന്നതിന് എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് നടപ്പാക്കിവരുന്നത് ;

(ബി) ഇതിനായി ജില്ലകൾതോറും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുമോ ;

(സി) ബാലവേല ഇല്ലാതാക്കുന്നത് സംബന്ധിച്ച സന്ദേശങ്ങൾ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ബാലവേല തടയുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ/ സെമിനാറുകൾ തുടങ്ങിയവ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നുണ്ട്.

(ബി) സംഘടിപ്പിച്ചുവരുന്നുണ്ട്.

(സി) 'ബാലവേല വിമുക്ത കേരളം' എന്ന സന്ദേശം ജനങ്ങളിലെത്തിക്കാൻ എല്ലാ ജില്ലകളിലും അതിനുള്ള പ്രവർത്തനം ഊർജ്ജിതമായി നടന്നുവരുന്നു.

## ഇ.എസ്.ഐ. പദ്ധതികൾക്കായി ആക്ടീവ് വോയ്സ് റെസ്പോൺസ് സിസ്റ്റം

30(*750) ശ്രീ. കെ. ശിവദാസൻനായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതികളെക്കുറിച്ച് ജനങ്ങൾക്കിടയിലെ അഭിപ്രായങ്ങൾ ആരായാനും പരാതികൾ പരിഹരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) ഇതിനായി ആക്ടീവ് വോയ്സ് റെസ്പോൺസ് സിസ്റ്റം ആരംഭിക്കുമോ ;

(സി) എവിടെയെല്ലാമാണ് ഇത് പ്രാവർത്തികമാക്കാനുദ്ദേശിക്കുന്നത് ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഇൻഷ്വർ ചെയ്ത തൊഴിലാളികളുടെ അഭിപ്രായങ്ങൾ ആരായുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷന്റെ എല്ലാ ബ്രാഞ്ച്, റീജിയണൽ, സബ് റീജിയണൽ, ഡിവിഷണൽ ഓഫീസുകളിലും സംവിധാനമുണ്ട്. പരാതികൾ സ്വീകരിക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥരും നിലവിലുണ്ട്.

(ബി) ഇ.എസ്.ഐ. കോർപ്പറേഷനുമായി ബന്ധപ്പെട്ട് എസ്.എം.എസ്. അധിഷ്ഠിത ഐ.വി.ആർ.എസ്. ഹെൽപ്പ്ലൈൻ സേവനം ലഭ്യമാണ്. ഇതിനായി 9870801717 എന്ന നമ്പരിലേക്ക് ഇ.എസ്.ഐ.സി. എന്ന് എസ്.എം.എസ്. അയയ്ക്കാവുന്നതാണ്.

(സി) ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിൽ സംസ്ഥാനമൊട്ടാകെ ഈ സേവനം ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

## (ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### നെൽകർഷകർക്ക് സഹായങ്ങൾ

1 (7099) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളവെടുപ്പ് സുഗമമാക്കുന്നതിന് നെൽകർഷകർക്ക് സഹകരണ ബാങ്കുകൾ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ബി) കൂടുതൽ കൊയ്ത്ത് യന്ത്രങ്ങൾ വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) വിളവെടുപ്പ് സുഗമമാക്കുന്നതിനായി കർഷക തൊഴിലാളികളുടെ ലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ സഹകരണ സംഘങ്ങൾ അതാത് പ്രദേശത്തിന് അനുയോജ്യമായ കൊയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങി ന്യായമായ വാടകയ്ക്ക്, കർഷകർ/പാടശേഖര സമിതികൾ/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/നെല്ലുല്പാദക സഹകരണസംഘങ്ങൾ/കുടുംബശ്രീകൾ എന്നിവയ്ക്ക് വാടകയ്ക്ക് നൽകുന്നു. ആവശ്യമായ സ്ഥലങ്ങളിൽ കോയ്ത്ത് മെതിയന്ത്രങ്ങൾ വാങ്ങി ന്യായമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നാളിതുവരെ 13 കൊയ്ത്ത് മെതിയന്ത്രങ്ങൾ സഹകരണ സംഘങ്ങൾ മുഖേന വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കൊയ്ത്ത് മെതിയന്ത്രങ്ങൾ സംഘങ്ങൾ മുഖേന വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകൾ/ഫാർമേഴ്സ് സഹകരണസംഘങ്ങൾ എന്നിവ വാങ്ങുന്ന കൊയ്ത്ത് മെതിയന്ത്രത്തിന്റെ വിലയുടെ 20% പരമാവധി 4 ലക്ഷം രൂപ സംഘങ്ങൾക്ക് പ്രോത്സാഹനമായി നൽകുന്നുണ്ട്.

### നെൽകൃഷിക്ക് വേണ്ടി പലിശരഹിത വായ്പ

2 (7100) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിക്കുവേണ്ടി പലിശരഹിത വായ്പകൾ വിതരണം ചെയ്യുന്നതിന് സഹകരണ ബാങ്കുകൾ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന് പുതിയ കർഷക സേവനകേന്ദ്രങ്ങൾ തുറക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകൾ/ സർവീസ് സഹകരണ സംഘങ്ങൾ/പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവവഴി നെൽകൃഷിക്ക് പരിധിയില്ലാത്ത തുക സുഗമമായി പലിശ രഹിത വായ്പയായി നൽകിവരുന്നു. നെൽകൃഷിക്കായി നടപ്പിലാക്കിവരുന്ന പലിശരഹിത വായ്പാപദ്ധതി, 2-11-2010-ലെ സ.ഉ(പി) നം. 173/2010/സഹ: നമ്പർ ഉത്തരവുപ്രകാരം, പാടശേഖര സമിതികൾക്കുംകൂടി ബാധക മാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) ബാധകമല്ല.

**കേപ്പിന്റെ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

3 (7101) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ സ്ഥാപനങ്ങളിൽ ടെണ്ടർ വിളിക്കാതെ പത്തുലക്ഷത്തിൽ കൂടുതൽ തുക അടങ്കൽവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്ഥാപനങ്ങളേയോ വ്യക്തികളെയോ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(ഡി) അതിനായി അഡ്വാൻസ് നൽകിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പ്രവർത്തനങ്ങൾ ഏറ്റെടുത്ത വ്യക്തികളുടെയോ സ്ഥാപ നങ്ങളുടെയോ മുൻപരിചയം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) 1. വടകര ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖാന്തിരം പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിൽ നടത്തിയ 3,15,31,791 രൂപയുടെ അടങ്കൽ തുകയുള്ള ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികളും 1,09,77,978 രൂപ അടങ്കൽ തുകയുള്ള രണ്ടാം ഘട്ട പുനരുദ്ധാരണ/നിർമ്മാണ പ്രവൃത്തികളും;

2. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ മുഖാന്തിരം കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിന്റേയും

LIBRARY ARCHIVES Kerala Legislative Assembly

ഹോസ്റ്റലിന്റേയും നഴ്സിംഗ് കോളേജിന്റേയും ഹോസ്റ്റലിന്റേയും നഴ്സിംഗ് സ്ക്കൂളിന്റെയും 9,05,00,000 രൂപ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവൃത്തികൾ;

3. പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് പി.ടി.എ. മുഖാന്തിരം നടത്തിയ പുന്നപ്ര സഹകരണ ആശുപത്രിക്കും, പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിന് വേണ്ടിയുള്ള 90,10,000 രൂപ അടങ്കൽ തുക വരുന്ന ഓടയുടേയും റോഡിന്റേയും നിർമ്മാണ പ്രവൃത്തികൾ;

4. പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് പി.ടി.എ. മുഖാന്തിരം നടത്തിയ പ്രസ്തുത കോളേജിന്റെ 43.15 ലക്ഷം രൂപ അടങ്കൽതുകയുള്ള നിർമ്മാണ പ്രവൃത്തികളും 10.99 ലക്ഷം രൂപ അടങ്കൽതുകയുള്ള ടോയ്ലെറ്റ് ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികളും.

(സി) 10-12-2007 -ലെ സ.ഉ.(സാധാ) നം. 789/2007 സഹ: നമ്പർ ഉത്തരവുപ്രകാരം പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിലെ നിർമ്മാണ പ്രവൃത്തികൾ വടകര ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും 29-12-2009-ൽ കൂടിയ കേപ്പ് എക്സ്ക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനപ്രകാരം കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിൽ നടത്തിയ നഴ്സിംഗ് കോളേജിന്റെയും ഹോസ്റ്റലിന്റെയും നഴ്സിംഗ് സ്കൂളിന്റെയും നിർമ്മാണ പ്രവൃത്തികൾ കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. 16-4-2010-ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 104-ാമത് യോഗ തീരുമാനപ്രകാരം പുന്നപ്ര സഹകരണ ആശുപത്രിക്കും പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിന് വേണ്ടിയുള്ള നിർമ്മാണ പ്രവൃത്തികൾ പുന്നപ്ര കോളേജ് എഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് പി.ടി.എ.-യെ ചുമതലപ്പെടുത്തിയിരുന്നു.

(ഡി) നൽകിയിട്ടുണ്ട്. ഒന്നാം ഗഡുവായി 28,84,800 രൂപയും രണ്ടാം ഗഡുവായി 5-2-2011-ൽ 50 ലക്ഷം രൂപയും അഡ്വാൻസായി നൽകിയിട്ടുണ്ട്.

(ഇ) വടകര ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കും കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനും മുൻപരിചയം ഉണ്ട്. എന്നാൽ പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിലെ നിർമ്മാണ പ്രവർത്തനം പി.ടി.എ. നേരിട്ട് നടത്തിയിട്ടുള്ളതാണ്.

## കേപ്പിന്റെ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

4 (7102) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേപ്പിന്റെ ഏതെങ്കിലും നിർമ്മാണ പ്രവർത്തനങ്ങളിൽ എഗ്രിമെന്റ് വച്ചതിനുശേഷം നിരക്കുകൾ കൂട്ടി നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് നിരക്കുകൾ കൂട്ടി നൽകിയത് ;

(സി) ഏത് കോൺട്രാക്ടർക്കാണ് നിരക്ക് കൂട്ടി നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത നിരക്ക് വർദ്ധനയ്ക്ക് കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും ഗവൺമെന്റിന്റെയും അംഗീകാരം വാങ്ങിയിട്ടുണ്ടോ ;

(ഇ) വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, പുന്നപ്രയിലെ ഒന്നാംഘട്ട നിർമ്മാണം.

(2) കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, പുന്നപ്രയിലെ രണ്ടാംഘട്ട പുനരുദ്ധാരണ പണികൾ

(സി) ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി- വടകര

(ഡി) കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. എന്നാൽ ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിയിട്ടില്ല.

(ഇ) പുന്നപ്ര കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റിൽ 8-9-2008-ന് ശേഷം നടത്തിയ 1,00,39,132 രൂപയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് 25% വർദ്ധനവ് നൽകുന്നതിന് 22-4-2009-ൽ കൂടിയ കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 77-ാമത്തെ യോഗത്തിൽ തീരുമാനിച്ചു. പ്രസ്തുത എഞ്ചിനീയറിംഗ് കോളേജിന്റെ രണ്ടാംഘട്ട പുനരുദ്ധാരണ നിർമ്മാണ പ്രവർത്തനങ്ങളുടെ ആകെ തുകയായ 59,33,408 രൂപയ്ക്ക് 15% വർദ്ധനവ് നൽകുന്നതിന് കേപ്പ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 20-4-2011-ൽ കൂടിയ 94-ാമത് യോഗത്തിൽ തീരുമാനിച്ചു. മേൽപ്രകാരം ആകെ 33,99,794 രൂപ നിരക്കുകൾ കൂട്ടിയ ഇനത്തിൽ അധികമായി നൽകിയിട്ടുണ്ട്.

### കേപ്പിന്റെ സ്ഥാപനങ്ങളിലെ ചട്ട വിരുദ്ധ നിയമനം

5 (7103) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നശേഷം കേപ്പിന്റെ ഏതെല്ലാം സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിൽ നിയമനങ്ങൾ നടത്തിയിട്ടുണ്ട് ;

(ബി) അപ്രകാരം നിയമനം നൽകപ്പെട്ടവരുടെ പേരും മേൽവിലാസവും വെളിപ്പെടുത്തുമോ ; നേരിട്ടുള്ള നിയമനത്തിന് നോട്ടിഫിക്കേഷനിൽ പറഞ്ഞ യോഗ്യതയുള്ളവരെ തന്നെയാണോ നിയമിച്ചിട്ടുള്ളത് ;

(സി) എങ്കിൽ ഓഫീസർ തസ്തികകൾ അടക്കം നിയമനം ലഭിച്ചവരിൽ ആരെങ്കിലും ജോലി ചെയ്യാതെ ശമ്പളം പറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പെരുമാറ്റച്ചട്ടം നിലവിൽ വന്നശേഷം കേപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നടത്തിയ നിയമനങ്ങളുടെ പട്ടിക അനുബന്ധം' ആയി ചെർത്തിരിക്കുന്നു. ചില നിയമനങ്ങൾക്ക് നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന യോഗ്യതയിൽ നിന്നും വ്യത്യാസം വരുത്തിയാണ് നിയമിച്ചിട്ടുള്ളത്. *

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) ബാധകമല്ല.

ഹൗസിംഗ് സഹകരണ സംഘങ്ങൾ

6 (7104) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിംഗ് ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഹൗസിംഗ് സഹകരണസംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത സംഘങ്ങൾ വായ്പകൾക്ക് അമിത പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പലിശനിരക്ക് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ആധാരം വച്ചുള്ള വായപ്കളിൽ വായ്പാതുക അടച്ചു തീർന്നിട്ടും ആധാരങ്ങൾ മടക്കികിട്ടാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ ;

(ഡി) ആശ്വാസ് പദ്ധതിയുടെ ആനുകൂല്യം ഹൗസിംഗ് സഹകരണ സംഘങ്ങൾ വായ്പക്കാർക്ക് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന ഇളവുകൾ നൽകുവാൻ ഹൗസിംഗ് ഫെഡറേഷനും ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അമിത പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്. പ്രാഥമിക ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് വായ്പ നൽകുന്നത് കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനാണ്. പ്രാഥമിക സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുക്കുന്നവരുടെ പണയാധാരം കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷനിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക സംഘങ്ങൾക്ക് നൽകുന്ന വായ്പകൾക്ക് ഈടായി സൂക്ഷിക്കുകയും വായ്പ നൽകുന്നത് സംബന്ധിച്ച കരാറിൽ ഇക്കാര്യം ഉൾപ്പെടുത്തുകയും ചെയ്യാറുണ്ട്. സംഘത്തിൽ അടയ്ക്കുന്ന വായ്പാ തവണകൾ സംഘത്തിന്റെ ദൈനംദിന ചെലവുകൾ കഴിച്ച് ബാക്കി തുക ഫെഡറേഷനിൽ അടയ്ക്കുകയും ടി തുക സംഘത്തിന്റെ കണക്കിൽ വരവ് വയ്ക്കുകയും ചെയ്യുന്നു. തന്മൂലം ഓരോ വ്യക്തിയുടെയും വായ്പാ കണക്കിൽ പ്രത്യേകം പ്രത്യേകം വരവ് വയ്ക്കാതെ വരികയും വായ്പക്കാർ പ്രാഥമിക സംഘത്തിൽ വായ്പ തുക അടച്ച് തീർന്നാലും സംഘത്തിന് ഫെഡറേഷനിലുള്ള അക്കൗണ്ടിലാണ് വായ്പ തിരിച്ചടവ് വരവ് വയ്ക്കുന്നത് എന്നതിനാൽ പ്രസ്തുത വായ്പക്കാരന്റെ വ്യക്തിഗത വായ്പാ കണക്ക് ക്ലോസ് ചെയ്യുന്നില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പദ്ധതി നടപ്പിൽ വരുത്തുന്നതിന് സഹകരണസംഘം രജിസ്ട്രാർ 23-6-11-ൽ 41/11 നം. സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

### സ്വയം സഹായ സംഘങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് വായ്പ

7 (7105) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വയം സഹായ സംഘങ്ങൾക്ക് എത്ര ശതമാനം പലിശയ്ക്കാണ് സഹകരണ ബാങ്കുകൾ വായ്പ നൽകുന്നത് ;

(ബി) പ്രസ്തുത വായ്പയ്ക്ക് സർവ്വീസ് ചാർജ് ഈടാക്കുന്നുണ്ടോ ; എങ്കിൽ എത്ര ശതമാനം ;

(സി) പ്രസ്തുത വായ്പകളുടെ പലിശ കുറയ്ക്കുവാൻ നടപടി സ്വീകരിക്കുമോ ; വായ്പകൾക്ക് ഈടാക്കുന്ന സർവ്വീസ് ചാർജ് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 9% നിരക്കിൽ

(ബി) പ്രസ്തുത വായ്പയ്ക്ക് ചില സഹകരണ സംഘങ്ങൾ 0.1% മുതൽ 2% വരെ സർവ്വീസ് ചാർജ് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പലിശ കുറയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. സർവ്വീസ് ചാർജ്ജ് ഒഴിവാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

### വായ്പയിന്മേലുള്ള ഇളവുകൾ

8 (7106) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പയെടുത്ത സഹകാരികൾ മരണപ്പെട്ടാൽ ലോൺ തിരിച്ചടയ്ക്കുന്നതിൽ എന്തെല്ലാം ഇളവുകൾ അനുവദിക്കുന്നുണ്ട് ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി എന്തെങ്കിലും ആശ്വാസ പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം ലഭിക്കാത്തത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത ആശ്വാസ പദ്ധതി നടപ്പാക്കാത്ത സംഘങ്ങളുടെ പേരിൽ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെട്ടാൽ ടിയാളുടെ പേരിൽ മരണപ്പെടുന്ന ദിവസം ബാക്കി നിൽക്കുന്ന ഒരു ലക്ഷം രൂപവരെയുള്ള മുതലും അതിന്റെ പലിശയും ഇളവനുവദിക്കുന്നതിനുള്ള പദ്ധതിയായ 'കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008' നിലവിലുണ്ട്. 2008 ഏപ്രിൽ 1-ാം തീയതി മുതൽ പദ്ധതി പ്രാബല്യത്തിലുണ്ട്. കേരള റിസ്ക് ഫണ്ട് പദ്ധതിയുടെ ചട്ടങ്ങൾ 13-11-2008 -ലെ സ.ഉ (കൈ) നം. 249/2008/സഹ: നമ്പർ ഉത്തരവു പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്തെ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള വായ്പാ സഹകരണ സംഘങ്ങളിലെ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനും സംഘങ്ങളിലെ കുടിശ്ശിക കുറയ്ക്കുന്നതിനുമായി ' ആശ്വാസ് 2011' എന്ന പേരിൽ ഒരു കുടിശ്ശിക നിവാരണ പദ്ധതി സഹകരണ വകുപ്പ് നടപ്പിലാക്കിയിരുന്നു. 2011 ജൂലായ് 1 മുതൽ 2011 സെപ്തംബർ 15 വരെയായിരുന്നു പദ്ധതിയുടെ കാലയളവ്. പദ്ധതി കാലയളവിൽ വായ്പ കുടിശ്ശിക, തീർപ്പാക്കുന്നവർക്ക് പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവയിൽ ഇളവ് നൽകിയിരുന്നു. മരണപ്പെട്ട വായ്പക്കാർ, മാരകമായ അസുഖബാധിതർ തുടങ്ങി പരിഗണന അർഹിക്കുന്നവർക്ക് കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിന് 'ആശ്വാസ് 2011 ' പദ്ധതിയിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്.

ആശ്വാസ് പദ്ധതിപ്രകാരം 73.13 കോടി രൂപയുടെ ഇളവുകൾ പലിശ, പിഴപ്പലിശ, മറ്റ് ചെലവുകൾ എന്നിവയിലായി വായ്പക്കാർക്ക് അനുവദിച്ച് നൽകുകയും 1007.05 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) തിരുവനന്തപുരം ജില്ലയിൽ നിന്നും 12 പരാതികളും കോഴിക്കോട് ജില്ലയിൽ നിന്നും ഒരു പരാതിയും കൊല്ലം ജില്ലയിൽ നിന്നും 6 പരാതികളും ലഭിച്ചിരുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് സർവ്വീസ് സഹകരണ ബാങ്ക്, മലപ്പുറം ജില്ലയിലെ അബ്ദുറഹിമാൻ നഗർ സർവ്വീസ് സഹകരണ ബാങ്ക് എന്നീ സംഘങ്ങൾ 'ആശ്വാസ് പദ്ധതി' നടപ്പാക്കുന്നതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ പെറ്റീഷൻ ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി ടി രണ്ട് സംഘങ്ങളിൽ 'ആശ്വാസ് പദ്ധതി' സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കുലറുകൾ ബാധകമാക്കേണ്ടതില്ലെന്ന് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

## സഹകരണ പരീക്ഷാ ബോർഡ് ചെയർമാൻ നിയമനം

9 (7107) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പരീക്ഷാ ബോർഡ് ചെയർമാനായി നിയമനം ലഭിക്കുന്നതിന് കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ചെയർമാനായി നിയമിതനായ വ്യക്തിയുടെ പേര്, മേൽവിലാസം എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തിക്ക് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള യോഗ്യത ഉണ്ടോ ;

(ഡി) പ്രസ്തുത തസ്തികയ്ക്കുള്ള യോഗ്യതയിൽ ഇളവ് വരുത്തി ഈ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത ഇളവ് വരുത്തുന്നതിന് സർക്കാരിനെപ്രേരിപ്പിച്ച ഘടകങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) 1969 ലെ കേരള സഹകരണ സംഘം ചട്ടങ്ങളിലെ 182 ബി ഉപചട്ടം (1)-ലെ പരിമിതി വ്യവസ്ഥയാണ് പരീക്ഷാ ബോർഡ് ചെയർമാനായി നിയമിക്കപ്പെടുന്നതിന് കഴിഞ്ഞ സർക്കാർ ഏർപ്പെടുത്തിയ മാനദണ്ഡം.

(ബി) ശ്രീ. കുഞ്ഞ് ഇല്ലമ്പള്ളി, ഇല്ലമ്പള്ളി ഹൗസ്, കിളിരൂർ നോർത്ത് പി.ഒ., കോട്ടയം-686 020.

(സി&ഡി) ഉണ്ട്.

(ഇ) സഹകരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം

LIBRARY ARCHIVES Kerala Legislative Assembly

## സെൽഫ് ഫിനാൻസിംഗ് പെൻഷൻ സ്കീം

10 (7108) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘം ജീവനക്കാരുടെ സെൽഫ് ഫിനാൻസിംഗ് പെൻഷൻ സ്കീം പ്രവർത്തനം സംബന്ധിച്ച വാർഷിക റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റിപ്പോർട്ട് പെൻഷൻ ബോർഡ് അംഗീകരിച്ചിട്ടുള്ളതാണോ ;

(സി) പ്രസ്തുത സ്കീമിൽ നിന്ന് എത്ര പേർക്ക് പെൻഷനും കുടുംബ പെൻഷനും നൽകിവരുന്നുണ്ട് ; പെൻഷൻ സ്കീം വിഭാവനം ചെയ്തതിനനുസൃതമായി തുടർന്നു പോകുന്നതിന് എന്തെങ്കിലും പ്രയാസം നേരിടുന്നുണ്ടോ;

(ഡി) പ്രസ്തുത സ്കീം പ്രകാരം എന്തു തുക നിക്ഷേപമുണ്ട് എന്നും അത് എവിടെയാണെന്നും വ്യക്തമാക്കാമോ ;

(ഇ) പെൻഷൻ ഫണ്ടിലേക്കുള്ള എത്ര തുക കുടിശ്ശികയായിട്ടുണ്ട് ?

ഉത്തരം

(എ&ബി) 2010-11 വർഷത്തെ വാർഷിക റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) സഹകരണ ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ സ്കീം പ്രകാരം നാളിതുവരെ 8615 പേർക്ക് പെൻഷനും 895 പേർക്ക് കുടുംബ പെൻഷനും അനുവദിച്ചിട്ടുണ്ട്. പെൻഷൻ സ്കീം വിഭാവനം ചെയ്തതിനനുസൃതമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ജീവനക്കാരന്റെ പേരിൽ അടവാകുന്ന പെൻഷൻ ഫണ്ട് പര്യാപ്തമല്ല.

(ഡി) സ്വാശ്രയ പെൻഷൻ സ്കീം പ്രകാരം 50815.18 ലക്ഷം രൂപയുടെ നിക്ഷേപമുണ്ട്. പ്രസ്തുത നിക്ഷേപം സംസ്ഥാനത്തെ 14 ജില്ലാ ബാങ്കുകളിലും സംസ്ഥാന സഹകരണ ബാങ്കിലും നിക്ഷേപമായും പരിയാരത്തെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവ്വീസസ് ക്ലിപ്തം നം. 4386-ൽ 100 ലക്ഷം രൂപ ഓഹരിയായും 110 ലക്ഷം രൂപ സ്ഥിര നിക്ഷേപമായും നിക്ഷേപിച്ചിട്ടുണ്ട്.

(ഇ) പെൻഷൻ ഫണ്ടിലേക്ക് നാളിതുവരെ 3,46,18,156 രൂപ കുടിശ്ശികയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഉപഭോക്തൃ മേഖലയ്ക്ക് പ്രത്യേക പരിഗണന

11 (7109) ശ്രീ. വി .റ്റി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നതിന് സഹകരണ വകുപ്പ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി കൂടുതൽ സ്ഥലങ്ങളിൽ നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും തുറക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷന്റെ 'ത്രിവേണി' വ്യാപാര ശൃംഖല വിപുലീകരിച്ച് അവയിലൂടെ ഗുണനിലവാര മുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും പൊതു വിപണിയേക്കാൾ വിലക്കുറവിൽ ലഭ്യമാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയ്ക്ക് പ്രത്യേക ഊന്നൽ നൽകിയാണ് ഈ വിപുലീകരണ പ്രവർത്തനം നടത്തിയത്. സംസ്ഥാനത്തെ എല്ലാ നിയോജക മണ്ഡലങ്ങളിലും ത്രിവേണി യൂണിറ്റുകൾ തുടങ്ങുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. എല്ലാ ഉൽസവകാലങ്ങളിലും വിലക്കയറ്റവും ഭക്ഷ്യദൗർലഭ്യവും നേരിട്ട സന്ദർഭങ്ങളിലും സഹകരണസംഘങ്ങളുടെ കൂട്ടായ്മ യിലൂടെ ഈ പ്രശ്നത്തെ നേരിട്ട്, വിലക്കയറ്റം ഒരു പരിധിവരെ നിയന്ത്രിച്ചു. ഉൽസവ കാലങ്ങളിൽ പ്രത്യേക ബസാറുകളിലൂടെ 21 ഇനം നിത്യോപയോഗ സാധനങ്ങൾ സംബ്സിഡി നിരക്കിൽ വിൽപ്പന നടത്തിവരുന്നു. 10 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% വിലക്കുറവിൽ ലഭ്യമാക്കുന്ന 'നന്മ' പദ്ധതിക്ക് തുടക്കമിടുകയും ഇതിനോടകം 1213 വിപണന കേന്ദ്രങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) എല്ലാ പഞ്ചായത്തിലും നീതി സ്റ്റോർ/നീതിമെഡിക്കൽ സ്റ്റോർ എന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷൻ 2 പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന രീതിയിൽ നീതിമെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനമോ, സഹകരണ സ്ഥാപനങ്ങളോ സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനമോ കുറഞ്ഞത് 150 മുതൽ 200 വരെ ചതുരശ്ര അടി വിസ്തീർണ്ണ മുള്ള അനുയോജ്യമായ കെട്ടിടം വാടകയില്ലാതെ അനുവദിക്കാൻ തയ്യാറാകുന്ന വർക്ക് മുൻഗണന നൽകിയാണ് ഫെഡറേഷൻ ഈ പദ്ധതി നടപ്പാക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### സഹകരണം എന്ന പേര് ദുരുപയോഗം ചെയ്യുന്ന നടപടി

12 (7110) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമം അനുസരിച്ചല്ലാതെ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങളാണെന്ന് തോന്നിപ്പിക്കുന്ന വിധത്തിൽ പേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത്തരത്തിൽ പേരിടുന്നതിന് നിയമസാധുതയുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാരിന്റെ അനുമതി കൂടാതെ അത്തരത്തിൽ പേരിടുന്നതിന് നിയമ സാധുതയില്ല.

(സി) സർക്കാരിന്റെ അനുമതി ഇല്ലാതെ അത്തരത്തിൽ പേര് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### കുടിശ്ശിക പിരിവിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

13 (7111) ശ്രീ. റ്റി. എ. അഹ്മ്മദ് കബീർ :
ശ്രീ. സി. മോയീൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളിലെ കുടിശ്ശിക പിരിവിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഇതിനായി കളക്ഷൻ ഏജന്റ്സിനെ നിയോഗിക്കാറുണ്ടോ;

(സി) എങ്കിൽ അവരെ നിയോഗിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാം എന്നും അവരുടെ ജോലി സ്വഭാവവും പ്രതിഫലവും സംബന്ധിച്ച വിവരങ്ങളും വിശദമാക്കുമോ ;

(ഡി) സെക്യൂരിറ്റിയായി തുകയും തീയതിയും രേഖപ്പെടുത്താത്ത ചെക്കുകൾ വാങ്ങുന്ന രീതി, ബാങ്കുകൾ പിൻതുടരുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; അത് നിയമവിധേയമാണോ എന്ന് വ്യക്തമാക്കുമോ ;

(ഇ) കളക്ഷൻ ഏജന്റുമാരായി നിയമിക്കപ്പെടുന്നവരിൽ പലരും ഗുണ്ടാ പ്രവർത്തനം നടത്തുന്നവരാണെന്നും സഹകരണ മേഖലയിൽ നിന്നും ലോണെടുത്തവരെ കുടിശ്ശികയുടെ പേരിൽ ഇക്കൂട്ടർ ഭീഷണിപ്പെടുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിനായി സഹകരണ ബാങ്കുകൾക്ക് കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 69-ഉം അനുബന്ധ ചട്ടങ്ങളും പ്രകാരം ആർബിട്രേഷൻ എക്സിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. ആയതിലേക്കായി സഹകരണ സംഘം രജിസ്ട്രാർ ആർബിട്രേറ്റർമാരേയും എക്സിക്യൂഷൻ നടത്തുന്നതിനായി ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകൾക്ക് സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ആന്റ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് (SARFAISI ആക്ട്) പ്രകാരം അതാതു ബാങ്കുകളിലെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്ക് ജപ്തി/റിക്കവറി നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) 1969-ലെ കേരള സഹകരണസംഘം നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കളക്ഷൻ ഏജന്റുമാരെ കുടിശ്ശിക പിരിവിന് നിയോഗിക്കാറില്ല.

(സി) ബാധകമല്ല

(ഡി) ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചില ജില്ലാ സഹകരണ ബാങ്കുകൾ ഇടപാടുകാരിൽനിന്നും തുകയും തീയതിയും എഴുതാത്ത ചെക്കുകൾ വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം ഇപ്രകാരം തുകയും തീയതിയും എഴുതാതെ ബാങ്കുകൾ വാങ്ങുന്ന ചെക്കുകൾ, വായ്പാക്കാരൻ തുക അടയ്ക്കാതെ വരുമ്പോൾ ചെക്ക് മാറാനായി Payee ബാങ്കിൽ നൽകുകയും Payee ബാങ്ക് ചെക്കിൽ തുക ഇല്ലാതെ മടക്കുമ്പോൾ (dishonour) വായ്പ നൽകിയ ബാങ്കുകൾ നെഗോഷിബിൾ ഇൻസ്ട്രുമെന്റ് ആക്ട് പ്രകാരം വായ്പക്കാരനെതിരെ സിവിലായും ക്രിമിനലായും നടപടികൾ സ്വീകരിക്കാൻ മജിസ്ട്രേറ്റ്/മുൻസിഫ് കോടതികളിൽ കേസ് ഫയൽ ചെയ്യുകയും ടി കേസുകൾ മജിസ്ട്രേറ്റ്/മുൻസിഫ് കോടതികൾ തീർപ്പാക്കുന്നുമുണ്ട്. ചില ബാങ്കുകൾ നൽകിവരുന്ന വായ്പയ്ക്ക് അതേ ബാങ്കിലെ തന്നെ ബ്ലാങ്ക് ചെക്കുകൾ ഈടായി വാങ്ങുന്ന നടപടി നിയമവിധേയമല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ആഡിറ്റ് മാന്വൽ പരിഷ്കരണം

14 (7112) ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. ഹംസ:
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾക്ക് ആഡിറ്റ് കുടിശ്ശികയുണ്ടോ ; ആഡിറ്റ് സംബന്ധിച്ച സ്ഥിതി വിവരക്കണക്കുകൾ ലഭ്യമാണോ ; വിശദമാക്കുമോ ;

(ബി) എന്നാണ് മാന്വൽ തയ്യാറാക്കപ്പെട്ടിട്ടുള്ളത് ; അത് കാലോചിതമായി പരിഷ്ക്കരിക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘങ്ങൾക്ക് ആഡിറ്റ് കുടിശ്ശികയുണ്ട്.

30-9-2011-ന് 31559 ആഡിറ്റുകൾ കുടിശ്ശികയുണ്ട്. അവയുടെ തരം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

1. യൂണിറ്റ് ആഡിറ്റ് - 24704
2. അപെക്സ് സിംഗിൾ കൺകറന്റ് ആഡിറ്റ് - 33
3. കൺകറന്റ് സിംഗിൾ ആഡിറ്റ് - 399
4. കൺകറന്റ് ഗ്രൂപ്പ് ആഡിറ്റ് - 2381
5. ആപ്കോസ് ആഡിറ്റ് - 4042

(ബി) നിലവിലുള്ള മാന്വൽ 29-3-1983-ലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ ശോച്യാവസ്ഥ

15 (7113) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സഹകരണ സംഘം രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഓഫീസിൽ എത്ര ജീവനക്കാർ ജോലി ചെയ്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ജീവനക്കാരുടെ തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 146 ജീവനക്കാർ

(സി) അനുയോജ്യമായ സർക്കാർ/സ്വകാര്യ കെട്ടിടങ്ങൾ ലഭ്യമാക്കി, ഇപ്പോൾ പ്രവർത്തിക്കുന്ന ആഫീസുകൾ മാറ്റുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സീമാറ്റി -ലെ നിയമനം

16 (7114) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ 'സീമാറ്റ്' സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) സീമാറ്റിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ട് ; ഏതെല്ലാം തസ്തികകളിൽ ; വിശദവിവരം നൽകുമോ ;

(സി) സീമാറ്റിൽ ജീവനക്കാരുടെ തസ്തികകൾ സഹകരണ രജിസ്ട്രാർ നിശ്ചയിച്ച് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ നിയമനത്തിന് എന്ത് നടപടിക്രമമാണ് പാലിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ സീമാറ്റ് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്.

(ബി) 'സീമാറ്റിൽ' 19 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. തസ്തിക തിരിച്ച് വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ഡയറക്ടർ | 1 |
| 2 | അസോസിയേറ്റ് പ്രൊഫസർ | 1 |
| 3 | അസിസ്റ്റന്റ് പ്രൊഫസർ | 2 |
| 4 | ലൈബ്രേറിയൻ | 1 |
| 5 | ലാബ് അസിസ്റ്റന്റ് | 1 |
| 6 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 |
| 7 | ക്ലാർക്ക് | 3 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) |
|---|---|---|
| 8 | ഡ്രൈവർ | 1 |
| 9 | പ്യൂൺ/അറ്റൻഡർ | 2 |
| 10 | സെക്യൂരിറ്റി ഗാർഡ് | 3 |
| 11 | പാർട്ട്ടൈം സ്വീപ്പർ | 3 |
| | ആകെ | 19 |

(സി) സഹകരണ സംഘം രജിസ്ട്രാർ തസ്തികകൾ നിശ്ചയിച്ചു നൽകിയിട്ടില്ല.

(ഡി) നിയമനം നടത്തുന്നതിനുമുമ്പ് ഉദ്യോഗത്തിന്റെ പേര്, വിദ്യാഭ്യാസ യോഗ്യത, ഒഴിവുകളുടെ എണ്ണം, എന്നിവ സംബന്ധിച്ച് പത്രങ്ങളിൽ പരസ്യം നൽകി അപേക്ഷാഫീസ് സ്വീകരിച്ച് എഴുത്തുപരീക്ഷ, പ്രായോഗിക പരീക്ഷ തുടങ്ങിയവ നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നുമാണ് ജീവനക്കാരെ 'സീമാറ്റ്' നിയമിച്ചിട്ടുള്ളത്.

**എസ്.സി./എസ്.ടി. സഹകരണ സംഘങ്ങൾ**

**17 (7115)** ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് കോളേജുകൾ ഏതെല്ലാമാണ് ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഏത് രീതിയിലാണ് നടത്തുന്നത് എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ സഹകരണ മെഡിക്കൽ എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. എന്നീ ക്വാട്ടയിലുള്ളവർക്കുള്ള ഫീസ് ഘടന എപ്രകാരമാണ് ; ക്യാപ്പിറ്റേഷൻ ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇവ എത്ര വീതമാണ് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് ഫീസ് ആനുകൂല്യം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ, എഞ്ചിനീയറിംഗ്, മാനേജ്മെന്റ് കോളേജുകൾ ചുവടെ ചേർക്കുന്നു.

1. കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ്, കൊച്ചി.
2. കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വടകര, കോഴിക്കോട്

LIBRARY ARCHIVES Kerala Legislative Assembly

3. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പെരുമൺ, കൊല്ലം

4. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കിടങ്ങൂർ, കോട്ടയം

5. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ്, പുന്നപ്ര, ആലപ്പുഴ

6. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തലശ്ശേരി, കണ്ണൂർ

7. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ, കാസർഗോഡ്

8. കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പത്തനാപുരം

9. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, പുന്നപ്ര, ആലപ്പുഴ

10. കാസർഗോഡ് കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സംഘത്തിന്റെ കീഴിലുള്ള പീപ്പിൾസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്

11. എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഐ.റ്റി., കൊയിലാണ്ടി.

12. കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് ആന്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് മെഡിക്കൽ സർവീസ് ലി.നം.4386-ന്റെ കീഴിൽ അക്കാഡമി ഓഫ് മെഡിക്കൽ സയൻസ് പരിയാരം.

13. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള എം.ബി.എ. കോളേജ് (KICMA) നെയ്യാർഡാം, തിരുവനന്തപുരം

(ബി) മെഡിക്കൽ കോളേജിലേയും എഞ്ചിനീയറിംഗ് കോളേജിലേയും മാനേജ്മെന്റ് കോളേജിലേയും അദ്ധ്യാപകരുടെ നിയമനം യഥാക്രമം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടേയും ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കേപ്പ് നേരിട്ടാണ് നടത്തുന്നത്. അനദ്ധ്യാപകരുടെ നിയമനങ്ങൾ കേപ്പ് സർവീസ് റൂളിന്റെ അടിസ്ഥാനത്തിൽ നടത്തുന്നു. എം.ദാസൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ഐ.റ്റി. സംഘത്തിൽ നിയമനങ്ങൾ നടത്തുകയോ പ്രവേശനം ആരംഭിക്കുകയോ ചെയ്തിട്ടില്ല. പരിയാരം മെഡിക്കൽ കോളേജിലെ നിയമനങ്ങൾ പത്ര മാധ്യമങ്ങളിൽ പ്രസിദ്ധപ്പെടുത്തിയശേഷം അപേക്ഷ ക്ഷണിച്ച് ഇന്റർവ്യൂ ബോർഡ് രൂപീകരിച്ച് ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂ ചെയ്ത് സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് യോഗ്യതയുടെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് കാസർഗോഡ് ജില്ലയിലെ പീപ്പിൾസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നിയമനങ്ങൾ നടത്തുന്നത്. കിക്ക്മയുടെ നിയമനങ്ങൾ സംസ്ഥാന സഹകരണ യൂണിയന്റെ അംഗീകാരത്തിനും സെലക്ഷൻ റൂൾസിനും വിധേയമായിട്ടാണ് നടത്തിവരുന്നത്.

(സി) കേപ്പിന്റെ കീഴിലുള്ള കൊച്ചി സഹകരണ മെഡിക്കൽ കോളേജിലേയും എഞ്ചിനീയറിംഗ് കോളേജുകളിലേയും മെരിറ്റ്, മാനേജ്മെന്റ്, എൻ.ആർ.ഐ. എന്നീ ക്വാട്ടകളിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഫീസ് ഘടന യഥാക്രമം അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു.*

പ്രസ്തുത അനുബന്ധങ്ങളിൽ പറയുന്ന റീഫണ്ടബിൾ ഡെപ്പോസിറ്റ്, കോഷൻ ഡെപ്പോസിറ്റ് എന്നിവയ്ക്കുപുറമേ ക്യാപ്പിറ്റേഷൻ ഫീസോ, സെക്യൂരിറ്റി ഡെപ്പോസിറ്റോ ഈടാക്കുന്നില്ല. പരിയാരം മെഡിക്കൽ കോളേജിൽ കേരള സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന രീതിയിലാണ് അഡ്മിഷൻ നടത്തുന്നതും ഫീസുകൾ വാങ്ങുന്നതും. ക്യാപ്പിറ്റേഷൻ ഫീസ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ വാങ്ങുന്നില്ല. 2011-12 വർഷത്തെ എം.ബി.ബി.എസ്. കോഴ്സിന് വാങ്ങിയ ട്യൂഷൻ ഫീസുകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| 1. Merit General | ₹ 1,00,000 |
| SEBC | ₹ 44,000 |
| BPL | ₹ 23,000 |
| 2. Management | ₹ 4,50,000 |
| 3. NRI | ₹ 10,00,000 |

(ഡി) സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മെഡിക്കൽ കോളേജുകളിലെയും എഞ്ചിനീയറിംഗ് കോളേജുകളിലെയും എസ്.സി./എസ്.റ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ഫീസ് ഇളവ് കേപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലെയും എഞ്ചിനീയറിംഗ്/മാനേജ്മെന്റ് കോളേജുകളിലെയും എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. പരിയാരം മെഡിക്കൽ കോളേജിൽ ഗവൺമെന്റ് സീറ്റിൽ പ്രവേശനം ലഭിക്കുന്ന എസ്.സി/എസ്.റ്റി. വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് നൽകുന്ന എല്ലാവിധ ആനുകൂല്യവും നൽകിവരുന്നു. ടി ആനുകൂല്യം എസ്.സി/എസ്.റ്റി. വികസന വകുപ്പിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തുകകൾ ഓരോ വർഷവും നൽകിവരുന്നത്. കാസർഗോഡ് ജില്ലയിലെ പീപ്പിൾസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്വാശ്രയ എം.ബി.എ. കോളേജിൽ ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. എല്ലാ വിദ്യാർത്ഥികളിൽ നിന്നും സെമസ്റ്ററിന് 50,000 രൂപ ഫീസ് ഈടാക്കി വരുന്നു. KICMA -യിൽ എസ്.സി./എസ്.റ്റി വിഭാഗം വിദ്യാർത്ഥികൾക്ക് 45,000 രൂപ സെമസ്റ്റർ ട്യൂഷൻ ഫീസായി സർക്കാരിൽനിന്നും ആനുകൂല്യം ലഭിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**സഹകരണ മേഖലയിൽ മെഡിക്കൽ കോളേജുകൾ**

18 (7116) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ മേഖലയിൽ മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

സഹകരണ മേഖലയിൽ പാലക്കാട് ജില്ലയിൽ സഹകരണ മെഡിക്കൽ കോളേജ് തുടങ്ങുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

**സഹകരണ യൂണിയനുകളുടെ ഭൂസ്വത്ത്**

19 (7117) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയനും സർക്കിൾ സഹകരണ യൂണിയനുകൾക്കും എത്ര ഭൂസ്വത്ത് വീതമുണ്ടെന്നും അവയിൽ എത്ര കെട്ടിടങ്ങൾ ഉണ്ടെന്നും ജില്ല, താലൂക്ക്, വില്ലേജ് സഹിതമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സഹകരണ യൂണിയനുകൾ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ടെന്നും ഏതെല്ലാം കോഴ്സുകളാണ് നടത്തുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു. *

(ബി) സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു.*

**കുടുംബശ്രീ യൂണിറ്റുകൾക്ക് കാർഷിക വായ്പ**

20 (7118) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങൾ കാർഷിക മേഖലയിൽ ഏതൊക്കെ വിധത്തിലുള്ള സഹായങ്ങളാണ് നൽകുന്നത് ;

(ബി) കുടുംബശ്രീ യൂണിറ്റുകൾക്ക് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ; വിശദാംശം നൽകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) സഹകരണ സംഘങ്ങൾ കർഷകർക്ക് 7% പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വിള വായ്പകൾ വിതരണം ചെയ്യുന്നു. നെൽകർഷകർക്ക് നെൽകൃഷിക്കായി പലിശരഹിത വായ്പ നൽകുന്നു. ഏതാനും ചില സഹകരണ സംഘങ്ങൾ കാർഷികോല്പന്നങ്ങളായ നെല്ല്, കൊപ്ര എന്നിവയ്ക്ക് കർഷകർക്ക് ന്യായവില ഉറപ്പാക്കി സംഭരിക്കുകയും സംസ്കരണം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കൊയ്ത്തിന് തൊഴിലാളികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് ചില സഹകരണ സംഘങ്ങൾ കൊയ്ത്ത് മെതിയന്ത്രത്തിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ മുഖേന വായ്പ ആവശ്യമുള്ള പാടശേഖര സമിതികൾ, സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയ്ക്ക് കൃഷി ചെയ്യുന്നതിന് കാർഷിക വായ്പ ലഭ്യമാക്കുന്നു. കാർഷിക വൃത്തിക്കിടയിൽ കർഷകരുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന കാർഷികേതര ആവശ്യങ്ങൾകൂടി നേരിടുന്നതിന് കാർഷിക വായ്പയിൽ ഒരു ഭാഗം കാർഷികേതര ആവശ്യങ്ങൾക്കുകൂടി വിനിയോഗിക്കുവാൻ കഴിയുന്ന തരത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന സഹകരണ സംഘങ്ങൾ കാർഷിക വായ്പാ വിതരണം ചെയ്യുന്നുണ്ട്. സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് കാർഷിക വായ്പയ്ക്കുപുറമേ കാർഷിക അനുബന്ധ ആവശ്യങ്ങൾക്കും വായ്പ നൽകുന്നു. ഇതിനുപുറമേ ഏതാനും ചില സഹകരണ സംഘങ്ങൾ കർഷകർക്ക് വിത്ത്, വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയും വിതരണം ചെയ്യുന്നുണ്ട്.

(ബി) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് നെൽകൃഷിക്കായി പലിശരഹിത വായ്പയും മറ്റ് വിളകൾ കൃഷി ചെയ്യുന്ന സാഹചര്യത്തിൽ ഇവർക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള (7%) ഹ്രസ്വകാല കാർഷിക വിള വായ്പകളും ലഭിക്കുന്നതാണ്.

**സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും റിസ്ക് ഫണ്ട്**

21 (7119) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര സർവ്വീസ് സഹകരണ ബാങ്കുകളും സർവ്വീസ് സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) എല്ലാ സഹകരണ ബാങ്കുകളിലും സൊസൈറ്റികളിലും റിസ്ക് ഫണ്ട് നിലവിലുണ്ടോ ; ഇല്ലെങ്കിൽ റിസ്ക് ഫണ്ട് നിലവിലില്ലാത്തവ എത്ര വീതമുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) റിസ്ക് ഫണ്ട് നിലവിലില്ലാത്തവയിൽ അതേർപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 1604 സർവ്വീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ

(ബി) ഇല്ല. 295 ബാങ്കുകൾ/സൊസൈറ്റികളിൽ റിസ്ക് ഫണ്ട് നിലവിലില്ല.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**കോട്ടയം ജില്ലയിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ശാഖ**

22 (7120) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖ കോട്ടയം ജില്ലയിൽ ഇല്ലാത്തതുമൂലം പ്രസ്തുത ബാങ്കിൽനിന്ന് വിദ്യാഭ്യാസലോൺ ലഭിക്കുന്നതിന് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആലപ്പുഴ ശാഖയിൽനിന്നും വിദ്യാഭ്യാസ വായ്പ അനുവദിച്ചിരുന്നോ ;

(സി) ഇപ്പോൾ ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് ആലപ്പുഴ ശാഖയിൽനിന്നും ഈ വായ്പ നൽകുന്നുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ആലപ്പുഴ ബ്രാഞ്ചിൽനിന്ന് ഈ വായ്പ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചങ്ങനാശ്ശേരി മണ്ഡലത്തിലെ വിദ്യാർത്ഥികൾക്ക് കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ആലപ്പുഴ ശാഖയിൽനിന്നും വിദ്യാഭ്യാസ വായ്പ അനുവദിച്ചിരുന്നു.

(സി) വിദ്യാഭ്യാസ വായ്പ നൽകുന്നുണ്ട്.

(ഡി) ബാധകമല്ല.

**സംസ്ഥാന സഹകരണ ബാങ്കിന്റെ പണം കടമെടുക്കലിൽവന്ന കുറവ്**

23 (7121) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണബാങ്കിന്റെ പണം കടമെടുക്കൽ, 2008-09-ലെ 237 കോടി രൂപയിൽ നിന്നും 2009-10-ൽ 107.51 കോടി രൂപയായി കുറയുവാനുണ്ടായ കാരണമെന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് ബാങ്കിന്റെ പ്രവർത്തനത്തെ എപ്രകാരമാണ് ബാധിച്ചിട്ടുള്ള തെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2008-09 വർഷം 14 ജില്ലാ സഹകരണ ബാങ്കുകൾക്കായി 663.81 കോടി രൂപ പുനർവായ്പയായി ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷ, കേരള സംസ്ഥാന സഹകരണ ബാങ്ക് ബാങ്കിംഗ് റഗുലേഷൻ ആക്ടിലെ വകുപ്പ് 11(1)-ലെ മാനദണ്ഡങ്ങൾ പാലിക്കാൻ കഴിയാത്തതിനാൽ, ഗവൺമെന്റ് ഗ്യാരന്റി നൽകുകയോ, കേന്ദ്ര ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തു കയോ ചെയ്യണമെന്ന നിബന്ധനയോടെ 2008-09 വർഷത്തേക്ക് 503.86 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും ഗവൺമെന്റ് ഗ്യാരന്റി ലഭിക്കാത്തതിനാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കൈവശമുണ്ടായിരുന്ന 140.77 കോടി രൂപയുടെ ഗവൺമെന്റ് സെക്യൂരിറ്റി പണയപ്പെടുത്തി 113 കോടി രൂപയുടെ പുനർവായ്പ ലഭ്യമാക്കിയിരുന്നു. ഗവൺമെന്റ് ഗ്യാരന്റി ലഭ്യമാക്കാത്തതി നാലും പണയപ്പെടുത്തുവാൻ മതിയായ സെക്യൂരിറ്റി ഇല്ലാത്തതിനാലും 2008-09 വർഷം നബാർഡ് അനുവദിച്ച 503.86 കോടി രൂപയിൽ 390.86 കോടി രൂപയുടെ പുനർവായ്പ നബാർഡിൽനിന്നും ലഭ്യമാക്കാൻ കഴിഞ്ഞില്ല.

2009-10 വർഷം 638.84 കോടി രൂപയുടെയും 2010-11 വർഷം 599.20 കോടി രൂപയുടെയും പുനർവായ്പ അപേക്ഷ നബാർഡിന് സമർപ്പിച്ചു വെങ്കിലും ഗവൺമെന്റ് ഗ്യാരന്റി നൽകുവാൻ കഴിയാത്തതിനാലും പണയ പ്പെടുത്തുവാൻ ഗവൺമെന്റ് സെക്യൂരിറ്റി ഇല്ലാത്തതിനാലും നബാർഡിൽ നിന്നും പുനർവായ്പ ലഭിച്ചിരുന്നില്ല.

2008-09-ൽ 237 കോടി രൂപയും 2009-10-ൽ 107.51 കോടി രൂപയും കടമെടുക്കൽ സംഖ്യയായി കാണുന്നത് പ്രധാനമായും നബാർഡിൽനിന്നും ലഭിച്ച പുനർവായ്പ ബാക്കിനിൽപ്പ് തുകയാണ്.

(ബി) 2008-09-ൽ നബാർഡിൽനിന്നും നാമമാത്രമായി കിട്ടിയ സാമ്പത്തിക സഹായം ഹ്രസ്വകാല കാർഷിക വായ്പയായി വിതരണം ചെയ്യാൻ കഴിഞ്ഞു. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ നബാർഡ് കാർഷിക വായ്പാ പരിധി അനുവദിക്കാത്തതിനാൽ ബാങ്കിന് ഉയർന്ന പലിശ നിരക്കിൽ സ്വരൂപിച്ച സ്വന്തം ഫണ്ടുകൾ ഏറെ സാമ്പത്തിക നഷ്ടം സഹിച്ച് കുറഞ്ഞ പലിശനിരക്കിലുള്ള കാർഷിക വായ്പകൾക്കായി നൽകേണ്ടതായി വന്നിട്ടുണ്ട്. ഇത് പ്രസ്തുത ബാങ്കുകളുടെ സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

**ആശ്രയ കളക്ഷൻ ഏജന്റുമാരെ സ്ഥിരപ്പെടുത്താൻ നടപടി**

24 (7122) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ആശ്രയ കളക്ഷൻ ഏജന്റുമാരായി ജോലി ചെയ്തുവരുന്ന താൽക്കാലിക ജീവനക്കാരെ കഴിഞ്ഞ സർക്കാരിന്റെ



LIBRARY ARCHIVES Kerala Legislative Assembly

കാലത്ത് സ്ഥിരപ്പെടുത്താൻ ഉത്തരവായെങ്കിലും അത് നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണ് ;

(ബി) ആശ്രയ കളക്ഷൻ ഏജന്റുമാരെ പിഗ്മി കളക്ഷൻ എടുക്കുന്നതിന് നിയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ആശ്രയ കളക്ഷൻ ഏജന്റുമാർ എന്ന തസ്തികയ്ക്ക് അനുവാദം നൽകിയിട്ടില്ല. ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപ/വായ്പ പിരിവുകാർ ഉണ്ട്.

(ബി) ആശ്രയ കളക്ഷൻ ഏജന്റുമാർ എന്ന തസ്തികയ്ക്ക് അനുവാദം നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഏജന്റുമാരെ പിഗ്മി കളക്ഷൻ എടുക്കുന്നതിനു നിയോഗിക്കാമെന്ന ആവശ്യത്തിന് പ്രസക്തി ഇല്ല.

## പ്രൈമറി സഹകരണ സംഘം ജീവനക്കാർക്ക് സഹകരണ ബാങ്കുകളിൽ നിയമനം

25 (7123) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേക്ക് കെ.പി.എസ്.സി. 25-4-2006-ലെ ഗസറ്റ് വിജ്ഞാപനപ്രകാരം അപേക്ഷ ക്ഷണിച്ചപ്പോൾ നിയമപ്രകാരം അഫിലിയേറ്റ് ചെയ്ത പ്രൈമറി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യത എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ നിയമത്തിൽ പറയുന്ന യോഗ്യതയേക്കാൾ ഉയർന്ന യോഗ്യത നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ പി.എസ്.സി.ക്ക് അധികാരമില്ല എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി.യും ജെ.ഡി.സി. യും യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ പരിഗണിക്കുവാനും അവരെ അന്തിമ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുവാനുമുള്ള വിശദമായ വിധിന്യായം ഹൈക്കോടതി ഫുൾബെഞ്ച് പുറപ്പെടുവിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത തസ്തികയിലേക്ക് പി.എസ്.സി. വിജ്ഞാപനം പുറപ്പെടുവിച്ച 25-4-2006-ൽ മതിയായ യോഗ്യതയുണ്ടായിരുന്ന പ്രൈമറി സഹകരണ സംഘം ജീവനക്കാർക്ക് സഹകരണ ബാങ്കുകളിൽ നിയമനം ലഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേക്ക് കേരള പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നേരിട്ടുള്ള നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള നിശ്ചിത വിദ്യാഭ്യാസ യോഗ്യത ബി.എ/ബി.എസ്.സി/ ബി.കോം- ഉം എച്ച്.ഡി.സി അല്ലെങ്കിൽ ജെ.ഡി.സി.-യും അഥവാ ബി.കോം

വിത്ത് കോ-ഓപ്പറേഷൻ അഥവാ കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ബി.എസ്സി.-യും (കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) ആണ്. ഇതേ യോഗ്യതയാണ് ജില്ലാ സഹകരണ ബാങ്കിലെ അംഗ സംഘങ്ങളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയുടെ നിശ്ചിത വിദ്യാഭ്യാസ യോഗ്യത.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത തസ്തികയിലേക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടത് പബ്ലിക് സർവീസ് കമ്മീഷനാണ്. ഇക്കാര്യം സംബന്ധിച്ച ബഹു. സുപ്രീം കോടതി മുമ്പാകെയുള്ള കേസിൽ ഉത്തരവ്/തീർപ്പ് ആയതിനുശേഷം മാത്രമേ 25-4-2006 -ലെ വിജ്ഞാപന പ്രകാരം തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

### പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ പ്രൊമോഷൻ

26 (7124) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലുള്ള ജീവനക്കാരുടെ താഴെ പറയുന്ന തസ്തികകളുടെ പ്രൊമോഷനുകൾക്കുള്ള യോഗ്യതയുടേയും മാനദണ്ഡത്തിന്റെയും വിശദവിവരം നൽകുമോ ;

1. സീനിയർ ക്ലാർക്ക്
2. അക്കൗണ്ടന്റ്
3. സെക്രട്ടറി
4. ചീഫ് അക്കൗണ്ടന്റ്
5. കൺകറന്റ് ഓഡിറ്റർ
6. മാനേജർ

(ബി) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ജില്ലാ ബാങ്കുകളിലെ മാനേജർ, തസ്തികയിലേക്ക് സൊസൈറ്റി ക്വാട്ടയിൽ അപേക്ഷിക്കുമ്പോൾ ഡിഗ്രിക്ക് 50% മാർക്ക് നിർബന്ധമാക്കിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഡിഗ്രിക്ക് 50% മാർക്കില്ലാത്തവർക്ക് എം.കോം ഉണ്ടെങ്കിൽ പോലും ജില്ലാ സഹകരണ ബാങ്കിലേക്ക് സൊസൈറ്റി ക്വാട്ടയിൽ ലഭിക്കേണ്ട മാനേജർ തസ്തികകളിലേക്ക് യോഗ്യത ലഭിക്കുകയോ പി.എസ്.സി. മുഖേനയുള്ള പരീക്ഷയ്ക്ക് യോഗ്യത കല്പിക്കുകയോ ചെയ്യുകയില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly



(എ) തസ്തികകളുടെ പ്രൊമോഷനുള്ള യോഗ്യത സംബന്ധിച്ചുള്ള വിശദവിവരം താഴെ ചേർക്കുന്നു :

| ക്രമ നം. | തസ്തികയുടെ പേര് | ക്ലാസ്സ് I സ്പെഷ്യൽ ഗ്രേഡ് | ക്ലാസ്സ് II | ക്ലാസ് III | ക്ലാസ് IV | ക്ലാസ് V | ക്ലാസ് VI | ക്ലാസ് VII |
|---|---|---|---|---|---|---|---|---|
| 1 | സീനിയർ ക്ലാർക്ക് | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | സീനിയർ ക്ലാർക്ക് തസ്തിക ഇല്ല | സീനയർ ക്ലാർക്ക് തസ്തിക ഇല്ല |
| 2 | അക്കൗണ്ടന്റ് | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | അക്കൗണ്ടന്റ് തസ്തിക ഇല്ല | അക്കൗണ്ടന്റ് തസ്തിക ഇല്ല | അക്കൗണ്ടന്റ് തസ്തിക ഇല്ല |
| 3 | ചീഫ് അക്കൗണ്ടന്റ് | അംഗീകൃത സർവ്വകലാ ശാല ബിരു ദവുംHDC/JDC | അംഗീകൃത സർവ്വകലാ ശാല ബിരു ദവും HDC/JDC | SSLC യും JDC യും | SSLC യും JDC യും | ചീഫ അക്കൗണ്ടന്റ് തസ്തിക ഇല്ല | ചീഫ് അക്കൗണ്ടന്റ് തസ്തിക ഇല്ല | ചീഫ് അക്കൗണ്ടന്റ് തസ്തിക ഇല്ല |
| 4 | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല | കൺകറന്റ് ഓഡിറ്റർ തസ്തിക ഇല്ല |
| 5 | സെക്രട്ടറി | അംഗീകൃത സർവ്വകലാ ശാല ബിരുദവും JDC യും | അംഗീകൃത സർവ്വകലാ ശാല ബിരുദവും HDC/JDC യും | അംഗീകൃത സർവ്വകലാ ശാല ബിരുദവും HDC/JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും | SSLC യും JDC യും HDC/ |
| 6 | മാനേജർ | അംഗീകൃത സർവ്വകലാ ബിരുദവും HDC/JDC യും | അംഗീകൃത സർവ്വകലാ ശാല ബിരുദവും HDC/JDC യും | SSLC യും JDC യും ശാല | SSLC യും JDC യും | SSLC യും JDC യും | മാനേജർ തസ്തിക ഇല്ല | മാനേജർ തസ്തിക ഇല്ല |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സഹകരണ സംഘം ചട്ടം 18(16)A) പ്രകാരം ജില്ലാ സഹകരണ ബാങ്കിലെ ബ്രാഞ്ച് മാനേജർ തസ്തികയുടെ യോഗ്യത.

(i) അംഗീകൃത സർവ്വകലാശാലയിൽ നിന്നും മൊത്തം 50% മാർക്കിൽ കുറയാതെയുള്ള ബിരുദവും കേരള സംസ്ഥാന സഹകരണ യൂണിയനിൽ നിന്നുള്ള ഹയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (എച്ച്.ഡി.സി. അല്ലെങ്കിൽ എച്ച്.ഡി.സി. & ബി.എം) അല്ലെങ്കിൽ നാഷണൽ കൗൺസിൽ ഫോർ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗിന്റെ എച്ച.ഡി.സി.യും എച്ച്.ഡി.സി.എം-ഉം അല്ലെങ്കിൽ വിജയകരമായി പൂർത്തിയാക്കിയിട്ടുള്ള സബോർഡിനേറ്റ് (ജൂനിയർ) പേഴ്സണൽ കോ-ഓപ്പറേറ്റീവ് ട്രെയിനിംഗ് കോഴ്സ് (ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ)

അഥവാ

കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബി.എസ്.സി. (കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്)

അഥവാ

കേരളത്തിലെ അംഗീകൃത യൂണിവേഴ്സിറ്റികളിൽ നിന്നും 50% മാർക്കിൽ കുറയാതെയുള്ള ബി.കോം (കോ-ഓപ്പറേഷൻ)

(ii). എം.ബി.എ/സി.എ/എം.കോം/കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി യിൽ നിന്നുള്ള എം.എസ്.സി.(കോ-ഓപ്പറേഷൻ ആന്റ് ബാങ്കിംഗ്) അഭിലഷണീയ യോഗ്യതയാണ്. ആയതിനാൽ ജില്ലാ ബാങ്കുകളിലെ മാനേജർ തസ്തികയിലേക്ക് സൊസൈറ്റി ക്വാട്ടയിൽ അപേക്ഷിക്കുവാൻ ടി യോഗ്യത നിർബന്ധമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

**കൈത്തറി സഹകരണ സംഘങ്ങൾക്ക് നബാർഡിന്റെ ക്യാഷ് ക്രെഡിറ്റ്**

27 (7125) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എത്ര പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് നബാർഡിന്റെ ക്യാഷ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാം സംഘങ്ങൾക്കാണെന്നും വെളിപ്പെടുത്തുമോ ;

(ബി) നബാർഡിന്റെ ക്യാഷ് ക്രെഡിറ്റ് ലഭിക്കാത്ത പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിൽനിന്ന് എത്ര ലക്ഷം രൂപ വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഇതിന് ഈടാക്കുന്ന പലിശയെത്രയാണെന്നും വെളിപ്പെടുത്തുമോ ;

(സി) വായ്പ നിയമാനുസൃതം തിരിച്ചടയ്ക്കാത്ത ഇനത്തിൽ എത്ര ലക്ഷം രൂപ പ്രാഥമിക കൈത്തറി സംഘങ്ങളിൽ നിന്നും പിരിച്ചെടുക്കാനുണ്ടെന്നും

LIBRARY ARCHIVES Kerala Legislative Assembly

അവ പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നബാർഡിൽ നിന്നും റീ-ഫൈനാൻസ് മുഖേന ലഭിച്ച തുക ഉപയോഗിച്ച് ക്യാഷ് ക്രെഡിറ്റ് നൽകിയ 65 പ്രാഥമിക സഹകരണ സംഘങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) കൈത്തറി സഹകരണ സംഘങ്ങൾക്ക് 5118.50 ലക്ഷം രൂപ ക്യാഷ് ക്രെഡിറ്റ് വായ്പയായി അനുവദിച്ചിട്ടുണ്ട്. ടി വായ്പകൾക്ക് ഈടാക്കുന്ന പലിശ നിരക്ക് 11.5 ശതമാനമാണ്.

(സി) വായ്പ നിയമാനുസൃതം തിരിച്ചടയ്ക്കാത്ത ഇനത്തിൽ പ്രാഥമിക കൈത്തറി സംഘങ്ങളിൽനിന്ന് 12218.58 ലക്ഷം രൂപയും പവർലൂം സഹകരണ സംഘങ്ങളിൽനിന്നും 46.17 ലക്ഷം രൂപയും പിരിച്ചെടുക്കാനുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും ഹാന്റക്സിന്റെയും സഹകരണ ബാങ്കുകളിലുള്ള വായ്പാ കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച് ചർച്ച നടത്തുകയും ചർച്ചയുടെ തീരുമാനമനുസരിച്ച് ഹാന്റ്‌ലൂം സഹകരണ സംഘങ്ങൾ എടുത്ത വായ്പയുടെ മുതൽതുക മാത്രം 31-3-2008-ന് മുമ്പായി അടച്ചുതീർക്കാൻ എല്ലാ സഹകരണ ബാങ്കുകളെയും അനുവദിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി സർക്കുലർ നിർദ്ദേശപ്രകാരം തിരുവനന്തപുരം ജില്ലയിലെ കൈത്തറി സഹകരണ സംഘങ്ങളുടെ തുക അടച്ചു തീർത്തിട്ടില്ല. തുക അടയ്ക്കാത്ത 8 കൈത്തറി സഹകരണ സംഘങ്ങൾക്കെതിരെ ബാങ്ക് ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

## പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പുതിയ കെട്ടിട നിർമ്മാണം

28 (7126) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് T 663 ഏതു ഫണ്ട് ഉപയോഗിച്ചാണ് പുതുതായി കെട്ടിടം പണിയുന്നത് ;

(ബി) പ്രസ്തുത കെട്ടിടം പണിയുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയതും അനുമതി നൽകിയതും ആരൊക്കെയാണെന്നും നിർമ്മാണ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആരാണെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത കെട്ടിടം പണിയുന്നതിനുള്ള ടെന്റർ പരസ്യം ഏതൊക്കെ ദിനപത്രത്തിലാണ് നൽകിയത്; ആയതിന്റെ പകർപ്പും ലഭ്യമാക്കുമോ;

(ഇ) ടെൻഡർ ഫോറം ആരെല്ലാം വാങ്ങിയെന്നും ഇ.എം.ഡി. ഇനത്തിൽ എത്ര രൂപ സംഘത്തിൽ കെട്ടിവച്ചു എന്നും വ്യക്തമാക്കാമോ;

(എഫ്) ചട്ടവിരുദ്ധമായാണ് പ്രസ്തുത കെട്ടിട നിർമ്മാണം എങ്കിൽ സംഘം സെക്രട്ടറിക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഐ.സി.ഡി.പി. ഫണ്ടും ബാങ്കിന്റെ തനത് ഫണ്ടും.

(ബി) ഉത്തരവിന്റെ പകർപ്പ് അനുബന്ധം I ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി) കെട്ടിടത്തിന്റെ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിയത് ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസറായ ശ്രീ. വി. എസ്. പ്രദീപും കെട്ടിടത്തിന് അനുമതി നൽകിയത് പാറശ്ശാല ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുമാണ്. കെട്ടിട നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്നത് ശ്രീ. വി. എസ്. പ്രദീപാണ്.

(ഡി) മാതൃഭൂമി, ദേശാഭിമാനി, എന്നീ ദിനപത്രങ്ങളിൽ. പകർപ്പ് അനുബന്ധം II ആയി ഉള്ളടക്കം ചെയ്യുന്നു. *

(ഇ) ശ്രീ. വൈ. എം. സ്റ്റീഫനും ശ്രീ. വി. വേണുഗോപാലൻ നായരുമാണ്. ഓരോരുത്തരും 89,250 രൂപ വീതം കെട്ടിവെച്ചു.

(എഫ്) ചട്ടവിരുദ്ധ നടപടി ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചു നടപടി സ്വീകരിക്കുന്നതാണ്.

## തിരുവനന്തപുരം പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്കിലെ നിയമനം

29 (7127) ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം പരശുവയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് റ്റി. 663 ക്ലാസിഫിക്കേഷന് വിരുദ്ധമായി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം, ഏതൊക്കെ തീയതികളിലായാണ് നിയമിച്ചിരിക്കുന്നത് എന്ന് വിലാസം സഹിതം ലഭ്യമാക്കാമോ;

(ബി) അത്തരത്തിൽ നിയമനം ലഭിച്ചവർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

| ക്രമ നമ്പർ | പേരും വിലാസവും | തസ്തിക | നിയമിച്ച തീയതി |
|---|---|---|---|
| 1 | ശ്രീ. ബി. വിജയകുമാരൻ നായർ, കുഞ്ഞുവീട്, ലക്ഷ്മി വിലാസം, പരശുവയ്ക്കൽ, പരശുവയ്ക്കൽ പി.ഒ. | അക്കൗണ്ടന്റ് | 8-10-2009 |
| 2 | ശ്രീ. ജെ. വിൻസെന്റ്, കടയിൽവിള വീട്, കുണ്ടുവിള, പരശുവയ്ക്കൽ. | സെയിൽസ്മാൻ | 14-8-1980 |
| 3 | ശ്രീമതി. എ. സുജിത കുമാരി, എൽഎസ്ഭവൻ, കല്ലുമ്മേൽക്കോണം, പരശുവയ്ക്കൽ | സെയിൽസ് ഗേൾ | 4-7-2011 |
| 4 | ശ്രീ. കെ. ആർ. വിനോദ്, മിനി ഭവൻ, കർക്കല, പരശുവയ്ക്കൽ | പ്യൂൺ | 3-6-2011 |
| 5 | ശ്രീ.എസ്.സജിത്, തൊക്കക്കര പുത്തൻവീട്, പരശുവയ്ക്കൽ | പി.റ്റി.എസ്. | 4-7-2011 |

(ബി) ചട്ടപ്രകാരം നടപടി സ്വീകരിക്കുവാൻ ജോയിന്റ് രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### ക്രിസ്തുമസ്-ഈദ് വിപണന മേളകൾ

30 (7128) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബക്രീദും-ക്രിസ്തുമസും പ്രമാണിച്ച് നിത്യോപയോഗ വസ്തുക്കൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്നതിനായി സഹകരണ വിപണനമേളകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ എല്ലാ ജില്ലാ-താലൂക്ക് ആസ്ഥാനങ്ങളിലും ഇത്തരം മേളകൾ സംഘടിപ്പിക്കുന്നകാര്യം പരിഗണിക്കുമോ ;

(സി) അതിനായി എന്ത് തുക വിനിയോഗിക്കും ; ഏതൊക്കെ നിത്യോപയോഗ വസ്തുക്കളുടെ ലഭ്യതയാണ് മേളകൾവഴി ഉറപ്പുവരുത്തുക ;

(ഡി) മേളകൾക്ക് എന്ന് തുടക്കം കുറിക്കുമെന്നും എന്നുവരെ നീണ്ടുനിൽക്കുമെന്നും വ്യക്തമാക്കുമോ ;

(ഇ) കൺസ്യൂമർഫെഡ് മുഖേനയാണോ മേളകൾ സംഘടിപ്പിക്കുക ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബക്രീദ് വിപണി 2011 ഒക്ടോബർ 27-ന് ആരംഭിച്ചിട്ടുണ്ട്. ക്രിസ്തുമസ് വിപണി 2011 ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

(ബി) ബക്രീദ് വിപണി താലൂക്ക് അടിസ്ഥാനത്തിലാണ് സംഘടിപ്പിച്ചിട്ടുള്ളത്.

(സി) ബക്രീദ് വിപണി 2011-ന്റെ നടത്തിപ്പിനായി 20 കോടിയോളം രൂപ വിനിയോഗിക്കാനാണ് കൺസ്യൂമർഫെഡ് ഉദ്ദേശിക്കുന്നത്. ബക്രീദ് വിപണിയിലൂടെ ലഭ്യമാകുന്ന സാധനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) ബക്രീദ് വിപണി 2011 ഒക്ടോബർ 27 മുതൽ 2011 നവംബർ 6 വരെയാണ് പ്രവർത്തിക്കുന്നത്. ക്രിസ്തുമസ് വിപണി തുടങ്ങുന്ന തീയതി തീരുമാനിച്ചിട്ടില്ല.

(ഇ) അതെ. ബക്രീദ് വിപണി 2011 ഓരോ താലൂക്കിലും ഓരോ വിപണന കേന്ദ്രം എന്ന രീതിയിൽ കൺസ്യൂമർഫെഡ് മുഖേന ഒക്ടോബർ 27 മുതൽ നവംബർ 6 വരെ തുടരുന്ന രീതിയിൽ നടന്നുവരുന്നു.

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

31 (7129) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിൽ ആകെ എത്ര ജീവനക്കാരാണ് നിലവിലുള്ളത് ; അനുവദനീയമായ തസ്തിക എത്ര ; ഒഴിവുകൾ എത്ര ; തസ്തിക തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം വന്ന എത്ര ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിലും കോൺട്രാക്ട് വ്യവസ്ഥയിലും നിയമിച്ചു ; ഇവരിൽ എത്ര പേർ ഇപ്പോഴും ജോലിയിൽ തുടരുന്നുവെന്നുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) 2011 മാർച്ച് 31-ന് കൺസ്യൂമർ ഫെഡിൽ എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നത് ;

(ഡി) 2006 ഏപ്രിൽ 30-ന് എത്ര ജീവനക്കാരാണ് ഉണ്ടായിരുന്നത് ;

(ഇ) 2006 മേയ് മുതൽ 2011 ഏപ്രിൽ വരെ കൺസ്യൂമർഫെഡ് പുതിയ എത്ര സംരംഭങ്ങൾ/സ്ഥാപനങ്ങൾ ആരംഭിച്ചു ; അവയുടെ വിശദാംശം ലഭ്യമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ സർക്കാർ അധികാരമേറ്റശേഷം കൺസ്യൂമർഫെഡിന്റെ കീഴിൽ എത്ര പുതിയ സ്ഥാപനങ്ങൾ/സംരംഭങ്ങൾ ആരംഭിച്ചു ;

(ജി) കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 2227 ജീവനക്കാരാണ് കൺസ്യൂമർ ഫെഡറേഷനിൽ നിലവിലുള്ളത്. അനുവദനീയമായ തസ്തികകളുടെ എണ്ണം 1767, ഒഴിവുകൾ 112. തസ്തിക തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഉത്സവ ബസാറിനോട് അനുബന്ധിച്ച് 240 പേരെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇവരിൽ ആരും ഇപ്പോൾ ഫെഡറേഷനിൽ ജോലിയിൽ തുടരുന്നില്ല. കോൺട്രാക്ട് വ്യവസ്ഥയിൽ 25 പേരെ നിയമിച്ചിട്ടുണ്ട്. ഈ 25 പേർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ട്.

(സി) 2011 മാർച്ച് 31-ന് കൺസ്യൂമർഫെഡിൽ 2202 ജീവനക്കാരാണ് ഉണ്ടായിരുന്നത്.

(ഡി) 2006 എപ്രിൽ 30-ന് 1015 ജീവനക്കാരാണ് ഉണ്ടായിരുന്നത്.

(ഇ) യൂണിറ്റുകൾ - 218, ത്രിവേണി സൂപ്പർമാർക്കറ്റുകൾ -115, നീതി മെഡിക്കൽ സ്റ്റോറുകൾ -65, വിലക്കയറ്റ വിരുദ്ധ വിപണികൾ-55521, ത്രിവേണി കോഫീഹൗസ് -10, ഒഴുകുന്ന ത്രിവേണി -2, സഞ്ചരിക്കുന്ന ത്രിവേണി-4, ഉച്ചഭക്ഷണ പദ്ധതി-1

(എഫ്) പുതിയതായി ആരംഭിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

ത്രിവേണി സൂപ്പർമാർക്കറ്റുകൾ - 19, നീതി മെഡിക്കൽ സ്റ്റോറുകൾ-5, വിലക്കയറ്റ വിരുദ്ധ വിപണികൾ- 5195, ഒഴുകുന്ന ത്രിവേണി-2, സഞ്ചരിക്കുന്ന ത്രിവേണി-1.

(ജി) ഒരു പഞ്ചായത്തിൽ ഒന്ന് എന്ന ക്രമത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും മിനി ത്രിവേണി സ്റ്റോറുകൾ സ്ഥാപിക്കുക. രണ്ട് പഞ്ചായത്തിന് ഒരു നീതി മെഡിക്കൽ സ്റ്റോർ എന്ന ക്രമത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുക. ഒരു താലൂക്കിൽ ഒന്ന് എന്ന ക്രമത്തിൽ എല്ലാ താലൂക്കുകളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ സ്ഥാപിക്കുക. ഇപ്പോഴുള്ള നാല് എണ്ണത്തിനു പുറമേ ആറ് ഒഴുകുന്ന ത്രിവേണി സ്റ്റോറുകൾ കൂടി സ്ഥാപിക്കുക. പത്തിനം നിത്യോപയോഗ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ ശരാശരി പൊതുവിപണിയിൽ നിന്നും 20% വിലകുറച്ച് വിൽക്കുന്ന നന്മ പദ്ധതി വിപണനകേന്ദ്രങ്ങൾ വ്യാപകമാക്കുക, മെഡിക്കൽ വെയർഹൗസുകൾ, കോഫീഹൗസുകൾ എന്നിവ സ്ഥാപിക്കുക, ഉത്സവ കാലങ്ങളോടനുബന്ധിച്ച് കൂടുതൽ സഹകരണ വിപണന കേന്ദ്രങ്ങൾ ആരംഭിക്കുക എന്നീ നടപടികളിലൂടെ കൺസ്യൂമർഫെഡിന്റെ പ്രവർത്തനം വിപുലപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

**ഓണക്കാലത്ത് കൺസ്യൂമർ ഫെഡിന്റെ വിറ്റുവരവ്**

**32 (7130)** ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡ് വഴി 2010-ലേയും 2011-ലേയും ഓണക്കാലത്ത് എത്ര കോടി രൂപയുടെ വിറ്റുവരവാണുണ്ടായത് ;

(ബി) കൺസ്യൂമർഫെഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്ര സ്ഥിരം ജീവനക്കാരും എത്ര താൽക്കാലിക ജീവനക്കാരുമുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡ് വഴി 2010-ലെ ഓണക്കാലത്ത് 121.59 കോടി രൂപയുടെയും 2011-ലെ ഓണക്കാലത്ത് 155.27 കോടി രൂപയുടെയും വിറ്റുവരവ് ഉണ്ടായി.

(ബി) കൺസ്യൂമർ ഫെഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(സി) 576 പേർ സ്ഥിരമായും 1651 പേർ താൽക്കാലികാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലുമായി ജോലി ചെയ്യുന്നു.

**ആതുരസേവന രംഗത്ത് സഹകരണ മേഖലയുടെ സേവനം**

**33 (7131)** ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആതുരസേവന രംഗത്ത് സഹകരണ മേഖലയുടെ സേവനം പ്രയോജനപ്പെടുത്തുമോ ;

(ബി) നിയോജക മണ്ഡലങ്ങൾ കേന്ദ്രീകരിച്ച് ആശുപത്രി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾ എന്തെങ്കിലും നിലവിലുണ്ടോ എന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ആതുരസേവന രംഗത്ത് സഹകരണ മേഖലയിലെ ആശുപത്രികൾ മെച്ചപ്പെട്ട സേവനം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഹകരണ ആശുപത്രികൾ ഇല്ലാത്ത നിയോജക മണ്ഡലങ്ങളിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആശുപത്രി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### നീതിസ്റ്റോറിലെ സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തൽ

**34 (7132)** ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മുതൽ ഈ കാലയളവ് വരെ എത്ര നീതി സ്റ്റോറുകൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട് ; എങ്കിൽ അവ ഏതെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) എത്ര നീതി സ്റ്റോറുകൾ കമ്മീഷൻ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നുണ്ട് ; വ്യക്തമാക്കാമോ ;

(സി) സർക്കാർ ഉത്തരവ് (കൈ) നമ്പർ.207/10/സഹ. തീയതി 27-11-2010 പ്രകാരം, നീതിസ്റ്റോറുകളിൽ കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എത്ര സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഉത്തരവ് നിലവിൽ വന്ന സമയത്ത് കമ്മീഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന എത്ര സെയിൽസ്മാൻമാരെ ഇനി സ്ഥിരപ്പെടുത്താനുണ്ട് ; വ്യക്തമാക്കാമോ ;

(ഇ) പുതുതായി എത്ര നീതിസ്റ്റോറുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

ഉത്തരം

(എ) രണ്ട് എണ്ണം. (1) തിരുവനന്തപുരം ജില്ലയിലെ ഉള്ളൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ നീതിസ്റ്റോർ. (2) ആലപ്പുഴ ജില്ലയിലെ 296-ാം നമ്പർ വീയപുരം സർവ്വീസ് സഹകരണ ബാങ്കിന്റെ നീതിസ്റ്റോർ.

(ബി) 368 നീതിസ്റ്റോറുകൾ

(സി) 75 സെയിൽസ്മാൻമാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്

(ഡി) 345 സെയിൽസ്മാൻമാർ.

(ഇ) പുതുതായി 91 നീതിസ്റ്റോറുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

### ഷൊർണ്ണൂർ മണ്ഡലത്തിലെ സഹകരണ മെഡിക്കൽ സ്റ്റോറുകളും നീതി സ്റ്റോറുകളും

**35 (7133)** ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ നീതി മെഡിക്കൽ സ്റ്റോറുകൾ ഇല്ലാത്ത സഹകരണ സ്ഥാപനങ്ങളിൽ നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങളിൽ നീതി മെഡിക്കൽ സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) 3 നീതി മെഡിക്കൽ സ്റ്റോറുകൾ.

(ബി) ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളിൽ നിന്നും അപേക്ഷകൾ ലഭിക്കുന്നപക്ഷം നടപടി സ്വീകരിക്കുന്നതാണ്.

(സി) സംഘത്തിന്റെ അപേക്ഷയോടൊപ്പം ഭരണസമിതി തീരുമാനം, പ്രോജക്ട് റിപ്പോർട്ട്, സംഘത്തിന്റെ നിയമാവലി, ആഡിറ്റ് ചെയ്ത കണക്കുകൾ കൂടാതെ സംഘം നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കാനുദ്ദേശിക്കുന്നത് വാടക കെട്ടിടത്തിലാണെങ്കിൽ കെട്ടിട ഉടമസ്ഥനുമായുള്ള വാടക കരാർ പത്രം എന്നിവ പരിശോധിക്കുകയും അതോടൊപ്പംതന്നെ നിർദ്ദിഷ്ട നീതി മെഡിക്കൽ സ്റ്റോറിന് സമീപത്തായി ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോയെന്ന വിവരം, സംഘത്തിന് നീതിമെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സ്ഥിതി എന്നിവ പരിശോധിച്ച് അതാത് ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ ശുപാർശയോടുകൂടി സഹകരണ സ്ഥാപനങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോറുകൾ അനുവദിച്ചു നൽകുന്നു. കൺസ്യൂമർ ഫെഡറേഷനിൽ നിന്നുതന്നെ മരുന്നുകൾ വാങ്ങണമെന്ന നിർദ്ദേശത്തോടുകൂടിയാണ് നീതി മെഡിക്കൽ സ്റ്റോർ അനുവദിച്ചു നൽകുന്നത്.

## നീതി മെഡിക്കൽ സ്റ്റോർ

**36 (7134)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ എത്ര നീതി മെഡിക്കൽ സ്റ്റോറുകളാണ് പ്രവർത്തിക്കുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര ശതമാനം വില കുറച്ചാണ് ഇവയിലൂടെ മരുന്നുകൾ വിൽപ്പന നടത്തുന്നത് ;

(സി) നീതി മെഡിക്കൽ സ്റ്റോറുകളിൽ ജീവൻ രക്ഷാമരുന്നുകളുടെ ലഭ്യതക്കുറവ് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ഇ) മരുന്ന് നിർമ്മാണ കമ്പനികളിൽ നിന്ന് നേരിട്ട് മരുന്നുകൾ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ 484 നീതി മെഡിക്കൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| ജില്ല | സഹകരണ സംഘങ്ങൾ നടത്തുന്നവ | കൺസ്യൂമർ ഫെഡറേഷൻ നടത്തുന്നവ |
|---|---|---|
| തിരുവനന്തപുരം | 22 | 8 |
| കൊല്ലം | 13 | 16 |
| ആലപ്പുഴ | 27 | 12 |
| പത്തനംതിട്ട | 26 | 7 |
| കോട്ടയം | 48 | 6 |
| ഇടുക്കി | 8 | 3 |
| എറണാകുളം | 40 | 7 |
| തൃശ്ശൂർ | 127 | 5 |
| പാലക്കാട് | 7 | 7 |
| മലപ്പുറം | 10 | 9 |
| കോഴിക്കോട് | 30 | 6 |
| വയനാട് | 2 | 3 |
| കണ്ണൂർ | 27 | - |
| കാസർഗോഡ് | 7 | 1 |
| ആകെ | 394 | 90 |

(ബി) 12% മുതൽ 40% വരെ

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

**പോലീസ് സി.ഐ.ഡി. സ്റ്റാഫ് സഹകരണ സൊസൈറ്റി**

37 (7135) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സി.ഐ.ഡി. സ്റ്റാഫ് സഹകരണ സൊസൈറ്റിയിൽ അംഗത്വം നൽകുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്; ഏതെല്ലാം വിഭാഗത്തിലുള്ളവർക്കാണ് അംഗത്വം നൽകുന്നത്;

(ബി) എസ്.ബി.സി.ഐ.ഡി.യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സൊസൈറ്റിയിൽ അംഗത്വം നൽകുന്നുണ്ടോ;

(സി) പോലീസ് ഉദ്യോഗസ്ഥരുടെ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞാൽ അംഗത്വം റദ്ദാക്കുമോ;

(ഡി) സൊസൈറ്റിയിൽ ഏതെല്ലാം തലത്തിലുള്ള അംഗത്വം നിലനിൽക്കുന്നുണ്ടെന്നും വോട്ടവകാശം ഏതെല്ലാം അംഗങ്ങൾക്കാണെന്നും വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സൊസൈറ്റിയിൽ വോട്ടവകാശമുള്ള എത്ര അംഗങ്ങൾ ഉണ്ട്;

(എഫ്) 2010-11 കാലയളവിൽ എത്ര പേർക്കാണ് സൊസൈറ്റിയിൽ അംഗത്വം നൽകിയത്;

(ജി) പ്രസ്തുത സൊസൈറ്റിയുടെ നിയമാവലിയുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സി.ഐ.ഡി. യൂണിറ്റിൽ ജോലി ചെയ്യുന്ന ജീവനക്കാർക്കാണ് അംഗത്വം നൽകുന്നത്.

(ബി) അംഗത്വം നൽകുന്നില്ല.

(സി) ബാധകമല്ല.

(ഡി) എ ക്ലാസ്സ് അംഗത്വം മാത്രമാണ് സംഘത്തിൽ ഉള്ളത്. ഇവർക്ക് മാത്രമേ വോട്ടവകാശമുള്ളൂ.

(ഇ) 1994 അംഗങ്ങൾ.

(എഫ്) 38 പേർക്ക്

(ജി) നിയമാവലിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഖാദി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ

38 (7136) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) അതിന് ഖാദി ഗ്രാമവ്യവസായ കമ്മീഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് ;

(സി) എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ?

ഉത്തരം

(എ) ജില്ലാ ഖാദി ഗ്രാമവ്യവസായ പ്രോജക്ട് ഓഫീസർമാരുമായി ബന്ധപ്പെട്ട് പുതിയ തൊഴിലവസരങ്ങൾ കണ്ടെത്തി ഖാദിമേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് പദ്ധതിയിട്ടിരിക്കുന്നത്.

(ബി) ഇതിന് ഖാദി കമ്മീഷന്റെ സഹായമൊന്നും ഇല്ല.

(സി) 5000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## കരകൗശല വികസന പദ്ധതികൾ

39 (7137) ശ്രീ. എളമരം കരീം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. കെ. വി. വിജയദാസ് .
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് കരകൗശല വികസനത്തിനായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കുന്നുണ്ടോ ; വിശദമാക്കാമോ ;

(ബി) ടൂറിസ്റ്റുകൾ സംസ്ഥാനത്തു നിന്നുള്ള കരകൗശല വസ്തുക്കളിൽ തല്പരരാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കരകൗശല വസ്തുക്കളുടെ വിപണന സാധ്യതയ്ക്കനുസൃതമായി ഉല്പാദകർക്ക് ഡിസൈനിംഗിൽ പ്രാവീണ്യം നൽകുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതിപ്രകാരം കരകൗശല വികസനത്തിനും വായ്പ

നൽകുന്നുണ്ട്. ടി പദ്ധതിയിൻകീഴിൽ ഇതിനുവേണ്ട പരിശീലനപരിപാടിയും സംഘടിപ്പിക്കുന്നുണ്ട്.

(ബി) ഉണ്ട്.

(സി) ഖാദി കമ്മീഷനുമായി ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**തൃശ്ശൂർ ജില്ലയിൽ ഖാദി ബോർഡിന്റെ വില്പന കേന്ദ്രങ്ങൾ**

**40 (7138)** ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഖാദി ബോർഡിന്റെ കീഴിൽ എത്ര വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വില്പന കേന്ദ്രങ്ങൾ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) 19 വില്പന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

**വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ**

**41 (7140)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ ;

(ബി) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ എത്ര ഗ്രൂപ്പുകൾക്ക് സംരംഭകത്വപരിശീലനം നൽകിയിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം തൊഴിൽരഹിതരെ സംഘടിപ്പിക്കാനും ക്ലബ്ബ് രൂപീകരിക്കുവാനും പാലക്കാട് ജില്ലയിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ അടിയന്തരമായി സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകാമോ ; വിശദാംശം ലഭ്യമാക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ സംരംഭകത്വപരിശീലനം നൽകിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂക്കോട് ഡയറിഫാം എന്ന പേരിൽ 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു ജോബ് ക്ലബ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന് 8,00,000 രൂപ വായ്പയായും 2,00,000 രൂപ സബ്സിഡിയായും നൽകിയിട്ടുണ്ട്.

(ഡി) പാലക്കാട് ജില്ലയിൽ തൊഴിൽരഹിതരെ സംഘടിപ്പിക്കുന്നതിനും ക്ലബുകൾ രൂപീകരിക്കുന്നതിനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ജോബ് ക്ലബ് പദ്ധതി അപേക്ഷ പാസ്സാക്കുന്നതിനും വായ്പയ്ക്ക് ശുപാർശ ചെയ്യുന്നതിനുമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പരിശീലന വകുപ്പിന്റെ പ്രതിനിധി, ജനശിക്ഷൺ സൻസ്ഥാൻ, റുഡ്സെറ്റ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായ ജില്ലാ കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) ഇത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നടത്തി വരുന്ന തുടർ പദ്ധതിയാണ്. നടപ്പു സാമ്പത്തിക വർഷം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും 33 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിക്കഴിഞ്ഞു. ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന മുറയ്ക്ക് ക്ലബുകൾക്ക് സബ്സിഡി വിതരണം നടത്തുന്നതിനും അവ മോണിറ്റർ ചെയ്യുന്നതിനുമുള്ള തുടർ പ്രവർത്തനങ്ങൾ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് തലത്തിൽ നടത്തിവരുന്നു.

**സ്വകാര്യമേഖലയിലെ തൊഴിലാളികളുടെ വേതന വിതരണം**

42 (7141) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യമേഖലയിലുള്ള തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏതെല്ലാം മേഖലയിലെ തൊഴിലാളികൾക്കാണ് പ്രസ്തുത സൗകര്യം ലഭിക്കുക ;

(സി) ഇതിനായി വേതനം ബാങ്ക് അക്കൗണ്ടുകൾ വഴി വിതരണം ചെയ്യണം എന്ന നിബന്ധന പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത സംവിധാനം മോണിറ്റർ ചെയ്യാൻ ജില്ലാ ആഫീസർക്ക് അധികാരം നൽകുമോ ?

ഉത്തരം

(എ) നിലവിൽ 72 മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി മിനിമം വേജസ് നടപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വ്യക്തിഗത പരിശോധനകളും സ്ക്വാഡ് ഇൻസ്പെക്ഷനുകളും നടത്തി തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. നിശ്ചയിച്ചിട്ടുള്ള കൂലി നൽകുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ക്ലെയിം പെറ്റീഷനുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഇതുകൂടാതെ 7 മേഖലകളിലെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ മിനിമം കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നു എന്നത് ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയുന്നതാണ്.

(ബി) തുടക്കത്തിൽ 7 മേഖലകളിലാണ് വേതന സുരക്ഷ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇവ താഴെപ്പറയും പ്രകാരമാണ് :

1. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ
2. ടെക്സ്റ്റയിൽസ്.
3. ജ്വല്ലറി
4. സ്വകാര്യ ആശുപത്രികൾ
5. ഐ.ടി.മേഖല
6. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.
7. കെട്ടിട നിർമ്മാണ മേഖല എന്നിവയാണ്.

(സി) അപ്രകാരം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന് ഇതു സംബന്ധിച്ച അധികാരം നൽകാൻ ഉദ്ദേശിക്കുന്നു.

**പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് സഹായങ്ങൾ**

**43 (7142)** ശ്രീ. കെ. അച്ചുതൻ:
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മേഖലയിലെ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വിഭാഗത്തിൽപ്പെടുന്ന തൊഴിലാളികൾ ഏതെല്ലാം ;

(സി) ഈ പദ്ധതി നടത്തിപ്പിനുള്ള നടപടിക്രമങ്ങൾ തീരുമാനിക്കുന്നത് ഏതൊക്കെ വകുപ്പുകളാണ് ?

ഉത്തരം

(എ) തൊഴിൽ വകുപ്പ് പരമ്പരാഗത തൊഴിൽ മേഖലയിലെ തൊഴിലാളികളിൽ 25,000 രൂപയിൽ കുറഞ്ഞ വാർഷിക വരുമാനമുള്ളവർക്ക് ഒരു വർഷം ഏറ്റവും കുറഞ്ഞത് 1250 രൂപ ലഭ്യമാകുന്ന ഇൻകം സപ്പോർട്ട് സ്കീം 1-11-2010 മുതൽ നടപ്പിലാക്കിവരുന്നുണ്ട്.

(ബി) ഈ വിഭാഗത്തിൽ ബീഡി, ഖാദി, മത്സ്യസംസ്കരണം, കയർ, കുട്ട, പായ്നെയ്ത്ത് എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഉൾപ്പെടുന്നു.

(സി) തൊഴിൽ വകുപ്പുമുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ കൃത്യമായ നടപടിക്രമങ്ങൾ പ്ലാനിംഗ് ബോർഡും തൊഴിൽ വകുപ്പും മറ്റ് ബന്ധപ്പെട്ട വകുപ്പുകളായ, വ്യവസായ-വാണിജ്യ വകുപ്പ്, ഫിഷറീസ്, കയർ വികസന വകുപ്പ്, ഖാദി ബോർഡ്, കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, ബീഡി-സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഈറ്റ, കാട്ടുവള്ളി, തഴത്തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ വകുപ്പുകൾ ചേർന്ന് സംയുക്തമായി തീരുമാനിക്കുന്നു.

## സ്വകാര്യ ദേവസ്വം ജീവനക്കാർക്ക് മിനിമംവേജ്

44 (7143) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ദേവസ്വം ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് മിനിമംവേജ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ ;

(സി) ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 9-8-2011-ലെ ജി.ഒ.(എംഎസ്.) നമ്പർ.109/2011/ തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം കേരളത്തിലെ സ്വകാര്യ ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് കുറഞ്ഞ കൂലി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(സി) കേരളത്തിലെ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ ദേവസ്വം ബോർഡുകളുടെ പരിധിയിൽ വരാത്ത ക്ഷേത്രങ്ങളിലെ പൂജാരിമാർ ഒഴികെയുള്ള ജീവനക്കാർ/വർക്കർ എന്നിവർക്കുവേണ്ടി കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ പ്രവർത്തനം

45 (7144) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) സെമിനാറുകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവ ഊർജ്ജിതമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ഗവേഷണ പദ്ധതികൾ നടപ്പാക്കാനും അവ യഥാസമയം പ്രസിദ്ധീകരിക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെ തൊഴിൽ വകുപ്പിനു കീഴിലുള്ള ഒരു സ്വയം ഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റ് (കിലെ). തൊഴിൽ അനുബന്ധ വിഷയങ്ങളിൽ പരിശീലനം, ശിൽപശാല, ഗവേഷണം, പഠനം, പ്രസിദ്ധീകരണം എന്നിവ നടപ്പിലാക്കിവരുന്നു. തൊഴിൽ/എംപ്ലോയ്മെന്റ് വകുപ്പുകളിലെ ജീവനക്കാരുടെ പരിശീലനത്തിന് പുറമേ ട്രേഡ് യൂണിയൻ പ്രതിനിധികൾക്കും അസംഘടിത മേഖല, പരമ്പരാഗത തൊഴിൽ മേഖല, തോട്ടം തൊഴിലാളികൾ, വനിത ട്രേഡ് യൂണിയൻ എന്നീ വിഭാഗത്തിലുള്ളവർക്കും 'കിലെ' പരിശീലന പരിപാടികളും അനുബന്ധ സെമിനാറുകളും പഠനങ്ങളും നടത്തിവരുന്നു. തൊഴിലുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേന്ദ്ര സർക്കാർ തൊഴിൽ പരിശീലന ഗവേഷണ സ്ഥാപനമായ വി.വി.ഗിരി നാഷണൽ ലേബർ ഇൻസ്റ്റിറ്റ്യൂട്ട്, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ആന്റ് ട്രെയിനിംഗ്-ഇൻ -എംപ്ലോയ്മെന്റ് സർവ്വീസ് തുടങ്ങിയ സ്ഥാപനങ്ങളുമായി ചേർന്ന് വിവിധ പരിശീലന പരിപാടികൾ പുതിയതായി ആരംഭിച്ചിട്ടുള്ളതും, തൊഴിൽ അനുബന്ധ വിഷയങ്ങളിൽ ഗവേഷണവും ഹ്രസ്വകാല സർട്ടിഫിക്കറ്റ് കോഴ്സുകളും ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുവരുന്നതുമാണ്.

കോഴിക്കോടുള്ള ഐ.ഐ.റ്റി.എമ്മുമായി ചേർന്ന് സർക്കാർ അംഗീകൃത ഹോട്ടൽ മാനേജ്മെന്റ്, ഫാഷൻ ഡിസൈനിംഗ് തുടങ്ങിയ വിഷയങ്ങളിൽ പി.ജി.ഡിപ്ലോമ, ഡിപ്ലോമ, സർട്ടിഫിക്കറ്റ് കോഴ്സുകൾ എന്നിവ വിജയകരമായി നടപ്പിലാക്കിവരുന്നു. പോർട്ട് ഫോളിയോ മാനേജ്മെന്റ്, ലോജിസ്റ്റിക് മാനേജ്മെന്റ് തുടങ്ങി തൊഴിൽ സാധ്യതയേറെയുള്ള കോഴ്സുകൾ ആരംഭിക്കുവാനും 'കിലെ' പദ്ധതിയിട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ക്ഷേമനിധി ബോർഡുകളിലെ പെൻഷനുകൾ

46 (7145) ശ്രീ. സി ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളിലെ പെൻഷനുകളുടെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപയാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ;

(സി) ഇതുപ്രകാരം ഏതൊക്കെ, ക്ഷേമപെൻഷനുകൾക്കാണ് വർദ്ധനവ് ബാധകമാകുന്നത് ;

(ഡി) വർദ്ധിപ്പിച്ച പെൻഷൻ ഏത് മാസം മുതൽ ബാധകമാക്കിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ;

(ഇ) മുൻ സർക്കാരിന്റെ തീരുമാനപ്രകാരമുള്ള വർദ്ധനവാണോ ഇതെന്ന് വെളിപ്പെടുത്തുമോ ?

### ഉത്തരം

(എ-ഇ) തൊഴിൽ വകുപ്പിനുകീഴിൽ വരുന്ന എല്ലാ ക്ഷേമനിധി ബോർഡുകളുടെയും മിനിമം പെൻഷൻ തുക 1-4-2011 മുതൽ ഈ സർക്കാർ 400 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

## ക്ഷേമനിധി ഫണ്ട്

47 (7146) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ക്ഷേമനിധികളിലായി എത്ര തുക നീക്കിയിരിപ്പുണ്ടെന്നുള്ള വിവരം നൽകുമോ ;

(ബി) എന്തെല്ലാം പുതിയ ക്ഷേമ പദ്ധതികളാണ് ക്ഷേമനിധി ഫണ്ട് ഉപയോഗിച്ച് തൊഴിലാളികൾക്കായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഈ സർക്കാർ ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

### ഉത്തരം

(എ) 274,222,27,927 രൂപ നീക്കിയിരിപ്പുണ്ട്.

(ബി) പെൻഷൻ, അവശതാപെൻഷൻ, കുടുംബപെൻഷൻ, പ്രസവാനുകൂല്യം, വിവാഹാനുകൂല്യം, ചികിത്സാസഹായം, വിദ്യാഭ്യാസാനുകൂല്യം, മരണാനന്തരസഹായം തുടങ്ങി വിവിധ തരത്തിലുള്ള ക്ഷേമ പദ്ധതികളാണ് ക്ഷേമനിധി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിവരുന്നത്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

## നോക്കുകൂലി

48 (7147) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് :
ഡോ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നോക്കുകൂലി സംബന്ധിച്ച് ആക്ഷേപം ഉണ്ടാകുമ്പോൾ പോലീസിന്റെ സഹായം അടിയന്തരമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

നോക്കുകൂലി സംബന്ധിച്ച ആക്ഷേപം ഉണ്ടാകുമ്പോൾ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ തൊഴിൽ വകുപ്പ് സ്വീകരിക്കാറുണ്ട്. ഇക്കാര്യത്തിൽ പോലീസിനെ ഇടപെടുത്തി എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രത്യേകമായി നിമയങ്ങളൊന്നും ഇപ്പോൾ ഇല്ലാത്തതാകുന്നു. എന്നാൽ ചുമട്ടു തൊഴിലാളികൾ നോക്കുകൂലി വാങ്ങിയതായി കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടാൽ 1983-ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതിയിലെ 35-ാം ഖണ്ഡിക പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## കുടിയേറ്റ തൊഴിലാളികൾക്കായി ആരോഗ്യ ബോധവൽക്കരണപരിപാടി

49 (7148) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനും ആരോഗ്യശുചീകരണ സൗകര്യങ്ങൾക്കുമുള്ള ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഇത്തരം ആളുകൾക്ക് വേണ്ടി മെഡിക്കൽ ക്യാമ്പുകൾ നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) സംസ്ഥാന ആരോഗ്യവകുപ്പിന്റെയും NRHM ന്റെയും സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## അന്യസംസ്ഥാന തൊഴിലാളികൾ

50 (7149) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അന്യസംസ്ഥാനത്ത് നിന്നും വന്ന് തൊഴിലെടുക്കുന്ന തൊഴിലാളികളുടെ എണ്ണം സർക്കാർ നിജപ്പെടുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനകം അന്യസംസ്ഥാനത്തുനിന്നുള്ള എത്ര തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ 27-10-2011 വരെ 18288 അന്യസംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. *

## ലേബർ കോടതികൾ

51 (7150) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലേബർ കോടതികളാണ് പ്രവർത്തിച്ചു വരുന്നത് ; എവിടെയൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) ലേബർ കേസുകൾ ഓരോ വർഷവും വർദ്ധിച്ച് വരുന്നത് കണക്കിലെടുത്ത് കൂടുതൽ ലേബർ കോടതികൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ ?

### ഉത്തരം

(എ) നാല് ലേബർ കോടതികൾ പ്രവർത്തിക്കുന്നു. അവ കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

(ബി) കൂടുതൽ ലേബർ കോടതികൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ആനുകൂല്യങ്ങൾ

52 (7151) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാനുള്ള യോഗ്യതകൾ ഏതെല്ലാം വിഭാഗത്തിനാണ് ;

(ബി) ക്ഷേമനിധി അടവിൽ വാഹന ഉടമ-തൊഴിലാളി വിഹിതം വീതിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) വാർഷിക ടെസ്റ്റിന് ഹാജരാക്കുവാൻ വാഹനത്തൊഴിലാളിയുടെ ക്ഷേമനിധിത്തുക കുടിശ്ശിക വരുത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്താറുണ്ടോ; അതിൽ എന്തെങ്കിലും ഇളവ് നൽകാറുണ്ടോ; ഉണ്ടെങ്കിൽ ഏത് വിഭാഗത്തിനാണ് ഇളവ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ക്ഷേമനിധി ബോർഡിന് ഇതുവരെ എത്ര കോടി രൂപയുടെ സമാഹരണമുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ബോർഡിന്റെ നിക്ഷേപം ഏത് ബാങ്കിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) അംഗങ്ങൾക്ക് ഏതെല്ലാം ആനുകൂല്യങ്ങളാണ് ബോർഡ് ലഭ്യമാക്കുന്നത്;

(ജി) എത്ര അംഗങ്ങൾക്ക് ഇതുവരെ ബോർഡ് ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്; ഇതിനായി എത്ര തുക ഇതുവരെ ചെലവായിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

(എ) ഡ്രൈവർ, കണ്ടക്ടർ, ചെക്കിംഗ് ഇൻസ്പെക്ടർ, ക്ലീനർ, ഓഫീസ് ക്ലർക്ക് എന്നീ വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്കാണ് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാനുള്ള യോഗ്യതയുള്ളത്.

(ബി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം വാഹനത്തിന്റെ ഇനം അനുസരിച്ച് നാല് പട്ടികകളായി തരംതിരിച്ച് ഓരോ പട്ടികയിലും നിശ്ചിത എണ്ണം തൊഴിലാളികൾക്ക് നിശ്ചിത തുക അടയ്ക്കണമെന്നതാണ് മാനദണ്ഡം. അതിൻപ്രകാരമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(സി) ഓരോ വാഹന ഉടമയും ഓരോ തൊഴിലാളിയും അവരവരുടെ ഉടമാ/തൊഴിലാളി വിഹിതം നേരിട്ട് അടയ്ക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ വാർഷിക ടെസ്റ്റിന് ഹാജരാക്കുവാൻ തൊഴിലാളിയുടെ ക്ഷേമനിധി കുടിശ്ശിക അടച്ചിട്ടുണ്ടോ എന്നത് ഉറപ്പുവരുത്തേണ്ടതില്ല.

(ഡി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 649,07,39,000 രൂപ സമാഹരിച്ചിട്ടുണ്ട്.

(ഇ) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ്/ജില്ലാ സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ട്. ആയതിന്റെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

എസ്.ബി.റ്റി, കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്, പഞ്ചാബ് നാഷണൽ ബാങ്ക്, വൈശ്യാ ബാങ്ക്, ധനലക്ഷ്മി ബാങ്ക്, യൂക്കോ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സിൻഡിക്കേറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

ബാങ്ക്, ഇന്ത്യൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡാ, നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക്, കർണ്ണാടകാ ബാങ്ക്, കാത്തലിക് സിറിയൻ ബാങ്ക്, ആന്ധ്രാ ബാങ്ക് എന്നീ 17 ബാങ്കുകളിലാണ് നിക്ഷേപം നടത്തിയിട്ടുള്ളത്.

(എഫ്) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾ സർവ്വീസിൽ നിന്നും പിരിഞ്ഞുപോകുമ്പോൾ ക്ഷേമനിധിയിനത്തിൽ തൊഴിലാളിയും തൊഴിലുടമയും അടച്ച തുക പലിശ സഹിതം തിരികെ നൽകുന്നതാണ്. താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് ലഭ്യമാക്കുന്നത്.

1. <u>പെൻഷൻ</u>

10 വർഷത്തിൽ കുറയാതെ ക്ഷേമനിധിയിൽ അംഗത്വം ഉള്ളതും 60 വയസ്സ് പൂർത്തിയാക്കിയവരുമായ അംഗങ്ങൾക്ക് പ്രതിമാസം 500 രൂപ മിനിമം പെൻഷനായി ലഭിക്കും. കൂടാതെ വാഹനങ്ങളുടെ ഇനം തിരിച്ച് വാർഷിക വർദ്ധനവും ലഭിക്കും.

2. <u>ഡിസെബിലിറ്റി പെൻഷൻ</u>

ജോലി ചെയ്യാൻ കഴിയാത്തതരത്തിൽ പൂർണ്ണമായി അവശതയനുഭവിക്കുന്ന തൊഴിലാളികൾക്ക് സർവ്വീസ് ദൈർഘ്യം നോക്കാതെ മിനിമം 500 രൂപ ഡിസെബിലിറ്റി പെൻഷൻ ലഭിക്കും

3. <u>അപകടമരണാനന്തര ധനസഹായം</u>

ക്ഷേമനിധിയിൽ അംഗമായ തൊഴിലാളി അപകടംമൂലം മരണപ്പെട്ടാൽ ഒരുലക്ഷം രൂപ ധനസഹായം.

4. <u>മരണാനന്തര ധനസഹായം</u>

അംഗമായ തൊഴിലാളി സ്വാഭാവികമായി മരണപ്പെട്ടാൽ 25,000 രൂപ മരണാനന്തര സഹായം.

5. <u>ചികിത്സാ ധനസഹായം</u>

3 വർഷത്തിൽ കൂടുതൽ അംഗത്വമുള്ള തൊഴിലാളികളിക്ക് മാരകമായ അസുഖം പിടിപെട്ടാൽ പരമാവധി 50,000 രൂപ വരെ ചികിത്സാ ധനസഹായം.

6. <u>വിവാഹ ധനസഹായം</u>

മോട്ടോർ തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് 10,000 രൂപ ധനസഹായം (പരമാവധി 2 കുട്ടികൾക്ക്)

7. <u>പ്രസവാനുകൂല്യം</u>

വനിതകളായ മോട്ടോർ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 3,000 രൂപ (പരമാവധി 2 കുട്ടികൾക്ക്)

LIBRARY ARCHIVES Kerala Legislative Assembly

8. വിദ്യാഭ്യാസ സ്കോളർഷിപ്പ്

എട്ടാം ക്ലാസുമുതൽ വിവിധ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 300 രൂപ മുതൽ 4500 രൂപ വരെയുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ്.

ഇവയ്ക്കുപുറമേ വീട് വയ്ക്കുന്നതിനും പെൺമക്കളുടെ വിവാഹത്തിനും എൽ.ഐ.സി. പോളിസിക്ക് പ്രീമിയം അടയ്ക്കുന്നതിനും തൊഴിൽ രഹിതനായിരിക്കുമ്പോഴും വായ്പകൾ ലഭിക്കുന്നതാണ്.

(ജി) കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 28503 തൊഴിലാളികൾക്ക് 63,42,06,935 രൂപ ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്.

**മാലിന്യ സംസ്കരണ രംഗത്തെ തൊഴിലാളികൾ**

53 (7152) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികളെ ഏതെങ്കിലും ക്ഷേമനിധിയിൽ അംഗങ്ങളാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത വിഭാഗം തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രത്യേക ക്ഷേമനിധി രൂപീകരിക്കുന്ന കാര്യം പരിഗണനയിലില്ല.

**തടി മിൽ തൊഴിലാളികൾക്ക് ക്ഷേമനിധി**

54 (7153) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടിമില്ലുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധി നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത തൊഴിലാളികൾക്ക് വേണ്ടി ക്ഷേമനിധി രൂപീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തടി മില്ലുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് പ്രത്യേകമായി ക്ഷേമനിധി നിലവിലില്ല.

(ബി) പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

## അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2 തസ്തികകൾ

55 (7154) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് 2-ന്റെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇവ നികത്താത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) ഇവ നികത്തുന്നതിനുള്ള അടിയന്തര നടപടി കൈക്കൊള്ളുമോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ -സി) ഒഴിവുകൾ നിലവിലില്ല.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ രജിസ്ട്രേഷൻ

56 (7155) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും യഥാസമയം പുതുക്കുവാൻ കഴിയാത്തവരുമായ ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നു വരെ ;

(സി) ഇല്ലെങ്കിൽ 2011 ഡിസംബർ 31 വരെ എങ്കിലും മേൽക്കാര്യത്തിൽ കാലാവധി കൊടുക്കുവാൻ തീരുമാനിക്കുമോ ?

ഉത്തരം

(എ - സി) കേരള സർക്കാരിന്റെ 100 ദിവസത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1-1-1993 മുതൽ 30-6-2011 വരെയുള്ള കാലയളവിൽ വിവിധ കാരണങ്ങളാൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദായി സീനിയോറിറ്റി നഷ്ടമായ ഉദ്യോഗാർത്ഥികൾക്ക് റദ്ദായ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് 1-7-2011 മുതൽ 31-8-2011 വരെ അവസരം നൽകിയിരുന്നു. ഇനിയും കാലാവധി ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## തൊഴിൽ രഹിതരുടെ വിശദാംശം

57 (7156) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽരഹിതരുടെ എണ്ണം കുറച്ചു കൊണ്ടുവരുന്ന കാര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശദമാക്കുമോ ;

(ബി) 1-1-2011-ലെ കണക്കു പ്രകാരം സംസ്ഥാനത്തെ തൊഴിൽ രഹിതരുടെ എണ്ണം എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ; തൊഴിലുള്ളവനെന്നും തൊഴിൽ രഹിതനെന്നും തരംതിരിക്കുന്നതിന്റെ അടിസ്ഥാനതത്വങ്ങൾ വിശദമാക്കുമോ ;

(ഡി) ഇന്ന് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരെല്ലാം തൊഴിൽരഹിതരാണോ ; തൊഴിൽ രഹിതരായവരെല്ലാം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കരുതാമോ ; ഇല്ലെങ്കിൽ തൊഴിൽ രഹിതരായവരുടെ ശരിയായ കണക്ക് ശേഖരിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുന്ന മൂന്ന് (3) സ്വയംതൊഴിൽ പദ്ധതികൾ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് പ്രകാരം നടപ്പാക്കിവരുന്നു. ഇതിൽ കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്ബ് പദ്ധതികൾ പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് സബ്സിഡിയും, ശരണ്യ പദ്ധതിപ്രകാരം വനിതകൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പയും വകുപ്പുമുഖാന്തിരം അനുവദിക്കുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച്, തൊഴിൽ രഹിതരുടെ എണ്ണത്തിൽ കുറവ് വരുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്.

(ബി) 1-1-2011-ലെ കണക്കുപ്രകാരം സംസ്ഥാനത്തെ തൊഴിൽരഹിതരുടെ എണ്ണം 43,00,273 ആകുന്നു.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഇപ്പോഴും പുതുക്കിക്കൊണ്ടിരിക്കുന്ന ഉദ്യോഗാർത്ഥികളെയാണ് തൊഴിൽരഹിതരായി കണക്കാക്കുന്നത്.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് ഇപ്പോഴും പുതുക്കിക്കൊണ്ടിരിക്കുന്ന ഉദ്യോഗാർത്ഥികളെയാണ് തൊഴിൽ രഹിതരായി കണക്കാക്കുന്നത്. തൊഴിൽ രഹിതരായവരെല്ലാം പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് കരുതാനാവില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരുടെ കണക്ക് മാത്രമേ ഇപ്പോൾ ലഭ്യമായിട്ടുള്ളൂ.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

58 (7157) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി 2010-2011 വർഷം തൊഴിൽ ലഭിച്ചവരുടെ എണ്ണം വ്യക്തമാക്കുമോ ;

(ബി) ജില്ല തിരിച്ചും താൽക്കാലികം-സ്ഥിരം എന്നിങ്ങനെ ഇനം തിരിച്ചും കണക്ക് നൽകുമോ ;

(സി) ഈ നിയമനം സംവരണതത്വം പാലിച്ചാണോ നടത്തിയിരുന്നത് ;

(ഡി) ഏതെല്ലാം കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലാണ് ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നികത്തുന്നതെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 2010- 11 വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 12643 പേർക്ക് തൊഴിൽ ലഭിച്ചു.

(ബി) ഇതു സംബന്ധിച്ചുള്ള കണക്കുകൾ അനുബന്ധം (1) ആയി ചേർക്കുന്നു. *

(സി) അതെ.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഒഴിവുകൾ നികത്തുന്ന കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധം (2)* ആയി ചേർക്കുന്നു.

## ഐ.ടി.ഐ. കളിൽ മൂന്നാമത്തെ ഷിഫ്റ്റ്

59 (7158) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. പാലോട് രവി:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി.ഐ. കളിൽ മൂന്നാമത്തെ ഷിഫ്റ്റ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി എൻ.സി.വി.റ്റി.നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ഇതിനെക്കുറിച്ച് പ്രാഥമിക ചർച്ച നടത്തിയിരുന്നു.

**ഐ.ടി.ഐ.കളെ ഉൽക്കൃഷ്ട കേന്ദ്രങ്ങളായി ഉയർത്താൻ നടപടി**

60 (7159) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ ഐ.ടി.ഐ.കൾ തുടങ്ങുന്നത് എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ ഐ.ടി.ഐ.-കളെ ഉൽകൃഷ്ട കേന്ദ്രങ്ങളാക്കി ഉയർത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) വ്യവസായ ചോദനത്തിനാനുപാതികമായി സാങ്കേതിക വൈദഗ്ദ്ധ്യം വളർത്തുന്ന തരത്തിൽ കോഴ്സുകൾ പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2005–10 കാലയളവിൽ കേരളത്തിലെ 5 ഐ.ടി.ഐ.-കളെ ആഭ്യന്തര ധനസഹായത്തോടെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്ന പദ്ധതി നടപ്പിലാക്കി. കേന്ദ്ര സർക്കാരിന്റെ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഐ.ടി.ഐ.-കളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 22 ഐ.ടി.ഐ.-കളിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ ലോകബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ 7 ഐ.ടി.ഐ.-കളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതിയും നടന്നുവരുന്നു. മികവിന്റെ കേന്ദ്രങ്ങളിൽ മൾട്ടി സ്കിൽഡ് ട്രെയിനിംഗ് ആണ് നൽകുന്നത്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

**ഐ.ടി.ഐ.കളുടെ ആധുനികവൽക്കരണം**

61 (7160) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ..ടി.ഐ.കൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ ഐ.ടി.ഐ. കോഴ്സുകൾ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഐ.ടി.ഐ. കളിലെ വർക്ക് ഷോപ്പുകൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സ്വന്തമായി കെട്ടിടമില്ലാത്ത ഐ.ടി.ഐ.കൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) ആലപ്പുഴ ജില്ലയിലെ പള്ളിപ്പാട് എന്ന സ്ഥലത്ത് പുതിയ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) 2008-09, 2009-10, 2010-11 വർഷങ്ങളിൽ സംസ്ഥാനത്ത് ആരംഭിച്ച 38 ഐ.ടി.ഐ.-കൾ ഒഴികെ മറ്റെല്ലാ ഐ.ടി.ഐ. കളും സ്വന്തമായുള്ള കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത ഐ.ടി.ഐ. കൾക്കാവശ്യമായ സ്ഥലവും കെട്ടിടവും നൽകേണ്ടത് അതാതു തദ്ദേശഭരണ സ്ഥാപനങ്ങളാണ്.

**പെരിങ്ങോം ഐ.ടി.ഐ.യിലെ തസ്തികകൾ**

62 (7161) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം ഐ.ടി.ഐ. കളിൽ പ്രിൻസിപ്പൽ തസ്തിക ഒഴിവുണ്ട് ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ആരംഭിച്ച പെരിങ്ങോം ഐ.ടി.ഐ. യിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രിൻസിപ്പൽ ക്ലാസ്-I തസ്തികയിൽ ഒഴിവുള്ള ഐ.ടി.ഐ.കൾ താഴെ പറയുന്നവയാണ്.

1. ഐ.ടി.ഐ. ചാക്ക
2. ഐ.ടി.ഐ. ധനുവച്ചപുരം
3. വനിതാ ഐ.ടി.ഐ. കഴക്കൂട്ടം
4. ഐ.ടി.ഐ. പള്ളിക്കത്തോട്
5. ഐ.ടി.ഐ. കണ്ണൂർ
6. ഐ.ടി.ഐ. കയ്യൂർ

പ്രിൻസിപ്പൽ ക്ലാസ് - II / വൈസ് പ്രിൻസിപ്പൽ തസ്തികയിൽ ഒഴിവുള്ള ഐ.ടി.ഐ.-കൾ താഴെ പറയുന്നവയാണ്.

1. ഐ.ടി.ഐ. തേവലക്കര
2. വനിതാ ഐ.ടി.ഐ. മെഴുവേലി
3. ഐ.ടി.ഐ. ഏറ്റുമാനൂർ
4. ഐ.ടി.ഐ. മരട്
5. ഐ.ടി.ഐ. മലമ്പുഴ
6. ഐ.ടി.ഐ. അട്ടപ്പാടി
7. ഐ.ടി.ഐ. അരീക്കോട്
8. ഐ.ടി.ഐ. കോഴിക്കോട്
9. ഐ.ടി.ഐ. വളയം
10. ഐ.ടി.ഐ. പേരാവൂർ
11. ഐ.ടി.ഐ. മാടായി
12. ഐ.ടി.ഐ. പെരിങ്ങോം - വയക്കര
13. ഐ.ടി.ഐ. കാസർഗോഡ്
14. ഐ.ടി.ഐ. ഉദുമ
15. ഐ.ടി.ഐ. സീതാംഗോളി
16. ഐ.ടി.ഐ. കയ്യൂർ
17. ഐ.ടി.ഐ. മടിക്കൈ

(ബി) പെരിങ്ങോം-വയക്കര ഐ.ടി.ഐ.-യിൽ ഒഴിവുള്ള തസ്തികകൾ താഴെ പറയുന്നവയാണ് :

| | | |
|---|---|---|
| 1. | പ്രിൻസിപ്പൽ ക്ലാസ് II | 1 |
| 2. | ജൂനിയർ സൂപ്രണ്ട് | 1 |
| 3. | ജൂനിയർ ഇൻസ്ട്രക്ടർ (എം.എം.വി.) | 1 |
| 4. | ജൂനിയർ ഇൻസ്ട്രക്ടർ (വെൽഡർ) | 2 |
| 5. | ജൂനിയർ ഇൻസ്ട്രക്ടർ (എ.സി.ഡി.) | 1 |
| 6. | എൽ.ഡി. സ്റ്റോർ കീപ്പർ | 1 |
| 7. | വർക്ക്ഷോപ്പ് അറ്റന്റർ (എം.എം.വി) | 1 |
| 8. | പ്യൂൺ | 1 |
| | ആകെ .. | 9 |

(സി) പ്രിൻസിപ്പൽ ക്ലാസ്- II തസ്തികയിലേക്കുള്ള പ്രൊമോഷൻ നടത്തുന്നതിനുള്ള ഡി.പി.സി. കുറിപ്പ് തയ്യാറാക്കിവരുന്നു. ജൂനിയർ സൂപ്രണ്ട്, എൽ.ഡി. സ്റ്റോർ കീപ്പർ തസ്തികകളിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊമോഷനുകൾ നടക്കുന്ന മുറയ്ക്ക് പെരിങ്ങോം-വയക്കര ഐ.ടി.ഐ.-യിലെ ഒഴിവുകൾ നികത്താനാകും. പെരിങ്ങോം-വയക്കര ഐ.ടി.ഐ.-യിൽ ഒഴിവുള്ള 4 ജൂനിയർ ഇൻസ്ട്രക്ടർ തസ്തികകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ട്രെയിനിംഗിന് തടസ്സമുണ്ടാകാതിരിക്കാൻ, വെൽഡർ ട്രേഡ് ഇൻസ്ട്രക്ടറുടെ ഒരു ഒഴിവിലേക്കും എ.സി.ഡി. ഇൻസ്ട്രക്ടറുടെ ഒഴിവിലേയ്ക്കും താൽക്കാലികമായി ഗസ്റ്റ് ഇൻസ്ട്രക്ടർമാരെ നിയമിച്ചിട്ടുണ്ട്. വെൽഡർ ട്രേഡിലെ രണ്ടാമത്തെ ഒഴിവിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റ് നിലവിലുള്ളതിനാൽ പി.എസ്.സി.-യിൽ നിന്ന് ശുപാർശ ലഭിക്കുന്ന മുറയ്ക്ക് എം.എം.വി. ട്രേഡിലെ ഇൻസ്ട്രക്ടറുടെ ഒഴിവ് നികത്താൻ കഴിയുന്നതാണ്. വർക്ക്ഷോപ്പ് അറ്റന്റർ (എം.എം.വി) തസ്തികയിൽ നിയമനം നടത്തുന്നതിന് ക്ലാസ് 4 ഗ്രഡേഷൻ ലിസ്റ്റിൽ യോഗ്യതയുള്ള ആരും നിലവിലില്ല. പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് വർക്ക്ഷോപ്പ് അറ്റന്റർ തസ്തികയിലെ ഒഴിവ് നികത്താനാകും. പ്യൂൺ തസ്തികയിലെ ഒഴിവ് കണ്ണൂർ ജില്ലാ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഐ.ടി.ഐ.കളിലെ പ്രിൻസിപ്പൽ/വൈസ് പ്രിൻസിപ്പൽ തസ്തികകൾ

**63 (7162)** ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഐ.ടി.ഐ. കളിൽ പ്രിൻസിപ്പൽ ക്ലാസ് 2/വൈസ് പ്രിൻസിപ്പൽ തസ്തികകളിൽ എത്ര ഒഴിവുണ്ടെന്ന് സ്ഥാപന അടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകൾ ഏത് തീയതി മുതൽ ഉണ്ടായതാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലേക്ക് പ്രൊമോഷന് യോഗ്യത നേടിയവർ എത്ര പേർ വകുപ്പിലുണ്ടെന്നും അവർ ഏത് തീയതി മുതലാണ് യോഗ്യത നേടിയതെന്നും പേര് സഹിതം വിശദമാക്കാമോ ;

(ഡി) യോഗ്യതയുള്ളവരെ പ്രൊമോട്ട് ചെയ്യുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ഇ) യോഗ്യതയുള്ളവരെ ഉൾപ്പെടുത്തി പ്രൊപ്പോസൽ തയ്യാറാക്കി വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിക്ക് സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ തീയതി അറിയിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ)

| സ്ഥാപനത്തിന്റെ പേര് | തസ്തിക |
|---|---|
| 1. ഐ.ടി.ഐ. തേവലക്കര | പ്രിൻസിപ്പൽ ക്ലാസ് -2 |
| 2. ഐ.ടി.ഐ. മെഴുവേലി | പ്രിൻസിപ്പൽ ക്ലാസ് -2 |
| 3. ഐ.ടി.ഐ. -ഏറ്റുമാനൂർ | വൈസ്-പ്രിൻസിപ്പാൾ |
| 4. ഐ.ടി.ഐ. മരട് | പ്രിൻസിപ്പൽ ക്ലാസ് -2 |
| 5. ഐ.ടി.ഐ. മലമ്പുഴ | വൈസ്-പ്രിൻസിപ്പാൾ |
| 6. ഐ.ടി.ഐ. അട്ടപ്പാടി | പ്രിൻസിപ്പൽ ക്ലാസ് -2 |
| 7. ഐ.ടി.ഐ. അരീക്കോട് | വൈസ്-പ്രിൻസിപ്പാൾ |
| 8. ഐ.ടി.ഐ. കോഴിക്കോട് | വൈസ്-പ്രിൻസിപ്പാൾ |
| 9. ഐ.ടി.ഐ. വളയം | പ്രിൻസിപ്പൽ ക്ലാസ് -2 |
| 10. ആർ.ഐ. സെന്റർ കോഴിക്കോട് | ട്രെയിനിംഗ് ഓഫീസർ |
| 11. ഐ.ടി.ഐ. പെരിങ്ങോം വയക്കര | പ്രിൻസിപ്പൽ ക്ലാസ് -2 |
| 12. ഐ.ടി.ഐ. പേരാവൂർ | പ്രിൻസിപ്പൽ ക്ലാസ് -2 |

| സ്ഥാപനത്തിന്റെ പേര് | തസ്തിക |
|---|---|
| 13. ഐ.ടി.ഐ മാടായി | പ്രിൻസിപ്പൽ ക്ലാസ് -2 |
| 14. ഐ.ടി.ഐ. കാസർഗോഡ് | വൈസ്-പ്രിൻസിപ്പാൾ |
| 15. ഐ.ടി.ഐ. ഉദുമ | പ്രിൻസിപ്പൽ ക്ലാസ് -2 |
| 16. ഐ.ടി.ഐ. സീതാംഗോളി | പ്രിൻസിപ്പൽ ക്ലാസ് -2 |
| 17. ഐ.ടി.ഐ.കയ്യൂർ | വൈസ്-പ്രിൻസിപ്പാൾ |
| 18. ഐ.ടി.ഐ.മടിക്കൈ | പ്രിൻസിപ്പൽ ക്ലാസ് -2 |
| ആകെ | 18 ഒഴിവുകൾ |

(ബി) 6-8-2010 -ന് 2 ഒഴിവുകൾ

16-8-2010- ന് 1 ഒഴിവ്

20-1-2011 -ന് 7 ഒഴിവുകൾ

1-4-2011 -ന് 8 ഒഴിവുകൾ

(സി)

| പേര് | യോഗ്യത നേടിയ തീയതി |
|---|---|
| 1. ശ്രീ. എ. മോഹനൻ | 6-8-2010 |
| 2. ശ്രീ. കെ. എ.നിസാർ | 20-10-2010 |
| 3. ശ്രീ. ബി.എസ്. ശ്രീകുമാരൻ | 20-1-2011 |
| 4. ശ്രീമതി സി. എൽ. അനുരാധ | 20-1-2011 |
| 5. ശ്രീ. തോമസ് പോൾ വാഴപ്പള്ളി | 20-1-2011 |
| 6. ശ്രീ. ആർ. ഉണ്ണികൃഷ്ണൻ | 16-3-2011 |
| 7. ശ്രീ. പി. കെ. രാജപ്പൻ | 20-1-2011 |
| 8. ശ്രീ. എം. ശങ്കരൻ | 25-3-2011 |
| 9. ശ്രീ. മൊയ്ദീൻകുട്ടി കെ. | 27-2-2011 |
| 10. ശ്രീമതി ടി. ജി. ജയ | 28-4-2011 |
| 11. ശ്രീ. കെ. എസ്. രാമചന്ദ്രൻ | 25-5-2011 |
| 12. ശ്രീ. ജയൻ ജോൺ | 26-4-2011 |
| 13. ശ്രീമതി കെ. വി. ജലജകുമാരി | 28-4-2011 |
| 14. ശ്രീമതി എം. ബി. ബേബി | 7-5-2011 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 15. ശ്രീ. റ്റി. മനോജ്കുമാർ | 30-4-2011 |
| 16. ശ്രീ. സുരേഷ് ജി. | 31-5-2011 |
| 17. ശ്രീ. ജോസാ പി. വി. | 6-6-2011 |
| 18. ശ്രീ. ആർ. ശ്രീകുമാർ | 26-4-2011 |

(ഡി) യോഗ്യതയുള്ള ഉദ്യോഗസ്ഥർ നോൺ-ഗസറ്റഡ് തസ്തികയിലാണുള്ളത്. ഇവർക്ക് സ്റ്റേറ്റ് സർവ്വീസിലുള്ള മേൽ തസ്തികയിലേക്ക് ഉദ്യോഗകയറ്റം ലഭിക്കുവാൻ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റികൂടി പരിശോധിച്ച് സെലക്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഗസറ്റിൽ പരസ്യം ചെയ്യുകയും വേണം. ഇതിനാവശ്യമായ നടപടികൾ നടന്നുവരുന്നു.

(ഇ) ഡി.പി.സി. നോട്ട് തയ്യാറായിവരുന്നു. ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ഉദ്യോഗസ്ഥരുടെ സീനിയോറിട്ടിയിൽ പുനഃക്രമീകരണങ്ങൾ ആവശ്യമുള്ളത് പൂർത്തികരിക്കുകയും കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ മൂല്യനിർണ്ണയം നടത്തുകയും ചെയ്യേണ്ടതുണ്ട്. സീനിയോറിട്ടിയിൽ പുനഃക്രമീകരണങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒറ്റപ്പാലം തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ ഐ.ടി.ഐ.**

64 (7163) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ തൊഴിൽ പരിശീലന വകുപ്പിന് കീഴിൽ ഒരു ഐ.ടി.ഐ. ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച പ്രൊപ്പോസലിന്റെ കാലിക സ്ഥിതി വ്യക്തമാക്കാമോ ;

(സി) ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ;

(ഡി) അടുത്ത അദ്ധ്യയന വർഷത്തിൽ ക്ലാസുകൾ ആരംഭിക്കുവാൻ കഴിയുമോ ; വിശദമാക്കാമോ ;

(ഇ) ഏതെല്ലാം കോഴ്സുകളാണ് പ്രസ്തുത ഐ.ടി.ഐ.യിൽ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ?

**ഉത്തരം**

(എ-ഇ) പ്രസ്തുത സ്ഥലത്ത് ഐ.ടി.ഐ. ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

## ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്കായി തൊഴിലും പുനരധിവാസവും

65 (7164) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാരീരികമായി വെല്ലുവിളി നേരിടുന്നവരുടെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അതുവഴി അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഗ്രൂപ്പുകൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് പ്രത്യേക പരിഗണന നൽകി സബ്സിഡിയോടെ ലോൺ അനുവദിക്കുന്നതിന് ആവശ്യമായ നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കുമോ ?

### ഉത്തരം

(എ & ബി) ശാരീരികമായി വെല്ലുവിളി നേരിടുന്നവരുടെ സ്വയംസഹായ ഗ്രൂപ്പുകൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനും അവരുടെ പുനരധിവാസം ഉറപ്പാക്കുന്നതിനും സാമ്പത്തിക സഹായം നൽകുന്ന പ്രത്യേക പദ്ധതികൾ ഒന്നും വകുപ്പു മുഖാന്തിരം നടപ്പാക്കുന്നില്ല. എന്നാൽ നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കിവരുന്ന കെസ്റു, മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ലബ്, ശരണ്യ എന്നീ സ്വയം തൊഴിൽ പദ്ധതികൾ പ്രകാരം സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് അപേക്ഷിക്കുന്ന ശാരീരികമായി വെല്ലുവിളി നേരിടുന്നവർക്ക്/ഗ്രൂപ്പുകൾക്ക് പ്രത്യേക പരിഗണനയും മുൻഗണനയും നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം

66 (7165) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിന്റെ പ്രവർത്തനം കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ടോ ;

(ബി) എങ്കിൽ അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) വ്യവസായ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണകാര്യത്തിൽ വകുപ്പ് നിർവ്വഹിക്കുന്ന ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിലും പരിസ്ഥിതി സംരക്ഷണകാര്യത്തിലും തൊഴിൽ ശാലകൾ വീഴ്ചവരുത്തിയാൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പരിഷ്ക്കരിക്കേണ്ടതുണ്ട്.

(ബി) വകുപ്പിന്റെ വിപുലീകരണത്തിനു വേണ്ടിയുള്ള ഒരു റീ-ഓർഗനൈസേഷൻ പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) തൊഴിൽ ജന്യരോഗങ്ങൾ തടയുന്നതിനായി പരമ്പരാഗത വ്യവസായങ്ങൾ കൂടുതലുള്ള ജില്ലകളിൽ മെഡിക്കൽ പരിശോധന ക്യാമ്പുകൾ നടത്തിവരുന്നു. തൊഴിൽ ജന്യരോഗങ്ങൾ കണ്ടെത്തുന്നതിന് ഒക്കുപ്പേഷണൽ സർവ്വേ നടത്തിവരുന്നു. കൂടാതെ തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി ഒരു ജോയിന്റ് ഡയറക്ടർ (മെഡിക്കൽ)-ന്റെ കീഴിൽ ഒരു മെഡിക്കൽ വിഭാഗവും കെമിക്കൽ ഫാക്ടറികൾ പരിശോധിച്ച് അഡ്വൈസ് നൽകുന്നതിന് ഒരു കെമിക്കൽ വിഭാഗവും പ്രവർത്തിച്ചുവരുന്നു. തൊഴിലാളികളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുവേണ്ടി എയർ മോണിറ്ററിംഗ് സ്റ്റഡി നടത്തിവരുന്നു. തൊഴിൽജന്യ രോഗങ്ങൾ കണ്ടെത്തി ചികിൽസിക്കുന്നതിനായി കൊല്ലം ജില്ലയിൽ ഒരു ഒക്കുപ്പേഷണൽ ഹെൽത്ത് സെന്റർ സ്ഥാപിക്കുന്നതിനുവേണ്ടി പ്രസ്തുത സ്ഥാപനത്തിന്റെ ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്.

(ഡി) മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ട് അനുസരിച്ച് സ്ത്രീ തൊഴിലാളികളുടെ പ്രസവാനുകൂല്യങ്ങൾ നൽകുന്ന കാര്യം ഉറപ്പുവരുത്തുന്നുണ്ട്. പരിസ്ഥിതി സംരക്ഷണ നിയമങ്ങൾ അനുസരിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതും വകുപ്പിന്റെ ചുമതലയിൽപ്പെടുന്നു. പ്രസ്തുത കാര്യങ്ങളിൽ തൊഴിൽശാലകൾ വീഴ്ച വരുത്തിയാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനുകീഴിൽ തസ്തിക കൺവെർട്ട് ചെയ്ത നടപടി

**67 (7166)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനുകീഴിൽ സുരക്ഷാ പരിശോധന മുൻനിർത്തി എത്ര സുരക്ഷാ സെല്ലുകൾ പ്രവർത്തിക്കുന്നു ; ഇതിനായി ഏതെല്ലാം തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട് ;

(ബി) കോഴിക്കോട് കേന്ദ്രമായി പ്രവർത്തിക്കുന്ന സുരക്ഷാ സെല്ലിലെ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് തസ്തിക 2001-ൽ താൽക്കാലികമായി കെമിക്കൽ ഇൻസ്പെക്ടർ എന്ന തസ്തികയാക്കി മാറ്റിയിട്ടുണ്ട് ; ,

(സി) പ്രസ്തുത തസ്തികയിൽ പി.എസ്.സി.യുടെ നിർദ്ദേശം മറികടന്ന് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ഏതെങ്കിലും ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) തസ്തിക കൺവർട്ട് ചെയ്ത് കെമിക്കൽ ഇൻസ്പെക്ടർ തസ്തികയാക്കിയതുമൂലം സുരക്ഷാ പരിശോധന തടസ്സപ്പെട്ട സാഹചര്യത്തിൽ പ്രസ്തുത തസ്തിക തിരികെ കൺവർട്ട് ചെയ്ത് നൽകണമെന്ന വകുപ്പദ്ധ്യക്ഷന്റെ ശുപാർശയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ; ഇതിൽ തീരുമാനമെടുക്കുന്നതിൽ ന്യായീകരിക്കാൻ പറ്റാത്ത കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഒരു പ്രത്യേക പദ്ധതിക്കായി (സുരക്ഷാ സ്കീമിന്) അനുവദിച്ച തസ്തിക താൽക്കാലികമെന്നവണ്ണം 2001-ൽ കൺവർട്ട് ചെയ്ത് താൽക്കാലിക സർവ്വീസിൽ സ്ഥിരപ്പെടുത്തിയ നടപടിക്ക് മന്ത്രിസഭയുടെ അംഗീകാരം ഉണ്ടായിരുന്നോ ?

<u>ഉത്തരം</u>

(എ) ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പിനുകീഴിൽ മൂന്ന് സുരക്ഷാ സെല്ലുകൾ പ്രവർത്തിക്കുന്നു. അവ താഴെപറയുന്നു :

1. സേഫ്റ്റി സെൽ, ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, കൊല്ലം

2. സേഫ്റ്റി സെൽ, ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, എറണാകുളം

3. സേഫ്റ്റി സെൽ, ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്, കോഴിക്കോട്

ഓരോ സേഫ്റ്റി സെല്ലിലും ഒരു കെമിക്കൽ ഇൻസ്പെക്ടർ,

ഒരു മെഡിക്കൽ ഓഫീസർ, ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് (മെക്കാനിക്കൽ) എന്നീ തസ്തികകൾ ഉണ്ട്. കൊല്ലം, എറണാകുളം സേഫ്റ്റി സെല്ലുകളിൽ ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് & ബോയിലേഴ്സ് (മെക്കാനിക്കൽ)-നെ നിയമിച്ചിട്ടുണ്ട്. കോഴിക്കോട് സേഫ്റ്റി സെല്ലിൽ ടി തസ്തിക നിലവിൽ ഇല്ല. കോഴിക്കോട് സേഫ്റ്റി സെല്ലിൽ മെഡിക്കൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. എറണാകുളം, കൊല്ലം സുരക്ഷാസെല്ലുകളിൽ മെഡിക്കൽ ഓഫീസർ തസ്തികയിലെ ഒഴിവ് നികത്തിയിട്ടില്ല.

(ബി) ഉണ്ട്. 1-8-2003-ലെ G.O(Rt)No.2119/2003/LBR ഉത്തരവു പ്രകാരമാണ് ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് തസ്തിക കെമിക്കൽ ഇൻസ്പെക്ടർ എന്ന തസ്തികയാക്കി മാറ്റിയിട്ടുള്ളത്.

(സി) കെമിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന ശ്രീമതി ജി. സുലോചനയെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(ഡി) ടി തസ്തിക ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയാക്കി കൺവെർട്ട് ചെയ്യുന്നതിനായുള്ള പ്രൊപ്പോസൽ

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരിന്റെ പരിഗണനയിലാണ്. റീകൺവെർട്ട് ചെയ്യുമ്പോൾ വകുപ്പിലെ ഒരു കെമിക്കൽ ഇൻസ്പെക്ടർ തസ്തിക കുറയുന്നതുമൂലം ഉണ്ടായേക്കാവുന്ന റിട്രഞ്ച്മെന്റ് ഒഴിവാക്കുന്നതിനായി വിശദമായി പരിശോധിക്കേണ്ടതുണ്ടായിരുന്നു.

(ഇ) G.O(Rt)No.2119/2003/LBR dated. 1-8-2003 പ്രകാരമാണ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഇൻസ്പെക്ടർ ഗ്രേഡ്-II എന്ന തസ്തിക താൽക്കാലികമായി കൺവെർട്ട് ചെയ്ത് കെമിക്കൽ ഇൻസ്പെക്ടർ തസ്തികയാക്കിയിട്ടുള്ളത്. ടി നടപടിക്ക് മന്ത്രിസഭയുടെ അംഗീകാരം തേടിയിരുന്നില്ല.

**തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്മാർട്ട് കാർഡ്**

68 (7167) ശ്രീ. പാലോട് രവി:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്മാർട്ട് കാർഡ് നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കാർഡ് ഉപയോഗിക്കാനുള്ള സൗകര്യം സംസ്ഥാനത്തെ ഡിസ്പെൻസറികളിൽ തുടങ്ങിയിട്ടുണ്ടോ ;

(സി) ഇതിനുള്ള സൗകര്യം ഉടൻ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) സംസ്ഥാനത്ത് തൊഴിലാളികൾക്ക് ഇ.എസ്.ഐ. സ്മാർട്ട് കാർഡ് നൽകുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ബി & സി) പ്രസ്തുത കാർഡ് ഉപയോഗിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുന്ന നടപടികളും അന്തിമ ഘട്ടത്തിലാണ്.

**സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ എ.പി.എൽ കുടുംബങ്ങൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരം**

69 (7168) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൻകീഴിൽ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് എ.പി.എൽ., ബി.പി.എൽ. തരം തിരിച്ച് വ്യക്തമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതിയിൽ ഇതുവരെ രജിസ്റ്റർ ചെയ്യാത്ത എ.പി.എൽ. കുടുംബങ്ങൾക്ക് ഇപ്പോൾ രജിസ്റ്റർ ചെയ്യാൻ സൗകര്യമുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ വിഭാഗത്തിന് രജിസ്റ്റർ ചെയ്യാൻ അവസരം നൽകുമോ ?

ഉത്തരം

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 27,73,346 ബി.പി.എൽ. കുടുംബങ്ങളും 39,268 എ.പി.എൽ. കുടുംബങ്ങളും അംഗങ്ങളായിട്ടുണ്ട്.

(ബി) ഇല്ല.

(സി) പദ്ധതിയുടെ 2-ാം വർഷത്തിൽ എ.പി.എൽ.കുടുംബങ്ങൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരം നൽകിയിരുന്നു. നിലവിൽ എ.പി.എൽ. വിഭാഗത്തിന് പുതുതായി രജിസ്റ്റർ ചെയ്യുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ല.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിൽ സ്വകാര്യ ആശുപത്രികൾ നേരിടുന്ന പ്രശ്നങ്ങൾ

70 (7169) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടത്തിപ്പിൽ സ്വകാര്യ ആശുപത്രികൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(സി) എല്ലാ സ്വകാര്യ ആശുപത്രികൾക്കും പദ്ധതിയിൽ താല്പര്യമുണ്ടാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ആശുപത്രികൾക്ക് ചികിത്സാച്ചെലവ് യഥാസമയം അനുവദിച്ചുകിട്ടുന്നില്ല എന്നതാണ് പ്രധാന പരാതി. ഇത് പരിഹരിക്കുന്നതിനായി ടി.പി.എ. ഇൻഷ്വറൻസ് കമ്പനി സ്വകാര്യ ആശുപത്രി മാനേജ്മെന്റ് എന്നിവരെ പങ്കെടുപ്പിച്ച് അദാലത്ത് നടത്തി പ്രശ്നങ്ങൾ പരിഹരിക്കാറുണ്ട്.

(സി) സർക്കാർ, സഹകരണ ആശുപത്രികളുടെ സേവനം ആവശ്യത്തിന് ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ പദ്ധതികൊണ്ട് സ്വകാര്യ ആശുപത്രികൾക്ക് ഉണ്ടാകാവുന്ന നേട്ടങ്ങൾ അവരെ ബോധ്യപ്പെടുത്തി കൂടുതൽ ആശുപത്രികളെ പദ്ധതിയിൻകീഴിൽ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഇ.എസ്.ഐ. സ്മാർട്ട് കാർഡ് പദ്ധതി

71 (7170) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ഇ.എസ്.ഐ. ആശുപത്രികളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ ;

(ബി) ഇ.എസ്.ഐ. സ്മാർട്ട് കാർഡ് പദ്ധതി (പെഹ്ചാൻ കാർഡ്) സംബന്ധമായ വിശദാംശം നൽകാമോ ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ഗുണഭോക്താക്കളുടെ പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് പെഹ്ചാൻ കാർഡുകൾ. ഇത് ഉപയോഗിച്ച് ഗുണഭോക്താക്കൾക്ക് ഇന്ത്യയിൽ എവിടെയുമുള്ള ഇ.എസ്.ഐ.ആശുപത്രികളിൽ നിന്നും ചികിത്സ തേടാവുന്നതാണ്.

## കണ്ണൂർ ജില്ലയിലെ ഇ.എസ്.ഐ. ആശുപത്രികൾ

72 (7171) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ നിലവിൽ എത്ര ഇ.എസ്.ഐ. ആശുപത്രികളും ഡിസ്പെൻസറികളും ഉണ്ട് ; ഇവിടെനിന്നും രോഗികൾക്ക് എന്തൊക്കെ സൗജന്യങ്ങളാണ് ലഭിക്കുന്നത് ; വിശദാംശം നൽകാമോ ;

(ബി) കണ്ണൂർ ജില്ലയിൽ പുതുതായി ഇ.എസ്.ഐ. ആശുപത്രികളോ ഡിസ്പെൻസറികളോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ഒരു ഇ.എസ്.ഐ.ആശുപത്രിയും 11 ഇ.എസ് ഐ. ഡിസ്പെൻസറികളും നിലവിലുണ്ട്. ഇ.എസ്ഐ. ഡിസ്പെൻസറികളിൽ നിന്ന് ഒ.പി.ചികിത്സയും ആശുപത്രികളിൽ നിന്ന് ഒ.പി./ഐ.പി. ചികിത്സകളും ഗുണഭോക്താക്കൾക്ക് സൗജന്യമായി ലഭ്യമാണ്. ഇ.എസ്.ഐ. ഡിസ്പെൻസറികളിൽ നിന്ന് ലീവ്, രോഗ സംബന്ധമായ സർട്ടിഫിക്കറ്റുകളും വിതരണം ചെയ്യുന്നുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ഇ.എസ്.ഐ. ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സകൾ മറ്റ് ആശുപത്രികളിൽ ചെയ്യുമ്പോൾ നിയമ പ്രകാരമുള്ള റീ-ഇംബേഴ്സ്മെന്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ട്.

(ബി) പരിഗണനയിലില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**അരൂർ ഇ.എസ്.ഐ. ആശുപത്രിക്ക് കെട്ടിടനിർമ്മാണം**

73 (7172) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ നിയോജകമണ്ഡലത്തിൽ എവിടെയൊക്കെയാണ് ഇ.എസ്.ഐ. ആശുപത്രികൾ പ്രവർത്തിക്കുന്നത് ; ഈ ആശുപത്രികൾ സ്വന്തം കെട്ടിടത്തിലാണോ വാടക കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) അരൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ആശുപത്രി ഒഴിഞ്ഞു കൊടുക്കണമെന്ന് കെട്ടിട ഉടമസ്ഥൻ ആവശ്യപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിലും മത്സ്യസംസ്കരണ ശാലകളിലും പണിയെടുക്കുന്ന ആയിരക്കണക്കിന് തൊഴിലാളികൾക്ക് ആശ്രയമായിരുന്ന അരൂർ ഇ.എസ്.ഐ. ആശുപത്രി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒഴിവുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അരൂർ നിയോജകമണ്ഡലത്തിൽ അരൂർ ഡിസ്പെൻസറി, എഴുപുന്ന ഡിസ്പെൻസറി എന്നിവയാണ് പ്രവർത്തിക്കുന്നത്. ഇത് രണ്ടും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ.എസ്ഐ. ഡിസ്പെൻസറിക്ക് സ്ഥലം ഏറ്റെടുക്കുന്നതും പുതിയ കെട്ടിടം പണിയുന്നതും ഇ.എസ്.ഐ. കോർപ്പറേഷനായതിനാൽ ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത് ഇ.എസ്.ഐ. കോർപ്പറേഷനാണ്.

**കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറി**

74 (7173) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറികളിലെ രൂക്ഷമായ മരുന്നുക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കൊരട്ടി ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ കെട്ടിട നിർമ്മാണം ഏത് ഘട്ടത്തിലാണ് ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ഡിസ്പെൻസറികളിലും ആശുപത്രികളിലും ആവശ്യമായ മരുന്നുകൾ ലഭ്യമാണ്. മറിച്ചുള്ള പരാതികളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇ.എസ്.ഐ. കോർപ്പറേഷൻ എസ്റ്റിമേറ്റിനായി എച്ച്.എൽ.എൽ.-നെ സമീപിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ഇ.എസ്.ഐ. ആശുപത്രികളിലെ മരുന്നിന്റെ ലഭ്യത**

**75 (7174)** ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യത്തിന് മരുന്ന് ലഭ്യമാക്കുന്നത് ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇ.എസ്.ഐ. ആശുപത്രികളിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

**ഇ.എസ്.ഐ. പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ നടപടി**

**76 (7175)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.എസ്.ഐ. പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇ.എസ്.ഐ. യുടെ കീഴിലുള്ള ആശുപത്രികൾ മെഡിക്കൽ കോളേജായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ &ബി) ഇ.എസ്.ഐ. പരിധിയിൽ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിരുന്ന തൊഴിലാളികളുടെ എണ്ണം 20-ൽ നിന്ന് 10 ആയി കുറയ്ക്കുകയും ശമ്പളത്തിന്റെ പരിധി 10,000-ൽ നിന്ന് 15,000 ആയി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ കൂടുതൽ പ്രദേശങ്ങളെ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തുന്നതിന് ഇ.എസ്.ഐ. കോർപ്പറേഷനോട് ശുപാർശ ചെയ്തിട്ടുണ്ട്.

(സി) പാരിപ്പള്ളിയിലെ ഇ.എസ്.ഐ. ആശുപത്രി മെഡിക്കൽ കോളേജായി ഉയർത്തുന്നതിനും എഴുകോണിലെ ഇ.എസ്.ഐ. ആശുപത്രി

LIBRARY ARCHIVES Kerala Legislative Assembly

ദന്തൽ കോളേജായി ഉയർത്തുന്നതിനും ഇ.എസ്.ഐ. കോർപ്പറേഷന് വിട്ടുകൊടുത്തിട്ടുണ്ട്. മറ്റ് നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല.

**കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് നിയമനം**

**77 (7176)** ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ഫാർമസിസ്റ്റ് തസ്തിക നിലവിലില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫാർമസിസ്റ്റില്ലാതെ മരുന്ന് വിതരണം സുഗമമായി നടത്താനാവില്ലെന്നകാര്യം ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഫാർമസിസ്റ്റിനെ സ്ഥിരമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്. 20-4-2011-ലെ ഉത്തരവ് പ്രകാരം മാവൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഒരു ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തിക കോട്ടയ്ക്കൽ ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്ക് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്.

(സി) ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി ഈ ഒഴിവ് പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**എക്സ്റ്റൻഷൻ സെന്ററുകളുടെ ശാക്തീകരണം**

**78 (7177)** ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ലൂഡി ലൂയിസ്:
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിനു കീഴിലുള്ള എക്സ്റ്റൻഷൻ സെന്ററുകളുടെ ശാക്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

(ബി) പ്രസ്തുത സെന്ററുകളിലെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## ഉത്തരം

(എ) എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ ശാക്തീകരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നവയാണ് :

1. സംസ്ഥാന ബഡ്ജറ്റിൽപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമായി തുക വകയിരുത്തുകയും ആയത് വിനിയോഗിച്ചുവരികയും ചെയ്യുന്നുണ്ട്. നടപ്പുവർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക വിനിയോഗിച്ച് നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യ വികസന പരിപാടികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

2. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം ഓരോ എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾക്കും നൽകുന്ന 10 ലക്ഷം രൂപയുടെ റിക്കറിംഗ് ഗ്രാന്റ് കൃത്യമായി നേടിയെടുക്കുകയും പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചു വരികയും ചെയ്യുന്നു.

3. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ നിന്നും പരിശീലന കേന്ദ്രത്തിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നോൺ റിക്കറിംഗ് ഗ്രാന്റിനത്തിൽ സഹായം നേടുന്നതിന് പ്രൊപ്പോസലുകൾ സമർപ്പിക്കുകയും സഹായം നേടിയെടുക്കുകയും ഇപ്രകാരം ലഭിക്കുന്ന തുക വിനിയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ബി & സി) പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ ഓരോ വർഷത്തേയും പരിശീലന കലണ്ടറുകൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരികയും ചെയ്യുന്നു. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിനായി ഇവയെ എസ്.ഐ.ആർ.ഡി.യുടെ അക്കാദമിക് നിയന്ത്രണത്തിലാക്കിയിട്ടുണ്ട്. എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകളിലെ ലക്ചറർമാർക്ക് എസ്.ഐ.ആർ.ഡി.യിലും എൻ.ഐ.ആർ.ഡി.യിലും പരിശീലനം നൽകുന്നുണ്ട്. പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ടീച്ചിംഗിന് ആവശ്യമായ ആധുനിക ഉപകരണങ്ങളായ ലാപ്ടോപ്പ്, എൽ.സി.ഡി. പ്രോജക്ടർ, ഡിജിറ്റൽ ക്യാമറ, ജനറേറ്റർ എന്നിവ വാങ്ങുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

### ഗ്രാമവികസന വകുപ്പിന്റെ വിവിധ പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം

79 (7178) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന വിവിധ സർക്കാർ പദ്ധതികളെക്കുറിച്ച് കൃത്യമായി അറിയിപ്പു ലഭിക്കാത്തതുമൂലം സാധാരണക്കാർ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, സർക്കാർ പദ്ധതികളെക്കുറിച്ചും, വി.ഇ.ഒ.മാരിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുവാനുള്ള നടപടി സ്വീകരിക്കുമോ ; ഇതിനായി സർക്കാരിന്റെ പരിഗണനയിലുള്ള പദ്ധതിയെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത ഗ്രാമവികസന പരിപാടികളെക്കുറിച്ച് ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയും പത്രങ്ങളിലൂടെയും കേന്ദ്ര സർക്കാർ പ്രചാരം നൽകുന്നുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിലെ ബ്ലോക്ക് ഇൻഫർമേഷൻ സെന്ററുകളിലൂടെയും പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിനുപുറമെ ഗ്രാമവികസന വകുപ്പിന്റെ ദ്വൈമാസികയായ ഗ്രാമഭൂമിയിലൂടെയും പദ്ധതികളെക്കുറിച്ച് പ്രചാരം നൽകുന്നുണ്ട്.

ഗ്രാമവികസനത്തിന് കേന്ദ്രവിഹിതം

80 (7179) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ കേന്ദ്രത്തിൽനിന്ന് കേരളത്തിന് ഗ്രാമവികസനത്തിനുവേണ്ടി എത്ര തുകയാണ് ലഭിച്ചത് ;

(ബി) ഏതൊക്കെ പദ്ധതികൾക്ക് വേണ്ടിയാണ് ആ തുക ലഭിച്ചിട്ടുള്ളത് ;

(സി) വർഷം തിരിച്ചും പദ്ധതി തിരിച്ചും അത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ കേന്ദ്രത്തിൽനിന്ന് കേരളത്തിന് ഗ്രാമവികസനത്തിനുവേണ്ടി 390668.85 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്.

(ബി) തുക ലഭിച്ചത് താഴെപ്പറയുന്ന പദ്ധതികൾക്കുവേണ്ടിയാണ് :

1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന.
2. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന സ്പെഷ്യൽ പ്രോജക്ടുകൾ
3. ഇന്ദിരാ ആവാസ് യോജന
4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

5. സമ്പൂർണ്ണ ഗ്രാമീൺ സ്വറോസ്ഗാർ യോജന

6. സംയോജിത നീർത്തട വികസന പദ്ധതി.

7. ഹരിയാലി/സംയോജിത നീർത്തട മാനേജ്മെന്റ് പ്രോഗ്രാം

8. സമ്പൂർണ്ണ ശുചിത്വയജ്ഞം.

9. പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന

10. ഇന്ദിരാ ആവാസ് യോജന—വീട് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാക്കൽ പദ്ധതി (ഹോംസ്റ്റഡ് സൈറ്റ്സ്)

(സി) ലഭിച്ച തുക സംബന്ധിച്ച കണക്കുകൾ വർഷം തിരിച്ച് അനുബന്ധം I ആയും പദ്ധതി തിരിച്ച് അനുബന്ധം II ആയും കൊടുത്തിരിക്കുന്നു. *

## ആസൂത്രണ വകുപ്പിന്റെ നവീകരണം

81 (7180) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആസൂത്രണ ബോർഡ്, മന്ത്രിമാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും അധികാരങ്ങൾ ചിലപ്പോൾ കൈയാളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് ആവർത്തിക്കാതിരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ജനപ്രതിനിധികളായ ഭരണാധികാരികളും ജനകീയ സമിതികളും ചർച്ച ചെയ്ത് നടപ്പാക്കേണ്ട കാര്യങ്ങളുടെ നിർവ്വഹണ രീതി ആസൂത്രണ വിഭാഗം വിശദീകരിച്ച് നിബന്ധനകൾ വയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആസൂത്രണ വിഭാഗം അടിസ്ഥാന തത്വങ്ങൾ രൂപീകരിച്ച് അതിന് ജനകീയ പരിചയം കൂടി കണക്കിലെടുത്ത് നിർവ്വഹണം നടത്തുകയെന്ന രീതി സ്വീകരിക്കുമോ ;

(സി) ബജറ്റിൽ നിശ്ചയിച്ച് അംഗീകരിച്ചശേഷം നിർവ്വഹണത്തിന്റെ ഫയലുകൾ ആസൂത്രണ വിഭാഗത്തിന് നൽകുന്ന ഇപ്പോഴത്തെ രീതികൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ; ഇതിന് മാറ്റം വരുത്തുവാൻ ഉദ്ദേശമുണ്ടോ ;

(ഡി) ആസൂത്രണ വിഭാഗത്തിൽ 2006-2011 കാലത്തെ എത്ര പദ്ധതികളാണ് ഇപ്പോൾ തീരുമാനമാകാതെ കെട്ടികിടക്കുന്നത് ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

(ബി) ജനപ്രതിനിധികളായ ഭരണാധികാരികളും ജനകീയ സമിതികളും ഒത്തുചേരുന്ന ജില്ലാ ആസൂത്രണ സമിതിപോലുള്ള സമിതികളിൽ ചർച്ച ചെയ്ത് നടപ്പിലാക്കേണ്ട കാര്യങ്ങളുടെ നിർവ്വഹണ രീതി സംബന്ധിച്ച് ആസൂത്രണ വിഭാഗം നിബന്ധനകളൊന്നും തന്നെ വച്ചിട്ടില്ല. അടിസ്ഥാന തത്വങ്ങൾ രൂപീകരിച്ച് അതിന് ജനകീയ പരിചയംകൂടി കണക്കിലെടുത്ത് നിർവ്വഹണം നടത്തുകയെന്ന രീതി ആവശ്യമെന്നുകണ്ടാൽ സ്വീകരിക്കും.

(സി) ഭരണാനുമതിക്കു വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. ഇതിന് മാറ്റം വരുത്തുവാൻ ഉദ്ദേശമില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## നബാർഡ് സഹായം

82 (7181) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായമായി ഓരോ ബ്ലോക്ക് പഞ്ചായത്തിനും 10 കോടി രൂപ വീതം നൽകുന്നതിനുള്ള തീരുമാനമുണ്ടോ;

(ബി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

### ഉത്തരം

(എ & ബി) ഇല്ല. നബാർഡ് സഹായമായി ത്രിതല പഞ്ചായത്തുകൾക്ക് 2011-12-ൽ ഒട്ടാകെ 16.00 കോടി രൂപയുടെ പദ്ധതി ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്നതിനാണ് സ്റ്റേറ്റ്ലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നത്.

## പരസ്യ ചെലവ്

83 (7182) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 സെപ്തംബർ 30 വരെ ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളിലൂടെ പരസ്യം നൽകിയ ചെലവ്, മാധ്യമങ്ങളുടെ പേരും ഓരോന്നിനും നൽകിയ തുക എത്ര എന്നും വ്യക്തമാക്കുമോ ;

(ബി) മേൽ കാലയളവിലെ പരസ്യങ്ങൾ നൽകിയ വകയിൽ മാധ്യമങ്ങൾക്ക് തുക കൊടുക്കുവാനുണ്ടെങ്കിൽ ഓരോ മാധ്യമങ്ങൾക്കും നൽകാനുള്ള തുക എത്ര എന്നറിയിക്കുമോ ;

(സി) മുൻ സർക്കാരിന്റെ കാലത്ത് 2006 മേയ് 18 മുതൽ 2006 സെപ്തംബർ 30 വരെ ദൃശ്യ- ശ്രവ്യ- അച്ചടി മാധ്യമങ്ങളിലൂടെ പരസ്യം നൽകിയ ഇനത്തിൽ എന്തു തുക ചെലവായി എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാരിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പി.ആർ.ഡി.- വഴി പ്രത്യേക ലഘുലേഖകൾ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ; ഇതിന് എന്തു തുക ചെലവായി എന്നറിയിക്കാമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011 സെപ്തംബർ 30 വരെ ദൃശ്യ- ശ്രവ്യ- അച്ചടി മാധ്യമങ്ങളിലൂടെ നൽകിയ പരസ്യങ്ങൾക്ക് തുകയൊന്നും ചെലവഴിച്ചിട്ടില്ല. ടി കാലയളവിൽ ഏകദേശം 2,39,18,411 (രണ്ട് കോടി മുപ്പത്തി ഒൻപത് ലക്ഷത്തി പതിനെണ്ണായിരത്തി നാനൂറ്റി പതിനൊന്ന്) രൂപയ്ക്കുള്ള ടെൻഡർ പരസ്യങ്ങളും 10,54,00,000 (പത്ത് കോടി അൻപത്തി നാല് ലക്ഷം) രൂപയ്ക്കുള്ള ഡിസ്പ്ലേ പരസ്യങ്ങളും ഇലക്ട്രോണിക് മീഡിയയ്ക്കായി ഒന്നരക്കോടി രൂപയ്ക്കുള്ള പരസ്യങ്ങളും നൽകിയിട്ടുണ്ട്.

(സി) 2006 മേയ് 18 മുതൽ 2006 സെപ്തംബർ 30 വരെ 1,19,01,787 (ഒരു കോടി പത്തൊൻപത് ലക്ഷത്തി ആയിരത്തി എഴുനൂറ്റി എൺപത്തിയേഴ്) രൂപയ്ക്കുള്ള ടെൻഡർ പരസ്യങ്ങൾ പത്രമാധ്യമങ്ങൾക്ക് നല്കിയിട്ടുണ്ട്. കൂടാതെ 79,91,342 (എഴുപത്തി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റിയൊന്നായിരത്തി മുന്നൂറ്റി നാൽപത്തി രണ്ട്) രൂപ ഡിസ്പ്ലേ പരസ്യക്കൂലിയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 100 ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് 'നൂറുദിന വിസ്മയം' എന്ന പേരിൽ മലയാളത്തിലും 'Hundred days magic എന്ന പേരിൽ ഇംഗ്ലീഷിലും ഓരോ ലഘുപുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഇതിന് 20821 (ഇരുപതിനായിരത്തി എണ്ണൂറ്റി ഇരുപത്തി ഒന്ന്) രൂപ ചെലവായി. അവ വിതരണം ചെയ്തയിനത്തിൽ ചെലവായ 39795 (മുപ്പൊത്തൊൻപതിനായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റിയഞ്ച്) രൂപ ഉൾപ്പെടെ മൊത്തം 60,616 (അറുപതിനായിരത്തി അറുനൂറ്റി പതിനാറ്) രൂപ ചെലവായിട്ടുണ്ട്.

ചിറയിൻകീഴ് മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ

84 (7183) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ 'സഡക് യോജന' പ്രകാരം ഏറ്റെടുത്ത ഏതെല്ലാം റോഡുകളുടെ പണിയാണ് ഇനി പൂർത്തിയാക്കാനുള്ളത് ;

(ബി) പണി പൂർത്തിയാക്കുന്നതിന് തടസ്സങ്ങളെന്തെങ്കിലും നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ അവയെന്തൊക്കെയാണെന്നും അവ പരിഹരിച്ച് നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ പദ്ധതിപ്രകാരം അയിലം അതിർത്തിമുക്ക്, പൊയ്കമുക്ക്-മുടിയൂർകോണം എന്നീ റോഡുകളുടെ പണികളാണ് പൂർത്തിയാക്കാനുള്ളത്. ഇവയുടെ 80% പണി പൂർത്തീകരിച്ചുകഴിഞ്ഞു.

(ബി & സി) ഉണ്ട്. ഓടയുടെ നിർമ്മാണം സംബന്ധിച്ച തടസ്സം നിലവിലുണ്ട്. ഓടയ്ക്ക് ആവശ്യമായ സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുത്തു നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. തുലാവർഷത്തിന് ശേഷം ഈ ശേഷിക്കുന്ന ജോലികൾ പൂർത്തീകരിക്കാമെന്ന് കരാറുകാരനും അറിയിച്ചിട്ടുണ്ട്.

പി.എം.ജി.എസ്.വൈ.

85 (7184) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. 6-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് അനുമതി നൽകിയത് ;

(ബി) പ്രസ്തുത റോഡുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ ; ഇല്ലെങ്കിൽ അടിയന്തരമായി ടെണ്ടർ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; നടപടികൾ ഉടൻ പൂർത്തിയാക്കുമോ ;

(സി) പി.എം.ജി.എസ്.വൈ. 7-ാം ഘട്ടത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിലെ ഏതെല്ലാം റോഡുകളാണ് ഉൾപ്പെട്ടിരിക്കുന്നത് ; വിശദാംശം നൽകാമോ ;

(ഡി) പി.എം.ജി.എസ്.വൈ. 7-ാം ഘട്ടത്തിൽ അംഗീകരിക്കപ്പെട്ട റോഡുകളുടെ നിർമ്മാണ പ്രക്രിയയിലെ കാലികസ്ഥിതി വിശദീകരിക്കാമോ;

(ഇ) പി.എം.ജി.എസ്.വൈ. 8-ാം ഘട്ടത്തിന്റെ പ്രൊപ്പോസലുകൾ നൽകുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. 6-ാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. *

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫേസ് 6-ൽ കേന്ദ്രാനുമതി ലഭിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്ത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 2010 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം പുതുക്കുന്നതിനും അധികമായി വരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കണമെന്ന ആവശ്യത്തിൻമേലും നടപടി സ്വീകരിച്ചുവരുന്നു.

(സി) പി.എം.ജി.എസ്.വൈ. 7-ൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഡി) ഏഴാം ഘട്ടമായി 2008-09 സാമ്പത്തിക വർഷം 1155 കി.മി. ദൈർഘ്യം വരുന്ന 420 റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് 486.74 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് കേന്ദ്രതലത്തിലുള്ള എംപവേർഡ് കമ്മിറ്റി തത്വത്തിൽ അംഗീകരിച്ച് കേന്ദ്രസർക്കാരിനോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതിൽ ഒന്നാം ഘട്ടമായി അനുമതി ലഭിച്ച 200 റോഡുകൾ ഒഴികെ ബാക്കിവരുന്ന 220 റോഡുകൾക്ക് കേന്ദ്ര സർക്കാരിൽനിന്നും 21-9-2010-ന് അനുമതി ലഭിച്ചു. എന്നാൽ 15-05-2010-ൽ സംസ്ഥാന പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ ഓഫ് റേറ്റ് റിവിഷൻ നിലവിൽ വരികയും ഇതനുസരിച്ച് 1-ാം ഘട്ടത്തിൽ ടെൻഡർ ലഭിക്കാത്ത പ്രവൃത്തികൾ ഉൾപ്പെടെ ബാക്കിയുള്ള 258 പ്രവൃത്തികൾക്ക് 332.72 കോടി രൂപയ്ക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് 14-2-2011-ന് കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. നാളിതുവരെയായി അനുമതി ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിക്കേണ്ട 258 റോഡുകൾക്ക് ലഭ്യമാകേണ്ട അധിക വിഹിതം സംസ്ഥാന സർക്കാർ വഹിച്ചുകൊണ്ട് ഭരണാനുമതി നൽകണമെന്ന ആവശ്യത്തിൻമേൽ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം ഫേയ്സ് 8-ൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക സമർപ്പിക്കുന്നതിന് ജില്ലാ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതനുസരിച്ച് പാലക്കാട് ജില്ലയിൽ നിന്നും മുൻഗണനാപട്ടിക ലഭ്യമായിട്ടുണ്ട്. എല്ലാ ജില്ലയിൽ നിന്നും ലഭ്യമായാൽ മാത്രമേ ഇവ ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റി (എസ്.എൽ.എസ്.സി.) യുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. എസ്.എൽ. എസ്.സി.-യുടെ അംഗീകാരത്തിന് ശേഷം വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സ്റ്റേറ്റ് ടെക്നിക്കൽ ഏജൻസിയുടെ അംഗീകാരത്തോടെ മാത്രമേ എൻ.ആർ.ആർ.ഡി.എ.- ക്ക് സമർപ്പിക്കാൻ സാധിക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

**പി.എം.ജി.എസ്.വൈ. ഫണ്ടിന്റെ അപര്യാപ്തത**

86 (7185) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പി.എം.ജി.എസ്.വൈ. ക്കായി നൽകുന്ന ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രസ്തുത പദ്ധതിയിലുള്ള പല വർക്കുകളും പൂർത്തീകരിക്കപ്പെടാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വർക്കുകൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് നൽകുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്രസർക്കാർ പി.എം.ജി.എസ്.വൈ. പദ്ധതിക്കായി ഫണ്ട് അനുവദിക്കുന്നത് സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന എസ്റ്റിമേറ്റനുസരിച്ചാണ്. സമയബന്ധിതമായി പദ്ധതി നടപ്പിലാക്കാത്തതിനാൽ റേറ്റ് റിവിഷൻ വേണ്ടിവരികയും അതനുസരിച്ച് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തത ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫണ്ട് നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**തൃശ്ശൂർ ജില്ലയിലെ പി.എം.ജി.എസ്.വൈ. റോഡുകൾ**

87 (7186) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ.-യിൽ ഉൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽ എത്ര റോഡുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അനുമതി നൽകിയിട്ടും പ്രവൃത്തി നടക്കാത്ത എത്ര റോഡുകൾ തൃശ്ശൂർ ജില്ലയിൽ ഉണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) പ്രസ്തുത റോഡ് പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം തൃശ്ശൂർ ജില്ലയിൽ 56 റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

(ബി) കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടും വിവിധ കാരണങ്ങളാൽ പ്രവൃത്തി നടക്കാത്ത 42 റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു. *

(സി) നടപടി സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## റോഡ്/പാലം നിർമ്മാണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

88 (7187) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ്/ഏജൻസികൾ' മുഖേന ബ്ലോക്ക് പഞ്ചായത്തുകളിലെ റോഡ്/പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട് ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പി.എം.ജി.എസ്.വൈ.-യിൽ ജില്ലാപഞ്ചായത്ത് അംഗീകരിച്ച റോഡ് പ്രവൃത്തികൾ ഏറ്റെടുക്കാം. ഏറ്റെടുക്കുന്ന എല്ലാ റോഡുകളും കോർനെറ്റ് വർക്കിൽ ഉൾപ്പെട്ടിരിക്കണം. മുൻഗണനാ പട്ടികയിലെ ക്രമം അനുസരിച്ചായിരിക്കണം ഏറ്റെടുക്കേണ്ടത്. എം.പി.-മാർ നൽകുന്ന റോഡുകളുടെ പട്ടികയ്ക്ക് നിയമാനുസൃതമായ മുൻഗണന നൽകണം. ഈ പദ്ധതിപ്രകാരം 6 മുതൽ 7.5 മീറ്റർ വരെ വീതിയുള്ള റോഡുകൾക്ക് ഇന്ത്യൻ റോഡ് കോൺഗ്രസ് മാനദണ്ഡപ്രകാരം ഏറ്റെടുക്കാവുന്നതാണ്. പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് ശരിയായ എംബാങ്ക്മെന്റും ഡ്രെയിനേജും നിർമ്മിക്കേണ്ടതാണ്. ചെറിയ പാലങ്ങൾ ആവശ്യമുള്ള സ്ഥലങ്ങളിൽ അത് നിർമ്മിക്കാൻ അനുമതി നൽകുന്നതാണ്. 15 മീറ്ററിൽ കൂടുതൽ നീളമുള്ള പാലങ്ങൾ നിർമ്മിക്കണമെങ്കിൽ ഇതിനായി പ്രത്യേക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. പാലത്തിന്റെ നീളം 50 മീറ്ററിൽ കൂടുതലാണെങ്കിൽ അധിക ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണ്.

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിപ്രകാരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

1. ഗ്രാമപ്രദേശങ്ങളിൽ മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്ററിലധികം ചുറ്റളവിൽ ഒറ്റപ്പെട്ടുകിടക്കുന്ന 500-ലധികം ജനസംഖ്യയുള്ള ആവാസ കേന്ദ്രങ്ങളെ ബന്ധിപ്പിക്കാനുള്ള പുതിയ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മി.ആയി നിജപ്പെടുത്തിയിട്ടുണ്ട്.

2. പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള കോർനെറ്റ്വർക്കിന്റെ ഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)

3. കൂടുതൽ ആളുകൾക്ക്/ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.

4. ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

5. ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേമെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം.

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

89 (7188) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാരാണുള്ളത് ; വിശദാംശം നൽകാമോ ; പ്രസ്തുത ജീവനക്കാർക്ക് സമാന സ്വഭാവമുള്ള പദ്ധതികളിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടോ ;

(ബി) കേന്ദ്ര സംസ്ഥാന ജീവനക്കാരുടെ ശമ്പള വർദ്ധനവ് നിലവിൽ വന്ന സാഹചര്യത്തിൽ ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇവർക്ക് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഒരു ഐ.റ്റി. പ്രൊഫഷണൽ, ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ, ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും ഗ്രാമ പഞ്ചായത്തിൽ ഒരു അക്രഡിറ്റഡ് എഞ്ചിനീയർ/ഓവർസിയർ, ഒരു അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരും കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്നു. പ്രസ്തുത ജീവനക്കാർക്ക് നിശ്ചിത ശമ്പളത്തിനുപുറമെ ഒരു വർഷം 12 ദിവസത്തെ ആകസ്മികാവധി, 15 ദിവസത്തെ ആർജ്ജിതാവധി (സറണ്ടർ ചെയ്യാവുന്നത്) ആനുകൂല്യങ്ങളും എഞ്ചിനീയർ/ഓവർസിയർ എന്നിവർക്ക് പ്രതിമാസം 500 രൂപ സ്ഥിര യാത്രാ

LIBRARY ARCHIVES Kerala Legislative Assembly

ബത്തയും നൽകുന്നുണ്ട്. (കരാർ ജീവനക്കാർക്ക് ലഭിക്കുന്ന ശമ്പളം അനുബന്ധമായി ചേർത്തിട്ടുണ്ട്.)* ഇത് സമാന സ്വഭാവമുള്ള മറ്റ് പദ്ധതികളുടെ കരാർ ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി താരതമ്യപ്പെടുത്തി പരിശോധിച്ചിട്ടില്ല.

(ബി & സി) തൊഴിലുറപ്പു പദ്ധതി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി

**90(7189)** ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പരസഹായം കൂടാതെ ജീവിക്കാൻ കഴിയില്ലെന്നിരിക്കെ കുടുംബങ്ങളിൽ ഒരാൾ മറ്റു ജോലിക്ക് പോകാതെ ഇവരുടെ പരിചരണത്തിന് മാത്രം നിൽക്കേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം മരുന്നിനും നിത്യജീവിതത്തിനും വഴിയില്ലാതെ ഇവരുടെ കുടുംബങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്ഥിരം പരിചരണത്തിനായി അവരുടെ കുടുംബാംഗങ്ങളിൽനിന്ന് ഒരാളെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വേതനം ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) എങ്കിൽ അവരുടെ മാതാപിതാക്കളെയോ ഇല്ലെങ്കിൽ അടുത്ത ബന്ധുക്കളെയോ ഇതിനായി പരിഗണിക്കുമോ ?

### ഉത്തരം

(എ & ബി) ഉണ്ട്.

(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്ഥിരം പരിചരണത്തിനായി കൂടെനിൽക്കുന്ന ഒരാൾക്ക് മറ്റുതൊഴിലിന് പോകുവാൻ സാധിക്കാതെ വരുന്നതിനാൽ ആശ്വാസകിരണം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രതിമാസം 400 രൂപ സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും നൽകിവരുന്നുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പരിചരണം ഉൾപ്പെടുന്നില്ല. ഇതിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്.

(ഡി) ഉദിക്കുന്നില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വികസന ബ്ലോക്കുകൾ വഴി ജനോപകാരപ്രദമായ നടപടികൾ

91 (7190) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന ബ്ലോക്കുകൾ വഴി കൂടുതൽ ജനോപകാരപ്രദമായ കാര്യങ്ങൾ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ ;

(ബി) ഒരു വികസന ബ്ലോക്കിന്റെ കീഴിലുള്ള എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ആ ബ്ലോക്കിന്റെ നേതൃത്വത്തിൽ ആരോഗ്യം, പരിസരശുചിത്വം, സാന്മാർഗ്ഗിക മാർഗ്ഗനിർദ്ദേശക ക്യാമ്പുകൾ എന്നിവ സംബന്ധിച്ച് അവബോധം പുതുതലമുറയ്ക്ക് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) വികസന ബ്ലോക്കുകൾവഴി കൂടുതൽ സഹായങ്ങളും സൗകര്യങ്ങളും പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) വികസന ബ്ലോക്കുകൾ എന്നറിയപ്പെട്ടിരുന്ന ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ്, ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയ സ്ഥാപനമാണ്. ബ്ലോക്ക് പഞ്ചായത്തുകൾ വഴി നടപ്പിലാക്കി വരുന്ന പാവപ്പെട്ട ആളുകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതി, ഭവന നിർമ്മാണ പദ്ധതി, നീർത്തട വികസന പദ്ധതി, സമ്പൂർണ്ണ ശുചിത്വ പരിപാടി എന്നിവ കൂടുതൽ ജനോപകാരപ്രദമായ വിധത്തിൽ നടപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിനും, ഗുണഭോക്താക്കൾക്ക് ലഭ്യമാകേണ്ട സഹായങ്ങൾ കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും, കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാകുന്ന പദ്ധതി പണം പരമാവധി നേടിയെടുത്ത് സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്.

(ബി) സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ഭാഗമായുള്ള സ്കൂൾ ശുചിത്വ പരിപാടിയിലൂടെ പരിസര ശുചിത്വം, ആരോഗ്യം, ഖരമാലിന്യ നിർമ്മാർജ്ജനം എന്നീ വിഷയങ്ങളിൽ വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുമായി സമന്വയിപ്പിച്ച് പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കൂടുതൽ സഹായങ്ങൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനുമാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

## പ്ലാൻ കോ-ഓർഡിനേറ്റർ സംവിധാനം

**92 (7191)** ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികേന്ദ്രീകൃത ആസൂത്രണവും പ്രാദേശിക പദ്ധതിരൂപീകരണവും ജില്ലാ ആസൂത്രണ സമിതി പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിന് ഏർപ്പെടുത്തിയിരുന്ന ജില്ലാതല പ്ലാൻ കോ-ഓഡിനേറ്റർ സംവിധാനം ഇപ്പോൾ നിലവിലുണ്ടോ ;

(ബി) വർക്കിംഗ് അറേഞ്ച്മെന്റ് പ്രകാരം പ്ലാൻ കോ-ഓഡിനേറ്റർമാരായി ഏതൊക്കെ ജില്ലയിൽ ആരൊക്കെയാണ് പ്രവർത്തിക്കുന്നത് ;

(സി) ഇവർ സർക്കാരിൽനിന്ന് പ്രത്യേക പ്രതിഫലം പറ്റിക്കൊണ്ട് മറ്റെന്തെങ്കിലും ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി & സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## തൊഴിലുറപ്പ് പദ്ധതി-അസറ്റ് ക്രിയേഷൻ

**93 (7192)** ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി അസറ്റ് ക്രിയേഷന് ഉപയോഗപ്പെടുന്നില്ല എന്ന പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു പരിഹരിക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) കൂലി 60 ശതമാനവും മെറ്റീരിയൽ കോസ്റ്റ് 40 ശതമാനവും എന്ന അനുപാതം എല്ലായിടത്തും ഒരു പോലെ നടപ്പിലാക്കുന്നുണ്ടോ ;

(സി) 40 ശതമാനം മെറ്റീരിയിൽ കോസ്റ്റ് ഉപയോഗപ്പെടുത്താത്ത ഏതെങ്കിലും ജില്ലകൾ ഉണ്ടോ ; ആ ജില്ലകൾക്ക് 40% മെറ്റീരിയൽ കോസ്റ്റ് ചെലവഴിക്കണമെന്ന കർശന നിർദ്ദേശം നൽകുമോ ;

(ഡി) എം.എൽ.എ.ഫണ്ടും എം.പി. ഫണ്ടും തൊഴിലുറപ്പ് ഫണ്ടും സംയോജിപ്പിച്ച് അസറ്റ് ക്രിയേഷൻ ഉണ്ടാക്കുന്ന രീതിയിലുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തൊഴിൽ നൽകുക എന്നുള്ളതാണ് തൊഴിലുറപ്പ് പദ്ധതിയുടെ മുഖ്യലക്ഷ്യം. സ്ഥായിയായ ആസ്തികളുടെ നിർമ്മാണത്തിനുകൂടി

പ്രസ്തുത പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. ഇത് പരിഹരിക്കുന്നതിനായി തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ വാങ്ങുന്നതിനും, സംഭരിക്കുന്നതിനും, ഉപയോഗിക്കുന്നതിനും വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) ഇല്ല. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ദ്ധ കൂലി ഘടകം 60%-വും പരമാവധി 100%-ഉം അനുവദനീയമാണ്. ഈ സാഹചര്യത്തിൽ കൂലി 60%-ഉം മെറ്റീരിയൽ കോസ്റ്റ് 40%-ഉം എന്ന അനുപാതം എല്ലായിടത്തും ഒരുപോലെ നടപ്പിലാക്കുന്നുണ്ടോ എന്ന് ശ്രദ്ധിക്കേണ്ടതില്ല.

(സി) സംസ്ഥാനത്തെ ജില്ലകളിൽ ഒന്നുംതന്നെ 40% മെറ്റീരിയിൽ കോസ്റ്റ് ഉപയോഗപ്പെടുത്തുന്നില്ല. പ്രസ്തുത ജില്ലകൾക്ക് 40% മെറ്റീരിയൽ കോസ്റ്റ് ചെലവഴിക്കണമെന്ന നിർദ്ദേശം നിലവിലെ നിയമത്തിന്റെ ചട്ടക്കൂടിൽ നൽകാൻ സാധിക്കില്ല.

(ഡി) പരിഗണിക്കാവുന്നതാണ്.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

94 (7193) ശ്രീ കെ. കുഞ്ഞമ്മത് മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പുവഴി ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതി ഇനത്തിൽ എത്ര തുക ലഭിച്ചു എന്നത് പദ്ധതികളുടെ പേര് സഹിതം വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ഗ്രാമവികസന വകുപ്പുവഴി നടപ്പാക്കുന്ന വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു :

1. സ്വർണ്ണജയന്തി ഗ്രാമസ്വറോസ്ഗാർ യോജന
2. ഇന്ദിരാ ആവാസ് യോജന
3. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
4. പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന
5. സമ്പൂർണ്ണ ശുചിത്വ പരിപാടി
6. ഹരിയാലി/ഐ.ഡബ്ല്യു.എം.പി

LIBRARY ARCHIVES Kerala Legislative Assembly

(ബി) പതിനൊന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് 2011 സെപ്റ്റംബർ 30 വരെ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുകയുടെ വിവരം പദ്ധതികളുടെ പേര് സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു. *

**തൊഴിലാളികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിന് പദ്ധതി**

95 (7194) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളുടെ ക്ഷേമം ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും പദ്ധതികളുണ്ടോ ;

(ബി) ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ 2010-11 വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ;

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികളുടെ തൊഴിൽദിനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം രജിസ്റ്റർ ചെയ്ത് തൊഴിൽ ആവശ്യപ്പെടുന്ന ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങൾക്കുംകൂടി ഒരു വർഷം പരമാവധി 100 ദിവസം എന്ന പരിധിയിൽ കവിയാതെ ജോലി നൽകണമെന്നാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 2-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇക്കാര്യത്തിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്രമാനദണ്ഡങ്ങൾ**

96 (7195) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. റ്റി. എൻ. പ്രതാപൻ:
ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതികൾ ഉൾപ്പെടെയുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പരമാവധി സഹായം നേടിയെടുക്കാൻ കേന്ദ്ര മാനദണ്ഡത്തിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) ഇതിനായി കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിന്മേലുള്ള കേന്ദ്ര സമീപനം എന്താണെന്ന് അറിയിക്കുമോ ?

**ഉത്തരം**

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻതക്കവിധം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന് സമർപ്പിച്ച നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തീരദേശമേഖലകളിലും കാർഷിക മേഖലയിലും കൂടുതൽ തൊഴിൽ സാദ്ധ്യതകളും ആസ്തികളും ഉണ്ടാക്കാനുതകുന്ന തരത്തിൽ പുതിയ 49 തൊഴിൽ മേഖലകളിലേക്കുകൂടി പദ്ധതി വ്യാപിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങൾ

2. ടെലിഫോൺ, ഇലക്ട്രിസിറ്റി ലൈനുകൾ, വാട്ടർ സപ്ലൈ പൈപ്പുകൾ എന്നിവ മാറ്റിസ്ഥാപിക്കുന്നതിന് വേണ്ട ചെലവുകൾ പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയുടെ പ്രോഗ്രാം ഫണ്ടിൽനിന്നും വഹിക്കണമെന്ന നിർദ്ദേശം

3. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായി പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയുടെ ആവാസ കേന്ദ്രത്തിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം.

4. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം ഏറ്റെടുക്കുന്ന പ്രവൃത്തികൾക്ക് ടെണ്ടർ തുകയിൽ വരുന്ന വർദ്ധനവ് പദ്ധതിയിൽപ്പെടുത്തി നൽകണമെന്ന ആവശ്യം.

5. ഐ.എ.വൈ. പദ്ധതിയിൽ ഭവനനിർമ്മാണ ധനസഹായത്തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം.

(ബി) അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം ഉന്നയിച്ചിട്ടുള്ള കാര്യങ്ങളിൽ കേന്ദ്രസർക്കാർ അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

## 12-ാം പഞ്ചവത്സര പദ്ധതികളുടെ രൂപീകരണം സംബന്ധിച്ച മാസ്റ്റർ പ്ലാൻ

97 (7196) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12-ാം പഞ്ചവത്സര പദ്ധതികളുടെ രൂപീകരണം സംബന്ധിച്ച മാസ്റ്റർ പ്ലാൻ മോണിറ്ററിംഗിന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി മോണിറ്ററിംഗ് സെല്ലിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) ജീവനക്കാർക്ക് ഇതിനായി കാലോചിതമായ പരിശീലനം നൽകാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ രൂപീകരണം സംബന്ധിച്ച് മാസ്റ്റർ പ്ലാൻ മോണിറ്ററിംഗ് എന്നൊരു സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ബി & സി) ബാധകമല്ല.

**കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികൾ**

**98 (7197)** ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്കമാലി നിയോജകമണ്ഡലത്തിൽ ഗ്രാമവികസന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ കേന്ദ്ര-സംസ്ഥാന പദ്ധതികൾ പ്രകാരമുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതും പുതിയതായി നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**തൊഴിലുറപ്പു പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ നടപടി**

**99 (7198)** ശ്രീ. കെ. ശിവദാസൻ നായർ:
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പു പദ്ധതി ഫലപ്രദമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) എല്ലാ ജില്ലകളിലും ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരെ നിയമിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൊഴിലുറപ്പ് പദ്ധതി സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാൻ സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പരിഗണനയിലുണ്ട്.

## ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

**100 (7199)** ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ ആരംഭിച്ചതിനുശേഷം ഇതുവരെ ഓരോ വർഷവും ചെലവഴിച്ച തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതെങ്കിലും മേഖലയ്ക്ക് പ്രത്യേകമായൊരു നേട്ടമുണ്ടായതായി ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഏതു മേഖലയിലാണ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം കൂടുതൽ പ്രവർത്തനം നടന്നതെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ക്ഷീര കർഷകരെ ഉൾപ്പെടുത്തി പ്രസ്തുത പദ്ധതിയുടെ കീഴിൽ തൊഴിൽ ദിനങ്ങൾ നൽകുമെന്ന ഗവൺമെന്റ് പ്രഖ്യാപനം നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഇ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്താവുന്ന മറ്റു തൊഴിൽ മേഖലകൾ കണ്ടെത്താൻ ശ്രമിക്കുമോ ; അതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുമോ ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ ആരംഭിച്ചതിനുശേഷം ഇതുവരെ ഓരോ വർഷവും ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

| വർഷം | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|
| 2006–07 | 2789.73 |
| 2007–08 | 8336.83 |
| 2008–09 | 22011.69 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| 2009-10 | 47068.11 |
| 2010-11 | 70182.24* |
| 2011-12 (28-10-11 വരെ) | 31647.60 |

*(28-10-11 വരെ പദ്ധതിയുടെ വെബ് അധിഷ്ഠിത മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലെ സ്ഥിതിവിവരക്കണക്കനുസരിച്ച്)

(ബി) ഉണ്ട്. സംസ്ഥാനത്തിന്റെ കാർഷിക മേഖലയിൽ ഗണ്യമായൊരു സ്വാധീനമുണ്ടാക്കാൻ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ട്. ജലസേചന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തോടുകൾ, കുളങ്ങൾ, കനാലുകൾ എന്നിവ ചെളിനീക്കി ആഴംകൂട്ടി അവയുടെ ജലസംഭരണശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. മഴവെള്ള സംഭരണത്തിനുള്ള സംവിധാനങ്ങൾ, വരൾച്ച തടയുന്നതിനാവശ്യമായ വനവൽക്കരണ പരിപാടികൾ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ, ബി.പി.എൽ. കുടുംബങ്ങൾ, ഐ.എ.വൈ. ഗുണഭോക്താക്കൾ, ഭൂപരിഷ്കരണംവഴി ഭൂമി ലഭിച്ചവർ എന്നിവരുടെ ഭൂമിയിലും നീർത്തടാധിഷ്ഠിത പ്ലാനിന്റെ ഭാഗമായി ചെറുകിട/നാമമാത്ര കർഷകരുടെ കൃഷിഭൂമിയിലും ഭൂവികസന പ്രവർത്തനം, ഹോർട്ടികൾച്ചർ, തോട്ടവിളകൃഷി എന്നിവ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ഭക്ഷ്യോൽപ്പാദന വർദ്ധനവിന് കാരണമായിട്ടുണ്ട്. കൂടാതെ കയർ ഭൂവസ്ത്രം ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും വ്യാപകമായി ഏറ്റെടുത്തിട്ടുണ്ട്.

(സി) മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ, ഭൂവികസനം എന്നീ മേഖലകളിലാണ് കൂടുതൽ പ്രവർത്തനം നടന്നിട്ടുള്ളത്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1-ൽ പദ്ധതിയിൽ ഏറ്റെടുക്കാവുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അനുശാസിച്ചിട്ടുണ്ട്. ഇതിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാരുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്രസർക്കാരാണ്. ഈ സാഹചര്യത്തിൽ, കൂടുതൽ മേഖലകളിലെ പ്രവൃത്തികൾകൂടി തൊഴിലുറപ്പുപദ്ധതിയുടെ അനുവദനീയമായ പ്രവൃത്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ സംസ്ഥാന സർക്കാർ മുഖേന കേന്ദ്രഗവൺമെന്റിന് നിവേദനം സമർപ്പിച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

## ദേശീയ തൊഴിലുറപ്പ് പദ്ധതി

101 (7200) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം കേരളത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ആകെ എത്ര തുക അനുവദിച്ചു എന്നും എത്ര തുക ലാപ്സായി എന്നും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം (2010-11) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളിലുംകൂടി ചെലവഴിച്ച തുക 70182.24 ലക്ഷം രൂപയാണ്.

(2010-11 സാമ്പത്തിക വർഷത്തെ പ്രവൃത്തികളുടെ മാസ്റ്റർ റോളുകൾ ഡാറ്റാ എൻട്രി ചെയ്യുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ല. ആയതിനാൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലെ 28-10-2011 വരെയുള്ള സ്ഥിതി വിവര കണക്കനുസരിച്ചുള്ള തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഡാറ്റാ എൻട്രി പൂർത്തിയായാൽ മാത്രമേ അന്തിമ കണക്കുകൾ ലഭ്യമാകുകയുള്ളൂ.)

(ബി) തൊഴിലുറപ്പ് പദ്ധതി ആവശ്യാധിഷ്ഠിതമായതിനാൽ ജില്ലകളുടെ ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ ഫണ്ട് അനുവദിക്കുന്നത്. 2010-11 സാമ്പത്തിക വർഷം കേന്ദ്ര വിഹിതമായി 70423.24 ലക്ഷം രൂപയും സംസ്ഥാന വിഹിതമായി 2183.89 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഒരു സാമ്പത്തിക വർഷം അനുവദിക്കുന്നതിൽ വർഷാന്ത്യം ബാക്കി വരുന്ന തുക ലാപ്സാകുന്നില്ല. ആയത് തൊട്ടടുത്ത സാമ്പത്തിക വർഷം പ്രാരംഭ ബാക്കിയായി പരിഗണിച്ച് പദ്ധതിക്ക് ഉപയോഗിക്കുകയാണ് ചെയ്യുന്നത്.

## നാട്ടിക നിയോജകമണ്ഡലത്തിലെ ക്ഷീരസംഘങ്ങൾ

102 (7201) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജകമണ്ഡലത്തിൽ എത്ര ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(ബി) ഇതിൽ ലാഭകരമായി പ്രവർത്തിക്കുന്ന എത്ര ക്ഷീരസഹകരണസംഘങ്ങൾ നിലവിലുണ്ട് ; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങളുടെ നില മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ - സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി നടപടി**

103 (7202) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിൽ വിഷവസ്തുക്കളുടെ സാന്നിദ്ധ്യമുള്ളതായും, മായം കലർന്നതുമാണെന്ന ധാരാളം ആക്ഷേപങ്ങൾ ശ്രദ്ധയിലുണ്ടോ ; എങ്കിൽ ഇത്തരം മാലിന്യങ്ങൾ ഒഴിവാക്കി ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ക്ഷീരകർഷകനിൽനിന്നും പാൽ വാങ്ങുന്ന പ്രാഥമിക ക്ഷീര സഹകരണ സംഘങ്ങൾക്ക് കുറ്റമറ്റതും ആധുനികവുമായ പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) പാലിൽ വിഷവസ്തുക്കളുടെ സാന്നിദ്ധ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഗുണനിലവാരം കുറഞ്ഞ പാൽ കേരളത്തിൽ വില്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ഓഫീസ് മുഖാന്തിരം ജില്ലയിൽ വില്പന നടത്തുന്ന എല്ലാ മാർക്കറ്റ് മിൽക്കുകളുടെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തുന്നു. ഗുണനിലവാരം കുറഞ്ഞ ബ്രാൻഡുകൾക്ക് ഇംപ്രൂവ്മെന്റ് നോട്ടീസ് നൽകി ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനുവേണ്ടി ആധുനിക ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന എ.എം.സി.യു. (ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ്) ക്ഷീരസഹകരണ സംഘങ്ങളിൽ സ്ഥാപിച്ചുവരുന്നു. കൂടാതെ, പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് ക്ഷീരസംഘങ്ങളിൽത്തന്നെ ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**ക്ഷീരകർഷകരുടെ ക്ഷേമത്തിനായി പദ്ധതികൾ**

104 (7203) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി എന്തെല്ലാം പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) ഗ്രാമീണ മേഖലയിൽ എന്തെല്ലാം പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(സി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി കേന്ദ്ര സഹായം ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; ഇവർക്ക് പെൻഷൻ ഏർപ്പെടുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വകുപ്പിന്റെ കീഴിൽ ക്ഷീരകർഷക ക്ഷേമനിധി നിലവിൽ ഉണ്ട്. ക്ഷീരകർഷക പെൻഷൻ, വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം, കുടുംബപെൻഷൻ എന്നിങ്ങനെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 60 വയസ്സു കഴിഞ്ഞ ക്ഷീര കർഷകർക്കാണ് പെൻഷൻ ഏർപ്പെടുത്തിയിട്ടുള്ളത്. സംഘത്തിൽ പാൽ അളക്കുന്ന ക്ഷീരകർഷക ക്ഷേമനിധിയിലെ അംഗങ്ങളായ ക്ഷീരകർഷകരുടെ മക്കൾക്കുവേണ്ടിയാണ് വിവാഹ ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവ നൽകി വരുന്നത്. കൂടാതെ ക്ഷീര വികസന വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ക്ഷീരകർഷകരുടെ ക്ഷേമത്തിനായി നടപ്പിലാക്കി വരുന്നുണ്ട്. തീറ്റപ്പുൽ കൃഷി പദ്ധതി, എം.എസ്.ഡി.പി., കാലിത്തീറ്റ ധനസഹായം, വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ മുതലായവയാണ് ക്ഷീര കർഷകരുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്നത്.

(ബി) പാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ ക്ഷീര വികസന വകുപ്പ് ഗ്രാമീണ മേഖലയിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി തുടങ്ങി വിവിധ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.

(സി) സ്വീകരിക്കും. ക്ഷീരകർഷകർക്ക് നിലവിൽ ക്ഷീരകർഷക ക്ഷേമനിധി ബോർഡുവഴി പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

ക്ഷീര കർഷക ക്ഷേമനിധി

105 (7204) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീര കർഷക ക്ഷേമനിധി മുഖേന 2006-07 മുതൽ 2010-11 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഓരോ വർഷവും എത്ര പേർക്ക് പെൻഷൻ നൽകി ;

(ബി) എത്ര രൂപയാണ് പ്രസ്തുത ഇനത്തിൽ ഓരോ വർഷവും ചെലവിട്ടത് ;

(സി) 1-4-2011 മുതൽ 30-9-2011 വരെ ക്ഷീര കർഷക ക്ഷേമനിധിവഴി നൽകിയ വിവിധ സഹായങ്ങളുടെ ഇനം തിരിച്ചുള്ള തുക വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ക്ഷീര കർഷക ക്ഷേമനിധിയിലേക്ക് അംശാദായമായി 2006-07 മുതൽ മിൽമ നൽകേണ്ട തുകയും ഓരോ വർഷവും നൽകിയ തുകയും വ്യക്തമാക്കാമോ ; ക്ഷീര കർഷക ക്ഷേമനിധി വഴി എത്ര പേർക്കാണ് ഇപ്പോൾ പെൻഷൻ നൽകുന്നത് ; 1-4-2011 മുതൽ 30-9-2011 വരെ ക്ഷീരകർഷക ക്ഷേമനിധി വഴി എത്ര പേർക്കാണ് പുതുതായി പെൻഷൻ നൽകിയത് ?

ഉത്തരം

(എ)

| വർഷം | എണ്ണം |
|---|---|
| 2005- 06 | 7080 |
| 2006- 07 | 10426 |
| 2007- 08 | 5613 |
| 2008- 09 | 416 |
| 2009- 10 | 466 |
| 2010- 11 | 4170 |
| 2011- 12 (സെപ്തംബർ വരെ) | 1067 |

(ബി)

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2005- 06 | 16,40,750 |
| 2006- 07 | 4,88,76,500 |
| 2007- 08 | 6,20,78,250 |
| 2008- 09 | 6,73,90,750 |
| 2009- 10 | 7,25,98,050 |
| 2010- 11 | 8,56,89,150 |
| 2011- 12 (സെപ്തംബർ വരെ) | 4,14,63,750 |

(സി)

| ഇനം | ചെലവഴിച്ച തുക |
|---|---|
| പെൻഷൻ | 4,14,63,750 |
| കുടുംബ പെൻഷൻ | 12,69,900 |
| വിവാഹ ധനസഹായം | '6,96,000 |

LIBRARY ARCHIVES Kerala Legislative Assembly

| | |
|---|---|
| മരണാനന്തര ധനസഹായം | 7,01,000 |
| മികച്ച ക്ഷീരകർഷകനുള്ള അവാർഡ് | 2,000 |
| വിദ്യാഭ്യാസ ധനസഹായം | 2,95,000 |
| ക്ഷീരക്ഷേമ ഇൻഷ്വറൻസ് | 15,000 |
| ക്ഷീരസുരക്ഷ | 26,01,282 |
| സാമൂഹ്യ സാമ്പത്തിക സുരക്ഷാ പദ്ധതി (കുളമ്പു രോഗ ധനസഹായം) | 92,500 |

(ഡി) (i)

| വർഷം | അംശദായ ഇനത്തിൽ മിൽമ നൽകേണ്ട തുക | അംശദായ ഇനത്തിൽ മിൽമ നൽകിയ തുക |
|---|---|---|
| 2005- 06 | 58,07,110.23 | 6,00,000 |
| 2006- 07 | 2,61,03,922.65 | 54,04,720 |
| 2007- 08 | 4,01,42,518.06 | 1,51,12,792.60 |
| 2008- 09 | 4,29,02,263.62 | 4,69,56,374.77 |
| 2009- 10 | 4,69,56,943.80 | 4,67,95,990.98 |
| 2010- 11 | 4,76,50,199.07 | 6,30,83,075.86 |
| 2011- 12 (ആഗസ്റ്റ് വരെ) | 2,12,73,277.50 | 2,66,26,229.62 |

(ii) കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ നിന്നും 29,236 പേർക്ക് പെൻഷൻ നൽകിവരുന്നു.

(iii) 1-4-2011 മുതൽ 30-9-2011 വരെ 1,067 പേർക്ക് പുതുതായി പെൻഷൻ അനുവദിച്ചിട്ടുണ്ട്.

## കലാകാരന്മാർക്ക് പെൻഷൻ

106 (7205) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രായാധിക്യംമൂലവും സാമ്പത്തിക വിഷമതകൾ മൂലവും പ്രയാസമനുഭവിക്കുന്ന കലാകാരൻമാർക്ക് ഇപ്പോൾ പെൻഷൻ നൽകുന്നതിന് സംവിധാനമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇതിനുവേണ്ടിയുള്ള അപേക്ഷകൾ എപ്പോഴാണ് സമർപ്പിക്കേണ്ടതെന്നും എവിടെയാണ് സമർപ്പിക്കേണ്ടതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കലാകാരന്മാരുടെ കലാരംഗവുമായി ബന്ധപ്പെട്ട അക്കാദമികൾ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. സർക്കാർ പൊതുവായി അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

**ഇട്ടി അച്ചുതൻ സ്മാരകത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

107 (7206) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല താലൂക്കിൽ കടക്കരപ്പള്ളിയിലുള്ള ഇട്ടി അച്ചുതൻ സ്മാരകത്തിന് സ്ഥലം പൊന്നും വിലയ്ക്ക് ഏറ്റെടുക്കാനുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ; സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി തുക അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇട്ടി അച്ചുതൻ വൈദ്യരുടെ അന്ത്യവിശ്രമ സ്ഥലവും ഔഷധസസ്യക്കാവും സംരക്ഷിത സ്മാരകമാക്കുന്ന നടപടി എന്ന് പൂർത്തീകരിക്കുമെന്ന് പറയാമോ ;

(സി) സ്മാരക നിർമ്മാണത്തിനായി ഹോർത്തൂസ് മലബാറിക്കസ് ട്രസ്റ്റ് ഇതു സംബന്ധിച്ച് ഒരു വിശദമായ പ്രോജക്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത പ്രോജക്ട് പ്രകാരം പദ്ധതിക്ക് എത്ര ചെലവാണ് പ്രതീക്ഷിക്കുന്നത് ; ഇതിനുവേണ്ടി സംസ്ഥാന സർക്കാർ എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച തുക എത്രയാണെന്ന് പറയാമോ ; പ്രസ്തുത സ്മാരകം പൂർത്തീകരിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ള മുഴുവൻ തുകയും അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സ്ഥലം പൊന്നും വിലയ്ക്കെടുക്കാതെ സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് എടുത്തിട്ടുള്ളത്. തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഇട്ടി അച്ചുതൻ വൈദ്യരുടെ അന്ത്യവിശ്രമ സ്ഥലവും ഔഷധസസ്യക്കാവും സംരക്ഷിത സ്മാരകമാക്കുന്നതിലേക്കുള്ള പ്രാഥമിക വിജ്ഞാപനത്തിന്റെ കരടിലെ പിശകുകൾ തിരുത്തി നൽകുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടൻതന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) പ്രസ്തുത പ്രോജക്ടിന് 2 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. സംസ്ഥാന സർക്കാർ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഇ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുകയൊന്നും അനുവദിച്ചിട്ടില്ല.

**ചരിത്ര സ്മാരകങ്ങളുടെ സംരക്ഷണം**

108 (7207) <u>ശ്രീ. ലൂഡി ലൂയിസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂറോപ്യൻ ചരിത്രസ്മാരകങ്ങൾ സംരക്ഷിക്കുവാനും പരിപാലിക്കുവാനും പദ്ധതി തയ്യാറാക്കുമോ ;

(ബി) പള്ളിപ്പുറം കോട്ട സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; ?

<u>ഉത്തരം</u>

(എ) കേരളത്തിലെ യൂറോപ്യൻ സംരക്ഷിത സ്മാരകങ്ങൾ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾക്കനുസരിച്ച് സംരക്ഷണ യോഗ്യമായവ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ബി) പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ പള്ളിപ്പുറം കോട്ട സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങളുടെ സംരക്ഷണവും പുനരുദ്ധാരണവും**

109 (7208) <u>ശ്രീ. കെ. ശിവദാസൻ നായർ</u>:
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>:
<u>ശ്രീ. വർക്കല കഹാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചരിത്ര പ്രാധാന്യമുള്ള കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനുമായി എന്തെല്ലാം കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുന്നുണ്ട് ;

(ബി) ഇതിനായി ഒരു പദ്ധതിക്ക് രൂപം നൽകുമോ ;

(സി) ആയത് പ്രാവർത്തികമാക്കുന്നതിന് സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ചരിത്ര പ്രാധാന്യം ഉള്ള കെട്ടിടങ്ങൾ പരിശോധിച്ച് സംരക്ഷണ മാനദണ്ഡങ്ങൾക്ക് യോഗ്യമാണെങ്കിൽ അവ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും അവ സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കുന്ന മുറയ്ക്ക് അവയുടെ സംരക്ഷണ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് നടത്തി വരുന്നതുമാണ്.

(ബി&സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

### കേരള സംഗീത നാടക അക്കാദമി പ്രവർത്തനം

110 (7209) ശ്രീ. പാലോട് രവി :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാദമി പ്രവർത്തനം ശക്തമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) അക്കാദമിയുടെ പ്രവർത്തനത്തിനായി വിവിധ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി എടുക്കുമോ ;

(സി) അക്കാദമിയുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുകളും വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

### പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിന് നടപടി

111 (7210) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രാചീന നാടൻകലാരൂപങ്ങൾ നാശോൻമുഖമായി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കും ;

(സി) നാടൻകലാകാരൻമാർക്ക് ക്ഷേമ പദ്ധതി ഏർപ്പെടുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനുമായി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് സംഘടിപ്പിച്ചുവരുന്ന 'ഉത്സവം' പോലുള്ള പരിപാടികളിലും കേരള നാടൻകലാ അക്കാദമി നടത്തുന്ന പരിപാടികളിലും കലാവതരണത്തിന് അവസരം നൽകിയും അവാർഡുകളും ഫെല്ലോഷിപ്പുകളും നൽകിയും പ്രാചീന കലാരൂപങ്ങളേയും കലാകാരന്മാരേയും പ്രോത്സാഹിപ്പിച്ചു വരുന്നു. പുതിയ തലമുറയ്ക്ക് ഇത്തരം കലകൾ പഠിക്കുന്നതിന് സ്റ്റൈപ്പന്റും നൽകുന്നുണ്ട്. ഇത്തരം കലകൾ ഫോക്-ലോർ അക്കാദമിയിൽ ഡോക്യുമെന്റ് ചെയ്ത് വയ്ക്കാറുമുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായും വിപുലപ്പെടുത്തിയും പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിനും പ്രോത്സാഹനത്തിനും നടപടികൾ സ്വീകരിക്കും.

(സി) നിലവിൽ സർക്കാർ തലത്തിലും കേരള ഫോക്‌ലോർ അക്കാദമി തലത്തിലും കലാകാരന്മാർക്ക് ചികിത്സാ ധനസഹായം നൽകുന്നുണ്ട്. കൂടാതെ സാമ്പത്തിക ബുദ്ധിമുട്ടുള്ള കലാകാരന്മാർക്ക് പ്രതിമാസ പെൻഷനും നൽകുന്നുണ്ട്. കലാകാരന്മാർക്കുള്ള വിവിധ ക്ഷേമപദ്ധതികൾ വിഭാവനം ചെയ്തുകൊണ്ടുള്ള ഒരു കലാകാരക്ഷേമനിധിയുടെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ഇതിൽ നാടൻ കലാകാരന്മാരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഫോക്‌ലോർ ഗ്രാമങ്ങൾ**

112 (7211) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോക്-ലോർ അക്കാഡമി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഫോക്‌ലോർ ഗ്രാമങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ; എവിടെയെല്ലാം ;

(സി) എല്ലാ സ്കൂളുകളിലും ഫോക്‌ലോർ ക്ലബ്ബുകൾ തുടങ്ങാൻ പദ്ധതിയുണ്ടോ ;

(ഡി) പ്രസ്തുത ക്ലബ്ബുകളുടെ പ്രവർത്തനം എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ജില്ലകളിലും ഫോക്‌ലോർ കലാകാരന്മാരുടെ കൂട്ടായ്മ, പ്രാദേശിക/അന്താരാഷ്ട്ര തലത്തിൽ ഫോക് ഫെസ്റ്റിവൽ സംഘടിപ്പിക്കുക, പുതു തലമുറയ്ക്ക് നാടൻകലയെക്കുറിച്ച് അറിവും വിജ്ഞാനവും പകരുന്നതിന് നാടൻ കലകളുടെ സെമിനാറുകൾ, പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുക എന്നിവയാണ് ഇതിൽ പ്രധാനപ്പെട്ടവ.

(ബി) ഉണ്ട്. കണ്ണപ്പുരം നാടൻ കലാഗ്രാമം, പാലക്കാട് ചെമ്പൈ സംഗീത കോളേജിനോടനുബന്ധിച്ച് ക്ഷേത്രകലകൾക്കും വാദ്യകലകൾക്കുമായി പഠന ഗവേഷണ കേന്ദ്രം, കോട്ടയം ജില്ലയിലെ വെള്ളാവൂർ നാടൻ കലാഗ്രാമം.

(സി) ഉണ്ട്.

(ഡി) സ്കൂൾ/കോളേജ് തലത്തിൽ വിദ്യാർത്ഥികളിൽ നാടൻ കലകൾ സംബന്ധിച്ച് അറിവുണ്ടാക്കുന്നതിനും കലാരൂപങ്ങൾ ആസ്വദിക്കുന്നതിനും സൗകര്യം ചെയ്തുകൊടുക്കുക, ഫോക്‌ലോർ സംബന്ധമായ സെമിനാർ, ശില്പശാലകൾ, നാടൻ കലാ അവതരണങ്ങൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിന് സഹായിക്കുക എന്നിവയാണ് ഫോക്‌ലോർ ക്ലബ്ബുകളുടെ പ്രവർത്തനം.

**കൊട്ടാരക്കര ശ്രീധരൻ നായർക്ക് സ്മാരകം നിർമ്മിക്കുന്നതിന് നടപടി**

**113 (7212)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടൻ കൊട്ടാരക്കര ശ്രീധരൻ നായരുടെ സ്മരണയ്ക്കായി അർഹമായ സ്മാരകമോ വേദികളോ സജ്ജീകരിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വ്യക്തിയുടെ സ്മരണ നിലനിർത്തുന്നതിനായി ഉചിതമായ എന്തെല്ലാം കാര്യങ്ങൾ സാംസ്കാരിക വകുപ്പുവഴി ചെയ്യാൻ കഴിയുമെന്നുള്ളത് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്മാരകം നിർമ്മിക്കുന്നതിനായി ഭൗതിക സാഹചര്യം ഒരുക്കി ധനസഹായത്തിനായി അപേക്ഷ ലഭിച്ചാൽ അക്കാര്യം പരിശോധിക്കുന്നതാണ്.

### നാടക കലാകാരന്മാർക്ക് ഇൻഷ്വറൻസും ആരോഗ്യ പരിരക്ഷയും

114 (7213) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാഡമിയുടെ കീഴിൽ നാടക കലാകാരൻമാർക്ക് ഇൻഷ്വറൻസും ആരോഗ്യ പരിരക്ഷാസംവിധാനവും നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഉത്സവ സീസണിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് കലാകാരൻമാർക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തുടക്കത്തിൽ ആയിരം പ്രൊഫഷണൽ നാടക കലാകാരന്മാർക്ക് ഇൻഷ്വറൻസും ആരോഗ്യപരിരക്ഷയും നടപ്പിലാക്കാനാണ് സംഗീത നാടക അക്കാദമി ഉദ്ദേശിക്കുന്നത്.

(സി) നിലവിൽ ആനുകൂല്യങ്ങൾ ഒന്നും നൽകുന്നില്ല. പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്ന കാര്യം കേരള സംഗീത നാടക അക്കാദമിയുടെ പരിഗണനയിലാണ്.

### സഹോദരൻ അയ്യപ്പന്റെ ഭവന പുനരുദ്ധാരണം

115 (7214) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നവോത്ഥാന നായകനായിരുന്ന സഹോദരൻ അയ്യപ്പന്റെ സ്വഭവനം വൈപ്പിൻ മണ്ഡലത്തിലെ ചെറായിയിൽ ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭവനത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കും ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചരിത്രം പേറുന്ന പ്രസ്തുത ഭവനത്തിന്റെയും, അതിനോടു ചേർന്ന ഗ്രന്ഥശാലയുടെയും പ്രവർത്തനത്തിന് സാമ്പത്തിക സഹായം നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; ഇതുവരെ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ചെറായിലെ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് ഒരു ലക്ഷം രൂപ വാർഷിക ആവർത്തന ഗ്രാന്റ് നൽകി വരുന്നു. കൂടാതെ സ്മാരകത്തിന്റെ വികസനത്തിനായി 29-3-2010-ലെ സ.ഉ. (സാധാ) നം. 208/2010/സി.എ.ഡി പ്രകാരം 2,50,000 രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്.

**കലാ സാഹിത്യകാരന്മാരുടെ സ്മാരകങ്ങൾക്കുള്ള ധനസഹായം**

116 (7215) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ കലാ-സാഹിത്യകാരൻമാരുടെ സ്മാരകങ്ങൾക്കുള്ള ധനസഹായത്തിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) നടപ്പു സാമ്പത്തിക വർഷം ഏതെല്ലാം പ്രോജക്ടുകൾക്കാണ് ഈ തുക നൽകുന്നതെന്നും ഓരോ പ്രോജക്റ്റിനും എത്ര തുക വീതം നൽകുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രമുഖരായ കലാസാഹിത്യകാരന്മാരുടെ സ്മാരകങ്ങൾക്ക് 2011-12 ബഡ്ജറ്റിൽ 2205-00-102-56 എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രോജക്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ധനസഹായം അനുവദിക്കുകയാണ് ചെയ്യുന്നത്.

**പുരാവസ്തുക്കൾ ഏറ്റെടുത്ത് സംരക്ഷിക്കാൻ നടപടി**

117 (7216) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടികൾ വിലമതിക്കുന്ന നിധികളും സ്വർണ്ണനാണയങ്ങളും മറ്റ് ശേഷിപ്പുകളും ട്രഷറികളിലും റവന്യൂ ഓഫീസുകളിലും കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃത്യമായ മൂല്യനിർണ്ണയവും പഠനവും നടത്താതെ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത വസ്തുക്കളെക്കുറിച്ച് പുരാവസ്തു വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം നൽകുമോ ; സർക്കാരിന്റെ പക്കൽ ആയത് സംബന്ധിച്ച എന്തെങ്കിലും കണക്കുകൾ ലഭ്യമാണോ ;

(ഡി) ട്രഷർ ട്രോവ് ആക്ട് പ്രകാരം 100 വർഷത്തിലേറെ പഴക്കമുള്ളവയും പുരാവസ്തുമൂല്യമുള്ളവയും ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കാറുണ്ടോ ; വ്യക്തമാക്കുമോ ;

ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ പുരാവസ്തു കണക്കെടുപ്പ് അടുത്ത് നടക്കാനിരിക്കെ ഇത്തരം വിലപിടിപ്പുള്ള ശേഖരങ്ങൾ കണക്കെടുപ്പ് നടത്തി പുരാവസ്തു വകുപ്പിന് കൈമാറുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) എല്ലാ നിധികളുടേയും ഡോക്കുമെന്റേഷനും കാറ്റലോഗിംഗ് മുതലായവയും പൂർത്തിയായിട്ടില്ല. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ട്രഷർട്രോവ് ആക്ട് പ്രകാരം 100 വർഷത്തിലേറെ പഴക്കമുള്ളവയും പുരാവസ്തു മൂല്യമുള്ളവയും മൂല്യം നിർണ്ണയിച്ച് അവകാശികളുണ്ടെങ്കിൽ അവർക്ക് നിയമാനുസൃതമായ പ്രതിഫലം നൽകി ഏറ്റെടുക്കാവുന്നതാണ്.

(ഇ) പരിശോധിക്കുന്നതാണ്.

### പട്ടം താണുപിള്ളയുടെ പേരിലുള്ള സ്മാരകങ്ങൾ പരിപാലിക്കുന്നതിനുള്ള നടപടി

118 (7217) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടം താണുപിള്ളയുടെ പേരിലുള്ള സ്മാരകങ്ങൾ പരിപാലിക്കുന്ന കാര്യത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ അധികൃതർ അനാസ്ഥ കാട്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) വി.ജെ.ടി. ഹാളിനു മുന്നിൽ സ്ഥിതി ചെയ്യുന്ന പട്ടം താണുപിള്ളയുടെ പ്രതിമയ്ക്കു ചുറ്റും വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും ചെടികൾ നട്ടും കമനീയമാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(സി) തിരുവനന്തപുരം കവടിയാർ കുറവൻകോണം ജംഗ്ഷനിലുള്ള പട്ടം താണുപിള്ള സ്മാരകപാർക്ക് ചില രാഷ്ട്രീയ കക്ഷികൾ കയ്യേറി പാർക്കിനെ നശിപ്പിക്കുന്നതിനെക്കുറിച്ച് അന്വേഷിക്കാമോ ; പാർക്കിൽ സാമൂഹ്യവിരുദ്ധ ശല്യമുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇക്കാര്യം പരിശോധിച്ച് വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## നാടക പ്രവർത്തകർക്ക് ഇൻഷ്വറൻസ് പദ്ധതി

119 (7218) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ, പാരമ്പര്യ, നൃത്ത സംഗീത നാടക രംഗത്ത് പ്രവർത്തിക്കുന്ന എത്രയാളുകളുണ്ടെന്ന് ജില്ലതിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ബി) ഇവർക്കായി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ഡി) ഇതിനകം എത്ര നാടക പ്രവർത്തകർ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

### ഉത്തരം

(എ) കേരളത്തിലെ പ്രൊഫഷണൽ, പാരമ്പര്യ, നൃത്ത സംഗീത നാടക രംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാരുടെ ജില്ല തിരിച്ചുള്ള കണക്ക് ശേഖരിച്ചു വരുന്നു.

(ബി) പ്രൊഫഷണൽ നാടകരംഗത്ത് പ്രവർത്തിക്കുന്ന കലാകാരന്മാർക്കാണ് ഇപ്പോൾ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(സി) ആയിരത്തോളം പ്രൊഫഷണൽ നാടക കലാകാരന്മാർക്കാണ് ഇപ്പോൾ ഇൻഷ്വറൻസ് ഏർപ്പെടുത്താൻ സംഗീത നാടക അക്കാദമി ഉദ്ദേശിക്കുന്നത്. ഇൻഷ്വറൻസ് പദ്ധതിയുടെ മറ്റ് നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല.

(ഡി) നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ കലാകാരന്മാരുടെ രജിസ്ട്രേഷൻ തുടങ്ങിയിട്ടില്ല.

## ആറ്റിങ്ങൽ കൊട്ടാരം നവീകരണം

120 (7219) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ന് ജീർണ്ണാവസ്ഥയിലായിരിക്കുന്ന ആറ്റിങ്ങൽ കൊട്ടാരം നവീകരിക്കാൻ ഏതെങ്കിലും പ്രൊപ്പോസൽ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതുപോലുള്ള പൈതൃക സ്വത്തുക്കൾ സാംസ്കാരിക വകുപ്പിന് നേരിട്ട് ഏറ്റെടുക്കാൻ കഴിയുമോ ;

(സി) പ്രസ്തുത കൊട്ടാരം സംരക്ഷിക്കുവാനുള്ള നടപടികൾ സാംസ്കാരിക വകുപ്പ് സ്വീകരിക്കുമോ ?

ഉത്തരം

(എ) ജീർണ്ണാവസ്ഥയിലുള്ള ആറ്റിങ്ങൽ കൊട്ടാരം സംരക്ഷിത സ്മാരകമാക്കുന്നതിലേക്ക് റവന്യൂ വിവരങ്ങൾ ജില്ലാ കളക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിവരം ലഭ്യമാക്കുന്ന മുറയ്ക്ക് സംരക്ഷിത സ്മാരകമാക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ച് സംരക്ഷിത സ്മാരകമാക്കി സംരക്ഷിക്കുന്നതാണ്.

(ബി) ഉടമസ്ഥാവകാശികളുടെ സമ്മതപ്രകാരം പൈതൃക സ്വത്തുക്കൾ ജില്ലാ കളക്ടർ മുഖേന വില നിശ്ചയിച്ച് സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്.

(സി) പ്രസ്തുത കൊട്ടാരം സംരക്ഷിത സ്മാരകമാക്കാനുള്ള നടപടി വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്.

**ലോക പൈതൃക കലകൾ**

121 (7220) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം തനതു കലകളാണ് ലോക പൈതൃക കലകളായി യുനെസ്കോ അംഗീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് ;

(സി) തെയ്യം എന്ന കലാരൂപത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തെയ്യത്തിന്റെ ഖ്യാതി വിദേശങ്ങളിൽ ഉൾപ്പെടെ എത്തിക്കുന്നതിനും സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കൂടിയാട്ടവും മുടിയേറ്റുമാണ് ലോക പൈതൃക കലകളായി യുനെസ്കോ അംഗീകരിച്ചിട്ടുള്ളത്.

(ബി) Ministry of Human Resources Development, Department of Secondary and Higher Education, Government of India, Shastri Bhavan, New Delhi 110 001 എന്ന വിലാസത്തിൽ അപേക്ഷിച്ചാൽ കൂടുതൽ വിവരങ്ങൾ ലഭ്യമാകുന്നതാണ്.

(സി) വൈവിധ്യവും സങ്കീർണ്ണവുമായ ഈ കലാരൂപത്തിന്റെ തനിമ ചോർന്നു പോകാതെ സംരക്ഷിക്കാനും നിലനിർത്താനും തെയ്യം കലാകാരന്മാർക്ക് ധനസഹായവും ചികിത്സാധനസഹായവും അവാർഡുകൾ/

LIBRARY ARCHIVES Kerala Legislative Assembly

ഫെലോഷിപ്പുകൾ എന്നിവയും നൽകി പ്രോത്സാഹിപ്പിച്ചുവരുന്നു. വിദേശ രാജ്യങ്ങളിൽ അക്കാദമി മുഖേനയും അല്ലാതെയും തെയ്യം കലാരൂപം പ്രദർശിപ്പിക്കുന്നതിനും തെയ്യം കലാഗ്രാമം രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## സാന്ത്വന പദ്ധതി

122 (7221) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളുടെ ചികിത്സയ്ക്കും, മരണമടഞ്ഞ പ്രവാസികളുടെ കുടുംബത്തിനും ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് ;

(ബി) 'സാന്ത്വന' പദ്ധതിയിൽ നിന്നുള്ള സഹായത്തിനായി ലഭിച്ച അപേക്ഷകളെത്ര ; ഇതിൽ ഇപ്പോഴും സഹായം നൽകിയിട്ടില്ലാത്തവ എത്ര ?

### ഉത്തരം

(എ) വിദേശത്ത് മരണമടയുന്ന പ്രവാസികളുടെ ബന്ധുക്കളിൽ നിന്നും മറ്റ് വിശ്വാസയോഗ്യമായ കേന്ദ്രങ്ങളിൽ നിന്നും അപേക്ഷ ലഭിക്കുന്നത് അനുസരിച്ച് ഭൗതിക ശരീരം നാട്ടിൽ കൊണ്ടുവരുന്നതിനായി അതാത് എംബസികളുമായി ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിച്ച് വരുന്നുണ്ട്. മരണപ്പെട്ട ആളുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ വിദേശത്തുള്ള ബന്ധുവിന്റെയോ സുഹൃത്തുക്കളുടെയോ വിവരങ്ങളും അഫിഡവിറ്റും പവർ ഓഫ് അറ്റോണിയും ഉൾക്കൊള്ളുന്ന അപേക്ഷ എംബസികൾക്ക് അയച്ചു കൊടുക്കുകയും നിരന്തരമായി ബന്ധപ്പെട്ട് മൃതദേഹം നാട്ടിലെത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു. കൂടാതെ താഴെപ്പറയുന്ന സഹായ പദ്ധതികളും നടപ്പാക്കി വരുന്നു.

1. സാന്ത്വന

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്. വാർഷിക വരുമാനം 25,000 രൂപയ്ക്ക് താഴെയുള്ള തിരികെയെത്തിയ പ്രവാസികളുടെ സഹായത്തിനായാണ് 'സാന്ത്വന' പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ പ്രവാസി കേരളീയരുടെ ചികിത്സയ്ക്കോ മരണപ്പെട്ട പ്രവാസികളുടെ/ കുടുംബാംഗങ്ങളുടെ മരണാനന്തര ചടങ്ങുകൾ നടത്തുന്നതിനോ പ്രവാസിയുടെ/ അടുത്ത കുടുംബാംഗങ്ങളുടെ ചികിത്സയ്ക്കോ, അവരുടെ പെൺമക്കളുടെ വിവാഹാവശ്യത്തിനോ പ്രവാസിക്ക്/ പ്രവാസിയുടെ കുടുംബാംഗങ്ങൾക്ക് വീൽചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിനോ



LIBRARY ARCHIVES Kerala Legislative Assembly

ഒറ്റ തവണയായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് പരമാവധി 10,000 രൂപ വരെ സഹായം നൽകിവരുന്നുണ്ട്.

2. കാരുണ്യം

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസി കേരളീയർ അവിടെ വച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാനമാർഗ്ഗം/റെയിൽമാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടു വരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

3. ചെയർമാൻ ഫണ്ട്

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ നാട്ടിൽ വന്ന് സ്ഥിര താമസമാക്കിയവർക്ക് ഈ ആനുകൂല്യത്തിന് അർഹതയുണ്ട്. മരണാനന്തര ധനസഹായമായും ചികിത്സാ ധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

4. കേരള പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുത്തിട്ടുള്ള അംഗങ്ങൾക്ക് ചികിത്സാ സഹായം, അംഗം മരണമടയുമ്പോൾ ആശ്രിതർക്ക് മരണാനന്തര ധനസഹായം എന്നിവ നിബന്ധനകൾക്കനുസൃതമായി നൽകി വരുന്നുണ്ട്.

(ബി) സാന്ത്വന പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി ആകെ ഇതുവരെ 5130 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 1824 അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട്. 2566 അപേക്ഷകൾ അർഹതയില്ലാത്തതിനാൽ നിരസിച്ചിട്ടുണ്ട്. 740 അപേക്ഷകൾ പരിഗണിച്ചു കൊണ്ടിരിക്കുന്നു. നിരസിച്ചവയുടെ കൂട്ടത്തിൽ പ്രാഥമിക യോഗ്യതകൾ പോലും ഇല്ല എന്നതിനാൽ നോർക്ക-റൂട്ട്സിന്റെ തലത്തിൽ നിരസിച്ചവയും ഉൾപ്പെടുന്നു.

## നോർക്ക റൂട്ട്സിന്റെ കേന്ദ്രങ്ങൾ

123 (7222) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളികൾ കൂടുതലായുള്ള മറുനാടുകളിൽ നോർക്ക റൂട്ട്സിന്റെ പ്രവർത്തനങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി നോർക്ക റൂട്ട്സിന്റെ കേന്ദ്രങ്ങൾ മറുനാടുകളിൽ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇതിനായി കൈകൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ-സി) ഡൽഹിയിലും മുംബൈയിലും എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. മറുനാടൻ മലയാളികൾ നേരിടുന്ന അടിയന്തര പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾ മുഖാന്തിരം സാധിക്കുന്നുണ്ട്. ഇതിനോടൊപ്പം നോർക്ക-റൂട്ട്സ് വഴി നടപ്പിലാക്കുന്ന പദ്ധതികളെ സംബന്ധിച്ച സേവനങ്ങളും പ്രസ്തുത ഓഫീസുകൾവഴി ലഭിക്കുന്നു. എൻ.ആർ.കെ. ഡെവലപ്പ്മെന്റ് ഓഫീസുകൾക്ക് പുറമേ നോർക്ക റൂട്ട്സ് ഓഫീസ്/സെല്ലുകൾ ബറോഡ, ചെന്നൈ എന്നിവിടങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ബാംഗ്ലൂരിലും നോർക്ക റൂട്ട്സിന്റെ ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

## നോർക്കയുടെ പ്രവർത്തനങ്ങൾ

124 (7223) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുഴുവൻ പ്രദേശങ്ങളിലും നോർക്കയുടെ പ്രവർത്തനങ്ങൾ സജീവമാക്കാൻ എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് ;

(ബി) എല്ലാ ജില്ലകളിലും നോർക്കയുടെ ഓഫീസുകൾ തുടങ്ങുമോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) നോർക്ക-റൂട്ട്സ് മേഖലാ ഓഫീസുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ട്. തെരഞ്ഞെടുത്ത 12 ജില്ലാ ആസ്ഥാനങ്ങളിൽ മാസത്തിൽ നിശ്ചിത ദിവസങ്ങളിൽ അറ്റസ്റ്റേഷൻ സൗകര്യം നൽകിവരുന്നുണ്ട്. നോർക്ക-റൂട്ട്സ് തിരിച്ചറിയൽ കാർഡ് വിതരണവും ധന സഹായ പദ്ധതികളുമായി ബന്ധപ്പെട്ട് അന്വേഷണങ്ങളും ജില്ലാ ആസ്ഥാനങ്ങളിൽ സംഘടിപ്പിക്കുന്നു. നോർക്ക റൂട്ട്സിന്റെ പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാമുകൾ ജില്ലകളിൽ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്.

(ബി) & (സി) കോട്ടയം, മലപ്പുറം, പത്തനംതിട്ട, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ എന്നീ ജില്ലകളിൽ നോർക്ക റൂട്ട്സിന്റെ മുഴുവൻ സമയ ഓഫീസുകൾ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## പ്രവാസികൾക്ക് നോർക്കയുടെ സേവനം

125 (7224) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. റ്റി. ബൽറാം:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുമായി ബന്ധപ്പെടേണ്ടിവരുന്ന സ്ഥാപനങ്ങളുമായി നല്ല ബന്ധം ഉണ്ടാക്കുന്നതിന് നോർക്ക എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്;

(ബി) എംബസികൾ, എമിഗ്രേഷൻ, എയർപോർട്ടുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ കൂട്ടായ്മയ്ക്കും സഹകരണത്തിനും നോർക്ക മുൻകൈ എടുക്കുമോ ;

(സി) എയർപോർട്ടുകളിൽ നോർക്കയുടെ സേവനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) പ്രവാസികളുമായി ബന്ധപ്പെടേണ്ടിവരുന്ന സ്ഥാപനങ്ങളുമായി നല്ല ബന്ധം നിലനിർത്തുന്നതിന് നോർക്ക ശ്രദ്ധിക്കുന്നുണ്ട്. വിദേശ രാജ്യങ്ങളിലെ ഇൻഡ്യൻ എംബസ്സികളുമായി നിരന്തര ബന്ധം പുലർത്തി വരുന്നു. 2011 സെപ്റ്റംബർ മാസം ഉത്ഘാടനം ചെയ്ത നോർക്ക സെന്ററിൽ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സിന്റെ ഓഫീസിന് സ്ഥലം നൽകിയിട്ടുണ്ട്.

(ബി) നോർക്ക സംഘടിപ്പിക്കുന്ന എല്ലാ പ്രവാസി സംഗമങ്ങളിലും കേന്ദ്ര വിദേശകാര്യ മന്ത്രാലയം, പ്രവാസികാര്യ മന്ത്രാലയം, എമിഗ്രേഷൻ ഓഫീസുകൾ, എയർപോർട്ടുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവരെ പങ്കെടുപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇക്കാര്യം ആലോചിക്കാവുന്നതാണ്.

## ഓണം, റംസാൻ കാലത്തെ വിമാനയാത്രാ നിരക്കുകൾ

126 (7225) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി മലയാളികളെ വിമാനക്കമ്പനികൾ വലയ്ക്കുന്നതും ചൂഷണം ചെയ്യുന്നതും സംബന്ധിച്ച പരാതികളെക്കുറിച്ച് സർക്കാർ പരിശോധന നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ഗൾഫ് മലയാളികളെ കൊള്ളയടിക്കുന്നതിൽ പൊതുമേഖലാ സ്ഥാപനമായ എയർ ഇന്ത്യയാണ് മുന്നിൽ നിൽക്കുന്നത് എന്ന ആക്ഷേപം വിലയിരുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഓണം റംസാൻ കാലത്ത് നാട്ടിലെത്തുന്ന മലയാളികൾക്ക് തിരിച്ചു പോകാൻ വിമാനക്കൂലി പലമടങ്ങ് നൽകേണ്ടി വരുന്നതും ജോലി നഷ്ടപ്പെടാതിരിക്കാൻ വേണ്ടി വിമാന കമ്പനികൾ ആവശ്യപ്പെടുന്ന തുക നൽകി മടങ്ങിപ്പോകേണ്ടി വരുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനം തന്നെ യാത്രക്കാരെ ചൂഷണം ചെയ്യുമ്പോൾ സ്വകാര്യ വിമാനക്കമ്പനികളും അവസരം മുതലെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഓണത്തിനും റംസാനുമൊക്കെ നാട്ടിലേക്ക് അവധിക്ക് വരുന്നതിലധികം സാധാരണക്കാരാണ് എന്ന കാര്യം പരിശോധിക്കുമോ ;

(ജി) റംസാൻ, ഓണക്കാലത്ത് കൂടുതൽ വിമാനസർവ്വീസുകൾ നടത്താനും ടിക്കറ്റ് നിരക്ക് വർദ്ധിപ്പിക്കാതിരിക്കാനും സംസ്ഥാനം കേന്ദ്രത്തിനു മേൽ സമ്മർദ്ദം ചെലുത്തുമോ ?

## ഉത്തരം

(എ & ബി) പ്രവാസി മലയാളികളെ വിമാനക്കമ്പനികൾ വലയ്ക്കുന്നതും ചൂഷണം ചെയ്യുന്നതുമായി പരാതിപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ സർക്കാരിന് ലഭിക്കാറുണ്ട്. ഇവയിൽ പരിശോധന നടത്തുകയും പ്രാഥമിക അന്വേഷണത്തിനുശേഷം ബന്ധപ്പെട്ട അധികാരികളുടെ ശ്രദ്ധയിൽകൊണ്ടുവരികയും ചെയ്യുന്നുണ്ട്.

(സി-എഫ്) ഏറ്റവും കൂടുതൽ പ്രവാസി മലയാളികൾ യാത്രയ്ക്കായി ആശ്രയിക്കുന്നത് എയർ ഇൻഡ്യയെ ആണ് എന്നാണ് കണ്ടുവരുന്നത്. ചില അവസരങ്ങളിൽ മുൻകൂർ അറിയിപ്പ് ഇല്ലാതെയോ വ്യക്തമായ കാരണങ്ങൾ കാണിക്കാതെയോ ഫ്ളൈറ്റുകൾ ക്യാൻസൽ ചെയ്യുന്നതായും പരാതികൾ ലഭിക്കാറുണ്ട്. ഇത്തരം കാര്യങ്ങൾ വളരെ പ്രസക്തമായ രീതിയിൽത്തന്നെ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷനുമായും എയർ ഇൻഡ്യ അധികൃതരുമായും ബന്ധപ്പെട്ട് സർക്കാരിന്റെ ആശങ്ക അറിയിക്കുകയും ചെയ്യുന്നുണ്ട്. ഇതൊരു ബിസിനസ്സ് സ്ഥാപനമായതുകൊണ്ടും വിപണിയിൽ പിടിച്ചു നിൽക്കുന്നതിനായി ആവശ്യം ചില നടപടികൾ കൈക്കൊള്ളേണ്ടതുള്ളതിനാലുമാണ് ഈ സ്ഥിതിവിശേഷം ഉണ്ടാകുന്നതെന്ന് മനസ്സിലാക്കുന്നു. സാധാരണക്കാരായ പ്രവാസി മലയാളികളെ അവസരം മുതലെടുത്ത് ചൂഷണം ചെയ്യുന്നതിൽ ഈ സർക്കാരിന്റെ എതിർപ്പ് അറിയിച്ചിട്ടുള്ളതാണ്.

(ജി) ഉത്സവകാലങ്ങളിൽ കൂടുതൽ വിമാന സർവ്വീസുകൾ നടത്താനും അകാരണമായി യാത്രാക്കൂലി വർദ്ധിപ്പിക്കാതിരിക്കുന്നതിനുമായി കേന്ദ്രത്തിന് ഇതിനകംതന്നെ നിരവധി കത്തിടപാടുകൾ നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## വിദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകളുടെ തൊഴിൽ സുരക്ഷിതത്വം

127 (7226) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകൾ തൊഴിൽ തട്ടിപ്പിനും മറ്റുവിധ ചൂഷണങ്ങൾക്കും വിധേയരാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തുവരുന്ന സ്ത്രീകളുടെ തൊഴിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) വിദേശത്ത് ജോലി ചെയ്യുന്ന സ്ത്രീകൾ തൊഴിൽ തട്ടിപ്പിനും മറ്റുവിധ ചൂഷണങ്ങൾക്കും വിധേയമാകുന്നതായി പരാതികൾ ലഭിക്കുന്നുണ്ട്. ആയത് അതാത് എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവരുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

(ബി) വിദേശത്ത് തൊഴിൽ മേഖലയിൽ ബുദ്ധിമുട്ടുന്നവരുടെ പരാതി എംബസ്സികളുടെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹരിക്കുന്നു. പുതുതായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം വിദേശ ജോലി സ്ഥലങ്ങളിൽ കുടുങ്ങിയ വീട്ടുജോലിക്കാരായ സ്ത്രീകളെയും മറ്റ് പ്രവാസികളെയും അടിയന്തരമായി എംബസ്സികളിലേക്കു എത്തിക്കുന്നതിന് വേണ്ടുന്ന വാഹന സൗകര്യം ലഭ്യമാക്കുന്നതിനും നിയമസഹായം നൽകുന്നതിനും എംബസ്സികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതിന് പദ്ധതിയിടുന്നു.

## പ്രവാസി ക്ഷേമ പദ്ധതി

128 (7227) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി ഈ സർക്കാർ പുതുതായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) മുൻ സർക്കാർ പ്രവാസികാര്യവകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ എല്ലാം ഇപ്പോഴും തുടരുന്നുണ്ടോ ; അവ ഏതൊക്കെയായിരുന്നു ; വിശദമാക്കാമോ ?

### ഉത്തരം

(എ) 1. പ്രവാസി കേരളീയർക്കായി ഒരു കോൾ സെന്റർ നോർക്ക വകുപ്പിന്റെ ഔദ്യോഗിക കെട്ടിടമായ നോർക്ക സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോൾ സെന്ററിലൂടെ നോർക്ക വകുപ്പിന്റെയും നോർക്ക-റൂട്ട്സി

ന്റെയും പദ്ധതികളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രവാസി കേരളീയർക്ക് അടിയന്തരഘട്ടങ്ങളിൽ ആവശ്യമായി വരുന്ന എംബസ്സികളെ സംബന്ധിക്കുന്ന വിവരങ്ങൾ, വിദേശരാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയുടെ ആധികാരികതയെക്കുറിച്ചുള്ള വിവരങ്ങൾ, വിദേശയാത്രയ്ക്ക് മുൻപ് ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ, റിക്രൂട്ട്മെന്റിനെക്കുറിച്ചും/റിക്രൂട്ട്മെന്റ് ഏജന്റുകളെ സംബന്ധിച്ചുമുള്ള വിവരങ്ങൾ എന്നിങ്ങനെ പ്രവാസി കേരളീയർക്കും വിദേശതൊഴിൽ കാംക്ഷികൾക്കും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നു.

2. പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ പരിഹരിക്കാൻ പ്രയാസമുള്ളതും ദീർഘകാലമെടുക്കുന്നതുമായ പരാതികളും ആവലാതികളും അടിയന്തര പ്രാധാന്യം നൽകി പരിഹരിക്കുന്നതിനും മൂല്യവർദ്ധിത സേവനങ്ങളുടെ രൂപത്തിൽ സർക്കാരിന്റെ സഹായഹസ്തം പ്രവാസികളിലേക്കെത്തിക്കുന്നതിലേക്കുമായി ജില്ലകളിലുള്ള നോർക്ക സെല്ലുകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

3. തിരുവനന്തപുരം ജില്ലയിൽ നോർക്ക വകുപ്പിനു കീഴിലുള്ള വിവിധ ഓഫീസുകളെ ഏകോപിപ്പിക്കുന്നതിനായും പ്രവാസികൾക്കായും വിദേശ ജോലി തേടുന്നവർക്കായും ഉള്ള വിവിധ സേവനങ്ങൾ ഒരു കെട്ടിട സമുച്ചയത്തിൽ നിന്നും നൽകാൻ ഉതകുംവിധം നോർക്ക സെന്റർ എന്ന കെട്ടിടം ബഹു. മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തിട്ടുണ്ട്.

4. ധനസഹായ പദ്ധതികളായ ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000 രൂപയിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. ചെയർമാൻ ഫണ്ടിൽ അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാനപരിധി നിലവിലെ 25,000 ത്തിൽനിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

5. നോർക്കയുടെ സേവനങ്ങൾ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി ഡെവലപ്മെന്റ് ഓഫീസുകൾ ഗുജറാത്തിലെ ബറോഡയിൽ 24-7-2011-നും ചെന്നൈയിൽ 21-8-2011-നും തുറന്ന് പ്രവർത്തനമാരംഭിച്ചു.

6. നോർക്ക-റൂട്ട്സ് നൽകിവരുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമായി.

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രവാസികാര്യ വകുപ്പുവഴി നടപ്പിലാക്കിയ എല്ലാ പദ്ധതികളും നിലവിൽ തുടരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. <u>സാന്ത്വന</u>

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്.

2. <u>കാരുണ്യം</u>

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസി കേരളീയർ അവിടെവച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

3. ചെയർമാൻ ഫണ്ട്

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായവർക്ക് ധനസഹായം അനുവദിക്കാറുണ്ട്. മരണാനന്തര ധനസഹായമായും ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

പ്രവാസി മലയാളികളുടെ ചിരകാല അഭിലാഷമായ തിരിച്ചറിയൽ കാർഡ് വിതരണം നോർക്ക-റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ 2008-ൽ ആരംഭിച്ചിട്ടുണ്ട്. തിരിച്ചറിയൽ കാർഡുകൾക്ക് ഒരു ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷ നൽകി വന്നിരുന്നു. ആയതിപ്പോൾ 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് അവരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിലേക്കായി തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന കേന്ദ്രങ്ങൾ നോർക്ക-റൂട്ട്സിന് കീഴിൽ ആരംഭിച്ചിട്ടുണ്ട്. വിദേശ തൊഴിലുമായി ബന്ധപ്പെട്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിലേക്കായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി 2006 മുതൽ നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നുണ്ട്. ആയതിനോടൊപ്പം 2010 ഡിസംബറിൽ ഒരു ജോബ് പോർട്ടൽ www.jobsnorka.gov.in ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ തൊഴിൽ കാംക്ഷികൾക്കും തൊഴിൽദാതാക്കൾക്കും ഒരേപോലെ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ പ്രവാസികളുടെ സമഗ്രക്ഷേമം ഉറപ്പാക്കുന്നതിനായി കേരള പ്രവാസി കേരളീയക്ഷേമ പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

## പ്രവാസികളുടെ ക്ഷേമത്തിനായി പദ്ധതി

129 (7228) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികളുടെ ക്ഷേമത്തിനായി 2011-12 വർഷത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദീകരിക്കുമോ ;

(ബി) സാമ്പത്തികമായി പ്രയാസം അനുഭവിക്കുന്ന പ്രവാസികൾക്ക് പലിശരഹിത വായ്പ നൽകുമോ ;

(സി) കേന്ദ്രസഹായത്തോടെ ഇവർക്കു തൊഴിലവസരങ്ങൾ നൽകുന്നതിന് പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് തടസ്സങ്ങളുണ്ടോ ?

ഉത്തരം

1. സാന്ത്വന

ദുരിതമനുഭവിക്കുന്ന പ്രവാസി കേരളീയർക്കായി നോർക്ക വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയായ 'സാന്ത്വന' പദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. കാരുണ്യം

വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും ജോലി ചെയ്യുന്ന പ്രവാസി കേരളീയർ അവിടെവച്ച് മരണമടയുന്ന സന്ദർഭങ്ങളിൽ അവരുടെ മൃതശരീരം വിമാന മാർഗ്ഗം/റെയിൽ മാർഗ്ഗം സ്വന്തം നാട്ടിൽ കൊണ്ടുവരുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനായി 'കാരുണ്യം' എന്ന പേരിൽ സർക്കാർ ഒരു ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

3. ചെയർമാൻ ഫണ്ട്

ഈ ഫണ്ടിൽ നിന്നും ഏറെ കഷ്ടപ്പെടുന്ന പ്രവാസികളിൽ അർഹരായ വർക്ക് ധനസഹായം അനുവദിക്കാറുണ്ട്. മരണാനന്തര ധനസഹായമായും ചികിത്സാധനസഹായമായുമാണ് തുക അനുവദിക്കുന്നത്.

നോർക്ക വകുപ്പിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ വിദേശരാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെയും മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കന്നതിന് 2.14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

പ്രവാസി കേരളീയർക്കായി ഒരു കോൾ സെന്റർ നോർക്ക വകുപ്പിന്റെ ഔദ്യോഗിക കെട്ടിടമായ നോർക്ക സെന്ററിൽ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത കോൾ സെന്ററിലൂടെ നോർക്ക വകുപ്പിന്റെയും നോർക്ക-റൂട്ട്സിന്റെയും പദ്ധതികളെക്കുറിച്ച് വിവരങ്ങൾ നൽകുന്നതിനോടൊപ്പം പ്രവാസി കേരളീയർക്ക് അടിയന്തരഘട്ടങ്ങളിൽ ആവശ്യമായി വരുന്ന എംബസ്സികളെ സംബന്ധിക്കുന്ന വിവരങ്ങൾ, വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങൾ, വിസയുടെ ആധികാരികതയെക്കുറിച്ചുള്ള വിവരങ്ങൾ, വിദേശയാത്രയ്ക്ക് മുൻപ് ശ്രദ്ധിക്കേണ്ടതായ കാര്യങ്ങൾ, റിക്രൂട്ട്മെന്റിനെക്കുറിച്ചും/റിക്രൂട്ട്മെന്റ് ഏജന്റുകളെ സംബന്ധിച്ചും വിവരങ്ങൾ എന്നിങ്ങനെ പ്രവാസി കേരളീയർക്കും വിദേശ തൊഴിൽ കാംക്ഷികൾക്കും ആവശ്യമായ വിവരങ്ങൾ പ്രസ്തുത കോൾസെന്ററിലൂടെ ലഭ്യമാക്കുന്നതാണ്.

പ്രവാസികളുടെ/കുടുംബാംഗങ്ങളുടെ പരിഹരിക്കാൻ പ്രയാസമുള്ളതും ദീർഘകാലമെടുക്കുന്നതുമായ പരാതികളും ആവലാതികളും അടിയന്തര പ്രാധാന്യം നൽകി പരിഹരിക്കുന്നതിനും മൂല്യവർദ്ധിത സേവനങ്ങളുടെ രൂപത്തിൽ സർക്കാരിന്റെ സഹായഹസ്തം പ്രവാസികളിലേക്കെത്തിക്കുന്നതിലേക്കുമായി ജില്ലകളിലുള്ള നോർക്ക സെല്ലുകൾ ശക്തമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ജില്ലയിലെ നോർക്ക വകുപ്പിന് കീഴിൽ ഉള്ള വിവിധ ഓഫീസുകളെ ഏകോപിപ്പിക്കുന്നതിനായും പ്രവാസികൾക്കായും വിദേശ ജോലി തേടുന്നവർക്കായും ഉള്ള വിവിധ സേവനങ്ങൾ ഒരു കെട്ടിട സമുച്ചയത്തിൽ നിന്നും നൽകാൻ ഉതകുംവിധം നോർക്ക സെന്റർ എന്ന കെട്ടിടം ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly

ധനസഹായ പദ്ധതികളായ ചെയർമാൻ ഫണ്ടിലൂടെയുള്ള ധനസഹായം 10,000 രൂപയിൽ നിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചു. ചെയർമാൻ ഫണ്ടിൽ അപേക്ഷിക്കുന്നവരുടെ വാർഷിക വരുമാനപരിധി നിലവിലെ 25,000-ത്തിൽ നിന്നും 50,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

നോർക്കയുടെ സേവനങ്ങൾ മലയാളി സമൂഹത്തിന് ലഭ്യമാക്കാനായി ഡെവലപ്മെന്റ് ഓഫീസുകൾ ഗുജറാത്തിലെ ബറോഡയിൽ 24-7-2011-നും ചെന്നൈയിൽ 21-08-2011 നും തുറന്ന് പ്രവർത്തനമാരംഭിച്ചു.

നോർക്ക-റൂട്ട്സ് നൽകിവരുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് ഉടമകൾക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് തീരുമാനമായി.

തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ഉള്ള നോർക്ക-റൂട്ട്സിന്റെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തൽ കേന്ദ്രങ്ങൾക്ക് പുറമേ, ഇടുക്കി, വയനാട് ഒഴികെയുള്ള എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മാസത്തിൽ നിലവിലെ ഒരു ദിവസത്തിൽനിന്നും രണ്ട് ദിവസം അറ്റസ്റ്റേഷൻ സേവനം നൽകുന്നതാണ്.

(ബി) സാമ്പത്തിക മാന്ദ്യംമൂലം ജോലി നഷ്ടപ്പെട്ട് നാട്ടിലേക്ക് തിരിച്ചു വരുന്ന മലയാളികൾക്ക് സ്വയം സംരംഭം തുടങ്ങാനായി 9 % പലിശയ്ക്ക് വായ്പ നൽകിവരുന്ന പ്രവാസികൾക്കുള്ള പ്രത്യേക പദ്ധതി (Special Package to NRKs) 2009 മാർച്ചുമുതൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. പലിശരഹിത വായ്പ നൽകുന്ന പദ്ധതികൾ ഒന്നും നിലവിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ഇല്ല.

(സി) വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജൻസിയായി നോർക്ക-റൂട്ട്സ് പ്രവർത്തിക്കുന്നുണ്ട്. ഇതിനോടൊപ്പം തന്നെ നോർക്ക-റൂട്ട്സ് വിദേശരാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് 'ജോബ് പോർട്ടൽ' 2010 ഡിസംബർ മാസം ആരംഭിച്ചിട്ടുണ്ട്. www.jobsnorka.gov.in എന്ന ജോബ് പോർട്ടലിൽ ഒരേ സമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേന്ദ്ര സർക്കാരിലെ പ്രവാസികാര്യ വകുപ്പിൽ പ്രവാസികൾക്കായി തൊഴിലവസരങ്ങൾ നൽകുന്നതിന് പ്രത്യേക കേന്ദ്ര പദ്ധതികൾ നടപ്പിലാക്കുന്നതായി കാണുന്നില്ല.

## എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ

130 (7229) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ എത്ര എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളിൽ വകുപ്പിനു വെളിയിലുള്ള വർക്ക് പരിശീലനം നൽകാറുണ്ടോ ; അത്തരക്കാരിൽ നിന്നും ഫീസ് ഈടാക്കാറുണ്ടോ ?

ഉത്തരം

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുത്തിരിക്കുന്നു :

| | |
|---|---|
| കൊല്ലം | 1 |
| തൃശ്ശൂർ | 1 |
| കണ്ണൂർ | 1 |

(ബി) വകുപ്പിന് വെളിയിലുള്ളവർക്ക് പരിശീലനം നൽകാറുണ്ട്. ഫീസ് ഈടാക്കുന്നില്ല.

**കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി**

131 (7230) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് പദ്ധതി ദരിദ്ര ജനവിഭാഗങ്ങൾക്കു കൊടുക്കുന്ന രീതിയിൽ കേന്ദ്രഫണ്ട് മുഴുവൻ വിനിയോഗിക്കാൻ എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ;

(ബി) ഇതിനായി സാധന സാമഗ്രികൾ ഉപയോഗിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി എടുക്കുമോ ;

(സി) ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയിൽ പറഞ്ഞിട്ടുള്ള എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജില്ലകളുടെ ലേബർ ബഡ്ജറ്റിന്റെ അടിസ്ഥാനത്തിലാണ് ഒരു സാമ്പത്തിക വർഷം കേന്ദ്രം ഫണ്ട് അനുവദിക്കുന്നത്. സംസ്ഥാനത്തെ 14 ജില്ലകൾക്കായി നടപ്പുവർഷം 932 കോടി രൂപയുടെ ലേബർ ബഡ്ജറ്റ് കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഒക്ടോബർ 30 വരെയുള്ള കാലയളവിലേക്ക് ലേബർ ബഡ്ജറ്റിൽ ലക്ഷ്യമിട്ടിട്ടുള്ള ചെലവിന്റെ 84% ഇതിനകം വിനിയോഗിച്ചുകഴിഞ്ഞു. തൊഴിലുറപ്പ് പദ്ധതിയിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് അനുയോജ്യമായ കാലാവസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പു സാമ്പത്തിക വർഷത്തെ ശേഷിക്കുന്ന മാസങ്ങളിലായതിനാൽ ലേബർ ബഡ്ജറ്റിൽ നടപ്പ് സാമ്പത്തിക വർഷാവസാനം ലക്ഷ്യമിട്ടിട്ടുള്ള ചെലവ് സാക്ഷാൽക്കരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിൽ സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് പരിമിതിയുണ്ട്. സാധന സാമഗ്രികൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും വിനിയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനം ഇപ്പോൾ നടന്നു വരുന്നു. അതോടൊപ്പം പദ്ധതി പ്രവർത്തനം ശക്തിപ്പെടുത്തുന്നതിലേക്കായി ഗ്രാമസഭ ഫെസിലിറ്റേറ്റർമാർ, എസ്.സി/എസ്.റ്റി. പ്രൊമോട്ടർമാർ, അയൽക്കൂട്ട പ്രതിനിധികൾ, സ്വയം സഹായ സംഘങ്ങൾ തുടങ്ങിയവർക്കുള്ള വരിശീലനം വരും മാസങ്ങളിൽ വിപുലമായി സംഘടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സാധനസാമഗ്രികൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും വിനിയോഗിക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(സി) തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കും പ്രകാരം ഗ്രാമപ്രദേശങ്ങളിലെ പൊതുവായ സ്ഥലങ്ങളിലെ ജലസംരക്ഷണ പ്രവർത്തനം, വരൾച്ചാ നിവാരണം, ജലസേചന തോടുകളുടെ പുനരുദ്ധാരണം, ഭൂവികസനം, വെള്ളപ്പൊക്ക നിവാരണം, കുളങ്ങളുടെ പുനരുദ്ധാരണം എന്നിവയും എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ റോഡുകളുടെ നിർമ്മാണം, നടപ്പിലാക്കുന്ന മൊത്തം പദ്ധതികളുടെ 10%-ൽ അധികരിക്കാതെ ഏറ്റെടുത്ത് അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രയോജനപ്പെടുത്താൻ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

## ഗസ്റ്റ് എഡിറ്റർ നിയമനം

132 (7231) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള സ്ഥിരം അക്കാദമിക് ജീവനക്കാർക്കുള്ള ഓഫീസും മറ്റു സൗകര്യങ്ങളും നല്കി എത്ര വ്യക്തികളെയാണ് എഡിറ്റർമാരായി നിയമിച്ചിട്ടുള്ളത് ; ഇവരുടെ പേരും ഗസ്റ്റ് എഡിറ്റർ നിയമനം നേടുന്നതിനായി ഇവർ സമർപ്പിച്ച അക്കാദമിക് യോഗ്യതകളും എന്താണ് ;

(ബി) ഗസ്റ്റ് എഡിറ്റർമാരായി നിയമിച്ച വ്യക്തിക്ക് എഴുത്തുകാരെ നേരിട്ട് സമീപിച്ച് പുസ്തകങ്ങൾ തയ്യാറാക്കുന്നതിന് ഉത്തരവ് നൽകുവാൻ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണ വിഭാഗം അനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ആ ഉത്തരവിന്റെ കോപ്പി നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇൻസ്റ്റിറ്റ്യൂട്ട് വക ഡി.റ്റി.പി. ജോലികൾ കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്ക് നൽകുവാൻ ഗസ്റ്റ് എഡിറ്റർക്ക് അധികാരമുണ്ടോ ;

(ഡി) പ്രൂഫ് റീഡിംഗിനുള്ള പ്രതിഫലവും ഗസ്റ്റ് എഡിറ്ററുടെ ശമ്പളവും ഒരേ സമയം ഏതെങ്കിലും എഡിറ്റർമാർ കൈപ്പറ്റിയിട്ടുണ്ടോ ; എങ്കിൽ അത് നൽകിയതും കൈപ്പറ്റിയതും എന്ത് മാനദണ്ഡത്തിലാണ് ?

<u>ഉത്തരം</u>

(എ) ഗസ്റ്റ് എഡിറ്റർമാരായി ആരെയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ നിയമിച്ചിട്ടില്ല. എന്നാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇപ്പോൾ വേണ്ടത്ര എഡിറ്റർമാർ ഇല്ലാത്തതിനാൽ വിദ്യാഭ്യാസ പുസ്തകങ്ങൾ എഡിറ്റ് ചെയ്യുവാൻ ഡോ.രവിശങ്കർ.എസ്.നായരേയും മഹാന്മാരുടെ ജീവചരിത്രം രചിക്കാൻ ആവിഷ്കരിച്ച അറിവ്-നിറവ് പുസ്തക പരമ്പരയുടെ പുസ്തകങ്ങൾ എഡിറ്റ് ചെയ്യുന്നതിന് ശ്രീ.എം. ചന്ദ്രപ്രകാശിനെയും ഗസ്റ്റ് എഡിറ്റർമാരായി നിയോഗിച്ചിട്ടുണ്ട്. ഇവരുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു :

<u>ഡോ. രവിശങ്കർ എസ്. നായർ</u>

1. എം.എ (ലിംഗ്വിസ്റ്റിക്സ്)
2. പി.എച്ച്.ഡി
3. ദ്രവീഡിയൻ ലിംഗ്വിസ്റ്റിക് ഇൻസ്റ്റിറ്റ്യൂട്ടിലെ അസോസിയേറ്റ് എഡിറ്റർ എന്ന നിലയിലുള്ള പരിചയം
4. എസ്.സി.ആർ.ടി. മുൻ അസിസ്റ്റന്റ് പ്രൊഫസർ എന്ന നിലയിലുള്ള പരിചയം.

<u>ശ്രീ. എം. ചന്ദ്രപ്രകാശ് :</u>

1. മലയാള സാഹിത്യത്തിൽ ബിരുദാന്തര ബിരുദം.
2. പത്രപ്രവർത്തനത്തിൽ ഡിപ്ലോമ.

(ബി) ഗ്രന്ഥകർത്താക്കളുമായി കത്തിടപാടുകൾ നടത്തുന്നതും എഗ്രിമെന്റ് ഒപ്പിടുന്നതും ഡയറക്ടറാണ്.

(സി) ഇൻസ്റ്റിറ്റ്യൂട്ട് വക ഡി.റ്റി.പി. ജോലികൾ കമ്പ്യൂട്ടർ സ്ഥാപനങ്ങൾക്ക് നൽകുന്നത് പബ്ലിക്കേഷൻ അസിസ്റ്റന്റ് ഡയറക്ടർ മുഖേനയാണ്.

(ഡി) ഇൻസ്റ്റിറ്റ്യൂട്ടിലെ നിലവിലുള്ള നിയമമനുസരിച്ച് ഗസ്റ്റ് എഡിറ്റർക്ക് ഗ്രന്ഥകർത്താവിന് നൽകുന്ന പ്രതിഫലത്തിന്റെ മുപ്പതു ശതമാനവും പ്രൂഫ് റീഡിംഗിന് പേജ് ഒന്നിന് 8 രൂപയും നൽകാം. ഈ ജോലി ചെയ്യുന്നവർക്ക് അതനുസരിച്ച് പ്രതിഫലം നൽകി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

### സി-ഡിറ്റിലെ ജീവനക്കാർ

133 (7232) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്;

(ബി) സി-ഡിറ്റിൽ ജോലി ചെയ്യുന്ന സ്ഥിരം, കരാർ, ദിവസക്കൂലി, ഡോക്കറ്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എന്നിവരുടെ പേര്, തസ്തിക, നിയമന രീതി, നിയമിച്ച തീയതി, മൊത്ത ശമ്പളം, ശമ്പള സ്കെയിൽ എന്നിവ തരം തിരിച്ച് പ്രത്യേകം വിശദമാക്കാമോ ;

(സി) ഇപ്രകാരം ആരുടെയൊക്കെ നിയമനത്തിന് ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട് ;

(ഡി) സി-ഡിറ്റിൽ ഇതേവരെ ജോലി ചെയ്ത ഡയറക്ടർമാരുടെയും രജിസ്ട്രാർമാരുടെയും പേര് വിവരങ്ങളും ജോലി ചെയ്ത കാലയളവും (ജോലിയിൽ പ്രവേശിച്ച തീയതിയും വിടുതൽ ചെയ്ത തീയതിയും) വിശദമാക്കാമോ ?

ഉത്തരം

(എ) 333 ജീവനക്കാർ

(ബി) അനുബന്ധം(1) ആയി ചേർത്തിരിക്കുന്നു. *

(സി) 61 സ്ഥിരം ജീവനക്കാരുടെ നിയമനത്തിന് ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു.*

### ശമ്പള സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ നടപടി

134 (7233) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് മാസത്തിനുള്ളിൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിലെ എത്ര ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട് ;

(ബി) ഇവരിൽ എത്ര പേർക്ക് അവസാന ശമ്പള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഓഫീസിലേക്ക് അയച്ചുകൊടുത്തിട്ടുണ്ട് ;

(സി) ഇനിയും അവസാന ശമ്പള സർട്ടിഫിക്കറ്റ് അയച്ചുകൊടുക്കാത്തവരായി ആരൊക്കെയുണ്ട് ;

(ഡി) ഇതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 166 ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട്.

(ബി) സാമ്പത്തിക സ്ഥിതി വിവരക്കണക്ക് ഡയറക്ടറേറ്റിൽ നിന്നും സ്ഥലം മാറ്റപ്പെട്ട 25 നോൺ ഗസറ്റഡ് ജീവനക്കാർക്കും അവസാന ശമ്പള സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

(സി & ഡി) സ്ഥലം മാറ്റപ്പെട്ടവരിൽ 20 പേർ ഗസറ്റഡ് ഉദ്യോഗസ്ഥരാണ്. ഇവർക്ക് വകുപ്പിൽ നിന്നും അവസാന ശമ്പള സർട്ടിഫിക്കറ്റ് നൽകേണ്ടതില്ല. ഇവരുടെ പേ സ്ലിപ്പ് അക്കൗണ്ടന്റ് ജനറൽ ഓഫീസിൽ നിന്നാണ് നൽകേണ്ടത്.

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ ജില്ലാ ഓഫീസുകളിൽ നിന്നും സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ ഭരണ നിയന്ത്രണത്തിൽ വരാത്ത മറ്റ് വകുപ്പുകളിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിൽ ജോലി ചെയ്തിരുന്ന സ്ഥലം മാറ്റപ്പെട്ട ജീവനക്കാരുടെ കാര്യത്തിൽ അതാത് ഓഫീസുകളിൽ നിന്നുമാണ് അവസാന ശമ്പള സർട്ടിഫിക്കറ്റ് നൽകേണ്ടത്. ഇപ്രകാരം സ്ഥലം മാറ്റിയിട്ടുള്ള ജീവനക്കാരിൽ നിന്നും അവസാന ശമ്പള സർട്ടിഫിക്കറ്റ് ലഭിക്കാത്തതു സംബന്ധിച്ച് യാതൊരു പരാതിയും ലഭിച്ചിട്ടില്ല.

## വി.ഇ.ഒ.മാരുടെ പ്രീ-സർവ്വീസ് ട്രെയിനിംഗ്

135 (7234) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള വി.ഇ.ഒ.മാർക്ക് നിയമനം നൽകുന്നതിന് മുമ്പ് പരിശീലനം നൽകുന്നുണ്ടോ ;

(ബി) പ്രസ്തുത പരിശീലന കാലയളവ് അവരുടെ സർവ്വീസിന്റെ ഭാഗമായി കണക്കാക്കുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഇതര വകുപ്പുകളിൽ പരിഗണിക്കുന്നതുപോലെ വി.ഇ.ഒ.മാരുടെ പ്രീ-സർവ്വീസ് ട്രെയിനിംഗിനെ ഇൻ സർവ്വീസ് ട്രെയിനിംഗ് ആക്കുമോ ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം വി.ഇ.ഒ. തസ്തികയിലേക്കുള്ള നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്നവരിൽ 6 മാസത്തെ പ്രീ-സർവ്വീസ് പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന മുറയ്ക്കാണ് നിയമനം നൽകുന്നത്.

(സി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

**കലാകാരന്മാർക്കുള്ള പെൻഷൻ പുനർ നാമകരണം**

136 (7235) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ സാഹചര്യങ്ങളിൽ ജീവിക്കുന്ന പ്രഗത്ഭരായ കലാകാരൻമാർക്കും സാഹിത്യകാരൻമാർക്കും നൽകുന്ന പ്രതിമാസ ധനസഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ ; സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ ;

(സി) ഇപ്പോഴുള്ള അവശ കലാകാര പെൻഷൻ എന്ന പേരു മാറ്റി സാംസ്കാരിക പ്രവർത്തക പെൻഷൻ എന്നോ മറ്റേതെങ്കിലും ആകർഷകമായ പേരു നൽകാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

(എ) 550 രൂപ പ്രതിമാസം

(ബി) സാമ്പത്തിക പ്രയാസമനുഭവിക്കുന്ന കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കും നൽകുന്ന പ്രതിമാസ ധനസഹായം സംസ്ഥാന സർക്കാരാണ് പൂർണ്ണമായും നൽകുന്നത്. ഈ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഔദ്യോഗികമായി 'അവശ കലാകാര പെൻഷൻ' എന്ന് ഇപ്പോൾ ഉപയോഗിക്കാറില്ല. കലാകാര പെൻഷൻ എന്നാണ് നിലവിൽ ഉപയോഗിക്കാറുള്ളത്.

**കടൽക്കൊള്ളക്കാർ റാഞ്ചിയ ജീവനക്കാരന്റെ മോചനം**

137 (7236) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോമാലിയ തീരത്ത് കടൽക്കൊള്ളക്കാർ റാഞ്ചിയ കപ്പലിലെ ജീവനക്കാരൻ തൃശ്ശൂർ ജില്ലയിലെ തളിക്കുളത്തെ എരണേഴത്ത് രോഹിത്തിനെ മോചിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) മോചനത്തിന് തടസ്സമാകുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ;

(ഡി) മോചനത്തിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സൊമാലിയ തീരത്ത് കടൽക്കൊള്ളക്കാർ റാഞ്ചിയ കപ്പലിലെ ജീവനക്കാരൻ തൃശ്ശൂർ ജില്ലയിലെ തളിക്കുളത്തെ എരണേഴത്ത് രോഹിത്തിനെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതികളോ നിർദ്ദേശങ്ങളോ സംസ്ഥാന നോർക്ക വകുപ്പിലോ തൃശ്ശൂർ ജില്ലാ പോലീസ് ചീഫ് ഓഫീസിലോ നോർക്ക-റൂട്ട്സിലോ ലഭിച്ചതായി കാണുന്നില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) അവശ്യ വിവരങ്ങൾ സഹിതം സർക്കാരിൽ നിവേദനം ലഭിക്കുകയാണെങ്കിൽ ബന്ധപ്പെട്ട കേന്ദ്ര വകുപ്പുകളുമായും വിദേശത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയവുമായും കൂടാതെ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗുമായും ബന്ധപ്പെട്ട് അടിയന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള എം.ഡി.മാരുടെ വിവരങ്ങൾ**

138 (7237) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലുള്ള എം.ഡി മാരുടെ പേര് വിവരവും വിദ്യാഭ്യാസ യോഗ്യതയും വിശദമാക്കാമോ ;

(ബി) ഇതിൽ ആരൊക്കെയാണ് സർക്കാർ സ്ഥിരം എം.ഡിമാരായി നിയമിച്ചിട്ടുള്ളത് ; ഇത്തരത്തിൽ നിയമിക്കപ്പെട്ടവരുടെ ശമ്പള സ്കെയിൽ വ്യക്തമാക്കാമോ ;

(സി) ഇപ്രകാരം ഏതൊക്കെ നിമനങ്ങൾക്കാണ് ബി.പി.ഇ.യുടെ അംഗീകാരം ഉള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രവർത്തനം**

139 (7238) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും എന്തെല്ലാമാണ് ;

(ബി) പത്ര-ദൃശ്യമാധ്യമങ്ങളിൽ വകുപ്പിനെതിരെ വരുന്ന വിമർശനങ്ങളും ആക്ഷേപങ്ങളും സംബന്ധിച്ച റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ചുവരുന്ന തുടർനടപടികൾ സംബന്ധിച്ച് വിശദമാക്കാമോ ;

(ഡി) പ്രസ്തുത വകുപ്പുവഴി സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് വസ്തുതാപരമല്ലാത്ത വിവരങ്ങൾ അടങ്ങിയ പരസ്യങ്ങളും ലഘുലേഖകളും അച്ചടിച്ച് ജനങ്ങളിൽ എത്തിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ സർക്കാർ ഇതിനകം പുറപ്പെടുവിച്ച പരസ്യങ്ങളിലേയും ലഘുലേഖകളിലേയും മറ്റും വിവരങ്ങളുടെ ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സർക്കാരിന്റേയും വിവിധ വകുപ്പുകളുടേയും പ്രവർത്തനങ്ങളും ജനങ്ങളെ അറിയിക്കേണ്ട വിവരങ്ങളും വിവിധ മാധ്യമങ്ങൾവഴി ജനങ്ങളിൽ എത്തിക്കുക. സർക്കാരിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മാധ്യമങ്ങളിലൂടേയും നേരിട്ടുമുള്ള പൊതുജനപ്രതികരണങ്ങൾ ബന്ധപ്പെട്ടവർക്കെത്തിക്കുക. സർക്കാരിനും ജനങ്ങൾക്കുമിടയിൽ ഫലപ്രദമായ കണ്ണിയായി പ്രവർത്തിച്ച് സമൂഹവും സർക്കാരും തമ്മിൽ സുദൃഢമായ പാരസ്പര്യം ഉറപ്പാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങൾ.

പ്രധാന പ്രവർത്തനങ്ങൾ ചുവടെ പറയുന്നു :

1. സർക്കാരിന്റെ നയങ്ങളും പരിപാടികളും പ്രചരിപ്പിക്കുക.

2. സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങളേയും വികസന പ്രവർത്തനങ്ങളേയും കുറിച്ച് അച്ചടി-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ പ്രചാരണം നൽകുക.

3. സാമൂഹികമായും വികസനപരമായും പ്രാധാന്യമുള്ള വിഷയങ്ങളെക്കുറിച്ച് ലഘുലേഖകൾ പ്രസിദ്ധീകരിക്കുക.

4. സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങളുടെ പ്രതികരണം സർക്കാരിനെ അറിയിക്കുക.

5. സർക്കാരിന്റെ പരസ്യങ്ങൾ പത്രമാധ്യമങ്ങൾക്ക് നൽകുകയും പരസ്യക്കൂലി നൽകുകയും ചെയ്യുക.

6. മാധ്യമ പ്രവർത്തകർക്ക് അവാർഡ്, പെൻഷൻ, ധനസഹായം എന്നിവ നൽകുക.

7. ഫീൽഡ് പബ്ലിസിറ്റി പ്രവർത്തനങ്ങൾ നടത്തുക.

കൂടാതെ സർക്കാരിന്റെ നവീകരിച്ച വെബ്പോർട്ടൽ സി.എം.എസ്. പ്ലാറ്റ്ഫോമിൽ പരിഷ്ക്കരിച്ച് സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്യുകയും

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന മന്ത്രിമാർക്കുള്ള ഔദ്യോഗിക വെബ്സൈറ്റുകൾ വിവരാവകാശ നിയമസഹായത്തിനുള്ള സർവീസ് പോർട്ടൽ ശബരിമല തീർത്ഥാടകർക്കുള്ള പ്രത്യേക വെബ്സൈറ്റ് എന്നിവ ഹോസ്റ്റ് ചെയ്യുന്നതും ഐ & പി.ആർ.ഡി. ആണ്.

(ബി) ഉണ്ട്.

(സി) സർക്കാരിനെതിരെ പത്രദൃശ്യമാധ്യമങ്ങളിൽ വരുന്ന വിമർശനങ്ങളും ആക്ഷേപങ്ങളും സംബന്ധിച്ച റിപ്പോർട്ടിന്റെ പ്രസ് ക്ലിപ്പിംഗ് ഓൺലൈനായി മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർക്കും ലഭ്യമാക്കാറുണ്ട്.

(ഡി) ഇല്ല.

വിവധ വകുപ്പുകളിൽ നിന്ന് നൽകുന്ന മാറ്റർ പരസ്യ രൂപത്തിൽ ലേ ഔട്ട് ചെയ്ത് മാധ്യമങ്ങൾക്ക് നൽകുകയാണ് ഐ & പി.ആർ.ഡി പരസ്യ വിഭാഗം ചെയ്യുന്നത്. മാറ്റർ തരുന്ന വകുപ്പുകൾക്ക് തന്നെയാണ് ഈ വിവരങ്ങളുടെ ഉത്തരവാദിത്വം.

**കൃഷി വികസിപ്പിക്കുന്നതിനായി ജലസ്രോതസ്സുകളുടെ നിർമ്മാണം**

**140 (7239)** ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വികസിപ്പിക്കുന്നതിനായി ജല സ്രോതസ്സുകളുടെ നിർമ്മാണം സംബന്ധിച്ചുള്ള പദ്ധതികൾക്ക് രൂപം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ജലസേചനത്തിനായി സാമൂഹികാടിസ്ഥാനത്തിലും വ്യക്തിഗതവുമായ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾക്ക് രൂപം നൽകുമോ ;

(സി) ഇതിന് കൃഷി വകുപ്പിന്റെ കീഴിലുള്ള കോർപ്പറേഷനുകളുടെയും സർവ്വകലാശാലകളുടെയും സേവനം പ്രയോജനപ്പെടുത്തുമോ ?

ഉത്തരം

(എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം ജലസ്രോതസ്സുകളുടെ നിർമ്മാണത്തിനായി നിലവിൽ ധനസഹായം നൽകുന്നുണ്ട്.

(ബി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം സാമൂഹികാടിസ്ഥാനത്തിലും വ്യക്തിഗതവുമായ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. സാമൂഹികാടിസ്ഥാനത്തിൽ ജലസ്രോതസ്സുകൾ നിർമ്മിക്കുന്നതിന് ചെലവിന്റെ 100 ശതമാനം ധനസഹായം നൽകുന്നു. 1 ഹെക്ടർ കൃഷി സ്ഥലം നനയ്ക്കുന്നതിനുള്ള ഒരു ജലസ്രോതസ്സ്

നിർമ്മിക്കുന്നതിന് സമതല പ്രദേശങ്ങളിൽ 1.5 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 1.725 ലക്ഷം രൂപയും ധനസഹായം നൽകുന്നു. ഇപ്രകാരം 10 ഹെക്ടർ വരെ കൃഷി സ്ഥലം നനയ്ക്കുന്നതിനുള്ള ജലസ്രോതസ്സ് നിർമ്മിക്കുന്നതിന് ആനുപാതികമായി ധനസഹായം നൽകുന്നതാണ്.

(സി) മേൽപ്പറഞ്ഞ പദ്ധതി കൃഷി വകുപ്പിന് കീഴിലുള്ള സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്.

### പുതിയ കൃഷിത്തോട്ടങ്ങൾ

141 (7240) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർ മിഷന്റെ നേതൃത്വത്തിൽ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) നിലവിലുള്ള കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(സി) ഈ തോട്ടങ്ങളിൽ നവീന കൃഷിരീതികൾ അവലംബിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) നടപ്പുസാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്ത് മാവിന്റെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 18,000 രൂപ നിരക്കിൽ 90 ലക്ഷം രൂപയും 1100 ഹെക്ടർ സ്ഥലത്ത് കൈതച്ചക്കയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 288.8 ലക്ഷം രൂപയും 5158 ഹെക്ടർ സ്ഥലത്ത് വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 26250 രൂപ നിരക്കിൽ 1354 ലക്ഷം രൂപയും 50 ഹെക്ടറിൽ ടിഷ്യൂകൾച്ചർ വാഴകൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 31202 രൂപ നിരക്കിൽ 15.601 ലക്ഷം രൂപയും 300 ഹെക്ടർ സ്ഥലത്ത് കട്ട് ഫ്ളവർ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 35000 രൂപ നിരക്കിൽ 105 ലക്ഷം രൂപയും 5 ഹെക്ടർ സ്ഥലത്തിൽ ലൂസ് ഫ്ളവർ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 12000 രൂപ നിരക്കിൽ 60,000 രൂപയും 1000 ഹെക്ടർ സ്ഥലത്ത് ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 12,500 രൂപ നിരക്കിൽ 125 ലക്ഷം രൂപയും 750 ഹെക്ടർ സ്ഥലത്ത് സുഗന്ധ വ്യഞ്ജന വിളകളുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി ഹെക്ടറൊന്നിന് 20,000 രൂപ നിരക്കിൽ 150 ലക്ഷം രൂപയും 1000 ഹെക്ടർ സ്ഥലത്ത് കൊക്കോ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 12000 രൂപ നിരക്കിൽ 120 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം പ്രായം ചെന്നതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ കുരുമുളക് വള്ളികൾ, കൊക്കോ, അടയ്ക്ക എന്നിവ മുറിച്ചുമാറ്റി പകരം അത്യുത്പാദനശേഷിയുള്ള തൈകൾ വച്ച് പിടിപ്പിക്കുന്നതിനും ആധുനിക കൃഷി സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. ഇതിനായി ഹെക്ടർ ഒന്നിന് മൊത്തം ചെലവുവരുന്ന 30,000 രൂപയുടെ 50 ശതമാനം അതായത് 15,000 രൂപ ധനസഹായമായി നൽകുന്നു. ഒരു കർഷകന് പരമാവധി 2 ഹെക്ടർ സ്ഥലത്തേക്കാണ് ധനസഹായം നൽകുന്നത്. കുരുമുളകിന്റെ പുനരുദ്ധാരണം ഇടുക്കി, വയനാട് ഒഴികെയുള്ള 12 ജില്ലകളിലും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. എന്നാൽ ഇടുക്കി, വയനാട് ജില്ലകളിൽ സ്പൈസസ് ബോർഡ് മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കുന്നത്. കൊക്കോ, അടയ്ക്ക എന്നിവയുടെ പുനരുദ്ധാരണം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരമാണ് എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നത്.

(സി) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം പ്രായം ചെന്നതും ഉത്പാദന ക്ഷമത കുറഞ്ഞതുമായ കുരുമുളക് വള്ളികൾ, കൊക്കോ, അടയ്ക്ക എന്നിവ മുറിച്ച് മാറ്റി പകരം അത്യുത്പാദനശേഷിയുള്ള തൈകൾ വെച്ച് പിടിപ്പിക്കുന്നതിനും ആധുനിക കൃഷി സാങ്കേതികവിദ്യ സംയോജിപ്പിച്ച് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്.

**മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള കാർഷിക പദ്ധതികൾ**

142 (7241) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി എന്തെങ്കിലും പദ്ധതികൾ ഇപ്പോൾ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇല്ലെങ്കിൽ ഇവർക്കായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ നേതൃത്വത്തിൽ പച്ചക്കറി, അലങ്കാര ചെടികൾ എന്നിവ കൃഷി ചെയ്യുന്ന പദ്ധതി ആവിഷ്ക്കരിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഇതിനായി ഇവരുടെ രക്ഷിതാക്കളുടെ 'സ്വാശ്രയ സംഘം' രൂപീകരിക്കുമോ ;

(ഡി) എങ്കിൽ ഇതുവഴി ഇവരെ പ്രവർത്തന മേഖലയിലേക്കാകർഷിക്കുന്നതിനുള്ള നടപടകൾക്ക് തുടക്കം കുറിക്കുമോ ?

**ഉത്തരം**

(എ) മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ പുനരധിവാസത്തിനും ക്ഷേമത്തിനുമായി കൃഷി വകുപ്പ് പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിവരുന്ന 'പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിൽ ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി സൗജന്യമായി പച്ചക്കറി തൈകൾ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ലഭ്യമാക്കുന്നതാണ്. ഇതിന് പുറമേ പച്ചക്കറി കൃഷിക്കുള്ള ധനസഹായം (ഹെക്ടറിന് 22,500 രൂപ നിരക്കിൽ) ലഭ്യമാക്കുന്നതാണ്.

(സി&ഡി) ഇപ്പോൾ പരിഗണനയിലില്ല.

**കാർഷിക കർമ്മസേന**

143 (7242) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെറസിൽ ജൈവപച്ചക്കറി കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട് കാർഷികകർമ്മ സേന എന്ന ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ സമിതി അംഗങ്ങൾ, സമിതിയുടെ പ്രവർത്തനരീതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത പദ്ധതി ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത് ;

(ഡി) മറ്റു ജില്ലകളിലേക്ക് പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(ഇ) എന്തൊക്കെ ആനുകൂല്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കർഷകർക്ക് ലഭ്യമാക്കുക ; വിശദാംശങ്ങൾ നൽകുമോ ?

**ഉത്തരം**

(എ) ടെറസിൽ ജൈവപച്ചക്കറി കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട് കൃഷി വകുപ്പോ സംസ്ഥാന ഹോർട്ടികൾച്ചർ മിഷനോ കാർഷിക കർമസേന എന്ന ഒരു സമിതിക്ക് രൂപം നൽകിയിട്ടില്ല.

(ബി- ഇ) ഉദിക്കുന്നില്ല.

**കാർഷിക സെൻസസ്**

144 (7243) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റവും ഒടുവിൽ നടന്ന കാർഷിക സെൻസസിൽ ശേഖരിച്ച വിവരങ്ങൾ (8-ാമത് സെൻസസ്) പ്രകാരം, നമ്മുടെ കാർഷിക മേഖലയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചു വർഷക്കാലം കൊണ്ടുണ്ടായ വ്യതിയാനം എത്രത്തോളമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർവ്വേ പ്രകാരം ശേഖരിക്കുന്ന വിവരങ്ങൾ ഏതൊക്കെ ആവശ്യങ്ങൾക്കാണ് ഉപയോഗപ്പെടുത്താറുള്ളത് ;

(സി) സർവ്വെയിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ കൃഷിരീതിയിലോ, ഭൂവിനിയോഗക്രമത്തിലോ മാറ്റങ്ങൾ എന്തെങ്കിലും വരുത്തിയിട്ടുണ്ടോ ;

(ഡി) കാർഷിക വിള വർദ്ധനയ്ക്കും ഉൽപ്പന്ന സംരക്ഷണ വിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സെൻസസ് ഡാറ്റ ഏതുവിധത്തിൽ ഉപയോഗപ്പെടുത്തുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക സെൻസസ് സർവ്വേയിൽ ശേഖരിക്കുന്ന വിവരങ്ങൾ

1. പുത്തൻ കാർഷിക നയരൂപീകരണത്തിനും വിലയിരുത്തലിനും വേണ്ട അടിസ്ഥാന വിവരങ്ങളായി ഉപയോഗപ്പെടുത്തുന്നു.

2. ഭൂമിയിൽ കാർഷിക സർവ്വേ നടത്തുന്നതിനാവശ്യമായ ചട്ടക്കൂട് ഉണ്ടാക്കുവാൻ ഉപയോഗപ്പെടുത്തുന്നു.

3. കാർഷിക സ്ഥിതിവിവര കണക്ക് ശേഖരണത്തിന് ഒരു സംയോജിത പരിപാടി വികസിപ്പിക്കുന്നതിനാവശ്യമായ അടിത്തറ പാകുവാൻ ഉപയോഗിക്കുന്നു.

(സി& ഡി) : കാർഷിക സെൻസസിൽ നിന്നും ലഭ്യമാകുന്ന കണക്കുകൾ കൃഷി വകുപ്പിന്റെ നയരൂപീകരണത്തിനും വിള വർദ്ധനവിനും ഉൽപ്പന്ന സംരക്ഷണത്തിനും മറ്റും പ്രയോജനപ്പെടുന്ന പദ്ധതികൾ രൂപീകരിക്കുന്നതിന് സഹായിക്കുന്നതാണ്.

**ചെറുകിട നാമമാത്ര കർഷകർക്കുള്ള പദ്ധതികൾ**

145 (7244) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട നാമമാത്ര കർഷകരുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ ;

(ബി) ചെറുകിട-നാമമാത്ര കർഷകർക്ക് കിസാൻ പാസ്സ്ബുക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാന കൃഷി വകുപ്പുവഴി നടപ്പാക്കുന്ന എല്ലാ കാർഷിക പദ്ധതികളും ചെറുകിട നാമമാത്ര കർഷകരുടെ ഉന്നമനം ലക്ഷ്യമക്കിയിട്ടുള്ള വയാണ്. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) കിസാൻ പാസ്ബുക്ക് കൃഷി വകുപ്പുമുഖേന വിതരണം നടത്തുന്നില്ല.

**എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾക്ക് ആശ്വാസം**

146 (7245) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കടബാധ്യതകൾക്ക് മൊറോട്ടോറിയത്തിന്റെ കാലാവധി നീട്ടികൊടുക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായവർ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവിന് 31-10-2011 വരെ മോറൊട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ ഹൗസിംഗ് ബോർഡ് വായ്പയിന്മേൽ റിക്കവറി നടത്തുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന മോറൊട്ടോറിയം 2012 മാർച്ച് 31 വരെ നീട്ടിനൽകുവാൻ സർക്കാർ ഉത്തരവ് (എം.എസ്) നം.384/11/റവ. തീയതി 22-10-2011 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**കോഴി വളർത്തൽ ഗ്രാമങ്ങൾ**

**147 (7246)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൗൾട്രി വികസനകോർപ്പറേഷൻ മുഖേന 'കോഴി വളർത്തൽ ഗ്രാമങ്ങൾ' പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ കോഴിക്കോട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) കോഴിക്കോട് ജില്ലയിൽ 11 പഞ്ചായത്തുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതുവരെ ചോറോട്, കായക്കൊടി, ചേമഞ്ചേരി, നൊച്ചാട്, നടുവണ്ണൂർ, കരുവാട്ടൂർ, കടലുണ്ടി, ഒളവണ്ണ, മടവൂർ എന്നീ 9 പഞ്ചായത്തുകളെ തെരഞ്ഞെടുത്തിട്ടുണ്ട്.

**വീട്ടമ്മയുടെ അരുമക്കോഴികൾ പദ്ധതി**

**148 (7247)** ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോ മുഖേന 'വീട്ടമ്മയുടെ അരുമക്കോഴികൾ' എന്ന പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദമാക്കാമോ ;

(സി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതി നടപ്പിൽ വരുത്തുന്നതിന് ഏതെല്ലാം പഞ്ചായത്തുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി ഇപ്പോൾ നടപ്പിലാക്കി വരികയാണ്.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന പഞ്ചായത്തുകളിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വനിതകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. ഗുണഭോക്താക്കളാകാൻ ഉദ്ദേശിക്കുന്നവർക്കായി മുൻ നിശ്ചയിച്ചപ്രകാരം പഞ്ചായത്തിന്റെ പൂർണ്ണസഹകരണത്തോടെ രജിസ്ട്രേഷൻ ക്യാമ്പുകൾ നടത്തുന്നതാണ്. രജിസ്ട്രേഷൻ ക്യാമ്പുകൾ നടത്തുന്നതിന് മുമ്പായി ക്യാമ്പ് നടക്കുന്ന സ്ഥലവും തീയതിയും സമയവും കാണിച്ച് നോട്ടീസ്



LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുകയും പത്ര-ദൃശ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകുന്നതുമാണ്. ഗുണഭോക്താക്കൾ അവർ ബി പി.എൽ. ആണ് എന്ന് തെളിയിക്കുന്നതിനുള്ള രേഖകളുമായി (റേഷൻ കാർഡ്, തിരിച്ചറിയൽ കാർഡ്) വന്ന് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന ഓരോ ഗുണഭോക്താവിനും 45-60 ദിവസം പ്രായമായ 3 കോഴികളെയും 6 കിലോ തീറ്റയും 20 രൂപയുടെ മരുന്നും സൗജന്യമായി നൽകുന്നതാണ്.

(സി) കോഴിക്കോട് ജില്ലയിൽനിന്നും മേപ്പയ്യൂർ പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

**കോഴി ഗ്രാമം**

149 (7248) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

'കോഴിഗ്രാമം' പദ്ധതിയിലേക്ക് ശുപാർശ ചെയ്യപ്പെട്ടിരുന്ന നടവണ്ണൂർ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് അറിയിക്കുമോ ?

**ഉത്തരം**

നടുവണ്ണൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ നിർമ്മാണം സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കാൻ നടുവണ്ണൂർ പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുള്ള വിവരവും ഈ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ വിവരങ്ങൾ കാണിച്ച് 1-9-2011-ന് കെപ്കോയുടെ പേട്ട ഓഫീസിൽനിന്നും കത്ത് നൽകിയതാണ്. പഞ്ചായത്ത് പ്രസിഡന്റിനും സെക്രട്ടറിക്കുമാണ് കത്ത് നൽകിയത്. അത് കഴിഞ്ഞ് ഫോണിൽ ബന്ധപ്പെടുമ്പോൾ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തില്ല എന്ന വിവരമാണ് അറിയുന്നത്. എന്നാൽ ഒക്ടോബർ 27-ാം തീയതി വിളിച്ചപ്പോൾ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തു എന്നും നവംബർ മാസം 10-ാം തീയതിയോടുകൂടി ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തിയാക്കാമെന്നും അറിയിച്ചു. ഗുണഭോക്താക്കളുടെ ലിസ്റ്റ് കിട്ടിക്കഴിഞ്ഞാൽ പദ്ധതി എത്രയും പെട്ടെന്ന് നടപ്പാക്കുന്നതാണ്.

**കാർഷികമേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ**

150 (7249) ഡോ. ടി. എം. തോമസ് ഐസക്:
പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കാറുള്ള മാനദണ്ഡങ്ങൾ സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമാണോ ;

(സി) രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം ഈ സാമ്പത്തിക വർഷം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണ് ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെടുന്ന തുകയുടെ അനുപാതം അഖിലേന്ത്യാതലത്തിൽ താരതമ്യപ്പെടുത്തുമ്പോൾ കുറവാകാൻ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഈ പദ്ധതിയുടെ മാനദണ്ഡങ്ങളനുസരിച്ച് തയ്യാറാക്കപ്പെടേണ്ട ഡിസ്ട്രിക്റ്റ് അഗ്രികൾച്ചർ പ്ലാനും സ്റ്റേറ്റ് അഗ്രികൾച്ചർ പ്ലാനും തയ്യാറാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലെത്തി നിൽക്കുന്നുവെന്ന് വിശദമാക്കുമോ ?

## ഉത്തരം

(എ) പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ചില മാനദണ്ഡങ്ങൾ സംസ്ഥാന താൽപ്പര്യങ്ങൾക്ക് അനുയോജ്യമായിട്ടല്ല കണ്ടുവരുന്നത്. കുറഞ്ഞ നിരക്കിലുള്ള ധനസഹായം (25%) ചില ഘടകങ്ങൾക്ക് നിഷ്ക്കർഷിച്ചിരിക്കുന്നത് സംസ്ഥാനത്തെ ചെറുകിട കർഷകർക്ക് തികച്ചും അനുയോജ്യമല്ലാത്തതാണ്.

(സി) 2011-12 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 173.93 കോടി രൂപ കേരളത്തിന് അനുവദിച്ചിട്ടുണ്ട്.

(ഡി) കേരള സംസ്ഥാനത്തിന് അനുവദിച്ച തുക സംസ്ഥാനത്തിന്റെയും കൃഷിസ്ഥലത്തിന്റെയും വിസ്തൃതി വച്ചുനോക്കുമ്പോൾ കുറവല്ല എന്നു കാണുന്നു. മാത്രമല്ല സംസ്ഥാന വിഹിതം തീരുമാനിക്കുന്നത് ഒരു പ്രത്യേക ഫോർമുല പ്രകാരമാണ്. സംസ്ഥാനം, കൃഷിക്കും അനുബന്ധ മേഖലകൾക്കും കഴിഞ്ഞ 3 വർഷങ്ങളായി വകയിരുത്തിയിട്ടുള്ള പദ്ധതി വിഹിതത്തിന് ആനുപാതികമായാണ് ഈ തുക നിശ്ചയിക്കുന്നത്.

(ഇ) 14 ജില്ലകളുടെ ഡിസ്ട്രിക്ട് അഗ്രിക്കൾച്ചർ പ്ലാനുകളും സ്റ്റേറ്റ് അഗ്രിക്കൾച്ചർ പ്ലാനിന്റെ കരടും തയ്യാറാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

## കാർഷിക വിജ്ഞാന വ്യാപനം

151 (7250) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കൃഷിഭവനുകളുടെ ഇൻഫർമേഷൻ പരിപാടി ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) വിജ്ഞാന വ്യാപനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷക ദിനാഘോഷങ്ങൾ ആചരിക്കുക, കാർഷിക വികസന സമിതികളുടെ പഞ്ചായത്ത്, ജില്ലാതല യോഗങ്ങൾ കൂടുക, ജില്ലാതല സെമിനാറുകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കുക എന്നിവ ചെയ്തുവരുന്നു. കാർഷിക രംഗത്തെ വിവിധ മേഖലകളിൽ വൈദഗ്ധ്യം തെളിയിച്ച കർഷകർക്ക് സംസ്ഥാനതലത്തിൽ കർഷക അവാർഡുകൾ നൽകിവരുന്നു. സംസ്ഥാനതല ശിൽപശാലകൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുന്നു. ഐ.റ്റി. & സൈബർ എക്സ്റ്റൻഷൻ പദ്ധതികൾ നടപ്പിലാക്കുന്നു. കാർഷിക മേഖലയിൽ രൂപം കൊണ്ടുവരുന്ന നൂതന രീതികളെയും സമയബന്ധിതമായി അനുവർത്തിക്കേണ്ട കാർഷിക മുറകളെയും പറ്റി കർഷകർക്കും ഉദ്യോഗസ്ഥർക്കും പരിശീലനം നൽകിവരുന്നു. നാട്ടുക്കൂട്ടം എല്ലാ ജില്ലകളിലും വിജയകരമായി നടത്തിവരുന്നു. LEADS എന്ന ഒരു നൂതന പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ കൊല്ലം ,പാലക്കാട്, കണ്ണൂർ ജില്ലകളിൽ നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. 2007-08 വർഷം മുതൽ 'ആത്മ' എന്ന പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്നു.

കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫാം ഇൻഫർമേഷൻ ബ്യൂറോ മലയാളത്തിലെ സമ്പൂർണ്ണ കാർഷിക മാസികയായ കേരളകർഷകൻ, ഹരിതദളം എന്നീ പ്രസിദ്ധീകരണങ്ങളും കൃഷി-മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകളിലെ നൂതന സാങ്കേതിക വിദ്യകൾ, വികസന വിവരങ്ങൾ എന്നിവ ലീഫ്ലെറ്റുകളായും പാംലെറ്റുകളായും അച്ചടിച്ച് കൃഷിക്കാർക്ക് വിതരണം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള കാർഷിക സർവ്വകലാശാല പാഡി മിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. കീടരോഗബാധകളാലും കാലാവസ്ഥ വ്യതിയാനം മൂലവും കൃഷിനാശം സംഭവിക്കുന്ന വിഷയങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ പ്രശ്ന നിർണ്ണയസംഘം നിർദ്ദേശങ്ങളും പരിഹാരങ്ങളും നൽകിവരുന്നു. ഭക്ഷ്യസുരക്ഷയെ ആസ്പദമാക്കിയുള്ള ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുന്നതിന് സെമിനാറുകളും ശിൽപശാലകളും സംഘടിപ്പിക്കുന്നു. കാർഷിക സർവ്വകലാശാലയുടെ നൂതന സാങ്കേതികവിദ്യകൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജിൽ 'ഹരിതോത്സവം' സംഘടിപ്പിക്കുകയുണ്ടായി. കർഷകരേയും വിജ്ഞാനപ്രവർത്തകരേയും ഉദ്ദേശിച്ചുകൊണ്ട് 'കൽപ്പധേനു' എന്ന ത്രൈമാസിക പ്രസിദ്ധീകരിക്കുന്നു.

(ബി - സി) വിജ്ഞാന വ്യാപനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനുള്ള പദ്ധതികൾ കേരള കാർഷിക സർവ്വകലാശാല, കൃഷിവിജ്ഞാന കേന്ദ്രങ്ങൾ വഴിയും ഗവേഷണ കേന്ദ്രങ്ങൾ വഴിയും നടപ്പിലാക്കിവരുന്നു.

## രാഷ്ട്രീയ കൃഷി വികാസ് യോജന

152 (7251) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ആർ രാജേഷ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ കൃഷി വികാസ് യോജനയിൽനിന്നും സഹായം നേടിയെടുക്കുന്നതിന് പുതിയ എന്തെല്ലാം പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ ഏതെല്ലാം പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പുതുതായി സമർപ്പിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ?

### ഉത്തരം

(എ) 2011-12 സാമ്പത്തിക വർഷത്തിൽ നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, പയറുവർഗ്ഗ വിളകൾ, കമുക്, കിഴങ്ങുവർഗ്ഗ വിളകൾ , കാർഷിക യന്ത്രവൽക്കരണം, കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സമഗ്രവികസനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

(ബി) കാർഷിക മേഖലയിൽ 8 ജില്ലകളുടെ പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത്. 4662.22 ലക്ഷം രൂപയുടെ പദ്ധതികൾ 18-3-2011-ൽ കൂടിയ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി അംഗീകരിച്ചു. നെല്ല്, തെങ്ങ്, വാഴ,

LIBRARY ARCHIVES Kerala Legislative Assembly

പച്ചക്കറി, പയറുവർഗ്ഗ വിളകൾ, കമുക്, കിഴങ്ങുവർഗ്ഗ വിളകൾ എന്നിവയുടെ കൃഷിക്കും കാർഷിക യന്ത്രവൽക്കരണം, ഫാമുകളുടെ സമഗ്രവികസനം, പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കുള്ള പദ്ധതികളാണ് അംഗീകരിച്ചിട്ടുള്ളത്.

(സി) തീരുമാനമായിട്ടില്ല.

**കാർഷിക മേഖലയിലെ തൊഴിലാളി ക്ഷാമം**

153 (7252) ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന തൊഴിലാളിക്ഷാമം പരിഹരിക്കുവാൻ പരിശീലന പരിപാടികൾ നടത്തുന്നുണ്ടോ ;

(ബി) ഏതൊക്കെ വിളകളുടെ കാര്യത്തിൽ ഇത്തരത്തിലുള്ള പരിശീലനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) തെങ്ങുകയറ്റത്തിനും റബ്ബർ ടാപ്പിംഗിനും പരിശീലനം ലഭിച്ചവരുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ ?

**ഉത്തരം**

(എ) ഉണ്ട്. കൃഷി വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം കർഷകർ, കർഷക തൊഴിലാളികൾ, തൊഴിൽരഹിതരായ യുവതീ യുവാക്കൾ എന്നിവർക്ക് കാർഷിക യന്ത്രങ്ങളിൽ പ്രായോഗിക പരിശീലനം നൽകുന്നുണ്ട്.

(ബി) പ്രധാനമായും നെൽകൃഷി മേഖലയിലെ യന്ത്രവൽക്കരണവുമായി ബന്ധപ്പെട്ടാണ് പരിശീലനം നൽകുന്നത്. അതോടൊപ്പംതന്നെ കരകൃഷിയിലുപയോഗിക്കുന്ന വീഡ്കട്ടർ, ഗാർഡൻ ടില്ലർ, മിനി ട്രാക്ടർ, തെങ്ങുകയറ്റയന്ത്രം തുടങ്ങിയവയിലും പരിശീലനം നൽകുന്നുണ്ട്.

(സി) കൃഷി എഞ്ചിനീയറിംഗ് വിഭാഗം പരിശീലിപ്പിച്ച സേവനദായക സംഘങ്ങളിൽപ്പെട്ടവരെ തെങ്ങുകയറ്റം ഉൾപ്പെടെയുള്ള കൃഷിപ്പണിക്ക് ഉപയോഗപ്പെടുത്തി വരുന്നുണ്ട്. റബ്ബർ ടാപ്പിംഗിൽ കൃഷി വകുപ്പ് പരിശീലനം നൽകുന്നില്ല.

**കർഷക കടാശ്വാസ കമ്മീഷൻ**

154 (7253) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

നാദാപുരം മണ്ഡലത്തിൽ കർഷക കടാശ്വാസ കമ്മീഷൻവഴി എത്ര പേർക്ക് എത്ര രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വിവരം ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കടാശ്വാസത്തുക വിതരണം ചെയ്യുന്നതിന്റെ കണക്കുകൾ നിയോജക മണ്ഡലാടിസ്ഥാനത്തിലോ, പഞ്ചായത്ത് അടിസ്ഥാനത്തിലോ സൂക്ഷിക്കുന്നില്ല.

**പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ നടപടി**

155 (7254) ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "കിസാൻ അഭിമാൻ" പദ്ധതിവഴി എത്ര പേർക്കാണ് പ്രതിമാസ പെൻഷൻ നൽകിവരുന്നത് ;

(ബി) പെൻഷൻ ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള ആകെ അപേക്ഷ കളിൽ ഇനി എത്ര അപേക്ഷകളിന്മേൽ തീർപ്പ് കൽപ്പിക്കാനുണ്ട് ;

(സി) ഈ പദ്ധതിയിലൂടെ എന്തൊക്കെ ധനസഹായമാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) കിസാൻ അഭിമാൻ പദ്ധതി പ്രകാരം ആകെ 13696 നെൽ കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്. 17 നെൽ കർഷകർക്കുകൂടി പദ്ധതിയിൽ അംഗത്വം നൽകി പെൻഷൻ ആനുകൂല്യം വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(സി) കിസാൻ അഭിമാൻ പദ്ധതി പ്രകാരം 13696 നെൽ കർഷകർക്ക് പ്രതിമാസം 300 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നുണ്ട്. പദ്ധതി അംഗത്തിന്റെ ഒരു മകൾക്ക് വിവാഹ ധനസഹായമായി 25,000 രൂപയും കൂടാതെ പദ്ധതിയുടെ തുടർ ഘട്ടങ്ങളിൽ പദ്ധതി അംഗത്തിന്റെ ഒരു മകൻ/ മകൾ അതില്ലാത്ത പക്ഷം വിധവയായ സ്ഥിര വരുമാനമില്ലാത്ത മകളുടെ മക്കൾക്കും വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. അർഹരായ 53 ഗുണഭോക്താക്കൾക്ക് 25,000 രൂപ(ഇരുപത്തി അയ്യായിരം രൂപ) വീതം സർക്കാർ ഉത്തരവ് എം.എസ് 24/2011/കൃഷി തീയതി 19-1-2011 പ്രകാരം വിവാഹ ധനസഹായ ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതിയിൽ അംഗമായി രിക്കെ മരണമടഞ്ഞ അംഗങ്ങളുടെ ആശ്രിതർക്ക് പ്രതിമാസം 150 രൂപ നിരക്കിൽ കുടുംബ പെൻഷൻ നൽകി വരുന്നുണ്ട്.

**ജൈവകൃഷി പ്രോത്സാഹനത്തെ തടയുന്ന നിബന്ധനകൾ**

156 (7255) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പിലാക്കുന്ന കാർഷിക പദ്ധതികളിൽ ജൈവവളത്തിന് സബ്സിഡി അനുവദിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സങ്ങളുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ജൈവകൃഷി പ്രോത്സാഹനത്തെ തടയുന്ന ഇത്തരം നിബന്ധനകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ജൈവ വളത്തിന് സബ്സിഡി നിരാകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) നിയമതടസ്സങ്ങളില്ല.

(ബി) ജൈവകൃഷി പ്രോത്സാഹനത്തെ തടയുന്ന നിബന്ധനകൾ നിലവിലില്ല.

(സി) ശ്രദ്ധയിൽപ്പെടുന്ന പക്ഷം നടപടി കൈക്കൊള്ളുന്നതാണ്.

**കൃഷിഭവനുകൾവഴി നൽകുന്ന ആനുകൂല്യങ്ങൾ**

157 (7256) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് കൃഷി ഭവനുകൾവഴി ഏതെല്ലാം കൃഷികൾക്കാണ് സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് ;

(ബി) കർഷകരുടെ അഭിവൃദ്ധിക്ക് എന്തെല്ലാം പദ്ധതികളാണ് കൃഷിഭവുകൾ വഴി നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ;

(സി) നെൽകൃഷി ചെയ്യുന്നവർക്ക് കൃഷി ഭവനുകൾവഴി പ്രത്യേക ആനുകൂല്യങ്ങൾ എന്തെങ്കിലും നൽകുന്നുണ്ടോ ;

(ഡി) കൃഷിയിടങ്ങളിൽ ജലസേചനത്തിനുവേണ്ടി അതാത് പ്രദേശത്തെ കുളങ്ങളും മറ്റു നീരുറവകളും പ്രയോജനപ്പെടുത്താൻ കൃഷി വകുപ്പും ജലസേചന വകുപ്പും കൂടിച്ചേർന്ന് എന്തെല്ലാം പദ്ധതികൾ നടപ്പാക്കുന്നുണ്ട് ?

ഉത്തരം

(എ)കൃഷി വകുപ്പ് നേരിട്ട് നടപ്പിലാക്കുന്ന തെങ്ങ്, നെല്ല്, പച്ചക്കറി എന്നീ കൃഷികൾക്കും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ നടപ്പിലാക്കുന്ന ഉദ്യാന, ഫലവർഗ്ഗ- പച്ചക്കറി കൃഷികൾക്കും നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾക്കുമുള്ള വിവിധ സബ്സിഡി ആനുകൂല്യങ്ങൾ കൃഷിഭവനുകൾ വഴി കർഷകർക്ക് ലഭ്യമാക്കുന്നു.

(ബി) കർഷകരുടെ അഭിവൃദ്ധിക്കായി നെൽകർഷകർക്കുള്ള കൃഷി അഭിമാൻ എന്ന പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിനുപുറമെ എല്ലാ കർഷകർക്കും പെൻഷൻ നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു.

(സി) സുസ്ഥിര നെൽകൃഷി പദ്ധതി, മാക്രോ മാനേജ്മെന്റ് പദ്ധതി, ഭക്ഷ്യസുരക്ഷാ പദ്ധതി എന്നിവ പ്രകാരം നെൽകൃഷിക്കും വിവിധ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപാദന ഉപാധികൾക്കുമുള്ള സബ്സിഡി ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. കൂടാതെ കരനെൽകൃഷി ചെയ്യുന്ന കർഷകർക്കും ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ഇതിനുപുറമെ ഉൽപ്പാദന ബോണസ്, സൗജന്യ വൈദ്യുതി എന്നിവയും ലഭ്യമാക്കുന്നു.

(ഡി) നിലവിൽ പദ്ധതികൾ ഒന്നും നടപ്പാക്കുന്നില്ല.

**കൃഷിക്കാർക്ക് നേരിട്ട് ധനസഹായം**

**158 (7257)** ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖാന്തിരം സംസ്ഥാനത്തെ കൃഷിക്കാർക്ക് രാസവളങ്ങളും ജൈവവളങ്ങളും സൗജന്യമായോ സബ്സിഡി നിരക്കിലോ വിതരണം ചെയ്യുന്നുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം വളങ്ങൾ ഏതു നിരക്കിൽ വിതരണം ചെയ്യുന്നുണ്ട് ;

(സി) വളം നൽകുന്നതിന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങൽ വ്യക്തമാക്കുമോ ;

(ഡി) വളങ്ങൾ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്നതിന് പകരം അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് യഥാസമയം വളങ്ങൾ വാങ്ങുന്നതിന് കൃഷിക്കാർക്ക് അനുവാദം നൽകുകയും ബില്ലുപ്രകാരമുള്ള സംഖ്യ സർക്കാരിൽ നിന്നും അംഗീകൃതസ്ഥാപനങ്ങൾക്ക് നൽകുകയും ചെയ്യുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് കൃഷി വകുപ്പ് മുഖാന്തിരം വിവിധ കാർഷിക പദ്ധതികളിൽപ്പെടുത്തി വിതരണം ചെയ്യുന്ന ഉൽപ്പോദനോപാധികളിൽ ഉൾക്കൊള്ളിച്ച് രാസവളങ്ങളും ജൈവവളങ്ങളും സൗജന്യമായും സബ്സിഡി നിരക്കിലും വിതരണം ചെയ്യുന്നുണ്ട്.

(ബി) നേർ വളങ്ങളായ യൂറിയ രാജ്ഫോസ്, പൊട്ടാഷ് എന്നിവയും കോംപ്ലക്സ് വളങ്ങളായ ഫാക്ടംഫോസ് 20:20 കോംപ്ലക്സ്, ഡൈഅമോണിയം ഫോസ്ഫേറ്റ്, ജൈവവളങ്ങൾ എന്നിവയും വിതരണം ചെയ്യുന്നുണ്ട്. ജനകീയാസൂത്രണ പദ്ധതി പ്രകാരം രാസവളങ്ങൾക്കും ജൈവവളങ്ങൾക്കും 50% സബ്സിഡി നൽകുന്നുണ്ട്. നാളികേര വികസന ബോർഡിന്റെ പദ്ധതി നടപ്പിലാക്കുന്ന കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ തെരഞ്ഞെടുത്ത ബ്ലോക്കുകളിൽ നാളികേര കർഷകർക്ക് സൗജന്യമായി രാസവളം നൽകുന്നുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, ഭക്ഷ്യസുരക്ഷാ പദ്ധതി തുടങ്ങിയ വിവിധ കൃഷി വകുപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തി നെല്ല്, വാഴ, പച്ചക്കറി തുടങ്ങിയ വിളകൾക്ക് ഉൽപ്പാദനോപാധികളിൽ ഉൾപ്പെടുത്തി രാസവളം സബ്സിഡിയോടെ നൽകി വരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

(സി) നാളികേര വികസന ബോർഡിന്റെ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ക്ലസ്റ്ററുകളിലെ എല്ലാ കൃഷിക്കാരും വളം ലഭിക്കാൻ അർഹരാണ്. നെൽകൃഷി വികസന പദ്ധതി, ഗ്രൂപ്പ് ഫാമിംഗ് പദ്ധതി എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ നെൽകർഷകരും ഉൽപ്പാദനോപാധികളുടെ ഭാഗമായി രാസവളം ലഭിക്കാൻ അർഹതയുള്ളവരാണ്. കൂടാതെ മറ്റ് വിളകളായ വാഴ, പച്ചക്കറി കൃഷിക്കുള്ള കർഷകരും രാസവളം ലഭിക്കാൻ അർഹരാണ്. എന്നാൽ പദ്ധതിയിൽ ഓരോ തലത്തിലും അനുവദിക്കപ്പെടുന്ന ഭൗതിക ലക്ഷ്യം പൂർണ്ണമാകുന്നതുവരെ അപേക്ഷിക്കുന്ന കർഷകർക്കേ വളം ലഭ്യമാക്കാൻ കഴിയുന്നുള്ളൂ.

(ഡി) വളങ്ങൾ നേരിട്ട് ഗുണഭോക്താക്കൾക്ക് ലഭിക്കാൻ അംഗീകൃത സൊസൈറ്റികൾക്കും ഡീലർമാർക്കും പെർമിറ്റ് നൽകുകയാണ് നിലവിലുള്ള രീതി. നാളികേര വികസന ബോർഡിന്റെ പദ്ധതിയിൽ ക്ലസ്റ്റർ കൺവീനർമാർക്ക് പെർമിറ്റ് നൽകുകയും അവർ വളം ഗുണഭോക്താക്കളായ കർഷകർക്ക് എത്തിക്കുകയുമാണ് ചെയ്യുന്നത്.

### പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിനും നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും നടപടി

**159 (7258)** ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ തരിശായി കിടക്കുന്ന ഏലാ കൃഷി ഭൂമിയുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ജില്ലയിലെ പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിനും നെൽകൃഷി പരിപോഷിപ്പിക്കുന്നതിനും കൈകൊള്ളാവുന്ന ഊർജ്ജിത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) കൊല്ലം ജില്ലയിൽ നെല്ല് സംഭരണത്തിനായി നടപടി സ്വീകരിക്കാത്തതിനാൽ കർഷകർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ 1072 ഹെക്ടർ തരിശുനിലമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) കൊല്ലം ജില്ലയിലെ പാടശേഖരങ്ങൾ സംരക്ഷിക്കുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക യന്ത്രവൽക്കരണം, ജലസേചന തോടുകളുടെ പുനരുദ്ധാരണം, പാടത്ത് നെൽകൃഷിയുടെ മാത്രം പ്രോത്സാഹനം എന്നീ ഊർജ്ജിത നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കേരളത്തിലെ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ നിന്നുമാണ് നെല്ലുസംഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. മറ്റ് ജില്ലകളിൽ നിന്നുകൂടി നെല്ല് സംഭരണം നടത്തുന്നതിനായി സിവിൽ സപ്ലൈസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## നെൽകൃഷി പ്രോത്സാഹന പദ്ധതികൾ

160 (7259) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയിരിക്കുന്ന പദ്ധതികൾക്ക് ഉദ്ദേശിച്ച ഗുണം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ;

(സി) നെൽകൃഷി പ്രോത്സാഹന പദ്ധതികളിൽ കർഷകർക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കൊയ്ത്ത് യന്ത്രം, മെതിയന്ത്രം എന്നിവയുടെ അറ്റകുറ്റപ്പണികൾക്ക് സർക്കാരിൽ നിന്നും തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പാക്കിയിരിക്കുന്ന സുസ്ഥിര നെൽകൃഷി വികസന പദ്ധതി, സംസ്ഥാന-ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി , മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരമുള്ള നെൽകൃഷി വികസനം, നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ് എന്നീ വിവിധ പദ്ധതികൾ മുഖാന്തിരം ശാസ്ത്രീയമായ കൃഷി രീതികളിലൂടെ നെല്ലിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ട്. നെൽകൃഷിയിൽ നിന്നും കർഷകർക്ക് കിട്ടുന്ന ആദായം കുറവാണ്. ഈ സാഹചര്യത്തിൽ കർഷകരെ നെൽകൃഷിയിൽ പിടിച്ചുനിർത്തുന്നതിനും പ്രോത്സാഹനം നൽകുന്നതിനും നെൽകൃഷി മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ സഹായിച്ചുവരുന്നു. കർഷകർക്ക് ഉദ്ദേശിച്ച ഗുണം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രകൃതിക്ഷോഭംമൂലം അടിക്കടിയുണ്ടാകുന്ന കൃഷിനാശത്തിന്റെ തോത് വർദ്ധിച്ചിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ പദ്ധതിയുടെ ഗുണം പൂർണ്ണമായും ലഭിക്കാറില്ല.

(ബി) നെൽകൃഷിയിൽനിന്നും ലഭിക്കുന്ന അറ്റാദായം മറ്റു വിളകളെ അപേക്ഷിച്ച് തീരെ കുറവാണ്. ആവശ്യഘട്ടങ്ങളിൽ നേരിടുന്ന തൊഴിലാളികളുടെ ദൗർലഭ്യം പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശം എന്നിവ കർഷകർക്ക് നെൽകൃഷിയിൽനിന്നും പിൻമാറുന്നതിന് കാരണമാകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നെൽകൃഷി പ്രോത്സാഹന പദ്ധതികൾപ്രകാരം കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അപര്യാപ്തമാണ്. അവ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) കാർഷിക ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾവഴി നടത്തിവരുന്നുണ്ട്. കൂടാതെ ഇതിലേക്കായി തൊഴിലാളികളെ പരിശീലിപ്പിച്ചു വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന കൊയ്ത്തു മെതിയന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്നുണ്ട്. 'കെയ്കോ' യും, ഇപ്രകാരം അറ്റകുറ്റപ്പണികൾ നടത്തുന്നുണ്ട്. വാടകയിനത്തിൽ സ്വരൂപിക്കുന്ന തുകയിൽ നിന്നാണ് 'കെയ്കോ' ഈ ചെലവ് വഹിച്ചുവരുന്നത്.

**കരനെൽകൃഷി**

**161 (7260)** ശ്രീ.മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിയുമായി ബന്ധപ്പെടുത്തി കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മെച്ചപ്പെട്ട പദ്ധതി ആവിഷ്ക്കരിക്കുമോ ;

(ബി) 2011-12-ൽ ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ട് ; എല്ലാ ജില്ലകളിലും ഈ പദ്ധതി നടപ്പിലാക്കുമോ ?

**ഉത്തരം**

(എ) ഭക്ഷ്യസുരക്ഷാ പദ്ധതിപ്രകാരം കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 5000 രൂപ നിരക്കിലുള്ള സഹായം നൽകി സംസ്ഥാനമൊട്ടാകെ 8000 ഹെക്ടർ സ്ഥലത്ത് 2011-12 വർഷം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) 2011-12 വർഷത്തിൽ കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 400 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നുണ്ട്.

**കുട്ടനാട്ടിലെ നെൽകർഷകർക്ക് സാമ്പത്തിക സഹായം**

**162 (7261)** ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടാം കൃഷിയിലും പുഞ്ചകൃഷിയിലും കാലാവസ്ഥാ വ്യതിയാനവും പ്രകൃതിക്ഷോഭവുംമൂലം കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെയും ആലപ്പുഴയിലെയും നെൽകർഷകർക്ക് ഇതുവരെ എന്തെങ്കിലും നഷ്ടപരിഹാരമോ സാമ്പത്തിക സഹായമോ നൽകിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ സാമ്പത്തിക സഹായം നൽകുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ ; എത്ര കാലത്തിനുള്ളിൽ സഹായം നൽകാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) സാമ്പത്തികമായി കഷ്ടത അനുഭവിക്കുന്ന കുട്ടനാട്ടിലെ കർഷകർക്ക് രണ്ടാം കൃഷി ആരംഭിക്കുന്നതിന് അടിയന്തരമായി സാമ്പത്തിക സഹായവും വിത്ത്, വളം എന്നിവ സൗജന്യമായി നൽകുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പത്തനംതിട്ട ജില്ലയിലെ തിരുവല്ല കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിലുള്ള കൃഷിഭവനുകളിൽ നിന്ന് നെൽകർഷകർക്ക് 33,11,102 രൂപ പ്രകൃതിക്ഷോഭത്തിനുള്ള ധനസഹായമായി നൽകിയിട്ടുണ്ട്. കൂടാതെ കലാമിറ്റി റിലീഫ് ഫണ്ടിൽനിന്നും 13,42,101 രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രകൃതി ക്ഷോഭത്തിൽ നെൽകൃഷി നാശം സംഭവിച്ച വിള ഇൻഷ്വർ ചെയ്തിട്ടില്ലാത്ത കുട്ടനാട്ടിലെ കർഷകർക്ക് 91,54,710 രൂപയും വിള ഇൻഷ്വർ ചെയ്തിട്ടുള്ളവർക്ക് 67,87,550 രൂപയും അനുവദിച്ചിട്ടുണ്ട്.

കോട്ടയം ജില്ലയിൽ കൊയ്യാറായ നെല്ല് നശിച്ചതിന് 40,35,912 രൂപയും വിത നഷ്ടപ്പെട്ടവർക്ക് വിത്ത് നൽകുന്നതിലേക്കായി 10,96,732 രൂപയും മട വീണ പാടശേഖരങ്ങളിൽ മട പുനർനിർമ്മാണത്തിന് 33,55,500 രൂപയും അനുവദിച്ചിട്ടുണ്ട്.

പ്രകൃതി ക്ഷോഭത്തിൽ കൃഷി നശിച്ച കർഷകരിൽ ഇനിയും സാമ്പത്തിക സഹായം ലഭിക്കാത്തവർക്ക് ആയത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാലാവസ്ഥാ വ്യതിയാനംമൂലം കൃഷിനാശം സംഭവിച്ച കുട്ടനാട്ടിലെ കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുവാൻ കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലാണ്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

**മലപ്പുറത്ത് നെല്ല് സംഭരണകേന്ദ്രം**

163 (7262) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്ന കേന്ദ്രങ്ങൾ എത്ര എണ്ണം ഉണ്ടെന്നും എവിടെയെല്ലാമാണെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃപ്പങ്ങോട്, മംഗലം, പുറത്തൂർ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഒരു നെല്ല് സംഭരണ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലെ എടപ്പാൾ, കാലടി നന്നമുക്ക്, തവനൂർ, വട്ടംകുളം, ആലംകോട്, മാറഞ്ചേരി, പെരുമ്പടപ്പ്, വെളിയംകോട് എന്നീ പഞ്ചായത്തുകളിലെ കർഷകരിൽനിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിക്കുന്നുണ്ട്.

ചങ്ങരംകുളം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, തവന്നൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നീ രണ്ട് സംഘങ്ങൾ മുഖേനയാണ് കൺസ്യൂമർ ഫെഡ് നെല്ല് സംഭരിക്കുന്നത്.

(ബി) നെല്ല് സംഭരണ കേന്ദ്രം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കാർഷിക ഉത്പന്ന വിപണന പാർക്കുകൾ**

164 (7263) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളവെടുത്ത കാർഷിക ഉൽപ്പന്നങ്ങൾ ശരിയായ രീതിയിൽ സംഭരിക്കാനും സംരക്ഷിക്കാനും കർഷകർക്ക് കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കർഷകർക്ക് വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനായി എന്തെല്ലാം നൂതന നടപടികൾ സ്വീകരിക്കും ;

(സി) കാർഷിക മേഖലയിൽ അധിഷ്ഠിതമായ വിപണന പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് വിപണനം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇതുമൂലം ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കർഷകർക്ക് വിളവെടുപ്പാനന്തര നഷ്ടം കുറയ്ക്കുന്നതിനും സാധിക്കുന്നു. ഓരോ വിപണിയുടെയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കി ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ അവരുടെ ഉൽപ്പന്നങ്ങൾ വിപണിയിൽ വച്ച് ലേലം ചെയ്യുന്നു. തിരുവനന്തപുരം ജില്ലയിൽ ആനയറയിൽ പ്രവർത്തിക്കുന്ന മൊത്ത വ്യാപാര വിപണിയിലുള്ള ശീതികരണശാലയിൽ 15 ടൺ കാർഷികോൽപ്പന്നങ്ങൾ ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലേലങ്ങളിൽ പങ്കെടുക്കുന്ന കർഷകർ, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നവർ തുടങ്ങിയവർക്കെല്ലാംതന്നെ ശീതീകരണശാല പ്രയോജനപ്പെടുത്താവുന്നതാണ്. മൂവാറ്റുപുഴ, സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ വിപണികളിലും ശീതീകരണ ശാലകൾ നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കുട്ടനാട് പാക്കേജ്

165 (7264) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി എത്ര കോടി രൂപയാണ് സംസ്ഥാന പദ്ധതിയിൽ വകകൊള്ളിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തുക സർക്കാരിന്റെ 21-2-2009-ലെ സ.ഉ.(എംഎസ്.) 41/09 കൃഷി നമ്പർ ഉത്തരവ് പ്രകാരം ഏതെല്ലാം വകുപ്പുകളുടെ പദ്ധതിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച്, വകകൊള്ളിച്ച തുകയും ചെലവും വ്യക്തമാക്കുമോ ;

(സി) കുട്ടനാട് മേഖലയിൽ കണ്ടൽക്കാട് വച്ചുപിടിപ്പിക്കുന്നതിന് എത്ര ലക്ഷം രൂപ വകകൊള്ളിച്ചിരുന്നുവെന്നും പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ ;

(ഡി) തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ പഠനത്തിനായി എത്ര ലക്ഷം രൂപ വകകൊള്ളിച്ചിരുന്നുവെന്നും പഠന റിപ്പോർട്ടിന്റെ വിശദാംശവും വെളിപ്പെടുത്തുമോ ;

(ഇ) ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ?

### ഉത്തരം

(എ) 8.65 കോടി രൂപ

(ബി) കൃഷി, മത്സ്യബന്ധനം, മൃഗസംരക്ഷണം , സാമൂഹ്യക്ഷേമം വനം-പരിസ്ഥിതി, ടൂറിസം എന്നീ വകുപ്പുകളുടെയും കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലായാണ് ടി. തുക അനുവദിച്ചത്. വകുപ്പുതിരിച്ച് അനുവദിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) കുട്ടനാട് പാക്കേജിൻ കീഴിൽ വേമ്പനാട് കായലിന്റെ തീരങ്ങളിൽ കണ്ടൽച്ചെടികൾ വച്ച് പിടിപ്പിക്കുന്ന പദ്ധതിക്ക് 50 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ടി തുകയിൽ 30 ലക്ഷം രൂപ റിലീസ് ചെയ്തിട്ടുള്ളതും 27 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. വനം വകുപ്പ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയിൽ 1,00,000 കണ്ടൽച്ചെടികൾ വേമ്പനാടിന്റെ തീരങ്ങളിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്. പദ്ധതിയെക്കുറിച്ച് ജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിനായി പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ഡി) തണ്ണീർമുക്കം ബണ്ട്, തോട്ടപ്പിള്ളി സ്പിൽവേ എന്നിവയുടെ പഠനത്തിനായി 35 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ടിന്റെ പകർപ്പ് കുട്ടനാട് പാക്കേജിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kuttanadpackage.in-ൽ ലഭ്യമാണ്.

(ഇ) ഈ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി രേഖകൾ തയ്യാറാക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

### നെൽകർഷകർക്കുള്ള സഹായം

166 (7265) ശ്രീ. തോമസ് ഉണ്ണിയാടൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ല് കർഷകർക്ക് പമ്പിംഗ് സബ്സിഡി, പ്രൊഡക്ഷൻ ബോണസ്, സൗജന്യ വിത്ത്, വളം, ആധുനിക കൃഷി മെഷീനുകൾ എന്നിവ വ്യാപകമായും സമയബന്ധിതമായും നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ ?

### ഉത്തരം

നെൽകർഷകർക്ക് അനുവദനീയമായ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പമ്പിംഗ് സബ്സിഡി പുഞ്ച സ്പെഷ്യൽ ഓഫീസർമാരുടെ മേൽനോട്ടത്തിലാണ് കർഷകർക്ക് അനുവദിക്കുന്നത്. വിത്ത്, വളം, ആധുനിക കൃഷി മെഷീനുകൾ തുടങ്ങിയ ഉൽപാദന ഉപാധികൾ വിവിധ നെൽകൃഷി വികസന പദ്ധതികളായ സുസ്ഥിര നെൽകൃഷി, വികസനം, ഭക്ഷ്യ സുരക്ഷാ പദ്ധതി (സംസ്ഥാന/ദേശീയ) കേന്ദ്ര സഹായത്തോടെയുള്ള മാക്രോ മാനേജ്മെന്റ് പദ്ധതിയിലെ നെൽകൃഷി വികസനം എന്നിവ നെൽകൃഷി മേഖലയിൽ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. ഹെക്ടറിന് 350 രൂപ വീതം പ്രൊഡക്ഷൻ ബോണസ് ഓരോ റിളയുടെയും വിളവെടുപ്പിനുശേഷം കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ആയതിലേക്കായി 2011-12 വർഷം 853.9 ലക്ഷം രൂപ വിവിധ ജില്ലകൾക്കായി ഇതിനോടകം അനുവദിച്ചിട്ടുണ്ട്. വിളവെടുക്കുന്നതിനുമുമ്പ് തന്നെ സംസ്ഥാന വിത്ത് അതോറിറ്റി (കെ. എസ്.എസ്.ഡി.എ) മുഖാന്തിരം

LIBRARY ARCHIVES Kerala Legislative Assembly

സഹായനിരക്കിൽ വിത്ത് നൽകി വരുന്നുണ്ട്. ചെറുകിട കർഷകർക്കായുള്ള യന്ത്രവൽക്കരണം എന്ന പദ്ധതിവഴി ആധുനികയന്ത്രങ്ങളും സഹായ നിരക്കിൽ നൽകിവരുന്നുണ്ട്. അതിലേക്കായി ഒരു കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

**നെൽകർഷകർക്ക് ആനുകൂല്യങ്ങൾ**

167 (7266) ശ്രീ. കെ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകർഷകർക്ക് നെല്ലുൽപാദന ബോണസായി ഏക്കറിന് എത്ര രൂപ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) വർദ്ധിച്ച കൂലി ചെലവ്, ഉൽപ്പാദനോപാധികളുടെ വിലവർദ്ധനവ് എന്നീ സാഹചര്യത്തിൽ പ്രസ്തുത തുക നിർദ്ദിഷ്ട സ്ഥലത്തുള്ള കൃഷിക്ക് പര്യാപ്തമാണോ എന്ന് കാലോചിതമായി സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത ആനുകൂല്യം പുനർനിർണ്ണയം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽകർഷകർക്ക് നെല്ലുൽപ്പാദന ബോണസായി ഏക്കറിന് 140 രൂപ പ്രകാരമാണ് ധനസഹായം അനുവദിക്കുന്നത്.

(ബി&സി) ഉൽപ്പാദന ബോണസ് ആദ്യമായി നിലവിൽ വന്നത് 1991-92-ൽ ഹെക്ടറിന് 100 രൂപ നൽകിക്കൊണ്ടാണ്. ഇത് ഹെക്ടറിന് 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

**കാർഷിക സർവ്വകലാശാലയിലെ നിയമനങ്ങൾ**

168 (7267) ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവ്വകലാശാലയിൽ എത്ര അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(ബി) കേരള കാർഷിക സർവ്വകലാശാലയിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(സി) കാർഷിക സർവ്വകലാശാല നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിദ്ധ്യക്കുറവ് പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) (i) അദ്ധ്യാപക വിഭാഗം:

| | | |
|---|---|---|
| 1. | പ്രൊഫസർ | 60 |
| 2. | അസോസിയേറ്റ് പ്രൊഫസർ | 189 |
| 3. | അസിസ്റ്റന്റ് പ്രൊഫസർ | 496 |
| 4. | മറ്റുള്ളവർ | 35 |
| | ആകെ | 780 |

(ii) അദ്ധ്യാപക വിഭാഗം

ആകെ തസ്തിക - 1801

വേർതിരിച്ചുള്ള കണക്ക് അനുബന്ധം 1-ൽ കാണുക. *

(ബി) (i) അദ്ധ്യാപക വിഭാഗം

പട്ടികജാതി-35

പട്ടികവർഗ്ഗം-01

(ii) അനദ്ധ്യാപക വിഭാഗം

പട്ടികജാതി-158

പട്ടികവർഗ്ഗം-04

വിശദാംശങ്ങൾ അനുബന്ധം 2-ൽ കാണുക. *

(സി) കേരള കാർഷിക സർവ്വകലാശാലയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം അവലോകനം ചെയ്യുന്നതിനും കേരള സംസ്ഥാനത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വേണ്ടിയുള്ള സംസ്ഥാന കമ്മീഷന്റെ പ്രവർത്തനം നടപ്പിലാക്കുന്നതിനുമുള്ള ഉപദേശക സമിതിയുടെ 2011 ജനുവരി 13-ലെ 6-ാമത് യോഗം 2002-ന് ശേഷം സർവ്വകലാശാലയിൽ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താത്ത സാഹചര്യം വിലയിരുത്തിക്കൊണ്ട്, അദ്ധ്യാപക തസ്തികകളിൽ വിവിധ ഫാക്കൽറ്റികളിലെ വിവിധ ഡിസിപ്ലിനുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനായി തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാല വിഭജിച്ച്, കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് സർവ്വകലാശാലയും കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസും നിലവിൽ വന്ന സാഹചര്യത്തിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കേരള കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള അനദ്ധ്യാപക തസ്തിക കളിൽ അനുവദിച്ച തസ്തിക, പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രാതിനിധ്യം എന്നിവ നിർണ്ണയിച്ച് ബാക്ക്ലോഗ് കണക്കാക്കി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്ന കാര്യം സർവ്വകലാശാലയുടെ സജീവ പരിഗണനയിലാണ്.

### കർഷകർക്ക് കൃഷിഭവനിലൂടെ ആനുകൂല്യങ്ങൾ

169 (7268) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ കൃഷിഭവൻ നേരിട്ടാണോ വിതരണം നടത്തുന്നത് ; അതോ പാടശേഖരസമിതികൾ മുഖേനയാണോ ;

(ബി) ആനുകൂല്യങ്ങൾ കർഷകരിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് സർക്കാർ വ്യക്തമാക്കുമോ ?

#### ഉത്തരം

(എ) കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ അനുസരിച്ചുള്ള സബ്സിഡി ആനുകൂല്യങ്ങൾ കർഷകർക്ക് നേരിട്ടും പാടശേഖരസമിതികൾ മുഖേനയും ഉൽപാദന ഉപാധികൾക്കുള്ള സബ്സിഡി സർവ്വീസ് സഹകരണ സംഘങ്ങൾ വഴിയും കർഷകരുടെ ബാങ്ക് അക്കൗണ്ട് മുഖേനയും നൽകിവരുന്നു.

(ബി) അനുവദിച്ച് കിട്ടുന്ന ആനുകൂല്യങ്ങളെക്കുറിച്ച് കാർഷിക വികസന സമിതി യോഗത്തിൽ ചർച്ച ചെയ്യപ്പെടുന്നു. വിതരണത്തിൽ പൊതുജന പങ്കാളിത്തവും സുതാര്യതയും ഉറപ്പ് വരുത്തുന്നു. കൂടാതെ ആനുകൂല്യങ്ങൾക്ക് അർഹരായ കർഷകരുടെ ലിസ്റ്റ് കൃഷിഭവനിൽ പ്രസിദ്ധപ്പെടുത്തുന്നുമുണ്ട്.

### ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

170 (7269) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സംസ്ഥാനത്തുണ്ടായ ഭക്ഷ്യോൽപ്പാദന ത്തിന്റെ വളർച്ചാനിരക്ക് എത്രയായിരുന്നെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ കർഷകർ ഭക്ഷ്യവിളകളിൽ നിന്നും നാണ്യ വിളകളിലേക്ക് മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

#### ഉത്തരം

(എ) ഭക്ഷ്യസുരക്ഷാപദ്ധതി നടപ്പിലാക്കിയതിലൂടെ നെല്ലിന്റെ ഉൽപ്പാദ നക്ഷമത 2009-10-ൽ ഹെക്ടറിന് 2557 കിലോഗ്രാമായും പച്ചക്കറിയുടെ

LIBRARY ARCHIVES Kerala Legislative Assembly

ഉൽപ്പാദനം 7.74 ലക്ഷം മെട്രിക് ടണ്ണായും വർദ്ധിച്ചിട്ടുണ്ട്. 2005-06-ൽ പാലുൽപ്പാദനം 20.63 ദശലക്ഷം മെട്രിക് ടണ്ണായിരുന്നത് 2009-10 ആയപ്പോൾ 25.37 ദശലക്ഷം മെട്രിക് ടണ്ണായി ഉയർന്നിട്ടുണ്ട്. ഇതുപോലെ മുട്ടയുൽപ്പാദനം 2005-06-ൽ 119.56 കോടിയിൽ നിന്നും 2009-10 ആയപ്പോൾ 163.3 കോടിയായി ഉയർന്നിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കർഷകർ ഭക്ഷ്യ വിളകളിൽനിന്നും നാണ്യവിളകളിലേക്ക് മാറുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2009-10-ലെ കണക്കനുസരിച്ച് കേരളത്തിലെ മൊത്തം കൃഷിഭൂമിയുടെ വിസ്തൃതിയിൽ 11.86 ശതമാനം മാത്രമാണ് ഭക്ഷ്യവിളകൾക്കുള്ളത്. കേരളത്തിലെ പ്രധാന ഭക്ഷ്യവിളയായ നെൽകൃഷിയുടെ വിസ്തൃതി കഴിഞ്ഞ കുറേ വർഷങ്ങളായി കുറഞ്ഞുവരുന്ന പ്രവണതയാണ് കണ്ടുവന്നിരുന്നത്. എന്നാൽ 2008-09 വർഷത്തിനുശേഷം നെൽകൃഷിയുടെ വിസ്തീർണ്ണം കുറയുന്ന പ്രവണത മാറിവരുന്നതായി കാണുന്നു. പ്രധാന കാർഷിക വിളകളുടെ വിസ്തൃതിയിലും ഉൽപ്പാദനത്തിലും ഉണ്ടായ വ്യത്യാസം അനുബന്ധമായി ചേർത്തിരിക്കുന്നു. *

## പച്ചക്കറി കൃഷി

171 (7270) ശ്രീമതി കെ. എസ്. സലീഖ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പച്ചക്കറി കൃഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ ?

## ഉത്തരം

സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേന സമഗ്ര പച്ചക്കറി വികസന പദ്ധതിയും ഭക്ഷ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായ പച്ചക്കറി കൃഷി വികസന പദ്ധതിയും നടപ്പിലാക്കുന്നു. ഇതിനുപുറമെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി സംസ്ഥാനത്താകെ 25 ലക്ഷം പച്ചക്കറി വിത്തുകിറ്റുകൾ വിതരണം നടത്തുകയുണ്ടായി.

പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വി.എഫ്.പി.സി.കെ.യുടെ നേതൃത്വത്തിൽ വിത്ത് മുതൽ വിപണി വരെയുള്ള സേവനങ്ങൾ കർഷകർക്ക് നൽകുന്നുണ്ട്. മേൽത്തരം പച്ചക്കറിവിത്തുകൾ പാലക്കാട് ആലത്തൂരിൽ സ്ഥാപിതമായിട്ടുള്ള വിത്ത് സംസ്ക്കരണ ശാലയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്. പച്ചക്കറി കൃഷിയിൽ ശാസ്ത്രീയമായ കൃഷി രീതികളെയും രോഗകീട നിയന്ത്രണത്തെയും സംബന്ധിച്ചുള്ള പരിശീലന പരിപാടികൾ വി.എഫ്.പി.സി.കെ. നടത്തിവരുന്നു. ഇതുകൂടാതെ സർക്കാർ ധനസഹായത്തോടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

പുതുതായി കൂടുതൽ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്യുവാനായി പച്ചക്കറി ഗ്രാമങ്ങൾ രൂപീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. വീട്ടുമുറ്റത്തും ടെറസ്സിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'ഹരിതനഗരി' എന്ന പദ്ധതി വി.എഫ്.പി.സി.കെ. ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഓണക്കാലത്തേക്ക് ഓരോ വീട്ടിലും ആവശ്യമായ പച്ചക്കറി ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 'വെജിറ്റബിൾ ക്യാമ്പ്' ഈ വർഷം നടത്തുകയുണ്ടായി. ഗുണമേന്മയുള്ള പച്ചക്കറിത്തൈകൾ ഉൽപ്പാദിപ്പിച്ച് കർഷകർക്കും പൊതുജനങ്ങൾക്കും വിതരണം ചെയ്തുവരുന്നു. സ്വാശ്രയ കർഷക വിപണികൾ വഴി ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നുണ്ട്.

സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ പച്ചക്കറികൃഷി വർദ്ധിപ്പിക്കുന്നതിനായി തിരുവനന്തപുരം ജില്ലയിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു. കർഷക കൂട്ടായ്മ രൂപീകരണം, അരലക്ഷം രൂപ ധനസഹായത്തോടുകൂടി രണ്ട് യൂണിറ്റ് സ്വകാര്യമേഖലയിലും ഒന്നരലക്ഷം രൂപ ധനസഹായത്തോടുകൂടി മൂന്ന് യൂണിറ്റ് പൊതുമേഖലയിലും ഗുണമേന്മയുള്ള പച്ചക്കറി വിത്തുൽപ്പാദനം 9 ലക്ഷം രൂപ ധനസഹായത്തോടുകൂടി 6 ലക്ഷം നടീൽ വസ്തുക്കളുടെ ഉത്പാദനം 9 ലക്ഷം രൂപ ധനസഹായത്തോടുകൂടി 30 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണം, ഒന്നരലക്ഷം രൂപ ധനസഹായത്തോടുകൂടി 30 സ്കൂളുകളിൽ പച്ചക്കറിത്തോട്ടം, 375 ലക്ഷം രൂപ ധനസഹായത്തോടുകൂടി 15000 കുടുംബങ്ങളിൽ മട്ടുപ്പാവിലെ പച്ചക്കറിത്തോട്ടം, 4.5 ലക്ഷം രൂപ ധനസഹായത്തോടുകൂടി 2000 വീടുകളിൽ അടുക്കളത്തോട്ടം, 90 ലക്ഷം രൂപ ധനസഹായത്തോടെ 400 ഹെക്ടർ തുറസ്സായ സ്ഥലങ്ങളിലെ പച്ചക്കറി കൃഷി, 20 ഹെക്ടർ സ്ഥലത്ത് 4.5 ലക്ഷം ധനസഹായത്തോടെ സങ്കരയിനം പച്ചക്കറികൃഷി, 55.195 ലക്ഷം രൂപ ധനസഹായത്തോടുകൂടി സംരക്ഷിത കൃഷി, 6 ലക്ഷം രൂപ ധനസഹായത്തോടുകൂടി 600 ഹെക്ടർ സ്ഥലത്ത് സംയോജിത കീട-രോഗ നിയന്ത്രണം, 2.1825 ലക്ഷം രൂപ ധനസഹായത്തോടുകൂടി കൂൺകൃഷി, 38.90 ലക്ഷം രൂപ ധനസഹായത്തോടുകൂടി മാതൃകാപ്രദർശനത്തോട്ടങ്ങൾ, 6 ലക്ഷം രൂപ ധനസഹായത്തോടുകൂടി ഒരു മൊബൈൽ അഗ്രോക്ലിനിക്ക് 5 ലക്ഷം രൂപ ധനസഹായത്തോടുകൂടി 5 സഞ്ചരിക്കുന്ന വിൽപ്പന കേന്ദ്രങ്ങൾ.

### മണ്ണ് പര്യവേഷണം

172 (7221) ശ്രീ അൻവർ സാദത്ത് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് പര്യവേഷണ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനുമുള്ള സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഭൂപടങ്ങളും റിപ്പോർട്ടുകളും തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) വിശദമായ മണ്ണ് പര്യവേഷണ പഠനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ജില്ലാ -പഞ്ചായത്ത് നീർത്തട തലങ്ങളിൽ നടത്തുന്ന വിവിധ തരത്തിലുള്ള മണ്ണ് പര്യവേഷണങ്ങളുടെ വിവരങ്ങൾ കേന്ദ്രീകൃതമായി തിരുവനന്തപുരത്തെ മണ്ണ് പര്യവേഷണ ആസ്ഥാനത്ത് പ്രവർത്തിക്കുന്ന സോയിൽ ഇൻഫർമാറ്റിക്സ് ആന്റ് പബ്ലിക്കേഷൻ സെൽ വഴി കൃഷി അനുബന്ധ വകുപ്പുകൾക്കും, കർഷകർക്കും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്. അതത് പ്രദേശത്തിന്റെ ഭൂക്ഷമത, ഫലഭൂയിഷ്ഠത, മണ്ണൊലിപ്പിന്റെ തീവ്രത, അനുയോജ്യമായ പരിപാലന മുറകൾ എന്നീ വിവരങ്ങൾ ഉൾക്കൊള്ളിച്ച ഭൂവിഭവ റിപ്പോർട്ടുകളും ഭൂപടങ്ങളും ഈ സെൽ വഴി പ്രസിദ്ധീകരിക്കുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതിക വിദ്യയായ ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം (ജി.ഐ.എസ്) ഉപയോഗിച്ച് അപഗ്രഥനം നടത്തി വിവിധ തരം മാപ്പുകളും റിപ്പോർട്ടുകളും ഈ സെൽ വഴി പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) ഭൂപടങ്ങളും റിപ്പോർട്ടുകളും ഇപ്പോൾ പ്രസിദ്ധീകരിക്കുകയും ഉപയോക്താക്കൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്.

(സി) സോയിൽ സർവ്വേ വകുപ്പിന്റെ പ്രധാനപ്പെട്ട പ്രവർത്തനങ്ങളിലൊന്നായ വിശദമായ മണ്ണ് പര്യവേഷണം, പഞ്ചായത്ത് തലത്തിലും നീർത്തടാടിസ്ഥാനത്തിലും വിശദമായ മണ്ണ് പര്യവേഷണം നടത്തി റിപ്പോർട്ടുകളും ഭൂപടങ്ങളും യഥാസമയം പ്രസിദ്ധീകരിച്ച് കൃഷി വകുപ്പിനും അനുബന്ധ വകുപ്പുകൾക്കും ഏജൻസികൾക്കും പഞ്ചായത്തുകൾക്കും ലഭ്യമാക്കുന്നുണ്ട്. 12-ാം പദ്ധതിക്കാലത്ത് വിശദമായ മണ്ണ് പര്യവേഷണം കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

**പലക്കാട് കേന്ദ്രീകരിച്ച് കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രം**

173 (7272) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ഗുണമേന്മയുള്ള വിത്തുകളുടെ അഭാവം ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാലാവസ്ഥാ വ്യതിയാനം വളരെ ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ കേരളത്തിന്റെ പ്രധാനപ്പെട്ട നെല്ലറകളിലൊന്നായ പാലക്കാടിന് യോജിച്ച രത്തിൽ നെൽവിത്തുകൾ ഉല്പാദിപ്പിക്കന്നതിനായി പാലക്കാട് കേന്ദ്രീകരിച്ച് കാർഷിക സർവ്വകലാശാലയുടെ ഒരു ഉപകേന്ദ്രം സ്ഥാപിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ നെൽവിത്തുകളുടേയും മറ്റും ഗവേഷണ പ്രവർത്തനങ്ങൾക്കായി പാലക്കാട് ജില്ലയിൽ പട്ടാമ്പിയിൽ റീജിയണൽ അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നെൽച്ചെടിയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ പ്രതികൂലമായി ബാധിക്കുന്നതാണ്. പാലക്കാട് കേന്ദ്രീകരിച്ച് കാർഷിക സർവ്വകലാശാലയുടെ ഉപകേന്ദ്രം സ്ഥാപിക്കണമെന്ന നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

### വളം സബ്സിഡി

174 (7273) ശ്രീ. എസ്. ശർമ്മ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റ് വളം സബ്സിഡി നൽകുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഇത് സംസ്ഥാനത്തെ കൃഷിക്കാരെയും വളം നിർമ്മാണശാലകളെയും ഏതെല്ലാം നിലയിലാണ് ബാധിക്കുക എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) 1-4-2010- മുതൽ കേന്ദ്രഗവൺമെന്റ് ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി നടപ്പിലാക്കിയതിനാൽ വളംസബ്സിഡി നൽകുന്ന വ്യവസ്ഥകളിൽ മാറ്റം വരുത്തുകയുണ്ടായി. ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി പ്രകാരം ഓരോ വളത്തിലുള്ള പാക്യജനകം, ഭാവകം, ക്ഷാരം എന്നിവയ്ക്കാണ് സബ്സിഡി നിശ്ചയിക്കുന്നത്. ഓരോ വളത്തിനുമുള്ള സബ്സിഡി വളം കമ്പനിക്ക് നേരിട്ട് നൽകുന്നതാണ് നിലവിലുള്ള രീതി.

(ബി) ഉണ്ട്. ന്യൂട്രിയന്റ് ബേസ്ഡ് സബ്സിഡി പ്രകാരം വില നിശ്ചയിക്കാനുള്ള അധികാരം വളം നിർമ്മാണ ശാലകൾക്ക് നൽകിയിട്ടുണ്ട്. ഇതുമൂലം ഉൽപ്പാദനച്ചെലവിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കമ്പനികൾ രാസവളങ്ങൾക്ക് വില കൂട്ടുകയും ആയതിനാൽ കർഷകർക്ക് വിപണിയിൽ ഉയർന്ന വിലയ്ക്ക് വളം വാങ്ങേണ്ടി വരികയും ചെയ്യുന്നു. ഇത് കർഷകർക്ക് ഉൽപ്പാദനച്ചെലവ് കൂട്ടുന്നതിനും ലാഭം കുറയ്ക്കുന്നതിനും കാരണമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## പൊട്ടാഷിന്റെ സബ്സിഡി വർദ്ധിപ്പിക്കാൻ നടപടി

175 (7274) ശ്രീ. എം. എ. ബേബി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ദാസൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൃഷിക്കാർക്ക് പ്രതിവർഷം ശരാശരി എത്ര പൊട്ടാഷ് ആവശ്യമായി വരുമെന്ന് അറിയാമോ ; കേരള വിപണിയിൽ ഇപ്പോൾ പൊട്ടാഷിന്റെ വില കൂടാനിടയായ സാഹചര്യം എന്താണ് ;

(ബി) വിലകൂടിയ സാഹചര്യത്തിൽ സബ്സിഡി വർദ്ധിപ്പിക്കണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ?

### ഉത്തരം

(എ) റാബി സോണൽ കോൺഫറൻസ് 2011-12 പ്രകാരം സംസ്ഥാനത്തെ കർഷകർക്ക് രണ്ട് ലക്ഷം മെട്രിക് ടൺ പൊട്ടാഷ് ആവശ്യമായി വരുന്നുണ്ട്. ഇൻഡ്യൻ പൊട്ടാഷ് ലിമിറ്റഡ് എന്ന കമ്പനി വിതരണം ചെയ്യുന്ന പൊട്ടാഷ് വളം മറ്റ് രാജ്യങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടി വരുന്നതിനാൽ ഇറക്കുമതി ചെലവനുസരിച്ച് കമ്പനിക്ക് വില കൂട്ടാനുള്ള സ്വാതന്ത്ര്യം കേന്ദ്ര സർക്കാർ അനുവദിച്ച് നൽകിയതിനാലാണ് വിപണിയിൽ പൊട്ടാഷിന്റെ വില കൂടിയത്.

(ബി) ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല.

## ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം

176 (7275) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം അന്തർദേശീയ മാർക്കറ്റുകളിൽ വർദ്ധിച്ചുവരുന്ന സാഹചര്യം പ്രയോജനപ്പെടുത്തുവാൻ കൃഷി വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ ;

(ബി) ഈ പദ്ധതികൾ മുഖേന ജൈവകൃഷിയിലേർപ്പെടുന്ന കർഷകന് ലഭ്യമാവുന്ന പ്രോത്സാഹനങ്ങളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിതര സംഘടനകൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവർക്ക് ഇക്കാര്യത്തിൽ സർക്കാർ ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) ജൈവകൃഷിക്ക് പരമ്പരാഗത വിളകളുടെ വിത്തുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളുണ്ടോ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ജൈവ ഉൽപ്പന്നങ്ങളുടെ വിപണനം അന്തർദേശീയ മാർക്കറ്റുകളിൽ വർദ്ധിച്ചുവരുന്ന സാഹചര്യം പ്രയോജനപ്പെടുത്തുവാൻ കൃഷി വകുപ്പ് വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളും കേന്ദ്രാവിഷ്കൃതപദ്ധതികളും 2010-11 മുതൽ നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്ത് ജൈവകൃഷിയുടെ ആവശ്യകത, സാധ്യത തുടങ്ങിയവ കണക്കിലെടുത്ത് സ.ഉ (പി) നമ്പർ 39/10 കൃഷി, തിരുവനന്തപുരം ഫെബ്രുവരി 10 പ്രകാരം ഒരു ജൈവ കൃഷി നയം പ്രഖ്യാപിക്കുകയുണ്ടായി. 2010-11 വർഷത്തിൽ ഓർഗാനിക് ഫാമിംഗ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ഉപയോഗിച്ച് 14 ജില്ലകളിലെ തെരഞ്ഞെടുത്ത 20 ബ്ലോക്കുകളിലെ വിവിധ പഞ്ചായത്തുകളിലെ 900 ഹെക്ടർ സ്ഥലത്ത് ഹെക്ടറിന് 10,000 രൂപ നിരക്കിൽ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിന് സഹായം നൽകിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് ബോധവൽക്കരണ പരിപാടികൾ, പരിശീലനം, സെമിനാർ മുതലായവ സംഘടിപ്പിക്കുകയും ചെയ്തു. 2011-12 വർഷം പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിൽ ഉൾപ്പെടുത്തി 3500 ഹെക്ടർ സ്ഥലത്ത് പുതുതായി ജൈവകൃഷി വ്യാപിപ്പിക്കുന്നതിനും ജൈവഉൽപ്പന്നങ്ങളുടെ വിപണനം, ജൈവഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, ബോധവൽക്കരണം, സെമിനാറുകൾ, ഫീൽഡ് വിസിറ്റ് പബ്ലിസിറ്റി മുതലായവയ്ക്ക് ഉപയോഗിക്കുന്നതിനും ലക്ഷ്യമിടുന്നു. ഈ വർഷം ഹെക്ടറിന് 10,000 രൂപ നിരക്കിൽ ധനസഹായത്തോടുകൂടി 3500 ഹെക്ടർ സ്ഥലം ജൈവകൃഷിയിലേക്ക് കൊണ്ടുവരുന്നതിനുപുറമെ മുൻവർഷം (2010-11) ആരംഭിച്ചതായ 900 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷവും ജൈവകൃഷി നടത്തുന്നവർക്ക് പ്രാരംഭകാലത്ത് ഉൽപ്പാദനക്കുറവുമൂലം ഉണ്ടാകാവുന്ന നഷ്ടം നികത്തുന്നതിന് 2-ാം വർഷവും ഹെക്ടറിന് 10,000 രൂപ നിരക്കിൽ സഹായം നൽകി വരുന്നുണ്ട്. 2010-11 വർഷത്തിൽ ദേശീയ ഓർഗാനിക് ഫാമിംഗ് പ്രോജക്ടിന്റെ ഭാഗമായി 34.96 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചുനൽകി. ജൈവ ഉൽപ്പാദനോപാധികളുടെ ഉൽപ്പാദനം, ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, കർഷക പരിശീലനം എന്നിവ പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിന് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തിരം ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ചില്ലറ വ്യാപാര വിപണികൾ, ഗ്രാമീണ വിപണികൾ എന്നിവ



LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 40 മുതൽ 55 ശതമാനം വരെ സബ്സിഡി നൽകുന്നതാണ്. പൈനാപ്പിൾ, ഇഞ്ചി, വാഴ, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ അനുവദിക്കുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യവർഷം 4000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3000 രൂപ വീതവും നൽകുന്നതായിരിക്കും.

ജൈവ ഉൽപ്പന്നങ്ങളുടെ സർട്ടിഫിക്കേഷന് വേണ്ടി ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ ധനസഹായം നൽകുന്നുണ്ട്. 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റാക്കി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷന് വേണ്ടി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർട്ടിഫിക്കേഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട് വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും ലഭ്യമാക്കുന്നതാണ്.

ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതി പ്രകാരം കർഷകർക്ക് മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുന്നതിന് ധനസഹായം നൽകിവരുന്നു. 30'x 8'x 2.5' വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 30,000 രൂപ അനുവദിക്കുന്നതാണ്.

(സി) സർക്കാരിതര സംഘടനകൾ ജൈവകൃഷി രംഗത്ത് പ്രവർത്തിച്ചു വരുന്നുണ്ടെങ്കിലും നിലവിൽ കൃഷി വകുപ്പ് ഇവയ്ക്ക് ധനസഹായം നൽകുന്നില്ല. എന്നാൽ ജൈവഉൽപ്പന്നങ്ങളുടെ വിപണനത്തിന് ദേശീയ ഹോർട്ടിക്കൾച്ചർ മിഷനിൽനിന്നും 4,08,292 രൂപ സാമ്പത്തിക സഹായത്തോടെ ഒരു വിപണനകേന്ദ്രം തുടങ്ങുന്നതിന് 2007-08 -ൽ അടിമാലി, ഇടുക്കിയിലുള്ള ഹൈറേഞ്ച് ഓർഗാനിക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റിക്ക് അനുമതി നൽകുകയും ആയത് നല്ല രീതിയിൽ പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ഡി) ജൈവകൃഷിക്ക് പരമ്പരാഗത വിളകളുടെ വിത്തുകൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രത്യേക പദ്ധതികളൊന്നുംതന്നെ ഇല്ല. നെല്ല്, പച്ചക്കറി, കിഴങ്ങുവർഗ്ഗം, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവ ജൈവരീതിയിൽ ഉൽപ്പാദിപ്പിക്കുന്നതിന് സംസ്ഥാനാവിഷ്കൃത ഓർഗാനിക് ഫാമിംഗ് പദ്ധതിയിലൂടെ കർഷകർക്ക് സഹായം നൽകിവരുന്നുണ്ട്. പ്രസ്തുത ആനുകൂല്യം ലഭിക്കുന്നതിന് മേൽ പ്രസ്താവിച്ച വിളകളുടെ ഏത് തരം വിത്തും ഉപയോഗിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

## നെല്ല് സംഭരണം

177 (7276) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ടൺ നെല്ല് സംഭരിച്ചു എന്ന് വ്യക്തമാക്കാമോ; നെല്ലിന് സർക്കാർ പ്രഖ്യാപിച്ച സംഭരണവില എത്രയാണ് എന്ന് വ്യക്തമാക്കാമോ; ഇത് വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) നെല്ല് സംഭരിക്കാതെ പാടശേഖരങ്ങളിൽ കെട്ടിക്കിടക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27-10-2011-വരെ 90100 ടൺ നെല്ല് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷൻ 2011-12 സാമ്പത്തിക വർഷത്തിൽ 1069 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

31-8-2011-ലെ സ.ഉ (എംഎസ്.) നമ്പർ 214/2011/കൃഷി പ്രകാരം നെല്ലിന്റെ സംഭരണ വില കിലോക്ക് 15 രൂപയായി ഉയർത്തിയിട്ടുണ്ട്. വീണ്ടും സംഭരണവില വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) നെല്ല് സംഭരിക്കാതെ കെട്ടിക്കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കർഷകരുടേയും നിശ്ചിത ഗുണനിലവാരമുള്ള നെല്ല് കാലതാമസമില്ലാതെ സംഭരണം നടത്തുന്നുണ്ട്.

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, പത്തനംതിട്ട, എറണാകുളം, മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്ക് എന്നിവിടങ്ങളിൽ നിന്നും കൺസ്യൂമർ ഫെഡറേഷൻ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു.

## നെന്മാറ മണ്ഡലത്തിലെ പാടശേഖരങ്ങൾ

178 (7277) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ കൃഷി ചെയ്യാൻ പറ്റുന്ന എത്ര ഏക്കർ പാടശേഖരങ്ങൾ നിലവിലുണ്ട്;

(ബി) ഇതിൽ നെൽകൃഷിക്ക് പുറമേ മറ്റേതെല്ലാം വിളകളാണ് കൃഷി ചെയ്യുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നെന്മാറ മണ്ഡലത്തിൽ നെന്മാറ, കൊല്ലങ്കോട് ബ്ലോക്കുകളിലായി കൃഷി ചെയ്യാൻ പറ്റുന്ന 131 പാടശേഖരങ്ങളിലായി 12271 ഹെക്ടർ സ്ഥലം നിലവിലുണ്ട്. (30677.5 ഏക്കർ)

(ബി) നെന്മാറ മണ്ഡലത്തിൽ നെൽകൃഷിക്ക് പുറമെ തെങ്ങ്, പച്ചക്കറി, ഇഞ്ചി, മാവ്, വാഴ, മരച്ചീനി, റബ്ബർ, കുരുമുളക്, അടയ്ക്കാമരം, പയർവർഗ്ഗങ്ങൾ, കശുമാവ്, മഞ്ഞൾ എന്നിവ കൃഷി ചെയ്യുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | വിള | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | തെങ്ങ് | 4220 |
| 2 | പച്ചക്കറി | 495 |
| 3 | ഇഞ്ചി | 280 |
| 4 | മാവ് | 1100 |
| 5 | വാഴ | 647 |
| 6 | മരച്ചീനി | 120 |
| 7 | റബ്ബർ | 2016 |
| 8 | കുരുമുളക് | 133 |
| 9 | അടയ്ക്കാമരം | 246 |
| 10 | പയർവർഗ്ഗങ്ങൾ | 67 |
| 11 | കശുമാവ് | 128 |
| 12 | മഞ്ഞൾ | 121 |
| | ആകെ | 9573 |

**ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ**

179 (7278) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോർട്ടികൾച്ചർമിഷന് നടപ്പുവർഷത്തിൽ കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തിട്ടുള്ള സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സഹായം ഉപയോഗിച്ച് ഈ വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കാമോ ;

(സി) 2010-11 വർഷത്തിൽ കേന്ദ്രസർക്കാർ ഹോർട്ടികൾച്ചർ മിഷന് നൽകിയ സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ വഴി നടപ്പുവർഷത്തിൽ 77 കോടി രൂപ അടങ്കൽ തുക വരുന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയും 2.248 കോടി രൂപ അടങ്കൽ തുക വരുന്ന ദേശീയ ഔഷധസസ്യ മിഷൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ദേശീയ ഹോർട്ടികൾച്ചർ മിഷൻ 85 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയും ദേശീയ ഔഷധസസ്യ മിഷൻ 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയുമാണ്.

(ബി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻവഴി ദേശീയ ഹോർട്ടികൾച്ചർ മിഷൻ, ദേശീയ ഔഷധസസ്യ മിഷൻ എന്നീ രണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കിവരുന്നു. കേന്ദ്രസഹായം ഉപയോഗിച്ച് ഈ വർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന ദേശീയ ഹോർട്ടികൾച്ചർ മിഷൻ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. നടീൽ വസ്തുക്കളുടെ ഉൽപാദനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി നഴ്സറികളുടെ നിർമ്മാണം, ടിഷ്യുക്കൾച്ചർ യൂണിറ്റുകളുടെ നിർമ്മാണം, പച്ചക്കറി വിത്തുൽപാദനം, വിത്ത് സംസ്ക്കരണത്തിന് ആധുനിക സംവിധാനം ഏർപ്പെടുത്തൽ എന്നിവയ്ക്കായി 364.75 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

2. ഹോർട്ടിക്കൾച്ചർ വിളകളായ മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, കശുമാവ്, കൊക്കോ, പുഷ്പങ്ങൾ എന്നിവയുടെ പുതിയ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 2496.14 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

3. കൂൺ വിത്തുൽപ്പാദന യൂണിറ്റ് സ്ഥാപിക്കുന്നതിന് 165 ലക്ഷം രൂപ നടപ്പുസാമ്പത്തികവർഷം വകയിരുത്തിയിരിക്കുന്നു.

4. കുരുമുളക്, കൊക്കോ, അടയ്ക്ക എന്നിവയുടെ കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണത്തിന് 255 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

5. ജലസംഭരണികളുടെ നിർമ്മാണത്തിനായി 64.5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

6. സംരക്ഷിത കൃഷിക്കായി 232.04 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

7. നടപ്പുസാമ്പത്തിക വർഷത്തിൽ ജൈവകൃഷിക്കായി 360 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8. തേനീച്ച വളർത്തലിലൂടെയുള്ള പരാഗണ പിന്തുണയ്ക്കായി 69.5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

9. കാർഷിക മേഖലയുടെ യന്ത്രവൽക്കരണത്തിനായി 122.5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

10 പരിശീലന പരിപാടികൾക്കായി 155.58 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

11. വിളവെടുപ്പാനന്തര പരിപാലനത്തിനായി 980.55 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

12. വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 201 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

13. കുട്ടനാട് പാക്കേജിനായി 450.9 ലക്ഷം രൂപയും ഇടുക്കി പാക്കേജിനായി 200 ലക്ഷം രൂപയും കശുമാവ് വികസന പദ്ധതികൾക്കായി 971.75 ലക്ഷം രൂപയും ഹോർട്ടിക്കൾച്ചർ സെൻസസ്സിനായി 245.44 ലക്ഷം രൂപയും മിഷൻ മാനേജ്മെന്റിനായി 360.34 ലക്ഷം രൂപയും നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്.

കൂടാതെ പച്ചക്കറി കൃഷി വ്യാപകമാക്കുവാൻ 10.48 കോടി രൂപ ധനസഹായത്തോടെ പച്ചക്കറി സമൃദ്ധി നാടിനും നഗരത്തിനും എന്ന പദ്ധതി രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ) ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ നടപ്പിലാക്കിവരുന്നു. ഇതിനുപുറമെ 6.15 കോടി രൂപയുടെ പച്ചക്കറി സംരക്ഷിത കൃഷി, 5.23 കോടി രൂപയുടെ പച്ചക്കറിയുടേയും വാഴയുടേയും സൂക്ഷ്മകൃഷി, 0.28 കോടി രൂപയുടെ കൂൺകൃഷി, 3.12 കോടി രൂപയുടെ ടിഷ്യൂക്കൾച്ചർ വാഴക്കൃഷി, 12.57 കോടി രൂപയുടെ ഇടുക്കി ജില്ലയിലെ വട്ടവട-കാന്തല്ലൂർ മേഖലയിൽ ശീതകാല പച്ചക്കറികൃഷി, 6.06 കോടി രൂപയുടെ ശീതകാല പഴവർഗ്ഗകൃഷി വികസനത്തിനായി ഇടുക്കി ഫ്രൂട്ട്ബെൽറ്റ് എന്നിവയ്ക്ക് വേണ്ടിയുള്ള പദ്ധതി ആർ.കെ.വി.വൈ.യുടെ സാമ്പത്തിക സഹായത്തിനായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്.

കേരളത്തിലെ ഔഷധസസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ദേശീയ ഔഷധ സസ്യബോർഡ് നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ദേശീയ ഔഷധസസ്യമിഷൻ. പദ്ധതി പ്രകാരം നടപ്പുസാമ്പത്തിക വർഷത്തിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനത്തിനായി 48 ലക്ഷം രൂപയും ഔഷധ സസ്യങ്ങളുടെ വിളവിസ്തൃതി വർദ്ധിപ്പിക്കുന്നതിനായി 166 ലക്ഷം രൂപയും മിഷൻ മാനേജ്മെന്റിനായി 10.7 ലക്ഷം രൂപയും നടപ്പുസാമ്പത്തികവർഷത്തിൽ വകയിരുത്തിയിരിക്കുന്നു.

(സി) 2010-11 വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കേന്ദ്രസർക്കാർ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്

LIBRARY ARCHIVES Kerala Legislative Assembly

5840.69 ലക്ഷം രൂപയും ദേശീയ ഔഷധസസ്യ മിഷൻ പദ്ധതി നടപ്പിലാക്കുന്നതിനായി 138.11 ലക്ഷം രൂപയും ധനസഹായം നൽകി.

### പൊന്നാനി മുതൽ തൃശ്ശൂർ വരെയുള്ള പാടശേഖരങ്ങളുടെ സമഗ്രവികസനം

180 (7279) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ഹംസ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മുതൽ തൃശ്ശൂർ വരെയുള്ള പാടശേഖരങ്ങളുടെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ തയ്യാറാക്കിയ സമഗ്ര പദ്ധതി എന്താണെന്ന് വിശദമാക്കാമോ ; ഈ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതിന് മുമ്പായി കർഷക സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച ചെയ്തിട്ടുണ്ടോ ;

(സി) പദ്ധതി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ ; കേന്ദ്രത്തിൽ നിന്നും എന്തു തുക സഹായമായി പ്രതീക്ഷിക്കുന്നുവെന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള കാർഷിക സർവ്വകലാശാല കോൾ നിലങ്ങളുടെ സമഗ്ര വികസനത്തിനായി 799.77 കോടി രൂപയുടെ പദ്ധതി കർഷക സംഘടനകളുടെ പ്രതിനിധികളുമായി ചർച്ച ചെയ്ത് തയ്യാറാക്കിയിട്ടുണ്ട്.

(സി) കോൾ നിലങ്ങളുടെ സമഗ്ര വികസനത്തിനായി 799.77 കോടി രൂപയുടെ പദ്ധതി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

### പലിശരഹിത കാർഷിക വായ്പ

181 (7280) ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പയെടുത്ത് കൃഷി ചെയ്യുന്ന കർഷകർ സാമ്പത്തിക പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരക്കാർക്ക് പലിശരഹിത കാർഷിക വായ്പ ലഭ്യമാക്കാൻ നടപടി എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നെൽ കർഷകർക്കുള്ള പലിശരഹിത വായ്പാ പദ്ധതി സംസ്ഥാനത്ത് ഒട്ടാകെ എല്ലാ ജില്ലകളിലും ഇപ്പോൾ നടപ്പാക്കിവരുന്നുണ്ട്. സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 2011-12 വർഷം മുതൽ 3 ശതമാനം പലിശ ഇളവ് കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്. കൂടാതെ 2011-12 വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിൽ വായ്പയെടുക്കുന്ന കൃഷിക്കാരേയും വായ്പ നൽകുന്ന സ്ഥാപനങ്ങളേയും ഒരേസമയം സംരക്ഷിക്കുന്നതിന് കൃത്യമായ വായ്പ തിരിച്ചടയ്ക്കുന്നവർക്കായി ഒരു ഉത്തേജക പലിശ ഇളവ് പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ആയതുപ്രകാരം സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കാർഷിക വായ്പ എടുക്കുന്ന ഏതൊരാൾക്കും പ്രസ്തുത വായ്പാ തുക (മുതൽ) കൃത്യ തീയതിയിൽ തിരിച്ചടയ്ക്കുന്ന പക്ഷം 5% പലിശയിളവ് നൽകുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. ടി ആനുകൂല്യങ്ങൾ നൽകുന്നതോടുകൂടി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശ രഹിത വായ്പയായി തീരുന്നതാണ്.

## പ്രകൃതിക്ഷോഭത്തെ തുടർന്നുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള സമാശ്വാസ തുക

182 (7281) <u>ശ്രീ. ജി. സുധാകരൻ</u> :
<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> :
<u>ശ്രീ. പി. റ്റി. എ. റഹീം</u> :
<u>ശ്രീ കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭത്തെ തുടർന്ന് കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള സമാശ്വാസ തുക വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വർദ്ധിപ്പിക്കുവാനുദ്ദേശിക്കുന്ന നിരക്കിനെ സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഇതിനായി നിയോഗിക്കപ്പെട്ട സമിതിയുടെ റിപ്പോർട്ടിലെ പ്രമുഖ ശുപാർശകൾ എന്തെല്ലാമാണ് ;

(സി) ഏത് കാലംമുതൽ ഉണ്ടായ നാശനഷ്ടങ്ങൾക്കാണിത് ബാധകമാക്കാനുദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## ഗന്ധകശാല, പൊക്കാളി എന്നീ നെല്ലിനങ്ങളുടെ കൃഷി

**183 (7282)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. കെ. അച്ചുതൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗന്ധകശാല, പൊക്കാളി എന്നീ നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇതിനായി പ്രോസസ്സിംഗ് യൂണിറ്റുകൾ തുറക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) സുഗന്ധ നെല്ലിനങ്ങളായ ജീരകശാല, ഗന്ധകശാല എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം 135 ലക്ഷം രൂപയും സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം നെൽകൃഷി വികസന ഏജൻസികളുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾക്കായി 20 ലക്ഷം രൂപയും 2011-12 വർഷം വയനാട് ജില്ലയ്ക്ക് അനുവദിച്ചിട്ടുണ്ട്. സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 2011-12 വർഷം പൊക്കാളി കൃഷിയുടെ വികസനത്തിനായി 20 ലക്ഷം രൂപ പൊക്കാളി നെൽകൃഷി വികസന ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. വികസന ഏജൻസിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാന പ്രകാരം വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

(ബി) പ്രോസസ്സിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) വയനാട് ജില്ലയിലെ പനമരത്ത് 2009-10 വർഷം ഒരു ടൺ കപ്പാസിറ്റിയുള്ള മോഡേൺ റൈസ്മിൽ സ്ഥാപിക്കുന്നതിനായി കെയ്കോക്ക് 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 2011-12 വർഷത്തിൽ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം പൊക്കാളി കൃഷിക്ക് വേണ്ടിയുള്ള ഒരു മില്ല് സ്ഥാപിക്കുന്നതിനായി ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. മില്ല് സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.



LIBRARY ARCHIVES Kerala Legislative Assembly

## മാലാക്കായൽ വികസന പദ്ധതി

184 (7283) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എൽ.ഡി.സി. മുഖേന ചിറക്കര ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന മാലാക്കായൽ വികസന പദ്ധതി എന്നാണ് പൂർത്തീകരിക്കേണ്ടിയിരുന്നത് ; കരാർ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) പദ്ധതിയുടെ അടങ്കൽ തുക എത്രയാണ് ; എന്തു തുക വിനിയോഗിച്ചിട്ടുണ്ട് ; ശേഷിക്കുന്ന ജോലികൾ നിലവിൽ നിശ്ചയിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുകകൊണ്ട് പൂർത്തീകരിക്കുവാൻ കഴിയുമോ ;

(സി) ഇല്ലെങ്കിൽ എസ്റ്റിമേറ്റ് തുക നിലവിലുള്ള നിരക്കിൽ പുതുക്കി നിശ്ചയിച്ച് പണി പൂർത്തീകരിക്കുവാൻ കെ.എൽ.ഡി.സി. സന്നദ്ധമാകുമോ ;

(ഡി) പദ്ധതി പൂർത്തീകരിക്കുവാൻ താമസം നേരിട്ടത് എന്തുകൊണ്ടാണ് ; തടസ്സങ്ങൾ നീക്കുന്നതിലേക്കായി കെ.എൽ.ഡി.സി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഇ) ഇനി എത്രത്തോളം പണി ശേഷിക്കുന്നുവെന്നും തടസ്സങ്ങൾ നീക്കി എന്ന് പണി പൂർത്തീകരിക്കുവാൻ കഴിയുമെന്നും അറിയിക്കുമോ ?

### ഉത്തരം

(എ) മാലാക്കായൽ പദ്ധതി 2011 മാർച്ച് 31-ന് പൂർത്തീകരിക്കേണ്ടിയിരുന്നതായിരുന്നുവെങ്കിലും പണികൾ പൂർത്തിയാവാത്തതിനാൽ 2012 മാർച്ച് 31 വരെ പൂർത്തീകരണ തീയതി നീട്ടിയിട്ടുള്ളതും ആയതുപ്രകാരം കരാർ കാലാവധി 2012 മാർച്ച് 31 വരെ നീട്ടി നൽകിയിട്ടുള്ളതുമാണ്.

(ബി) പദ്ധതിയുടെ അടങ്കൽ തുക 78,74,695 രൂപയാണ്. ഈ പദ്ധതിക്കുവേണ്ടി ചെലവാക്കിയ തുക 24.113 ലക്ഷമാണ്. ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 18-7-2008-ൽ ആരംഭിച്ചെങ്കിലും തർക്കങ്ങളും കേസുകളും കാരണം 35% മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. കരാർ പ്രകാരം അംഗീകരിച്ച് എസ്റ്റിമേറ്റ് തുകയ്ക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കാൻ കോൺട്രാക്ടർ ബാധ്യസ്ഥനാണ്.

(സി-ഇ) ഹൈക്കോടതിയുടേയും ജില്ലാ കോടതിയുടേയും സ്റ്റേ ഓർഡറുകൾ പദ്ധതി കാലാവധി തീരുന്നതിനുമുമ്പ് മാറ്റിക്കിട്ടിയാൽ മാത്രമേ പദ്ധതിയുടെ പണികൾ പുനരാരംഭിക്കുവാൻ കഴിയുകയുള്ളൂ. ഈ പദ്ധതിയുടെ 65% പണികൾ ഇനിയും പൂർത്തീകരിക്കുവാനുണ്ട്. പദ്ധതി സംബന്ധിച്ച് ഹൈക്കോടതിയിലെയും ജില്ലാകോടതിയിലെയും കേസുകളിൽ കെ.എൽ.ഡി.സി. എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

### നാട്ടുകൂട്ടം എന്ന കർഷകസംഗമ പ്രോഗ്രാം

185 (7284) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെയും ജനപ്രതിനിധികളുടെയും കൃഷിമേഖലയിലെ വിവിധ ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾ തുടങ്ങിയവരുടെ സഹകരണത്തോടെ കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവന്ന 'നാട്ടുകൂട്ടം' എന്ന കർഷക സംഗമ പ്രോഗ്രാം തുടരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നാട്ടുകൂട്ടത്തെ ഒരു പുതിയ വിജ്ഞാനവ്യാപന സംരംഭമാക്കി രൂപപ്പെടുത്തി കാർഷിക മേഖലയ്ക്ക് ഗുണകരമാക്കാൻ കഴിയുന്ന വിധത്തിൽ സർക്കാർ കർമ്മ പദ്ധതി ആവിഷ്ക്കരിക്കുമോ;

(സി) ഇക്കാര്യത്തിനായി സാങ്കേതിക വിദഗ്ദ്ധർ, കാർഷിക ശാസ്ത്രജ്ഞർ, അനുഭവസമ്പന്നരായ കർഷകർ എന്നിവരുടെ ശില്പശാല സംഘടിപ്പിക്കുവാൻ കൃഷിവകുപ്പ് മുൻകൈ എടുക്കുമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

### രാസവളങ്ങളുടെ വില വർദ്ധനവ്

186 (7285) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാസവളങ്ങളുടെ വിലയിലുണ്ടായ വൻ വർദ്ധനവ് ഇവയുടെ ഉപയോഗം സംസ്ഥാനത്ത് ഗണ്യമായ തോതിൽ കുറയുന്നതിന് കാരണമായതായി സർക്കാർ കരുതുന്നുണ്ടോ;

(ബി) എങ്കിൽ കാർഷിക വിഭവങ്ങളുടെ ഉൽപ്പാദനത്തിൽ വൻ കുറവിനും വിലയിൽ വൻ വർദ്ധനവിനും കാരണമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് കാർഷിക സമ്പദ് വ്യവസ്ഥയെ ബാധിക്കുമെന്നതിനാൽ ഈ സ്ഥിതിവിശേഷം നേരിടുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിക്കുമോ;

(ഡി) രാസവളത്തിന്മേലുള്ള സംസ്ഥാന നികുതി ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഇ) വിവിധ ഇനങ്ങളിലായി രാസവളങ്ങൾക്ക് ഇപ്പോൾ എത്ര ശതമാനം നികുതിയാണുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) നികുതി ഒഴിവാക്കപ്പെടുകയാണെങ്കിൽ സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ എത്ര കോടി രൂപയുടെ കുറവ് വരുമെന്ന് അറിയാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കരുതുന്നില്ല.

(ബി) രാസവളങ്ങളുടെ വിലയിൽ വർദ്ധനവുണ്ടെങ്കിലും ഉപയോഗം കുറയാത്തതിനാൽ കാർഷികോൽപ്പാദനത്തിൽ കുറവ് പ്രതീക്ഷിക്കുന്നില്ല. എന്നാൽ രാസവളങ്ങളുടെ വില വർദ്ധനവ് കാരണം കാർഷിക വിഭവങ്ങൾക്ക് വിലവർദ്ധനയുണ്ടാകാമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ സ്ഥിതിവിശേഷം നേരിടുന്നതിനായി രാസവളങ്ങളെ സംസ്ഥാന വാറ്റ് നികുതിയിൽ നിന്നും ഒഴിവാക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതുകാരണം വളങ്ങൾക്ക് വില കുറയുന്നതാണ്.

(ഡി) & (ഇ) സംസ്ഥാന സർക്കാർ രാസവളങ്ങളുടെ മേൽ ചുമത്തിയിട്ടുളള സംസ്ഥാന നികുതി ഒഴിവാക്കിയിട്ടുണ്ട്. 4% വാറ്റും 1 % സെസ്സും ഉൾപ്പെടെ 4.04 ശതമാനം നികുതിയാണ് രാസവളങ്ങൾക്കുണ്ടായിരുന്നത്.

(എഫ്) നികുതി ഒഴിവാക്കപ്പെട്ടതുവഴി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ 35 കോടി രൂപയുടെ കുറവ് വരും. പ്രതിവർഷം 700 കോടി രൂപയുടെ രാസവളങ്ങളാണ് കേരളത്തിൽ വിതരണം ചെയ്യുന്നത്. നികുതി ഉൾപ്പെടെ രാസവള കമ്പനികൾ നിശ്ചയിക്കുന്ന വിലയ്ക്കാണ് രാസവളം കർഷകർക്ക് അംഗീകൃത ഡിപ്പോകൾവഴി വിറ്റുവരുന്നത്. നികുതി ഒഴിവാക്കുന്നതുവഴി രാസവളങ്ങൾക്ക് വില കുറയുന്നതാണ്.

ഗ്രൂപ്പ് ഫാമിംഗ്

187 (7286) ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. പാലോട് രവി:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എം. പി. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രൂപ്പ് ഫാമിംഗ് ശക്തമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രൂപ്പ് ഫാമിംഗ് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഗ്രൂപ്പ് ഫാമിംഗ് ശക്തമാക്കുന്നതിന്റെ ഭാഗമായി സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം ഹെക്ടറിന് 1500 രൂപ നിരക്കിലുള്ള പ്രോത്സാഹനം നൽകി 1,70,000 ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുന്നതിനായി 2550 ലക്ഷം രൂപ 2011-12 വർഷം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്..

(ബി) ഏകദേശം രണ്ട് ഹെക്ടർ സ്ഥലത്ത് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് സാധ്യത കാണുന്നുണ്ട്. അടുത്ത വർഷം ഇതു നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) പാടശേഖരങ്ങളിലെ ഗ്രൂപ്പ് ഫാമിംഗ് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കാർഷിക യന്ത്രവത്ക്കരണം, പൊതുഞാറ്റടി തയ്യാറാക്കൽ, അത്യുൽപ്പാദന ശേഷിയുള്ള ഒരേയിനം വിത്തിന്റെ ഉപയോഗം, കൂട്ടായ്മയിലൂടെയുള്ള നടീൽ, വളപ്രയോഗം, സസ്യസംരക്ഷണം, വിളവെടുപ്പ് എന്നീ പ്രവർത്തനങ്ങൾക്ക് ഗ്രൂപ്പ് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി സഹായം നൽകാവുന്നതാണ്.

## അന്യസംസ്ഥാനങ്ങളിൽ നിന്ന് രാസവളം ഇറക്കുമതി

**188 (7287)** ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി രാസവളത്തിന്റെ അധിക നികുതി ഉപേക്ഷിക്കുകയുണ്ടായോ ;

(ബി) പൊട്ടാഷ്, യൂറിയ തുടങ്ങിയവയുടെ ദൗർലഭ്യം പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ വളങ്ങൾ അന്യ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യാനുള്ള സാധ്യതകളെക്കുറിച്ച് കേന്ദ്രവുമായി ചർച്ച ചെയ്യുമോ ?

ഉത്തരം

(എ) കർഷകരെ സഹായിക്കുന്നതിന്റെ ഭാഗമായി രാസവളത്തിന്റെ വിലയിന്മേൽ സംസ്ഥാനസർക്കാർ ചുമത്തിയ വാറ്റ് നികുതി ഉപേക്ഷിക്കുന്നതിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പൊട്ടാഷ് വളത്തിന് കേരളത്തിലുണ്ടായിരുന്ന ദൗർലഭ്യം, ഇടക്കുമതി വീണ്ടും ആരംഭിച്ചതുവഴി

നീങ്ങിത്തുടങ്ങിയിട്ടുണ്ട്. ഒക്ടോബർ മാസം മുതൽ പൊട്ടാഷ് ലഭിച്ചുതുടങ്ങിയിട്ടുണ്ട്. നവംബർ മാസത്തോടെ പൊട്ടാഷ് വിതരണം സാധാരണ നിലയിലെത്തും. യൂറിയയ്ക്ക് ഇപ്പോൾ ദൗർലഭ്യം ഇല്ല. സംസ്ഥാനത്ത് രാസവളങ്ങൾക്ക് ദൗർലഭ്യം ഉണ്ടാകാതിരിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ രാസവളത്തിന്റെ ആവശ്യകത കേന്ദ്ര സർക്കാരിനെ അറിയിക്കുകയും അതനുസരിച്ച് ഓരോ മാസവും കേന്ദ്രം ക്വാട്ട അനുവദിക്കുകയും ചെയ്യുന്നുണ്ട്. ഇതുപ്രകാരം ഓരോ വളത്തിനും ജില്ല തിരിച്ചും കമ്പനി തിരിച്ചുമുള്ള സപ്ലൈ പ്ലാൻ കേന്ദ്ര രാസവള മന്ത്രാലയത്തിന് സംസ്ഥാനം നൽകുകയും അതനുസരിച്ച് റെയിൽ മാർഗ്ഗവും റോഡ് മാർഗ്ഗവും കമ്പനികൾ രാസവളം ഡീലർമാർക്ക് എത്തിക്കുകയും ചെയ്യുന്നുണ്ട്. കേന്ദ്ര സർക്കാർ നടത്തുന്ന പ്രതിവാര വീഡിയോ കോൺഫറൻസിൽ ഓരോ ആഴ്ചകളിലെയും കേരളത്തിലെ രാസവള ലഭ്യത സംബന്ധിച്ച വിവരങ്ങൾ കൃഷി വകുപ്പ് കേന്ദ്ര രാസവള മന്ത്രാലയത്തെ ധരിപ്പിക്കുന്നുണ്ട്. ഇതിനു പുറമേ സംസ്ഥാന കൃഷിവകുപ്പ് നടത്തുന്ന വീഡിയോ കോൺഫറൻസിൽ ജില്ലകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് രാസവളത്തിന്റെ ദൗർലഭ്യം അനുഭവപ്പെടുന്ന ജില്ലകളിൽ രാസവളം എത്തിക്കാൻ രാസവള കമ്പനികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഓരോ സംസ്ഥാനത്തിനും പ്രത്യേകമായി കേന്ദ്ര സർക്കാർ ക്വാട്ട അനുവദിക്കുന്നതുകൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യേണ്ട സാഹചര്യം ഇല്ല.

**കീടനാശിനികളുടെ ഉപയോഗം സംബന്ധിച്ച് അവബോധം**

189 (7288) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കീടനാശിനികൾ സുരക്ഷിതവും വിവേചനപരവുമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് കർഷകർക്ക് അവബോധം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ എല്ലാ ജില്ലകളിലും പരിശീലനം സംഘടിപ്പിക്കുമോ ;

(സി) സംസ്ഥാന തലത്തിൽ പ്രസ്തുത വിഷയത്തിൽ ശില്പശാല സംഘടിപ്പിക്കുമോ ?

**ഉത്തരം**

(എ) കൃഷിയിടങ്ങളിൽ കീടനാശിനികളുടെ വിവേചനരഹിതവും അനിയന്ത്രിതവുമായ വിതരണവും ഉപയോഗവും തടയുന്നതിനായി മാർഗ്ഗ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് (എംഎസ്.)നം.22/2011/കൃഷി തീയതി 17-1-2011 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിൽ കൃഷി വകുപ്പിലെ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വൽപ്പനശാലകളിൽ നിന്നും കീടനാശിനികൾ നൽകാവൂ എന്ന് നിഷ്ക്കർഷിക്കുന്നു. വിളയുടെ പേരും കീടവും വ്യക്തമാക്കികൊണ്ട് ഏത് കീടനാശിനിയാണ് വേണ്ടതെന്നും (രാസനാമം ഉൾപ്പെടെ) എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കിയിരിക്കണം. കീടനാശിനി ഡിപ്പോ ഡീലർമാർ കുറിപ്പടിയനുസ രിച്ച് മാത്രം മരുന്ന് വിതരണം ചെയ്യേണ്ടതും ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനാവേളയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതുമാണ്. നിരോധിച്ച കീടനാശി നികളുടെ അനിയന്ത്രിതമായ കടത്ത്, ശേഖരം, ഉപയോഗം ഇവ കണ്ടെത്തുന്ന തിനായി സർക്കാർ ഉത്തരവ് നമ്പർ 136/2011/എ.ഡി. തീയതി 23-5-2011 പ്രകാരം ജില്ലാതല സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. സംസ്ഥാന ജൈവ കാർഷിക നയം നടപ്പിലാക്കുന്നതിനും കീടനാശിനികൾ സുരക്ഷിതവും വിവേചനപരവുമായി ഉപയോഗിക്കുന്നതിന് കർഷകർ, കൃഷി ഉദ്യോഗസ്ഥർ, ഡീലർമാർ തുടങ്ങിയവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ ജില്ലകൾ തോറും നടത്തിയിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് നമ്പർ 123/2011/കൃഷി തീയതി 12-5-2011 മുഖേന നിരോധിച്ച കീടനാശിനികളുടെ ഉപയോഗത്തിന് പകരം ബദൽ സംവിധാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) ജില്ലകൾ തോറും പരിശീലനവും ചർച്ചകളും സെമിനാറുകളും സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടികളിൽ കാർഷിക രംഗത്തെ വിദഗ്ദ്ധർ കീടനാശിനികളുടെ സുരക്ഷിതവും വിവേചനപരവുമായ ഉപയോഗത്തെ സംബന്ധിച്ചും ബദൽ കീടനാശിനികളെക്കുറിച്ചും കർഷകർ, കൃഷി ഉദ്യോഗസ്ഥർ, ഡീലർമാർ, സ്വയം സഹായ സംഘങ്ങൾ എന്നിവർക്ക് പരിശീലനം നൽകുകയുണ്ടായി.

(സി) സംസ്ഥാനതല ശിൽപ്പശാല സംഘടിപ്പിക്കുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

## ജൈവവള വിതരണം

**190 (7289)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പഞ്ചായത്തുകൾ മുഖേന കർഷകർക്ക് ജൈവവളം വിതരണം ചെയ്തിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ വിതരണം ചെയ്യാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ജനകീയാസൂത്രണ പദ്ധതിപ്രകാരം പഞ്ചായത്തുകൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളിൽ ജൈവവളവിതരണം ഉൾപ്പെടുത്തിയിട്ടുള്ള പഞ്ചായത്തുകളിൽ ജൈവവളം വിതരണം ചെയ്യുന്നുണ്ട്.

(ബി) ഉദിക്കുന്നില്ല.

**റീജിയണൽ പ്രൊക്യൂർമെന്റ് സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടി**

191 (7290) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി റീജിയണൽ പ്രൊക്യൂർമെന്റ് സെന്ററുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

കൃഷി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, വയനാട് ജില്ലകളിലായി പ്രവർത്തിക്കുന്ന 6 മൊത്തവ്യാപാര വിപണികളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതുവരെ സൂക്ഷിച്ചുവയ്ക്കുന്നതിനുള്ള ശീതീകരണ ശൃംഖല നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

തിരുവനന്തപുരത്ത് ആനയറയിലുള്ള മൊത്തവ്യാപാര വിപണിയിൽ 15 ടൺവരെ കാർഷികോല്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള ശീതീകരണശാലയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ മൂവാറ്റുപുഴയിലും സുൽത്താൻബത്തേരിയിലുമുള്ള മൊത്ത വ്യാപാര വിപണികളിൽ ശീതീകരണശാലകൾ നിർമ്മിക്കുന്നതാണ്.

കൂടാതെ ഹോർട്ടികോർപ്പിന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിന് ഡിസ്ട്രിക്റ്റ് പ്രൊക്യൂർമെന്റ് സെന്ററുകൾ ഉണ്ട്. പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനം പ്രസ്തുത പ്രൊക്യൂർമെന്റ് സെന്ററുകളിൽ ഇല്ല.

**മാവേലിക്കര ആർ.എ.ഐ.സി.-യിലെ എ.പി.ഒ. ക്കെതിരെയുള്ള പരാതി**

192 (7292) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റംസാന് മുമ്പ് ലഭിക്കേണ്ട ശമ്പളം ജീവനക്കാർക്ക് മാറി നൽകാതെ കൃത്യവിലോപം കാട്ടിയ മാവേലിക്കര ആർ.എ.ഐ.സി.യിലെ എ.പി.ഒ. ക്കെതിരെയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ കാര്യത്തിൽ എന്തു

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിച്ചു എന്നു പറയാമോ ; ഇവർക്കെതിരെ നടപടി സ്വീകരിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

ഉണ്ട്. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറിൽ നിന്നും വിശദീകരണം ലഭ്യമാക്കി മേൽ നടപടി സ്വീകരിച്ചുവരുന്നു.

**വ്യാജരേഖ ഉണ്ടാക്കി സബ്സിഡി തുക കൈപ്പറ്റിയതിനെതിരെ നടപടി**

**193 (7293)** ശ്രീ. എ. കെ. ശശീന്ദ്രൻ
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരം തമിഴ്നാട്ടിൽ നിന്ന് കന്നുകാലികളെ മൃഗസംരക്ഷണവകുപ്പിന്റെ വിവിധ ചെക്ക് പോസ്റ്റുകൾവഴി കൊണ്ടുവന്നതായി വ്യാജരേഖ ഉണ്ടാക്കി വൻ തുക സബ്സിഡിയായി കൈപ്പറ്റിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റുകളിൽ നിന്നും കന്നുകാലികളെ കൊണ്ടുവന്ന വാഹനങ്ങളുടെ നമ്പർ രേഖപ്പെടുത്തിയിരിക്കുന്ന രസീത് വ്യാജമാണെന്നും വാഹനങ്ങളുടെ നമ്പർ മോട്ടോർ ബൈക്കിന്റെയും സ്കൂട്ടർ, കാർ എന്നിവയുടേതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തമിഴ്നാട്ടിൽ നിന്നും വാങ്ങിക്കൊണ്ടുവന്നതായി കാണിക്കുന്ന കൃത്രിമ രേഖ ഉണ്ടാക്കിയതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളാനും സബ്സിഡി ഇനത്തിൽ വാങ്ങിയ തുക തിരിച്ചടപ്പിക്കാനും നടപടി സ്വീകരിക്കുമോ ;

(ഡി) ഈ ക്രമക്കേട് കണ്ടെത്തി റിപ്പോർട്ട് ചെയ്ത മൃഗസംരക്ഷണ വകുപ്പ് വെറ്ററിനറി സർജനെ സ്ഥലം മാറ്റിയതെന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഈ വിഷയത്തിൽ മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിൽ പാറശ്ശാലയിലുള്ള മൃഗസംരക്ഷണ വകുപ്പിന്റെ ചെക്ക് പോസ്റ്റിൽ പ്രാഥമിക അന്വേഷണം നടത്തിയതിൽ നിന്നും തമിഴ്നാട്ടിൽ നിന്നും ടി ചെക്ക്പോസ്റ്റ് വഴി കന്നുകാലികളെ കൊണ്ടുവന്നതിന് രേഖയായി വ്യാജ രസീതുകൾ നൽകിയിട്ടുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഇതിന് പ്രധാന ഉത്തരവാദിയായി കണ്ടെത്തിയ അസിസ്റ്റന്റ് ഫീൽഡ് ഓഫീസറെ



LIBRARY ARCHIVES Kerala Legislative Assembly

സസ്പെന്റ് ചെയ്യുകയും വിശദമായ അന്വേഷണത്തിന് ശേഷം കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഡി) വെറ്ററിനറി സർജന്റെ സ്ഥലം മാറ്റത്തിന് ചെക്ക് പോസ്റ്റിലെ ക്രമക്കേടുമായി ബന്ധമില്ല. മറ്റൊരു ജില്ലയിൽ പ്രവർത്തിച്ചിരുന്ന വെറ്ററിനറി സർജൻ തിരുവനന്തപുരത്തേക്ക് സ്ഥലം മാറ്റം ആവശ്യപ്പെട്ടതിൻപ്രകാരം ഈ ജില്ലയിൽ 3 വർഷത്തെ സേവനം പൂർത്തിയാക്കിയ ചെക്ക് പോസ്റ്റിലെ വെറ്ററിനറി സർജനെ ഭരണപരമായ കാരണത്താലാണ് സ്ഥലം മാറ്റിയിട്ടുള്ളത്.

## അഭ്യസ്തവിദ്യരായ യുവതീ-യുവാക്കൾക്ക് പരിശീലനം

194 (7294) ശ്രീ. ജോസഫ് വാഴക്കൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽ രഹിതരും അഭ്യസ്തവിദ്യരുമായ യുവതി-യുവാക്കൾക്ക് കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായപദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ ;

(സി) ഇതിനായി കാർഷിക കോളേജുകളെ കൂടി ഉൾപ്പെടുത്തി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ യുവാക്കൾക്ക് ഉൾപ്പെടെ നാളികേരാധിഷ്ഠിത സംരംഭങ്ങൾ ആരംഭിക്കുന്നതിന് 50% സബ്സിഡി അനുവദിക്കുന്ന കേരപദ്ധതി നടപ്പിലാക്കിവരുന്നു.

(ബി & സി) നിലവിൽ കൃഷി വകുപ്പിന്റെ പരിശീലനകേന്ദ്രങ്ങൾവഴി ഇതിനായി പരിശീലനം നൽകിവരുന്നു.

കേരള കാർഷിക സർവ്വകലാശാല തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവതീയുവാക്കൾക്ക് പഞ്ചായത്തുമായി സഹകരിച്ച് കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഭക്ഷ്യസുരക്ഷാ സേന രൂപീകരിച്ച് യന്ത്രവൽകൃത കൃഷിരീതികളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നു.

നാളീകേര വികസന ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി കേരള കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ 6 ദിവസം നീണ്ടുനിൽക്കുന്ന പരിശീലന പരിപാടികൾ നടത്തിവരുന്നു. പരിശീലനാർത്ഥികൾക്ക് ദിവസം 150 രൂപ വീതം പരിശീലന കാലയളവായ 6 ദിവസത്തേക്ക് ആകെ 900 രൂപ സ്റ്റൈപ്പന്റായി നൽകിവരുന്നു. പരിശീലനം പൂർത്തിയാക്കിയവർക്ക് തെങ്ങുകയറ്റ യന്ത്രം സൗജന്യമായി വിതരണം ചെയ്യുന്നു.

തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ യുവതീയുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ട് രൂപീകൃതമായിട്ടുള്ള സ്വാശ്രയസംഘങ്ങൾക്കും സർക്കാരിതര സംഘങ്ങൾക്കും ഭക്ഷ്യസംസ്ക്കരണം, ഉൽപ്പന്നങ്ങളുടെ മൂല്യവർധന, കൂൺകൃഷി, തേനീച്ചവളർത്തൽ, വിഷരഹിതകൃഷി, സംരക്ഷിതകൃഷി, സൂക്ഷ്മ കൃഷി, ജൈവകൃഷി മുതലായവയിൽ പരിശീലനം നൽകിവരുന്നുണ്ട്.

തൊഴിൽരഹിതരും അഭ്യസ്തവിദ്യരുമായ ആദിവാസികൾക്ക് കേരള കാർഷിക സർവ്വകലാശാലയുടെ കേന്ദ്ര പരിശീലന സ്ഥാപനം (CTI) വഴി കൃഷിയുടെ നൂതന സാങ്കേതികവിദ്യകൾ സംബന്ധിച്ച് പരിശീലനം നൽകിവരുന്നു.

### സൂക്ഷ്മകൃഷി

195 (7296) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൂക്ഷ്മകൃഷി പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(ബി) ഭൗമ സൂചികയിൽ ഇടം നേടിയിട്ടുള്ള തനത് കൃഷികളിൽ സൂക്ഷ്മ കൃഷി രീതി അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ;

(സി) സൂക്ഷ്മകൃഷിക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകുന്ന തരത്തിൽ കാർഷിക സർവ്വകലാശാലയെ സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### <u>ഉത്തരം</u>

(എ) സൂക്ഷ്മകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പിൽ പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല. എന്നാൽ വി.എഫ്.പി.സി.കെ. വഴി 2011-12 സാമ്പത്തിക വർഷം അവസാനത്തോടെ 10 ഏക്കർ സ്ഥലത്ത് സൂക്ഷമകൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. നാളിതുവരെ വി.എഫ്.പി.സി.കെ. വഴി 30 ഏക്കർ സ്ഥലത്ത് സൂക്ഷമകൃഷി നടപ്പാക്കിയിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

(സി) സൂക്ഷ്മകൃഷിക്ക് ആവശ്യമായ വിവിധ സാങ്കേതിക ഉപദേശം കാർഷിക സർവ്വകലാശാല നല്കിവരുന്നുണ്ട്. സൂക്ഷ്മകൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതികൾക്ക് ആവശ്യമായ സാങ്കേതിക വിദ്യയും കൃഷിയിടങ്ങൾ സന്ദർശിച്ച് സൂക്ഷ്മ ജലസേചന സംവിധാനം രൂപകല്പന ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും കേരള കാർഷിക സർവ്വകലാശാല നല്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

## ഹോർട്ടികൾച്ചർ മിഷൻ പ്രവർത്തനങ്ങൾ

196 (7297) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ കൃഷി വ്യാപകമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുമോ ;

(സി) ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കാമോ ?

ഉത്തരം

(എ) ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിപ്രകാരം ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം നൽകിവരുന്നു. പൈനാപ്പിൾ, ഇഞ്ചി, വാഴ, പച്ചക്കറി, കശുമാവ്, കുരുമുളക് തുടങ്ങിയ ഹോർട്ടിക്കൾച്ചർ വിളകളെയാണ് ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ ജൈവകൃഷി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടറിന് 20,000 രൂപ മൊത്തം ചെലവ് കണക്കാക്കി 50 ശതമാനം സബ്സിഡിയായി 10,000 രൂപ അനുവദിക്കുന്നതാണ്. ദേശീയ ഹോർട്ടിക്കൾച്ചർ മിഷന്റെ മാർഗ്ഗരേഖ പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ എന്ന നിരക്കിൽ ലഭ്യമാക്കുന്ന ധനസഹായം മൂന്ന് ഗഡുക്കളായിട്ടാണ് നൽകുന്നത്. ആദ്യ വർഷം 4,000 രൂപയും രണ്ടാമത്തെയും മൂന്നാമത്തെയും വർഷം 3,000 രൂപ വീതവും നൽകുന്നതായിരിക്കും. 2011-12-ൽ ഈ വിളകളിൽ ജൈവ കൃഷി പ്രാവർത്തികമാക്കുന്നതിന് 1500 ഹെക്ടർ സ്ഥലത്തേക്ക് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. 30'x 8'x 2.5 വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റൊന്ന് നിർമ്മിക്കുന്നതിന് മൊത്തം 60,000 രൂപ ചെലവ് കണക്കാക്കി അതിന്റെ 50 ശതമാനം സബ്സിഡിയായി 30,000 രൂപ അനുവദിക്കുന്നതാണ്. 200 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിർമ്മിക്കുന്നതിന് 60 ലക്ഷം രൂപയുടെ പദ്ധതികൾക്ക് 2011-12-ൽ അനുമതി ലഭിച്ചിട്ടുണ്ട്.

(സി) ജൈവ ഉത്പ്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്നുണ്ട്. 50 ഹെക്ടർ സ്ഥലം ഒരു യൂണിറ്റായി കണക്കാക്കി ഇതിന്റെ സർട്ടിഫിക്കേഷനുവേണ്ടി 5 ലക്ഷം രൂപ അനുവദിക്കുന്നതാണ്. സർട്ടിഫിക്കേഷനുള്ള 5 ലക്ഷം രൂപ ആദ്യ രണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങളിൽ 1.50 ലക്ഷം രൂപ വീതവും, മൂന്നാമത്തെ വർഷം 2 ലക്ഷം രൂപ എന്ന നിരക്കിലും ലഭ്യമാക്കുന്നതാണ്. 2011-12-സാമ്പത്തിക വർഷത്തിൽ ദേശീയ ഹോർട്ടിക്കൾച്ചർ മിഷൻ പദ്ധതിപ്രകാരം 1500 ഹെക്ടർ സ്ഥലത്തേക്ക് 45 ലക്ഷം രൂപയുടെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും പദ്ധതിയധിഷ്ഠിതമായാണ് നടപ്പിലാക്കുന്നത്.

## കോങ്ങാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതികൾ

197 (7298) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നിന്ന് വ്യത്യസ്തമായി ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം നബാർഡ് നൽകുന്ന ഫണ്ടിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കോങ്ങാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി പുതിയ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത് ;

(ഡി) ആർ.ഐ.ഡി.എഫ്-ൽ കൂടുതൽ ഫണ്ട് നേടിയെടുക്കുന്നതിനായി പുതിയ പദ്ധതികൾക്ക് കൃഷി വകുപ്പ് കേന്ദ്ര സർക്കാരിനും ബന്ധപ്പെട്ട ഏജൻസികൾക്കും ആവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കുള്ള നബാർഡ് നൽകുന്ന ഫണ്ടിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോങ്ങാട് മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി പറളി പഞ്ചായത്തിൽ വഴുക്കപ്പാറത്തോട് എന്ന ഫ്ളഡ് മാനേജ്മെന്റ് പദ്ധതിയും തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലായി ഇരുമ്പാമുട്ടി വാട്ടർഷെഡ് എന്ന പദ്ധതിയും തയ്യാറാക്കി ആർ.ഐ.ഡി.എഫ്-ന്റെ തുടർഘട്ടത്തിൽ ഉൾപ്പെടുത്താൻ കൃഷി (മണ്ണു സംരക്ഷണ വിഭാഗം) സമർപ്പിച്ചുവെങ്കിലും തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലായുള്ള ഇരുമ്പാമുട്ടി വാട്ടർഷെഡ് പദ്ധതി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

(ഡി) ആർ.ഐ.ഡി.എഫ്-ന്റെ XVII-ാം ഘട്ടത്തിൽ ഉൾപ്പെടുത്താനായി കൃഷി വകുപ്പ് 14.783 കോടി രൂപയുടേയും കൃഷി (മണ്ണു സംരക്ഷണം) വിഭാഗം 26 കോടി രൂപയുടെയും കെ.എൽ.ഡി.സി. 57.41 കോടി രൂപയുടേയും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

**അരൂർ മണ്ഡലത്തിൽ പൊക്കാളി കൃഷി വികസനത്തിന് ആനുകൂല്യം**

**198 (7299)** ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊക്കാളി നെൽകൃഷി വികസനത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത് ;

(ബി) ഈ പദ്ധതിയുടെ പരിധിയിൽ അരൂർ മണ്ഡലത്തിലെ നെൽകൃഷിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഈ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിൽ നെൽകൃഷിക്ക് ഇതിനോടകം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത് ; നൽകിയിട്ടില്ലെങ്കിൽ അടിയന്തരമായി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

**ഉത്തരം**

(എ) പൊക്കാളി നെൽകൃഷിയുടെ വികസനത്തിനായി 2011-12 വർഷം സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം 20 ലക്ഷം രൂപ പൊക്കാളി നെൽകൃഷി വികസന ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാന പ്രകാരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

(ബി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അരൂർ മണ്ഡലം ഉൾപ്പെടുന്ന ആലപ്പുഴ ജില്ലയിലെ പൊക്കാളി പ്രദേശത്തെ നെൽകൃഷിയുടെ വികസനത്തിനായി 2009-10 വർഷം 28.2 ലക്ഷം രൂപ പൊക്കാളി നെൽകൃഷി വികസന ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഇതിൽ തരിശു കൃഷിക്കുള്ള സബ്സിഡിക്കായി ഹെക്ടറിന് 10,000 രൂപ പ്രകാരം 3,03,600 രൂപ അരൂർ മണ്ഡലത്തിൽ 2009-10 വർഷത്തെ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

**ജൈവനയം**

**199 (7300)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജൈവനയം' വഴി എന്തെല്ലാം പ്രവർത്തനങ്ങളാണ് കോഴിക്കോട് ജില്ലയിൽ നടത്തിയിട്ടുള്ളത് എന്ന് നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാൻ 'അപ്പഡാ' പോലുള്ള കേന്ദ്ര ഏജൻസികളുടെ സഹായം ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനതല ജൈവനയ പ്രഖ്യാപനം ജില്ലയിലെ കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽപ്പെട്ട വേങ്ങേരി കാർഷിക മൊത്ത വിപണന കേന്ദ്രത്തിൽവച്ച് 2010 മേയ് 17-ന് നടക്കുകയുണ്ടായി. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2010-11 സാമ്പത്തിക വർഷം കൊയിലാണ്ടി നിയോജകമണ്ഡലത്തിൽപ്പെട്ട ചെങ്ങോട്ടുകാവ് പഞ്ചായത്തിൽ 45 ഹെക്ടർ സ്ഥലത്ത് 4.85 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി. ഇതിന്റെ തുടർച്ചയായി ഇതേ പ്രദേശത്ത് രണ്ടാം വർഷവും (2011-12) ഇതേ പദ്ധതി 45 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്നതിനുപുറമെ, ജില്ലയിൽ 75 ഹെക്ടർ സ്ഥലത്ത് ചെങ്ങോട്ടുകാവ് പഞ്ചായത്തിലും (കൊയിലാണ്ടി നിയോജകമണ്ഡലം) 100 ഹെക്ടർ സ്ഥലത്ത് തിരുവമ്പാടി പഞ്ചായത്തിലും (തിരുവമ്പാടി നിയോജകമണ്ഡലം) പദ്ധതി നടപ്പാക്കാനായി 22.475 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

വി.എഫ്.പി.സി.കെ. മുഖാന്തിരം കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതി ചുവടെ ചേർക്കുന്നു.

| ക്രമനം. | നിയോജകമണ്ഡലം | ജൈവ പച്ചക്കറി കൃഷി വ്യാപന ക്യാമ്പ് (എണ്ണം) | പച്ചക്കറിതൈ വിതരണം (എണ്ണം) |
|---|---|---|---|
| 1 | കുന്ദമംഗലം | 2 | 7593 |
| 2 | ഏലത്തൂർ | 1 | 1695 |
| 3 | ബാലുശ്ശേരി | 1 | 1433 |
| 4 | കൊയിലാണ്ടി | 1 | 2381 |
| | ആകെ | 5 | 13102 |

(ബി) ജൈവകൃഷിയെ പ്രോത്സാഹിപ്പിക്കാൻ 'അപ്പഡാ' പോലുള്ള കേന്ദ്ര ഏജൻസികളുടെ സഹായം ലഭ്യമായിട്ടില്ല.

**വയനാട് ജില്ലയിൽ തീർപ്പാക്കിയ അപേക്ഷകൾ**

200 (7301) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക കടാശ്വാസ കമ്മീഷന്റെ എത്ര സിറ്റിംഗുകൾ വയനാട് ജില്ലയിൽ നടത്തിയെന്നതിന്റെ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നടപ്പു സാമ്പത്തിക വർഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളുടെയും തീർപ്പാക്കിയ അപേക്ഷകളുടെയും പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) ജില്ലയിലെ കാർഷിക പ്രതിസന്ധി പരിഗണിച്ച് കമ്മീഷന്റെ കൂടുതൽ സിറ്റിംഗുകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ഇതുവരെ കർഷക കടാശ്വാസ കമ്മീഷൻ 134 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. സിറ്റിംഗുകളുടെ നിയോജകമണ്ഡലം അടിസ്ഥാനത്തിലുള്ള കണക്ക് സൂക്ഷിക്കുന്നില്ല.

(ബി) കടാശ്വാസ കമ്മീഷൻ തീർപ്പാക്കിയ അപേക്ഷകളുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് സൂക്ഷിക്കുന്നില്ല.

(സി) വയനാട് ജില്ലയിലെ അപേക്ഷകൾ കൂടുതൽ വേഗത്തിൽ തീർപ്പാക്കാനായി അവശേഷിക്കുന്ന അപേക്ഷകളിൽ ബാങ്കിൽ നിന്നും സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി കമ്മീഷൻ ഓഫീസിൽ തീർപ്പാക്കിവരുന്നു.

## ഫാം തൊഴിലാളികളുടെ ശമ്പള വർദ്ധനവ്

201 (7302) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫാം തൊഴിലാളികളുടെ ശമ്പളം അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് നടപ്പിലാക്കുന്ന അവസരത്തിൽ ഫാം തൊഴിലാളികൾക്കും ശമ്പള വർദ്ധനവ് നടപ്പിലാക്കിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശമ്പള വർദ്ധനവ് നടപ്പിലാക്കുന്നതിനുവേണ്ടി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; ആയത് അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശമ്പള വർദ്ധനവ് എന്നു മുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (പി) നം.38/2008/കൃഷി തീയതി 25-2-2008 പ്രകാരമാണ് ഫാം തൊഴിലാളികളുടെ ശമ്പളം അവസാനമായി പരിഷ്ക്കരിച്ചത്.

(ബി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിനുശേഷമാണ് ഫാം തൊഴിലാളികളുടെ ശമ്പളം പരിഷ്ക്കരിക്കാറുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി & ഇ) ഉണ്ട്. റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

**സുസ്ഥിര നെൽകൃഷി പദ്ധതി**

202 (7303) ശ്രീ. സി. കെ. നാണു :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുസ്ഥിര നെൽകൃഷി പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ എത്ര കർഷകർക്ക് ധനസഹായം നൽകിയിട്ടുണ്ട് ;

(ബി) ഭക്ഷ്യസുരക്ഷ പദ്ധതിയുടെ ഭാഗമായി എത്ര നെൽകർഷകർക്ക് രാസവള സബ്സിഡി നൽകിയിട്ടുണ്ട് ;

(സി) ഇവ സംബന്ധിച്ച വിശദാംശങ്ങൾ ജില്ല, താലൂക്ക്, വില്ലേജ് തിരിച്ച് വിശദമാക്കാമോ ?

**ഉത്തരം**

(എ) സുസ്ഥിര നെൽകൃഷി വികസന പദ്ധതിപ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 6.2 ലക്ഷം ഹെക്ടർ കൃഷിയിലൂടെ നെല്ലിന്റെ മൂന്നു വിളകൾക്കുമായി ഏകദേശം 4 ലക്ഷത്തോളം കർഷകർക്ക് വർഷം തോറും ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ രാസവളത്തിനു മാത്രമായി പദ്ധതിയില്ല. എന്നാൽ കരനെൽ കൃഷിയുടെ ഭാഗമായും തരിശുഭൂമി കൃഷിയുടെ ഭാഗമായും നൽകുന്ന ഉൽപ്പാദന ഉപാധികൾക്കുള്ള സഹായത്തിൽ രാസവളവും ഉൾപ്പെടുന്നുണ്ട്. 2011-12 വർഷം ഏകദേശം 53700 കർഷകർക്ക് സംസ്ഥാന ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതികളുടെ ഭാഗമായി രാസവളം ഉൾപ്പെടെയുള്ള ഉൽപ്പാദന ഉപാധികൾക്കുള്ള ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(സി) സുസ്ഥിര നെൽകൃഷി വകസന പദ്ധതി, ഭക്ഷ്യസുരക്ഷ പദ്ധതി എന്നിവ പ്രകാരമുള്ള ജില്ലതിരിച്ചുള്ള 2011-12 വർഷത്തെ കണക്ക് (മതിപ്പ്) അനുബന്ധമായി ചേർത്തിരിക്കുന്നു. *

**കൃഷി അസിസ്റ്റന്റുമാരുടെ ഗ്രേഡ് പ്രൊമോഷൻ**

203 (7304) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി വകുപ്പിൽ കൃഷി അസിസ്റ്റന്റായി ജോലിനോക്കുന്ന ജീവനക്കാർക്ക് സർവ്വീസ് ദൈർഘ്യം അനുസരിച്ച് എത്ര ഗ്രേഡ് പ്രൊമോഷനുക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്



LIBRARY ARCHIVES Kerala Legislative Assembly

ളാണ് നൽകുന്നതെന്നും അത് ഏതൊക്കെ വർഷങ്ങളിലാണെന്നും വ്യക്തമാക്കാമോ ;

(ബി) പരമാവധി എത്ര വർഷംവരെ സർവ്വീസുള്ള കൃഷി അസിസ്റ്റന്റുമാർ കൃഷി വകുപ്പിൽ ജോലി നോക്കുന്നുവെന്ന് അറിയിക്കുമോ ;

(സി) സർവ്വീസ് ദൈർഘ്യം അനുസരിച്ച് നൽകുന്ന ഗ്രേഡ് പ്രൊമോഷന്റെ അടിസ്ഥാനത്തിലോ, പരമാവധി സർവ്വീസിന്റെ അടിസ്ഥാനത്തിലോ ഈ വിഭാഗം ജീവനക്കാർ ചെയ്യേണ്ടുന്ന ജോലികൾ എന്തൊക്കെയാണെന്ന് നിശ്ചയിച്ച് ഉത്തരവ്/മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം അറിയിക്കുമോ ; ബന്ധപ്പെട്ട നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത തസ്തികയിൽ പുതുതായി സർവ്വീസിൽ കയറുന്ന ജീവനക്കാരനും 28 വർഷം സർവ്വീസുള്ള ജീവനക്കാരനും കൃഷിഭവനിൽ ഒരേ ജോലിയാണ് നിശ്ചയിച്ച് നൽകുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഈ അനീതി അവസാനിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 8, 15, 22 വർഷങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഗ്രേഡ് പ്രൊമോഷൻ നൽകുന്നുണ്ട്.

(ബി) ഏകദേശം 31 വർഷത്തിലധികം സർവ്വീസുള്ള കൃഷി അസിസ്റ്റന്റുമാർ കൃഷി വകുപ്പിൽ ജോലി നോക്കുന്നു.

(സി) കൃഷി അസിസ്റ്റന്റുമാരുടെ ജോലിയും ചുമതലകളും പൊതുവായി നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. ഗ്രേഡ് പ്രൊമോഷന്റെ അടിസ്ഥാനത്തിലോ, സർവ്വീസിന്റെ അടിസ്ഥാനത്തിലോ ചുമതലകൾ നിശ്ചയിച്ചിട്ടില്ല.

(ഡി) പകർപ്പ് അനുബന്ധമായി ചേർക്കുന്നു. *

(ഇ) ഉണ്ട്.

(എഫ്) ഇപ്പോൾ പരിഗണനയിലില്ല.

## മംഗലം കൃഷി ഓഫീസിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി

**204 (7305)** ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തവനൂർ മണ്ഡലത്തിലെ മംഗലം പഞ്ചായത്തിൽ കൃഷി ഓഫീസ് എന്നാണ് നിലവിൽ വന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ഓഫീസിൽ കൃഷി അസിസ്റ്റന്റുമാരുടെ തസ്തിക സൃഷ്ടിച്ചു കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) തവനൂർ മണ്ഡലത്തിൽ മംഗലം പഞ്ചായത്തിൽ 6-1-2006 മുതലാണ് കൃഷി ഭവൻ പ്രവർത്തിച്ചുതുടങ്ങിയത്.

(ബി) ഇല്ല.

(സി) സർക്കാർ പരിശോധിച്ചുവരികയാണ്.

### പുറത്തൂർ കൃഷി ഓഫീസിൽ കൃഷി അസിസ്റ്റന്റിന്റെ ഒഴിവുകൾ

205 (7306) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തവനൂർ മണ്ഡലത്തിൽപ്പെട്ട പുറത്തൂർ കൃഷി ഓഫീസിൽ കൃഷി അസിസ്റ്റന്റിന്റെ രണ്ട് ഒഴിവുകൾ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തവനൂർ നിയമസഭാ മണ്ഡലത്തിൽ പുറത്തൂർ കൃഷി ഓഫീസിൽ ഒരു കൃഷി അസിസ്റ്റന്റിന്റെ ഒഴിവ് നികത്താനുണ്ട്.

(ബി) കൃഷി അസിസ്റ്റന്റുമാരുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന പ്രസ്തുത ഒഴിവ് നികത്താനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

### വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനങ്ങൾ

206 (7307) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ ; ഇത് എപ്പോഴാണ് നിലവിൽ വന്നത് എന്ന് വ്യക്തമാക്കാമോ ;

(ബി) വി.എഫ്.പി.സി.കെ.-യുടെ കീഴിൽ നിലവിൽ കാർഷിക വിപണന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എവിടെയെല്ലാമാണെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 15-1-2001-ലാണ് നിലവിൽ വന്നത്. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്തുമുതൽ വിപണനം വരെയുള്ള കാർഷിക വൃത്തിയുടെ എല്ലാ ഘട്ടങ്ങളിലും, എല്ലാ ജില്ലകളിലും ഉള്ള കർഷകർക്ക് സഹായം എത്തിക്കുന്ന രീതിയിലാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. ഇപ്പോൾ 7763 സ്വാശ്രയ സംഘങ്ങളിലായി 149920 കർഷകർ VFPCK- യിൽ അംഗങ്ങളാണ്. കർഷകർക്ക് ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നതിനായി ഒരു വിത്ത് സംസ്ക്കരണശാലയും പച്ചക്കറിത്തൈകളുടെ ഉല്പാദനത്തിനായി ഒരു ഹൈടെക് നഴ്സറിയും ആലത്തൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി 263 സ്വാശ്രയ കർഷക വിപണികൾ പ്രവർത്തിച്ചുവരുന്നുണ്ട്. വിവിധ പദ്ധതികളിലൂടെ പഴം-പച്ചക്കറി കൃഷിയിലെ നൂതന സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് എത്തിക്കുകയും ചെയ്തുവരുന്നു. 11 വാണിജ്യ ബാങ്കുകളിലൂടെ കർഷകർക്ക് കൃഷിക്കായി വായ്പ നൽകുകയും കൃഷിക്കും കർഷകർക്കും ഇൻഷ്വറൻസ് പരിരക്ഷ നല്കുകയും ചെയ്യാറുണ്ട്. നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രചരിപ്പിക്കുന്നതിനായി ഹരിതനഗരി എന്ന പദ്ധതിയും കൗൺസിൽ നടപ്പിലാക്കുന്നുണ്ട്. VFPCK, കർഷകരുടെ ഉന്നമനത്തിനായി സംസ്ഥാന ഗവൺമെന്റ് പദ്ധതിവിഹിതം കൂടാതെ RKVY, SHM, RSVY, NAIP, DMI എന്നീ ഏജൻസികളിൽ നിന്നുള്ള ധനസഹായവും വിനിയോഗിച്ചുവരുന്നു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

## ക്രോംപ്ടൺ ഗ്രീവ്സ് കമ്പനി ജീവനക്കാരുടെ പുനർ നിയമനം സംബന്ധിച്ച്

207 (7308) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ താലൂക്കിൽ നെടുമ്പാശ്ശേരി വില്ലേജിൽ ക്രോംപ്ടൺ ഗ്രീവ്സ് എന്ന കമ്പനിക്കുവേണ്ടി നൽകിയിരുന്ന സ്ഥലം ആഗ്രോ മെഷീനറി കോർപ്പറേഷന്റെ വികസന പദ്ധതിക്കുവേണ്ടി തിരിച്ചെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; എങ്കിൽ എന്നാണ് പ്രസ്തുത ഭൂമിയുടെ കൈമാറ്റം നടന്നത് ; എത്ര ഏക്കർ ഭൂമിയുടെ കൈമാറ്റമാണ് നടന്നത് ;

(ബി) സ്ഥലം കൈമാറ്റംമൂലം ക്രോംപ്ടൺ ഗ്രീവ്സിൽ ജോലി ചെയ്തിരുന്ന എത്രപേർക്ക് തൊഴിൽ നഷ്ടമായി ;

(സി) ഇവർക്ക് പകരം തൊഴിൽ നൽകുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ കേസ് നിലവിൽ ഉണ്ടോ ; എങ്കിൽ സർക്കാർ സ്വീകരിച്ച നിലപാട് എന്താണെന്ന് അറിയിക്കുമോ ;

(ഇ) തൊഴിൽ നഷ്ടപ്പെട്ടവർക്ക് പുനർനിയമനം എന്ന് നൽകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലുവ താലൂക്കിൽ നെടുമ്പാശ്ശേരി വില്ലേജിൽ ക്രോംപ്ടൺ ഗ്രീവ്സ് എന്ന കമ്പനിക്കുവേണ്ടി സർക്കാർ നൽകിയിരുന്ന 15.65 ഏക്കർ സ്ഥലത്തിൽ നിന്നും 25-5-2009-ലെ സ.ഉ.(എം.എസ്.)നം.192/09/റവന്യൂ ഉത്തരവിലൂടെ 10 ഏക്കർ ഭൂമി കേരള അഗ്രോ മെഷിനറി കോർപ്പറേഷന്റെ വികസന പദ്ധതിക്കുവേണ്ടി 30 വർഷത്തെ പാട്ടത്തിന് നൽകിയിട്ടുണ്ട്. 8-8-2009-ലാണ് പ്രസ്തുത ഭൂമിയുടെ കൈമാറ്റം നടന്നത്.

(ബി) സ്ഥലം കൈമാറ്റംമൂലം ആർക്കും തൊഴിൽ നഷ്ടപ്പെട്ടിട്ടില്ല. അടച്ചുപൂട്ടിയ കമ്പനിയുടെ സ്ഥലമാണ് കൈമാറ്റം ചെയ്തത്.

(സി - ഇ) പ്രസ്തുത സ്ഥലത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന കേരള അഗ്രോ മെഷിനറി കോർപ്പറേഷന്റെ ട്രാക്ടർ നിർമ്മാണ യൂണിറ്റിൽ ഇവർക്ക് ജോലി നൽകുന്ന കാര്യം ആലോചിച്ചിരുന്നുവെങ്കിലും ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുത്തിട്ടില്ല. ഇക്കാര്യം സംബന്ധിച്ച് ബഹു.കേരള ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട് എന്ന വിവരം ബഹു. ഹൈക്കോടതിയെ അറിയിച്ചിട്ടുണ്ട്.

## കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ലാബുകൾ

208 (7309) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷിവകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മണ്ണ്, വളം എന്നിവ പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ കാലപ്പഴക്കം ചെന്നവയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ലാബുകൾ ആധുനികവൽക്കരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ ;

(സി) കാലാവസ്ഥാ വ്യതിയാനം നിമിത്തം മണ്ണിന്റെ ഘടനയിലും സ്വഭാവത്തിലുമുണ്ടാകുന്ന മാറ്റം പഠിക്കുന്നതിനായി ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കൃഷിഭവനുകളിൽ സയന്റിഫിക് അസിസ്റ്റന്റുമാരെ നിയമിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൃഷിഭവനുകളിൽ നിലവിൽ സയന്റിഫിക് അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമാണോ ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ലബോറട്ടറികളിലെ സൗകര്യങ്ങളെ സംബന്ധിച്ച പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വാർഷിക പദ്ധതി 2011-12 -ന്റെ ഭാഗമായ മോഡേണൈസേഷൻ ഓഫ് ഡിപ്പാർട്ട്മെന്റൽ ലബോറട്ടറീസ് എന്ന പദ്ധതി പ്രകാരം കേരളത്തിലെ മണ്ണ്, വളം എന്നിവ പരിശോധിക്കുന്നതിനുള്ള ലബോറട്ടറികൾ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകിച്ചുവരുന്നുണ്ട്. ഇതുപ്രകാരം മണ്ണ് പരിശോധനാ ലാബുകൾക്കായി റവന്യൂ ഹെഡ്ഡിൽ 62.7 ലക്ഷവും, ക്യാപ്പിറ്റൽ ഹെഡ്ഡിൽ 27.45 ലക്ഷവും 2011-12-ൽ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽപ്പെടുത്തി വളം പരിശോധനാ ലാബുകൾക്ക് 4.3 ലക്ഷം രൂപ റവന്യൂ ഹെഡ്ഡിലും 3 ലക്ഷം രൂപ ക്യാപ്പിറ്റൽ ഹെഡ്ഡിലും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ പ്രോജക്ട് ഫോർ മാനേജ്മെന്റ് ഓഫ് സോയിൽ ഹെൽത്ത് ആന്റ് ഫെർട്ടിലിറ്റി എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ മണ്ണ്, വളം പരിശോധനാ ലാബുകൾ നവീകരിക്കുന്നതിനായി 2011-12-ൽ 140 ലക്ഷം രൂപ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് ആധുനികവൽക്കരണം തുടരുന്നതാണ്.

(സി) കാലാവസ്ഥാ വ്യതിയാനം നിമിത്തം മണ്ണിന്റെ ഘടനയിലും സ്വഭാവത്തിലുമുണ്ടാകുന്ന മാറ്റങ്ങളുടെ പഠനം കൃഷിഭവനുകളുടെ പ്രവർത്തനങ്ങളിൽപ്പെടുന്നതല്ല. കൃഷി ഭവനുകളിൽ സയന്റിഫിക് അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലില്ല.

(ഡി) കൃഷി ഭവനുകളിൽ നിലവിൽ സയന്റിഫിക് അസിസ്റ്റന്റുമാരുടെ സേവനം ലഭ്യമല്ല. മണ്ണ് പരശോധനാ ലാബുകളിലാണ് സയന്റിഫിക് അസിസ്റ്റന്റുമാരുടെ സേവനം നിലവിൽ ലഭ്യമായിട്ടുള്ളത്. ജില്ലാതലത്തിൽ മണ്ണ് പരിശോധനാ ലാബുകളും സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബുകളും പ്രവർത്തിക്കുന്നതിനാലും കൃഷി ഭവനുകളിൽ ലബോറട്ടറി സൗകര്യങ്ങൾ ഇല്ലാത്തതിനാലും കൃഷി ഭവനുകളിൽ സയന്റിഫിക് അസിസ്റ്റന്റുമാരുടെ തസ്തിക നിലവിലില്ല.

## പ്ലാന്റേഷൻ കോർപ്പറേഷൻ വക ഭൂമിയിൽ ചെക്ക്പോസ്റ്റ് സ്ഥാപിക്കാൻ നടപടി

209 (7311) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മൂക്കന്നൂർ മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള വനഭൂമി

യിൽ ഏഴാറ്റുമുഖത്തും വെറ്റിലപ്പാറയിലും പ്ലാന്റേഷൻ കോർപ്പറേഷൻ സ്ഥാപിച്ചിട്ടുള്ള ചെക്ക് പോസ്റ്റുകൾപോലെ ജനങ്ങളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി വെള്ളപ്പാറയിൽ ഒരു ചെക്ക് പോസ്റ്റ് സ്ഥാപിച്ച് വെറ്റിലപ്പാറ റോഡ് ജനങ്ങളുടെ യാത്ര ആവശ്യത്തിനുമാത്രമായി തുറന്നു കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

**ഉത്തരം**

(എ &ബി) കോർപ്പറേഷന്റെ തോട്ടത്തിനുള്ളിൽക്കൂടിയുള്ള കോർപ്പറേഷന്റെ സ്വന്തം റോഡ് ചെക്ക്പോസ്റ്റുകൾ സ്ഥാപിച്ചോ മറ്റ് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയോ പൊതുഗതാഗതത്തിന് തുറന്നുകൊടുക്കുവാൻ കഴിയുകയില്ല. പൊതുജനങ്ങൾക്ക് യാത്രയ്ക്കായി മറ്റൊരുവഴി ഉള്ളതുകാരണം യാത്രാക്ലേശം ഉണ്ടാകുന്നില്ല.

**ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട്**

210 (7313) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണഭോക്താക്കൾക്ക് മൃഗസംരക്ഷണ ഉപാധികൾ നൽകുന്ന ഇന്റഗ്രേറ്റഡ് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന ഓരോ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്താൻ തയ്യാറാവുമോ ?

**ഉത്തരം**

(എ) ഉണ്ട്.

(ബി) തിരുവള്ളൂർ പഞ്ചായത്തിനെ തെരഞ്ഞെടുത്തിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമായാൽ നടപ്പിൽ വരുത്തുന്നതാണ്.

**പ്രതിരോധ കുത്തിവയ്പ്പിനെ തുടർന്ന് പശുക്കൾ ചത്ത സംഭവം**

211 (7314) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം നിയോജകമണ്ഡലത്തിൽ കുളമ്പു രോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയതിനെ തുടർന്ന് ശ്രീ. പ്രജീഷിന്റെ പശുക്കൾ ചത്തുപോയ സംഭവത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത സംഭവത്തിൽ ബാദ്ധ്യതക്കാരനായ ശ്രീ. പ്രജീഷിന്റെ ബാദ്ധ്യത എഴുതി തള്ളാനുള്ള നടപടികൾ സ്വീകരിക്കുമോ ;

(സി) മൃഗസംരക്ഷണ വകുപ്പിന്റെ ധനസഹായം ഉടമസ്ഥന് കിട്ടാതെ വന്നതിന്റെ കാരണങ്ങൾ പരിശോധിക്കുമോ ?

ഉത്തരം

(എ - സി) കോട്ടയം ജില്ലയിൽ 2009 നവംബർ മാസംവരെ രേഖപ്പെടുത്തിയ കുളമ്പ് രോഗംമൂലമുള്ള പശുക്കളുടെ മരണങ്ങൾക്കാണ് ആദ്യഘട്ടത്തിൽ നഷ്ടപരിഹാരം നല്കിയിട്ടുള്ളത്. ശ്രീ. പ്രജീഷിന്റെ പിതാവായ ശ്രീ. കാർത്തികേയൻ റ്റി. എൻ, തണ്ടാട്ട് വീട്, കുടവെച്ചൂർ പി.ഒ., വൈക്കം എന്നയാളുടെ പശു 1-12-2009-ലാണ് മരണപ്പെട്ടത്. 1-12-2009 മുതൽ മരണപ്പെട്ട ഉരുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരതുക അനുവദിക്കുന്നതിനുള്ള ഗുണഭോക്താക്കളെ 2-ാം ഘട്ട പട്ടികയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശ്രീ. പ്രജീഷിന്റെ പിതാവിന്റെ പേരും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

## വീട്ടുമൃഗങ്ങളുടെ രോഗപ്രതിരോധം

212 (7315) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടിൽ ഇണക്കി വളർത്തുന്ന മൃഗങ്ങളുടെയും പക്ഷികളുടെയും രോഗനിവാരണത്തിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ജന്തുക്കൾക്ക് കുത്തിവയ്പ്പും ചികിത്സയും എത്തിക്കുവാൻ മൃഗസംരക്ഷണവകുപ്പിന് സാധിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ മൊബൈൽ യൂണിറ്റുകൾ സ്ഥാപിച്ച് ഇത്തരം നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്.

(സി) പുതുതായി മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

## നാദാപുരം നിയോജകമണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ

213 (7316) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ വിവിധ പദ്ധതികളെക്കുറിച്ച് പേര് സഹിതം വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവിധ പദ്ധതികൾവഴി വിതരണം ചെയ്ത ആട്, കോഴി പശു, കിടാരി എന്നിവയുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ;

(സി) ഇതിൽ എത്ര എണ്ണം അന്യസംസ്ഥാനങ്ങളിൽ നിന്ന് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്ത് നാദാപുരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ മൃഗസംരക്ഷണ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വന്ധ്യതാ നിവാരണ ക്യാമ്പ്
2. പന്നി വളർത്തൽ പ്രോത്സാഹന പദ്ധതി (Assistance to Satelite Unit)
3. ക്ലാസ് വിത്ത് കിറ്റ് പ്രോഗ്രാം
4. കർഷക പരിശീലന പരിപാടികൾ
5. അസ്കാഡ് സെമിനാർ
6. മൃഗക്ഷേമ ക്ലബുകൾ
7. കറവപശുക്കൾക്കുള്ള വിര മരുന്ന് നൽകുന്ന പദ്ധതി
8. സംയോജിത കന്നുകാലി വികസന പദ്ധതി
9. കന്നുകാലി വികസന പദ്ധതി
10. മൃഗ ചികിത്സാ ക്യാമ്പുകൾ
11. ചെറു-ഇടത്തര ക്ഷീര കർഷകർക്കുള്ള ധനസഹായം
12. സംയോജിത കോഴി വികസന പദ്ധതി
13. ആർ.കെ.വി.വൈ. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കന്നുകുട്ടി പരിപാലന പദ്ധതി
14. ആർ.കെ.വി.വൈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഗർഭിണി പശുക്കളുടെ പരിപാലന പദ്ധതി
15. ഭക്ഷ്യസുരക്ഷാപദ്ധതിയുടെ ഭാഗമായി മാതൃകാ കർഷകർ വികസിപ്പിച്ച മാതൃകകൾ മെച്ചപ്പെടുത്തുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി
16. മാസ്റ്റൈറ്റീസ് കിറ്റ് ഡിസ്ട്രിബ്യൂഷൻ (അകിടുരോഗ നിർണ്ണയ കിറ്റുകളുടെ വിതരണം)
17. മൃഗാശുപത്രികളുടെ വികസന കമ്മിറ്റികൾ



LIBRARY ARCHIVES Kerala Legislative Assembly

18. ആർ.കെ.വി.വൈ പദ്ധതിയുടെ ഭാഗമായി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള സുരഭി ഹെൽത്ത് കെയർ കിറ്റ് പദ്ധതി

19. ആർ.കെ.വി.വൈ പദ്ധതിയുടെ ഭാഗമായി സ്കൂൾ കുട്ടികൾക്ക് ആടിനെ വിതരണം ചെയ്യുന്ന പദ്ധതി

20. ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി വനിത സ്വയം സഹായ സംഘങ്ങൾക്ക് ഭക്ഷ്യസുരക്ഷ പരിപാടികൾക്കായുള്ള ധനസഹായം നൽകുന്ന പദ്ധതി

21. ആർ.കെ.വി.വൈ. പദ്ധതിയുടെ ഭാഗമായി ശുദ്ധമായ പാൽ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് കന്നുകാലി ഷെഡുകളുടെ തറ വൃത്തിയാക്കൽ പദ്ധതി

22. വാണിജ്യാടിസ്ഥാനത്തിൽ ഡയറി ഫാമുകളുടെ സന്ദർശന പരിപാടി

23. ലാബുകളുടെ ശാക്തീകരണ പദ്ധതി

(ബി) വിവിധ പദ്ധതികൾ വഴി വിതരണം ചെയ്ത ആട്, കോഴി, പശു, കിടാരി എന്നിവയുടെ എണ്ണം പഞ്ചായത്ത് തിരിച്ചുള്ളത് ചുവടെ ചേർക്കുന്നു :

1. <u>മരുതോങ്കര പഞ്ചായത്ത്</u>

| | |
|---|---|
| ആട് | - 11 എണ്ണം |
| പശു | - 10 " |
| കാട | - 300 " |
| കോഴി | - 3250 " |

2. <u>കാവിലുംപാറ പഞ്ചായത്ത്</u>

| | |
|---|---|
| പശു | - 150 എണ്ണം |
| ആട് | - 40 " |
| കോഴി | - 12,812 " |

3. <u>വാണിമേൽ പഞ്ചായത്ത്</u>

| | |
|---|---|
| ആട് | - 8 എണ്ണം |
| കോഴി | - 1640 " |

4. <u>നരിപ്പറ്റ പഞ്ചായത്ത്</u>

| | |
|---|---|
| പശു | - 20 എണ്ണം |
| കിടാരി | - 10 " |

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

| | | |
|---|---|---|
| ആട് | - | 20 എണ്ണം |
| കോഴി | - | 5469 " |

5. വളയം പഞ്ചായത്ത്

| | | |
|---|---|---|
| ആട് | - | 169 എണ്ണം |
| കോഴി | - | 656 " |

6. ചെക്യാട് പഞ്ചായത്ത്

| | | |
|---|---|---|
| ആട് | - | 24 എണ്ണം |
| കോഴി | - | 2460 " |

7. കായക്കൊടി പഞ്ചായത്ത്

| | | |
|---|---|---|
| ആട് | - | 8 എണ്ണം |
| പശു | - | 9 " |
| കോഴി | - | 9536 " |

8. നാദപുരം പഞ്ചായത്ത്

| | | |
|---|---|---|
| ആട് | - | 231 എണ്ണം |
| കോഴി | - | 10590 " |

9. എടച്ചേരി പഞ്ചായത്ത്

| | | |
|---|---|---|
| പശു | - | 13 എണ്ണം |
| കിടാരി | - | 10 " |
| ആട് | - | 20 " |
| കോഴി | - | 700 " |

10. തൂണേരി പഞ്ചായത്ത്

| | | |
|---|---|---|
| കോഴി | - | 500 എണ്ണം |

(സി)

1. മരുതോങ്കര പഞ്ചായത്ത്

| | | |
|---|---|---|
| പശു | - | 10 എണ്ണം |

2. കാവിലുംപാറ പഞ്ചായത്ത്

| | | |
|---|---|---|
| പശു | - | 10 എണ്ണം |

3. <u>നരിപ്പറ്റ പഞ്ചായത്ത്</u>

പശു - 20 എണ്ണം

കിടാരി - 10 "

4. <u>കായക്കൊടി പഞ്ചായത്ത്</u>

പശു - 72 എണ്ണം

5. <u>എടച്ചേരി പഞ്ചായത്ത്</u>

പശു - 10 എണ്ണം

കിടാരി - 10 "

**ഗവൺമെന്റ് പ്രസ്സുകളുടെ വികസനം**

214 (7317) <u>ശ്രീ. റ്റി. യു. കുരുവിള</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളുടെ വികസനത്തിനും നവീകരണത്തിനും ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഗവൺമെന്റ് പ്രസ്സിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഗവൺമെന്റ് പ്രസ്സിലെ തൊഴിലാളികൾക്ക് ആധുനിക സാങ്കേതിക വിദ്യയിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2.32 കോടി രൂപ ചെലവിൽ ഒരു ഫോർകളർ വെബ് ഓഫ്സെറ്റ് മെഷീൻ മണ്ണന്തല ഗവ. പ്രസ്സിൽ സ്ഥാപിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള മറ്റൊരു യന്ത്രം ഷൊർണ്ണൂർ ഗവ. പ്രസ്സിൽ സ്ഥാപിച്ചു വരികയാണ്. വാഴൂർ ഗവ. പ്രസ്സിൽ ഇത്തരമൊരു യന്ത്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. എച്ച്.എം.റ്റി.-യിൽ നിന്നും ബൈബാക്ക് സ്കീമിൽ വാങ്ങുന്ന 8 ഷീറ്റ് ഫെഡ് മെഷീനുകളിൽ അവസാനത്തേത് തിരുവനന്തപുരം സെൻട്രൽ ജയിൽ പ്രസ്സിൽ ഉടനെ സ്ഥാപിക്കുന്നതാണ്. രണ്ട് കോടി രൂപയിലേറെ ചെലവ് വരുന്ന പോസ്റ്റ് പ്രിന്റിംഗ് യന്ത്രസാമഗ്രികൾ വിവിധ പ്രസ്സുകളിൽ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജീവനക്കാരുടെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഡോക്ടർമാരുടെ സേവനം ഉപയോഗിച്ച് ക്ലിനിക്കുകൾ ഗവ. പ്രസ്സുകളിൽ തുടങ്ങുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(സി) ഐ.എം.ജി. വഴിയും കെൽട്രോൺ വഴിയും നൂതന സാങ്കേതിക വിദ്യാഭ്യാസം സംബന്ധിച്ചുള്ള ചില ട്രെയിനിംഗ് പ്രോഗ്രാമുകൾ സ്പെഷ്യൽ ട്രെയിനിംഗ് പ്രോഗ്രാം പ്രകാരവും അല്ലാതെയും നടത്തിവരുന്നു.

## കേരളത്തിലെ പ്രിന്റിംഗ് പ്രസ്സുകൾ

215 (7318) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ അച്ചടി വകുപ്പിന്റെ കീഴിൽ എത്ര പ്രിന്റിംഗ് പ്രസ്സുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) അവ ഏതെല്ലാം ; വ്യക്തമാക്കുമോ ;

(സി) ഈ ഓരോ പ്രസ്സിലും നടത്തേണ്ടുന്ന അച്ചടി സംബന്ധിച്ച് ഏതെങ്കിലും മാനദണ്ഡം നിലവിലുണ്ടോ ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) 11 പ്രിന്റിംഗ് പ്രസ്സുകൾ

(ബി) ഗവ. സെൻട്രൽ പ്രസ്സ് തിരുവനന്തപുരം, ഗവ. പ്രസ്സ് മണ്ണന്തല തിരുവനന്തപുരം, സെൻട്രൽ ജയിൽ പ്രസ്സ് പൂജപ്പുര തിരുവനന്തപുരം, സർക്കാർ മുദ്ര നിർമ്മാണശാല തിരുവനന്തപുരം, ഗവ. പ്രസ്സ് ഉമയനല്ലൂർ കൊല്ലം, ഗവ. പ്രസ്സ് വാഴൂർ കോട്ടയം, ഗവ. പ്രസ്സ് കാക്കനാട് എറണാകുളം, ഗവ. പ്രസ്സ് ഷൊർണ്ണൂർ പാലക്കാട്, ഗവ. പ്രസ്സ് വെള്ളിമാട്കുന്ന് കോഴിക്കോട്, ഗവ. പ്രസ്സ് മേപ്പാടി വയനാട്, ഗവ. പ്രസ്സ് വള്ളിക്കുന്ന് കണ്ണൂർ.

(സി & ഡി) സർക്കാർ അച്ചടിജോലികൾ അവയുടെ പ്രാധാന്യം കണക്കാക്കി യഥാസമയം പൂർത്തീകരിച്ചു നൽകുന്നതിനായി പല പ്രസ്സുകളിലായി വിഭജിച്ചു നൽകിവരുന്നു. പ്രത്യേകിച്ച് യാതൊരു മാനദണ്ഡവും നിലവിലില്ല.

## സർക്കാർ പ്രസ്സുകളിലെ സാങ്കേതിക വിഭാഗം ജീവനക്കാർ

216 (7319) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പതിനൊന്ന് സർക്കാർ പ്രസ്സുകളിലായി സാങ്കേതിക വിഭാഗത്തിൽ എത്ര ജീവനക്കാരുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത ജീവനക്കാരുടെ ഉദ്യോഗപ്പേര്, ഗ്രേഡ്, എണ്ണം എന്നിവ ലഭ്യമാക്കുമോ ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

## ഗവൺമെന്റ് പ്രസ്സ് ഇല്ലാത്ത ജില്ലകൾ

217 (7320) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഗവൺമെന്റ് പ്രസ്സ് ഇല്ലാത്ത ജില്ല/ജില്ലകൾ ഏതൊക്കെയാണ് ;

(ബി) കാസർഗോഡ് ജില്ലയിൽ ഗവൺമെന്റ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ പ്രസ്സ് സ്ഥാപിക്കുന്നതിനാവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കാസർഗോഡ് ജില്ലയ്ക്കാവശ്യമായ കന്നഡ ഫോറങ്ങൾ ഇപ്പോൾ എവിടെനിന്നാണ് പ്രിന്റ് ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ്

(ബി) ഇല്ല.

(സി) അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിന്ന്.

## അച്ചടിവകുപ്പിലെ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്

218 (7321) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടിവകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് പരിഷ്കരണം നടപ്പിലായിട്ടുണ്ടോ ;

(ബി) സ്പെഷ്യൽ റൂൾസിന്റെ കരട് പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആയത് എന്നാണ് അംഗീകരിച്ചത് ;

(ഡി) പ്രസ്തുത സ്പെഷ്യൽ റൂൾസ് എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡ്രാഫ്റ്റ് സ്പെഷ്യൽ റൂൾസ് പ്രകാരം വകുപ്പിൽ പ്രൊമോഷനുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ജനറൽ ഫോർമാൻമാരുടെ പ്രൊമോഷൻ സ്പെഷ്യൽ റൂൾസിന്റെ കരട് പ്രകാരം നടപ്പിലാക്കണമെന്ന കോടതിവിധി നിലവിലുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ആയതു നടപ്പിലാക്കിയിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) 8-6-2009-ൽ

(ഡി) സ്പെഷ്യൽ റൂൾസ് രൂപീകരണ നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയത് പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഇ) ഉണ്ട്. ശ്രീമതി പി.ബി.ശാലിനി ഫയൽ ചെയ്ത W.P.(C) നം.24133 കേസിൽ 3-8-2010-ലെ ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശ്രീ. എം. പി. അനീഷ് കുമാർ, ശ്രീമതി പി. ബി. ശാലിനി, ശ്രീ. എ. പി. ബിനു എന്നീ ഒന്നാം ഗ്രേഡ് ഓഫ് സെറ്റ് ഓപ്പറേറ്റർമാർക്ക് സീനിയർ ഗ്രേഡ് ഓഫ്സെറ്റ് ഓപ്പറേറ്റർമാരായി പ്രൊമോഷൻ നൽകിയിട്ടുണ്ട്. കൂടാതെ മണ്ണന്തല ഗവ. പ്രസ്സിലെ ഒന്നാം ഗ്രേഡ് പ്ലേറ്റ് മേക്കിംഗ് സൂപ്പർവൈസർ തസ്തികയിലും ജനറൽ ഫോർമാൻ തസ്തികയിലും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്.

(എഫ്) ജനറൽ ഫോർമാൻമാരുടെ പ്രൊമോഷൻ സ്പെഷ്യൽ റൂൾസിന്റെ കരട് പ്രകാരമല്ലാതെ നടപ്പിലാക്കരുതെന്ന ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നിലവിലുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ബാധകമല്ല.

### സർക്കാർ ഡയറി വിതരണം

219 (7322) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-ലെ പൊതു ഒഴിവുകളുടെ ലിസ്റ്റ് പ്രഖ്യാപിച്ചുകഴിഞ്ഞോ എന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതിയ വർഷം ആരംഭിച്ചതിനുശേഷമാണ് സർക്കാർ ഡയറി ലഭ്യമാക്കാറുള്ളതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത് ഡിസംബർ മാസത്തിൽ തന്നെ അച്ചടിച്ച് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഡി) സർക്കാർ ഡയറികൾ, കലണ്ടറുകൾ, ഡെയിലി റിമമ്പറൻസ് എന്നിവ എത്ര വീതമാണ് എം.എൽ.എ.-മാർക്ക് സൗജന്യമായി നൽകി വരുന്നത് ;

(ഇ) ഇവയുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതു ഒഴിവുകൾ പ്രസിദ്ധീകരിച്ച് കഴിഞ്ഞു. (അസാധാരണ ഗസറ്റ് നമ്പർ - 1925, തീയതി 13-10-2011)

(ബി) ഉണ്ട്

(സി) ഡിസംബർ മാസത്തിൽ തന്നെ അച്ചടിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി)

| | | |
|---|---|---|
| മൗണ്ട് കലണ്ടർ | - | 1 |
| കലണ്ടർ | - | 10 |
| ഡയറി | - | 50 |
| ദിനസ്മരണ | - | 5 |
| പേര് വച്ച ഡയറി | - | 1 |

(ഇ) പ്രസ്തുത നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

## ജീവനക്കാരുടെ വകുപ്പുതല പരീക്ഷകൾക്കുള്ള ടെക്സ്റ്റ് ബുക്കുകളുടെ സ്റ്റോക്ക് വിവരം

220 (7323) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലുള്ള ജീവനക്കാർക്ക് വകുപ്പുതല പരീക്ഷയ്ക്കുള്ള വിവിധ ടെക്സ്റ്റ് ബുക്കുകൾ ആവശ്യത്തിന് സ്റ്റോക്കുണ്ടോ എന്നറിയിക്കുമോ ;

(ബി) ഇല്ലെങ്കിൽ ഏതെല്ലാം പുസ്തകങ്ങളാണ് കുറവുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പുസ്തകങ്ങൾ പലപ്പോഴും ലഭ്യമല്ലാത്തതിനുള്ള കാരണം അറിയിക്കുമോ ?

ഉത്തരം

(എ & ബി) കെ.എഫ്.സി. വാല്യം രണ്ടൊഴികെയുള്ള എല്ലാ പുസ്തകങ്ങളും ഇപ്പോൾ ലഭ്യമാണ്.

(സി) പ്രസിദ്ധീകരണങ്ങളുടെ പതിപ്പുകൾ പരിഷ്കരിക്കേണ്ടിവരുന്നതും വിവിധ പ്രസ്സുകളിൽ അച്ചടിക്കുന്ന പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് ആവശ്യമായ ഡിപ്പാർട്ടുമെന്റ് വാഹനങ്ങളുടെ ലഭ്യതക്കുറവുമാണ് കാരണം.

**ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ലാസ്കർമാരുടെ ഒഴിവുകൾ**

**221 (7324)** ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ലാസ്കർമാരുടെ എത്ര തസ്തികകൾ പി.എസ്.സി. വഴി ഇനിയും നികത്താനുണ്ട് ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിവു വന്നിട്ട് എത്ര കാലമായി ;

(സി) ഒഴിവുകൾ ഇതുവരെ നികത്താത്തതിനുള്ള കാരണം വ്യക്തമാക്കുമോ ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 22 എണ്ണം

(ബി) 31-3-2011 മുതലുള്ള ഒഴിവുകൾ നിലവിലുണ്ട്.

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ പി.എസ്.സി.-യിൽ നിന്നും എൻ.ഒ.സി. വാങ്ങി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവ്**

**222 (7325)** ശ്രീ. വി. ശിവൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ നാലു പ്രസ്സുകളിലായി എത്ര ലാസ്റ്റ് ഗ്രേഡ് തസ്തികകൾ നിലവിലുണ്ട് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ലാസ്കർ, കൗണ്ടർ, പാക്കർ, പ്യൂൺ, അറ്റൻഡർ, സ്കാവഞ്ചർ എന്നീ തസ്തികകൾ ഗ്രേഡ് തിരിച്ച് വ്യക്തമാക്കാമോ ;

(സി) കേരളത്തിലെ ഗവൺമെന്റ് പ്രസ്സുകളിൽ ലാസ്കർമാരുടെ എത്ര ഒഴിവുകളാണുള്ളത് ;

(ഡി) പ്രസ്തുത ഒഴിവുകൾ വന്നിട്ട് ഇപ്പോൾ എത്ര കാലമായി ;

(ഇ) അവ നികത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 221 എണ്ണം

| | |
|---|---|
| (ബി) പ്യൂൺ | - 19 എണ്ണം |
| ലാസ്കർ ഗ്രേഡ് I | - 29 " |
| ലാസ്കർ ഗ്രേഡ് II | - 62 " |
| കൗണ്ടർ ഗ്രേഡ് I | - 11 " |
| കൗണ്ടർ ഗ്രേഡ് II | - 25 " |
| പാക്കർ ഗ്രേഡ് I | - 8 " |
| പാക്കർ ഗ്രേഡ് II | - 17 " |
| അറ്റന്റർ ഗ്രേഡ് I | - 1 " |
| അറ്റന്റർ ഗ്രേഡ് II | - 6 " |
| സ്കാവഞ്ചർ | - ഇല്ല |

(സി) 59 ഒഴിവുകൾ (ആറുപേർക്കു നിയമന ശുപാർശ ലഭിച്ചിട്ടുണ്ട്.)

(ഡി) 1-4-2011 മുതലുള്ള ഒഴിവുകളാണ് നികത്തുവാനുള്ളത്. നിയമന നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ടി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാലാണ് നിയമനത്തിന് കാലതാമസം ഉണ്ടായത്.

## ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ

223 (7326) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്നുമുതൽ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) വാഴൂർ ഗവൺമെന്റ് പ്രസ്സിൽ ഫോർ കളർ വെബ് ഓഫ്സെറ്റ് മെഷീൻ വാങ്ങുന്നതിന് തുക നൽകിയിട്ടുണ്ടോ ; എത്ര തുകയാണ് നൽകിയത് ;

(ഡി) പ്രസ്തുത യന്ത്രം വാഴൂർ ഗവൺമെന്റ് പ്രസ്സിൽ എന്ന് പ്രവർത്തിപ്പിച്ചു തുടങ്ങുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മെഷീന്റെ സ്ഥാപനം നടന്നുവരികയാണ്. ആയത് പൂർത്തിയായാലുടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) ഉണ്ട്. മെഷീന്റെ ആകെ വിലയുടെ എൺപത് ശതമാനമായ 1,27,63,627 രൂപ (ഒരു കോടി ഇരുപത്തിയേഴ് ലക്ഷത്തി അറുപത്തി മൂവായിരത്തി അറുന്നൂറ്റി ഇരുപത്തിയേഴ് രൂപ മാത്രം) ആണ് നൽകിയിട്ടുള്ളത്.

(ഡി) മെഷീൻ സ്ഥാപിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് പി.ഡബ്ല്യൂ.ഡി.-യുമായി ബന്ധപ്പെട്ടിട്ടുണ്ട്. ആയത് പൂർത്തിയായാലുടൻ മെഷീൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7139, 7291, 7295, 7310, 7312 എന്നിവയുടെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

## II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1520-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ് ശിവകുമാർ) : സർ, പന്ത്രണ്ടാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 13-9-2007-ലെ നക്ഷത്രചിഹ്നമിടാത്ത 1520-ാം നമ്പർ ചോദ്യത്തിനു നൽകിയ ഉത്തരത്തിന്റെ (എ) പിരിവിൽ വന്ന തെറ്റു തിരുത്തിയ ഉത്തരം മേശപ്പുറത്തു വയ്ക്കുന്നു. *

## III. ചരമോപചാരം

എം. പി. ഗംഗാധരൻ, അഡ്വ. പി. അബ്ദുൾ മജീദ്, ടി. ഗോവിന്ദൻ എന്നിവരുടെ നിര്യാണം

**എം. പി. ഗംഗാധരൻ :**

മി. സ്പീക്കർ: മുൻമന്ത്രിയും കോൺഗ്രസ് നേതാവുമായ എം. പി. ഗംഗാധരൻ 2011 ഒക്ടോബർ 31ന് അന്തരിച്ചു.
9.30. P.M] മലപ്പുറം പള്ളിക്കൽ വെണ്ണായൂരിൽ പി. ശങ്കരപ്പണിക്കരുടേയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

മാധവി അമ്മയുടേയും മകനായി 1934 ജൂലൈ 15-ന് ജനിച്ചു. ആറു തവണ നിയമസഭാംഗമായിരുന്ന എം. പി. ഗംഗാധരൻ പ്രജാ സോഷ്യലിസ്റ്റ് പാർട്ടിയിലൂടെയാണ് രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ചത്. 1970-ലെ ഉപതെരഞ്ഞെടുപ്പിൽ കോൺഗ്രസ് പ്രതിനിധിയായി നിലമ്പൂർ നിയോജക മണ്ഡലത്തിൽ നിന്നും മൂന്നാം കേരള നിയമസഭയിലേക്ക് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു. 1970-ൽ നാലാം കേരള നിയമസഭയിൽ നിലമ്പൂർ മണ്ഡലത്തിന്റെ പ്രതിനിധിയായി എത്തിയ എം.പി. ഗംഗാധരൻ 1977-ൽ പൊന്നാനി നിയോജക മണ്ഡലത്തിൽനിന്നും 1980-ൽ പട്ടാമ്പി നിയോജക മണ്ഡലത്തിൽനിന്നും 1982-ലും 2001-ലും വീണ്ടും പൊന്നാനിയിൽനിന്നും കേരള നിയമസഭയിൽ അംഗമായി. കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റി, സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റി, പ്രിവിലേജസ് എത്തിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റി എന്നിവയുടെ ചെയർമാനായും കോൺഗ്രസ് പാർലമെന്ററി പാർട്ടി ഉപനേതാവായും പ്രവർത്തിച്ചിട്ടുണ്ട്.

1982-86 കാലയളവിൽ കെ. കരുണാകരൻ മന്ത്രിസഭയിൽ ജലസേചന വകുപ്പുമന്ത്രിയായിരിക്കെ കുടിവെള്ള പദ്ധതികൾക്ക് വ്യക്തമായ ഒരു ദിശാബോധം നൽകാൻ എം.പി. ഗംഗാധരന് കഴിഞ്ഞു. 1982 കാലഘട്ടത്തിൽ കേരളത്തിൽ അഭൂതപൂർവ്വമായ വരൾച്ച നേരിട്ട സന്ദർഭത്തിൽ സംസ്ഥാനത്ത് അങ്ങോളമിങ്ങോളം കുടിവെള്ളമെത്തിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുകയും അതിന് ശക്തമായ നേതൃത്വം നൽകുകയും ചെയ്തു. കേരള വാട്ടർ അതോറിറ്റി, കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ ചെയർമാനായിരുന്ന എം.പി. ഗംഗാധരൻ മലപ്പുറം ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. സെക്രട്ടറി തുടങ്ങിയ പദവികളും വഹിച്ചിട്ടുണ്ട്. രാഷ്ട്രീയത്തിനൊപ്പം പത്രപ്രവർത്തനത്തിലും തൽപ്പരനായിരുന്ന എം. പി. ഗംഗാധരൻ. "മലബാർ ടുഡേ" എന്ന സായാഹ്ന ദിനപത്രത്തിന്റെ ചീഫ് എഡിറ്ററായും പ്രവർത്തിച്ചിരുന്നു. മികച്ച ഭരണാധികാരിയേയും ഊർജ്ജസ്വലനായ പൊതുപ്രവർത്തകനെയുമാണ് എം. പി. ഗംഗാധരന്റെ വിയോഗത്തോടെ നമുക്ക് നഷ്ടമായത്.

## പി. അബ്ദുൾ മജീദ്

രണ്ടാം കേരള നിയമസഭയിൽ അംഗമായിരുന്ന അഡ്വക്കേറ്റ് പി. അബ്ദുൾ മജീദ് 2011, ഒക്ടോബർ 26-ന് അന്തരിച്ചു.

തിരുവനന്തപുരം, ആറ്റിങ്ങൽ പക്കീർ കണ്ണിന്റെയും മുഹമ്മദ് മീരഉമ്മാളിന്റെയും മകനായി 1920 നവംബർ 20-നാണ് മജീദ് ജനിച്ചത്. അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയിൽനിന്നും മാസ്റ്റർ ബിരുദവും നിയമബിരുദവും നേടിയശേഷം തിരുവനന്തപുരത്ത് അഭിഭാഷകനായാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. മഞ്ചേരി ജില്ലാ കോടതിയിൽ ഗവൺമെന്റ് പ്ലീഡറായും പബ്ലിക് പ്രോസിക്യൂട്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1960-ൽ മുസ്ലീംലീഗ് പ്രതിനിധിയായി മങ്കട നിയോജക മണ്ഡലത്തിൽനിന്നും കേരള നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. മലപ്പുറം കേന്ദ്രമായി പുതിയ ജില്ല രൂപീകരിക്കണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

ആശയം ആദ്യമായി നിയമസഭയിൽ അവതരിപ്പിച്ചത് അബ്ദുൾ മജീദാണ്. രാഷ്ട്രീയത്തിന്റെ അജണ്ട വികസനമാണെന്ന് പ്രവൃത്തിയിലൂടെ തെളിയിച്ച പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം. പി. അബ്ദുൾ മജീദിന്റെ നിര്യാണം മൂലം ദീർഘവീക്ഷണവും സംഘാടന പാടവവുമുള്ള ഒരു രാഷ്ട്രീയ പ്രവർത്തകനെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

### ടി. ഗോവിന്ദൻ

മുൻ ലോക്സഭാംഗവും സി.പി.ഐ.(എം) സംസ്ഥാന കമ്മിറ്റി അംഗവുമായ ടി. ഗോവിന്ദൻ 2011 ഒക്ടോബർ 23-ന് അന്തരിച്ചു.

ടി. ടി. രാമൻപണിക്കരുടേയും ചെമ്മരത്തിയുടേയും മകനായി 1940 ഏപ്രിൽ 11-ന് പയ്യന്നൂരിലാണ് ടി. ഗോവിന്ദൻ ജനിച്ചത്. വിദ്യാർത്ഥി സംഘടനയായ കെ.എസ്.എഫ്.-ന്റെ രൂപവൽക്കരണ സമ്മേളനത്തിൽ പങ്കെടുത്തിട്ടുള്ള ടി. ഗോവിന്ദൻ കൃഷിക്കാരേയും ബീഡിത്തൊഴിലാളികളേയും സംഘടിപ്പിച്ചാണ് പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. കുന്നരു സ്കൂളിൽ അധ്യാപകനായിരുന്ന ടി. ഗോവിന്ദൻ, സി.പി.ഐ.(എം.) പയ്യന്നൂർ ഏര്യാ സെക്രട്ടറി, കണ്ണൂർ ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1996, 1998, 1999 വർഷങ്ങളിൽ കാസർഗോഡ് മണ്ഡലത്തിൽനിന്നും ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു. വിവിധ പാർലമെന്ററി കമ്മിറ്റികളിൽ അംഗമായും പന്ത്രണ്ടാം ലോക്സഭയിൽ സി.പി.ഐ.(എം.) പാർലമെന്ററി പാർട്ടി വിപ്പായും പ്രവർത്തിച്ചു. ഖാദി ബോർഡ് വൈസ് ചെയർമാൻ, കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ ചെയർമാൻ തുടങ്ങിയ പദവികൾ വഹിച്ചിട്ടുള്ള ടി. ഗോവിന്ദൻ മികച്ച സഹകാരിയും സംഘാടകനുമായിരുന്നു. സംസ്കൃതത്തിലും പുരാണേതിഹാസങ്ങളിലും പാണ്ഡിത്യം നേടിയ കമ്മ്യൂണിസ്റ്റ് നേതാവായ ടി. ഗോവിന്ദന്റെ നിര്യാണം സഹകരണ മേഖലയ്ക്കും തൊഴിലാളി പ്രസ്ഥാനങ്ങൾക്കും നികത്താനാകാത്ത നഷ്ടമാണ്.

അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി നമുക്ക് അല്പ സമയം എണീറ്റുനിന്ന് മൗനം ആചരിക്കാം.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

## IV. അടിയന്തരപ്രമേയം

### ജാതിപറഞ്ഞ് ആക്ഷേപിച്ചതായി പറയപ്പെടുന്ന സംഭവം

മി. സ്പീക്കർ : പത്തനാപുരത്ത് നടന്ന പൊതുയോഗത്തിൽ സഭയിലെ അംഗവും മുൻമന്ത്രിയുമായ ശ്രീ. എ.കെ. ബാലനെ ജാതി പറഞ്ഞ് അവഹേളിക്കുകയും വനിതാ വാച്ച് ആൻഡ് വാർഡിന് അപമാനമാകുംവിധം സംസാരിക്കുകയും ചെയ്ത ഗവൺമെന്റ് ചീഫ് വിപ്പ് ശ്രീ. പി. സി. ജോർജിനേയും പ്രതിപക്ഷനേതാവിനെതിരെ പ്രസംഗിച്ച മന്ത്രി ശ്രീ. കെ.ബി. ഗണേഷ്കുമാറിനേയും തൽസ്ഥാനങ്ങളിൽ

നിന്ന് നീക്കംചെയ്യാതെ സംരക്ഷിക്കുന്ന സർക്കാർ നിലപാടുമൂലം സംജാതമായിരിക്കുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പത്തനാപുരത്ത് ശ്രീ. കെ. ബി. ഗണേഷ്കുമാർ നടത്തിയ പ്രസംഗത്തെക്കുറിച്ച് അടിയന്തരപ്രമേയ നോട്ടീസ് വന്നപ്പോൾ ഗവൺമെന്റിന്റെ സമീപനമെന്താണെന്ന് പ്രതിപക്ഷ ഉപനേതാവ് എന്നോട് ചോദിച്ചു. ഞാൻ ഉടനെ ഗവൺമെന്റിന്റെ പ്രതികരണവും പറഞ്ഞു. ഗവൺമെന്റിന്റെ നയം ഇതല്ല. ഗവൺമെന്റിലെ ഒരംഗം, ഒരു മന്ത്രി ഇത്തരം പരാമർശം നടത്തിയതിൽ ഖേദമുണ്ടെന്ന് ഞാൻ സഭയിൽ പറഞ്ഞു. അതുകഴിഞ്ഞ് ശ്രീ. കെ. ബി. ഗണേഷ്കുമാർ ഇവിടെ ഖേദം പ്രകടിപ്പിക്കാമെന്ന് പറഞ്ഞെങ്കിലും അദ്ദേഹത്തെ സംസാരിക്കാൻ അനുവദിച്ചില്ല. ശ്രീ. കെ. ബി. ഗണേഷ്കുമാർ പറഞ്ഞത് നിഷേധിക്കാനായിരുന്നുവെങ്കിൽ അദ്ദേഹത്തെ തടസ്സപ്പെടുത്തിയാൽ എനിക്ക് മനസ്സിലാക്കാൻ പറ്റും. അദ്ദേഹം ഖേദം പ്രകടിപ്പിക്കാനും പ്രസ്താവന പിൻവലിക്കാനും തയ്യാറാണെന്ന് ഗവൺമെന്റിനുവേണ്ടി ഖേദം പ്രകടിപ്പിച്ചുകൊണ്ട് ഞാൻ പറഞ്ഞ അവസരത്തിൽ അതിനോട് വ്യത്യസ്തമായൊരു സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. അത് ശരിയായിരുന്നോ എന്ന് നിങ്ങൾ തന്നെ ചിന്തിക്കണം. ശ്രീ. കോടിയേരി ബാലകൃഷ്ണൻ എന്നെ പരിഹസിച്ചുകൊണ്ട് 'മാപ്പു പറയുന്ന' ഒരു മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളത് എന്നാണ് പറഞ്ഞത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അങ്ങനെ പറഞ്ഞതിൽ എനിക്ക് വിഷമമില്ല. തെറ്റു പറ്റിയാൽ അത് തെറ്റാണെന്ന് പറയുകയും പിൻവലിക്കുകയും ചെയ്യും. നിങ്ങളോട് മാത്രം പറയുന്ന ഖേദമാണ്, അല്ലെങ്കിൽ മാപ്പാണ് എന്ന് തെറ്റിദ്ധരിക്കരുത്. കേരളത്തിലെ ജനങ്ങളോട് പറയുന്നതാണ്. കാരണം, കേരളത്തിലെ ജനങ്ങൾക്ക് പൊതുപ്രവർത്തകർ എങ്ങനെ പ്രവർത്തിക്കണമെന്നതിനെക്കുറിച്ച് ഒരു ധാരണയുണ്ട്. അതിന് വ്യത്യസ്തമായ അനുഭവം ഉണ്ടായാൽ അത് തെറ്റാണെന്ന് ഞങ്ങൾ തുറന്നുസമ്മതിക്കും. അതിൽ യാതൊരു സംശയവുമില്ല. നിങ്ങളുടെ നിഘണ്ടുവിൽ മാപ്പ്, ഖേദം എന്നൊക്കെയുള്ള വാക്കുകൾ കാണുകയില്ലായിരിക്കും. പക്ഷേ, ഞങ്ങൾക്ക് അതൊക്കെയുണ്ട്. ഇവിടെ ഉന്നയിച്ചിരിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. പി. സി. ജോർജിന്റെ വിശദീകരണം കേട്ടശേഷം നിങ്ങൾക്ക് അത് തൃപ്തികരമാണെങ്കിൽ അവിടംകൊണ്ട് ഈ പ്രശ്നം അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ അദ്ദേഹത്തോട് ചോദിച്ചപ്പോൾ, അപമാനിക്കത്തക്ക തരത്തിൽ ഒന്നും പറഞ്ഞിട്ടില്ല എന്നാണ് എന്നോട് പറഞ്ഞത്. .....(ബഹളം)... പൊതുപ്രവർത്തനരംഗത്ത് ഇത്തരത്തിലുള്ള വീഴ്ചകൾ വന്നാൽ എന്താണ് ചെയ്യേണ്ടത്? ഒരു വീഴ്ചയും വരാത്തവരാണ് നിങ്ങളെന്ന് കേരളത്തിലെ ജനങ്ങൾ മനസ്സിലാക്കുകയില്ല. കാരണം, എന്തെല്ലാം വാക്കുകൾ നിങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. പക്ഷേ, നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തെന്ന് പറഞ്ഞ് ഞങ്ങളതിനെ അംഗീകരിക്കുകയോ നിങ്ങൾ പറഞ്ഞ പദപ്രയോഗങ്ങൾ ഉപയോഗിക്കാൻ ഞങ്ങൾക്ക് അവകാശമുണ്ടെന്ന് പറയുകയോ ചെയ്യുകയില്ല.

നിങ്ങൾ അടിയന്തരപ്രമേയത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കേസെടുത്തിട്ടില്ല. എനിക്ക് വളരെ സ്നേഹവും ബഹുമാനവുമുള്ള ഒരംഗമാണ് ശ്രീ. എ. കെ. ബാലൻ. പാർലമെന്റിലും നിയമസഭയിലും മെമ്പറായിരുന്ന ശ്രീ. എ.കെ. ബാലൻ, നല്ലൊരു നിയമസഭാ സാമാജികനും ഭരണാധികാരിയുമാണെന്നുള്ള കാര്യത്തിൽ തർക്കമില്ല. പക്ഷേ ശ്രീ. എ. കെ. ബാലനെ അധിക്ഷേപിച്ചതിനെതിരെ കേസെടുത്തിട്ടില്ല എന്നാണ് പറയുന്നത്. അതിനെക്കുറിച്ച് അന്നുമുതൽ ഞാൻ പോലീസിൽ അന്വേഷിക്കുന്നുണ്ട്. പക്ഷെ ആരും പരാതി പോലീസിന് എഴുതിക്കൊടുത്തിട്ടില്ല. ഇപ്പോൾ കോടതിയിൽ ഒരാൾ പരാതി കൊടുത്തിട്ടുണ്ട്. ശ്രീ. പി. സി. ജോർജിന്റെ പ്രസംഗത്തിനെതിരെ പത്തനാപുരം പോലീസ് സ്റ്റേഷനിൽ കൊടുത്ത പരാതിയുടെ കോപ്പി എന്റെ കൈവശമുണ്ട്. ശ്രീ. എ. കെ. ബാലനെ ജാതിപ്പേര് വിളിച്ച് അപമാനിച്ചു എന്നുള്ള ഒരു വാക്കുപോലും അതിലില്ല. അതിൽനിന്ന് വ്യത്യസ്തമായ കാര്യങ്ങളാണ് ആ പെറ്റീഷനിൽ കൊടുത്തിട്ടുള്ളത്. അപ്പോൾ കൊടുക്കാത്ത ഒരു പെറ്റീഷന്റെ പേരിൽ പോലീസ് എങ്ങനെ കേസെടുക്കും?

ശ്രീ. ഇ. പി. ജയരാജൻ: സർ, ശ്രീ. ടി. ശിവദാസമേനോനെതിരെ കേസ് എടുത്തത് പെറ്റീഷന്റെ അടിസ്ഥാനത്തിലാണോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കോടതിയിലുള്ള കേസ്സിന്മേൽ കോടതിക്ക് മാത്രമേ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളൂ; പോലീസിന് ഒന്നും ചെയ്യാൻ സാധിക്കില്ല. എന്തുകൊണ്ടാണ് പെറ്റീഷനില്ലാതെ നടപടി എടുക്കാത്തതെന്ന് ശ്രീ. ഇ.പി. ജയരാജൻ ചോദിച്ചത് പ്രസക്തമായ ഒരു ചോദ്യമാണ്. ഞങ്ങൾക്ക് കിട്ടിയിരിക്കുന്ന ഉപദേശം, പട്ടികജാതി എന്നുപറഞ്ഞാൽ ജാതിപ്പേര് ആകില്ല. പട്ടികജാതി എന്നത് ഭരണഘടന തന്നെ ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പേരാണ്. പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന വ്യത്യസ്തമായ ഘടകങ്ങളിലെ പേര് വിളിച്ചാൽ അത് ജാതിപ്പേര് വിളിച്ചതാകും. അപ്പോൾ പട്ടികജാതി എന്ന വാക്ക് ഉപയോഗിച്ചതിന്റെ പേരിൽ കേസ് എടുക്കുക സാധ്യമല്ല എന്നാണ് ഞങ്ങൾക്ക് കിട്ടിയിരിക്കുന്ന ഉപദേശം. ഞങ്ങൾ ഈ വിഷയം ഗൗരവമായി കാണാത്തതല്ല, ഇതിനെക്കുറിച്ച് ഞങ്ങളാലോചിക്കാത്തതുമല്ല. പക്ഷേ ഗവൺമെന്റിന് നിയമപരമായി മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ഇതിൽ പെറ്റീഷനില്ല. മറ്റൊന്ന്, ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ഡോ. എം. എ. കുട്ടപ്പനെ അധിക്ഷേപിച്ചിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. കാരണം, എനിക്ക് വളരെ ബഹുമാനമുള്ള ആളാണ് ഇ. കെ. നായനാർ. പക്ഷേ അതിന്റെ ജഡ്ജ്മെന്റ് വന്നിട്ടുണ്ട്. അത് ഇ. കെ. നായനാർക്ക് അനുകൂലമായിട്ടുള്ള ജഡ്ജ്മെന്റാണ്. ഡോ. എം. എ. കുട്ടപ്പന്റെ പെറ്റീഷൻ തള്ളിക്കൊണ്ടുള്ള ആ ജഡ്ജ്മെന്റിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞിരിക്കുന്നത് ജാതിപ്പേര് വിളിച്ച് അപമാനിക്കുന്നതിന് പർട്ടിക്കുലർ സെക്ഷൻ അനുസരിച്ച് കേസെടുക്കണമെങ്കിൽ അപമാനിക്കപ്പെടുന്ന ആളിന്റെ സാന്നിദ്ധ്യത്തിൽ വിളിക്കണമെന്നാണ്. ഇ. കെ. നായനാർ ഒരു യോഗത്തിൽ പരസ്യമായി കാര്യങ്ങൾ പറഞ്ഞ അവസരത്തിൽ ഡോ. എം. എ. കുട്ടപ്പൻ അവിടെ ഇല്ലാതിരുന്നതുകൊണ്ട് ആ കേസ് തള്ളിക്കളയുകയാണുണ്ടായത്. നായനാർ Vs ഡോ. എം.എ. കുട്ടപ്പൻ കേസിന്റെ വിധിയും ഇതു തന്നെയാണ്. വനിതാ വാച്ച് ആന്റ് വാർഡിനെക്കുറിച്ചുള്ള പരാമർശവും ഈ അടിയന്തര പ്രമേയത്തിൽ ചേർത്തിട്ടുണ്ട്. അത് സംബന്ധിച്ച് ഒരു റൂളിംഗ് നൽകി കഴിഞ്ഞു. ആ റൂളിംഗ് വന്നതോടുകൂടി അത് ക്ലോസ്ഡ് ചാപ്റ്റർ എന്നുള്ള നിലപാടാണ് യാഥാർത്ഥ്യം. ............(ബഹളം)............... അതാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള സമീപനം. സഭാനാഥനായ സ്പീക്കർ ഒരു റൂളിംഗ് നൽകിയാൽ അത് എല്ലാവർക്കും ബാധകമാണ്. അത് അവിടംകൊണ്ട് തീർക്കേണ്ടതാണ്. പക്ഷേ, അത് ആദ്യം ചോദ്യം ചെയ്തത് നിങ്ങളുടെ കൂട്ടത്തിലുള്ള രണ്ടുപേരാണ്. അതു ശരിയല്ല. ആ രണ്ടുപേർ ചെയ്തത് തെറ്റാണെന്ന് ഞാൻ പറയും. അതിനെ ചോദ്യം ചെയ്യുന്നവർ ആരുതന്നെ ആയിരുന്നാലും അത് തെറ്റാണെന്ന് ഞാൻ പറയും. തെറ്റ് തെറ്റും ശരി ശരിയുമാണ്. അതുകൊണ്ട് എനിക്ക് നിങ്ങളോട് പറയാനുള്ളത് ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരനാസ്ഥയും കാട്ടിയിട്ടില്ല. നിയമപരമായി പ്രവർത്തിക്കുന്നതിനുള്ള സാഹചര്യമില്ല. കാരണം, കേസില്ല. നിയമപരമായി കിട്ടിയിട്ടുള്ള ഉപദേശമാണ്. ഇതു സംബന്ധിച്ച് സഭയുമായി ബന്ധപ്പെട്ട് ഒരു കേസിന്റെ വിധി ഉള്ള സാഹചര്യത്തിലാണ് കേസെടുക്കാൻ സാധിക്കാത്തത്. അതുകൊണ്ട് എനിക്ക് പ്രതിപക്ഷത്തോട് അഭ്യർത്ഥിക്കാനുള്ളത് നമുക്ക് വിവാദങ്ങളല്ല ആവശ്യം. ശ്രീ. പി.സി. ജോർജിന് ഇക്കാര്യത്തിൽ പറയാനുള്ളത് പറഞ്ഞ് ഈ പ്രശ്നം പരിഹരിക്കാൻ നിങ്ങൾകൂടി സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വളരെയധികം ഗൗരവമുള്ള ഒരു പ്രശ്നമാണ് അടിയന്തര പ്രമേയവുമായി ബന്ധപ്പെട്ട് ഇന്ന് നോട്ടീസ് നൽകിയത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തര പ്രമേയം ചർച്ചയ്ക്കെടുക്കാമെന്നും പ്രസ്തുത ചർച്ച ലൈവായി കാണിക്കണമെന്നും പറയുമെന്നായിരുന്നു ഞാൻ പ്രതീക്ഷിച്ചത്. അതിന് വ്യത്യസ്തമായ ഉത്തരമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽ നിന്ന് കിട്ടിയത്. 27-10-2011-ന് വൈകുന്നേരം പത്തനാപുരത്ത് നടന്ന ഒരു പൊതുയോഗത്തിലാണ് ഗവൺമെന്റ് ചീഫ് വിപ്പ്, ശ്രീ. പി. സി. ജോർജ്, സഖാവ് എ. കെ. ബാലൻ, എം.എൽ.എ.-യെ പൊതുജന മധ്യത്തിൽ ജാതിപ്പേര് വിളിച്ച് അവഹേളിക്കുകയും അപമാനിക്കുകയും ചെയ്ത സംഭവമുണ്ടായിരിക്കുന്നത്. പൊതുയോഗത്തിൽ പങ്കെടുത്തുകൊണ്ടിരിക്കെ ശ്രീ. പി. സി. ജോർജ് പറഞ്ഞത്, ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയെ ശ്രീ. എ. കെ. ബാലൻ, മി. ഗണേഷ് എന്ന് അഭിസംബോധന നടത്തി.

മി. സ്പീക്കർ: മുകളിൽ രണ്ട് ക്യാമറ ഇരിക്കുന്നത് അസംബ്ലി പ്രൊസീഡിംഗ്സ് മ്യൂസിയത്തിൽ വയ്ക്കുന്നതിനുവേണ്ടി സി-ഡിറ്റ് എടുക്കുന്നതാണ്. അക്കാര്യം ഇപ്പോഴാണ് ഓർത്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് മ്യൂസിയത്തിൽ വയ്ക്കണോ?

മി. സ്പീക്കർ: അത് പിന്നീട് നമുക്കാലോചിക്കാം. അക്കാര്യം ആലോചിച്ചിട്ടേ ചെയ്യുകയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മി.ഗണേഷ് എന്ന് അഭിസംബോധന നടത്തിയതിനെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ് സഖാവ് എ.കെ. ബാലനെതിരായി ജാതിപരമായി അവഹേളിച്ചുകൊണ്ടുള്ള പരാമർശം നടത്തിയത്. ശ്രീ. പി. സി. ജോർജ് പറഞ്ഞത്, 'പട്ടികജാതിക്കാരൻ ആയതുകൊണ്ട് ഞാൻ ഒന്നും പറയുന്നില്ല', 'എടാ പൊട്ടാ' എന്നാണ് എം.എൽ.എ.-യും മുൻമന്ത്രിയുമായ ശ്രീ. എ. കെ. ബാലനെ ഗവൺമെന്റ് ചീഫ് വിപ്പ് പൊതുജനമധ്യത്തിൽ പരാമർശിച്ചത്. 'പട്ടികജാതിക്കാരൻ' ആയതുകൊണ്ട് ഞാനൊന്നും പറയുന്നില്ല എന്നുപറഞ്ഞുകൊണ്ട് 'എടാ പൊട്ടാ' എന്നു പറഞ്ഞാൽ അതിനർത്ഥമെന്താണ്? ഇതാണ് ഇവിടെ പ്രശ്നം. ശ്രീ. എ. കെ. ബാലൻ പിറന്ന ഒരു സമുദായത്തിന്റെ പേര് പരാമർശിച്ചുകൊണ്ട് ഇത്തരത്തിലുള്ള ഒരു പരാമർശം നടത്തിയത് ബോധപൂർവ്വമാണ്. ഇത് സഖാവ് എ. കെ. ബാലനെ അപമാനിക്കാൻ വേണ്ടി നടത്തിയിട്ടുള്ള ബോധപൂർവ്വമായ പരാമർശമാണ്. ശ്രീ. പി. സി. ജോർജ് ആരോപിക്കുന്നതുപോലെ ശ്രീ. എ. കെ. ബാലൻ 'മിസ്റ്റർ ഗണേഷ്' എന്ന് അഭിസംബോധന ചെയ്തിട്ടുണ്ടെങ്കിൽ അതിൽ എന്താണ് തെറ്റ്? 'മിസ്റ്റർ പ്രസിഡന്റ്' , 'മിസ്റ്റർ ഒബാമ' എന്ന് നമ്മൾ പറയാറില്ലേ? 'മിസ്റ്റർ ഗണേഷ്' എന്ന് അഭിസംബോധന ചെയ്തിട്ടുണ്ടെങ്കിൽ അതിൽ എന്താണ് തെറ്റ്? അപ്പോൾ ശ്രീ. എ. കെ. ബാലൻ ശ്രീ. കെ. ബി. ഗണേഷ് കുമാറിനെ അഭിസംബോധന ചെയ്യുമ്പോൾ 'തമ്പ്രാൻ' എന്ന് വിളിക്കണമെന്നുള്ളതാണ് ശ്രീ. പി. സി. ജോർജ്ജിന്റെ മനോഭാവം. ആ മനോഭാവത്തിന്റെ ഭാഗമായിട്ടാണ് ഇത്തരത്തിലൊരു പരാമർശം ശ്രീ. എ. കെ. ബാലനെതിരായി ശ്രീ. പി. സി. ജോർജ് നടത്തിയത് എന്നുള്ളതാണ് വസ്തുത. ഗവൺമെന്റ് ചീഫ് വിപ്പ് സർക്കാരിന്റെ പ്രതിനിധിയാണ്; അദ്ദേഹത്തെ ഗവർണ്ണർ നിശ്ചയിച്ചതാണ്. ഗവൺമെന്റ് ചീഫ് വിപ്പിന് ഭരണഘടനാവിരുദ്ധമായി കാര്യങ്ങൾ പറയാൻ അവകാശമുണ്ടോ? ഭരണഘടന പ്രകാരം untouchability നിർത്തലാക്കിയിട്ടുണ്ട്. അസ്പൃശ്യത ഭരണഘടനപ്രകാരം നിരോധിച്ച സാഹചര്യത്തിൽ ഭരണഘടനയ്ക്ക് വിരുദ്ധമായി ഗവൺമെന്റ് ചീഫ് വിപ്പിന് ഇങ്ങനെ പ്രസംഗിക്കാൻ പാടുണ്ടോ എന്നതാണ് പ്രശ്നം. ശ്രീ. പി. സി. ജോർജിന്റെ പ്രസംഗം ഭരണഘടനാവിരുദ്ധമാണ്. ഒരു എം.എൽ.എ.യെ, ഒരു ജനപ്രതിനിധിയെ. ഒരു മുൻമന്ത്രിയെ 'എടാ പൊട്ടാ' എന്ന് വിളിച്ചത് ഗൗരവതരമായിട്ടുള്ള പ്രശ്നമാണ്. 1989-ലെ



LIBRARY ARCHIVES Kerala Legislative Assembly

SC-ST Atrosities Prevention Act- ലെ സെക്ഷൻ 1(10) പ്രകാരം ഗവൺമെന്റ് ചീഫ് വിപ്പിന്റെ പ്രസംഗം കുറ്റകരമാണ്. The Scheduled Castes and Scheduled Tribes Prevention of Atrosities Act, 1989 1(10) പറയുന്നത് `intentionally insults or intimidates with intend to humiliate a member of a Scheduled Caste or a Scheduled Tribe in any place within public view' എന്ന് SC-ST Atrosities Prevention Act-ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്.

എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഒരാളെ മനഃപൂർവ്വമായി പൊതുജന മദ്ധ്യത്തിൽ അവഹേളിക്കാൻ പാടില്ലെന്ന് നിയമമുള്ള ഈ രാജ്യത്ത് ഗവൺമെന്റ് ചീഫ് വിപ്പ് അവഹേളിക്കുന്ന തരത്തിൽ പ്രസംഗിച്ചു എന്നുള്ളതാണ് ഇവിടെ വന്നിട്ടുളള നിയമപ്രശ്നം. ഇതിന്റെ പേരിൽ ഗവൺമെന്റ് ചീഫ് വിപ്പിനെതിരായി സ്വമേധയാ കേസ്സെടുക്കേണ്ടതായിരുന്നു. ഭരണപക്ഷത്തുള്ളവർ കുറ്റം ചെയ്താൽ മാപ്പും മറ്റുള്ളവർ കുറ്റം ചെയ്താൽ കേസും എന്ന നിലപാടാണോ ഈ ഗവൺമെന്റിന്റെ സമീപനം? കുറ്റം ചെയ്താൽ ഞങ്ങൾ മാപ്പ് പറയുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു ഇത് മാപ്പുകൊണ്ട് അവസാനിക്കുന്ന ഒരു പ്രശ്നമാണോ; മറ്റുള്ള ആളുകളൊക്കെ മാപ്പ് പറഞ്ഞാൽ മതിയോ? എത്രയോ ആളുകളുടെ പേരിൽ സ്വമേധയാ പോലീസ് കേസ് എടുക്കുന്നു, അങ്ങനെ കേസ് എടുത്തയാളുകളൊക്കെ മാപ്പ് പറഞ്ഞാൽ അതൊക്കെ ഗവൺമെന്റ് സബ്മൂറാക്കുമോ? മന്ത്രിമാർക്കും ഗവൺമെന്റ് ചീഫ് വിപ്പിനും എന്തും ചെയ്യാമോ? കേവല ഭൂരിപക്ഷം മാത്രമേയുള്ളൂവെന്ന് ആദ്യം നിങ്ങൾ മനസ്സിലാക്കണം. ഭരണപക്ഷത്തുള്ള ഏത് എം.എൽ.എ. എന്ത് തെറ്റ് ചെയ്താലും ഒരു നടപടിയും സ്വീകരിക്കാതെ, നിയമവിരുദ്ധ പ്രവർത്തനത്തിന് കൂട്ടുനിൽക്കുന്ന ഒരു ഗവൺമെന്റായി ഈ ഗവണ്മെന്റ് മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡോ. എം. എ. കുട്ടപ്പൻ കേസ് സംബന്ധിച്ചുള്ള ഹൈക്കോടതി വിധി ഡിഫൻസിനുവേണ്ടി ഉന്നയിച്ചു. ഡോ. എം. എ കുട്ടപ്പൻ കേസ്സിൽ ഹൈക്കോടതി വിധിയെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്, അപമാനിക്കപ്പെട്ടയാളുടെ മുൻപിൽ വച്ച് വിളിച്ചാൽ മാത്രമേ കുറ്റകരമാകുകയുള്ളൂ എന്നാണ്. ശ്രീ. പി. സി. ജോർജിന്റെ പ്രസംഗം ലോകം മുഴുവൻ ദൃശ്യമാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്തു. ആ പ്രസംഗം ശ്രീ. എ. കെ. ബാലൻ ദൃശ്യമാധ്യമങ്ങളിൽക്കൂടി കേട്ടു. ഇ. കെ. നായനാർക്കെതിരായി കേസ് വരുന്ന സന്ദർഭത്തിൽ ദൃശ്യമാധ്യമങ്ങളില്ല. അതുകൊണ്ട് ആ കോടതി വിധി ഇപ്പോൾ അപ്രസക്തമാണ്. ശ്രീ. എ. കെ. ബാലനുമായി ബന്ധപ്പെട്ട കേസ്സിൽ ഇവിടെ മുഖ്യമന്ത്രി ഉന്നയിച്ചിരിക്കുന്ന വാദഗതി നിലനിൽക്കുന്നതല്ല. എം. എ. കുട്ടപ്പൻ കേസ്സിൽ പറഞ്ഞിരിക്കുന്നത് അദ്ദേഹത്തിന്റെ മുമ്പിൽ വച്ച് വിളിച്ചില്ല എന്നാണ്. ഈ കേസ്സിൽ ശ്രീ. എ. കെ. ബാലൻ, എം.എൽ.എ. ക്വാർട്ടേഴ്സിലിരുന്ന് പ്രസംഗം ദൃശ്യമാധ്യമത്തിലൂടെ കേട്ടുകൊണ്ടിരിക്കുകയാണ്. അദ്ദേഹത്തിന്റെ മുമ്പിൽ വച്ചാണ് അപമാനിച്ചത് എന്നതുകൊണ്ട് സ്വമേധയാ കേസ്സെടുക്കണം. അങ്ങേക്ക് അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമോപദേശം തെറ്റാണ്, അത് കാലഹരണപ്പെട്ടതാണ്. അത് ഈ കേസ്സിൽ

LIBRARY ARCHIVES Kerala Legislative Assembly

നിലനിൽക്കുന്നതല്ല എന്നതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്ന ത്തിൽ സ്വമേധയാ കേസ് എടുക്കേണ്ടതാണ്. കേസ്സെടുക്കാത്തതിനെ സംബന്ധിച്ച് ന്യായീകരിക്കാൻ കാലഹരണപ്പെട്ട ഒരു കോടതി വിധി ഇവിടെ ഉന്നയിച്ചത് ഒട്ടും ശരിയായില്ല. ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 17 അനുസരിച്ച് തൊട്ടുകൂടായ്മ നിലനിർത്തുന്നതും അതിന്റെ ഏത് രൂപത്തിലുള്ള ആചരണവും വിലക്കുകയും ചെയ്തിരിക്കുകയാണ്. The enforcement of any disability raising out of untouchability shall be an offence punishable in accordance with Law. നിയമപ്രകാരം ശിക്ഷിക്കാൻ സാധിക്കുന്ന ഒരു കുറ്റം ചീഫ് വിപ്പ് ചെയ്താൽ കേസ് എടുക്കണ്ട എന്നതാണോ സർക്കാർ നിലപാട്? ഭരണഘടനയുടെ ആർട്ടിക്കിൾ 18 അനുസരിച്ച് ജാതിപ്പേരും സ്ഥാനപ്പേരും ഉപയോഗിക്കുന്നത് സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ നിർവ്വചിച്ചിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ (18)-ന് വിരുദ്ധമായി മന്ത്രിപദവിയുള്ള ചീഫ് വിപ്പ് ഈ രീതിയിൽ കാര്യങ്ങൾ പറയാൻ പാടുണ്ടോ? 1993-ലെ മനുഷ്യാവ കാശ സംരക്ഷണ നിയമപ്രകാരം ഗവൺമെന്റ് ചീഫ് വിപ്പിന്റെ പ്രസ്താവന കുറ്റകരമാണ്. Human Rights Act, 1993 Section 2(d).- `Human rights means the rights relating to life, liberty, equality and dignity of the individual guaranteed by the Constitution or embodied in the International Covenant and enforceable by the Court of India. ഹ്യൂമൻ റൈറ്റ്സ് ആക്ടിന് വിരുദ്ധമായി ഒരു ഗവൺമെന്റ് ചീഫ് വിപ്പ് പ്രസംഗിച്ചാൽ കേസ് എടുക്കാതെ അതിനുവേണ്ടി പരാതി അന്വേഷിച്ചു നടക്കലാണോ ഗവൺമെന്റിന്റെ പണി? കുറ്റം ചെയ്യുന്ന ആളുകൾക്ക് കൂട്ടുനിൽക്കുന്ന ഒരു ഗവൺമെന്റായി ഈ ഗവണ്മെന്റ് മാറിയതുകൊണ്ടാണ് ഞങ്ങൾ ഈ പ്രശ്നം ഉന്നയിക്കാൻ ഇടയായത്. ഇതിന്റെ പേരിൽ ഗവൺമെന്റ് ചീഫ് വിപ്പിനെതിരെ കേസ്സെടുക്കാനും അദ്ദേഹത്തെ ആ സ്ഥാനത്ത് നിന്ന് ഒഴിവാക്കാനും ഗവൺമെന്റ് സന്നദ്ധമാകണം. ഗവൺമെന്റ് ചീഫ് വിപ്പിന്റെ പ്രസംഗവുമായി ബന്ധപ്പെട്ട് എസ്.സി./എസ്.ടി ദേശീയ കമ്മീഷൻ ഇടപെട്ടിരിക്കുകയാണ്. കേസ്സെടുക്കാത്തത് എന്താണെന്ന് കമ്മീഷൻ ചോദിച്ചു കഴിഞ്ഞിട്ടും കേസ് എടുക്കുന്നില്ല. ദേശീയ തലത്തിൽ പ്രശ്നമായിട്ടും സ്റ്റേറ്റ് ഗവൺമെന്റ് ഇടപെടാത്തത് എന്താണ്? ശ്രീ. പി. സി. ജോർജ് വനിതകളെ അപമാനിക്കുന്ന വിധത്തിലും പ്രസംഗിച്ചു. ഐ.പി.സി. 294-ന് വിരുദ്ധമായ രീതിയിലാണ് ശ്രീ. പി. സി. ജോർജ് ഒരു വനിതാ പോലീസുകാരിയെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള പരാമർശങ്ങൾ. അത് കേരള പോലീസ് ആക്ട് 119 (എ)-ക്ക് വിരുദ്ധമാണ്. അതിൽ വളരെ വ്യക്തമായി പറയുന്നുണ്ട് Performs in public place any sexual gestures or acts degrading the dignity of women എന്ന്. സ്ത്രീകളെ അപമാനിക്കുന്ന വിധത്തിൽ എത്രയൊക്കെ പരാമർശം നടത്തിയാലും കേസ് എടുക്കണ്ട എന്നതാണോ ഗവൺമെന്റിന്റെ നിലപാട്? സ്ത്രീകളെ എവിടെവച്ചും അപമാനിക്കാമെന്നാണോ ഈ ഗവൺമെന്റ് ഉദ്ദേശി ക്കുന്നത്? എത്രയോ നിയമങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. കേന്ദ്ര നിയമമുണ്ട്. The Indecent Representation of Woman Prohibition Act, 1986 എന്ന നിയമമുണ്ട്. നിയമമില്ലാത്തതുകൊണ്ടാണ് കേസ് എടുക്കാത്തതെന്ന് മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത്രയും ആക്ടുകൾ ഇവിടെ ഉദ്ധരിക്കാൻ നിർബ്ബന്ധിതനായിരിക്കുന്നത്. എന്റെ പ്രസംഗം കേട്ടാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേസ്സെടുക്കും. നിയമ പ്രശ്നങ്ങൾ ഇതിൽ ഉത്ഭവിച്ചതു കൊണ്ടാണ് സഭയുടെ മുമ്പാകെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ശ്രമിക്കുന്നത്. ഇത്രയും കേട്ടിട്ടെങ്കിലും ഗവൺമെന്റ് കേസെടുക്കുകയോ നിലപാട് മാറ്റുകയോ ചെയ്യുമെന്ന് കരുതുന്നു. ചീഫ് വിപ്പിനെ മാറ്റുമെങ്കിൽ മാറ്റട്ടെ, പ്രശ്നങ്ങൾ തീരട്ടെ എന്നതുകൊണ്ടാണ് നിയമപ്രശ്നങ്ങൾ അങ്ങയുടെ മുൻപിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നത്. ഗവൺമെന്റ് ചീഫ് വിപ്പ് പറഞ്ഞത് 'ഇവന്മാരുടെ ആവേശം മുഴുവൻ തീർത്തത് പാവപ്പെട്ട വനിതാ പോലീസു കാരിയുടെ ഡാഷിൽ' ആയിപ്പോയി എന്നാണ്. അതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. പിന്നീട് അദ്ദേഹം പറഞ്ഞു, 'ആ പ്രദേശത്ത്' ആണുങ്ങൾക്ക് പരിശോധിക്കാൻ പറ്റുമോ ; അങ്ങനെയുള്ള സ്ഥലത്താണിതുണ്ടായത് എന്നാണ്. ഇങ്ങനെ ചീഫ് വിപ്പ് പറഞ്ഞിട്ടും എന്താണ് കേസ് എടുക്കാത്തത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, ഈ വിഷയത്തിൽ ബഹുമാനപ്പെട്ട ചെയർ റൂളിംഗ് നൽകിയതാണെന്ന്. അതോടുകൂടി ഈ പ്രശ്നം അവസാനി ക്കേണ്ടതല്ലേയെന്ന് ചെയറും പറഞ്ഞു. ഞങ്ങൾ അത് അംഗീകരിക്കുന്നു. പക്ഷേ ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്ത പ്രസംഗമാണിത്. ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗിനെ ആരും ചോദ്യം ചെയ്യാൻ പാടില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. റൂളിംഗിനെ ചോദ്യം ചെയ്ത തിന്റെ പേരിൽ രണ്ട് എം.എൽ.എ.-മാരെ സസ്പെൻഡ് ചെയ്ത സഭയാണിത്. ചെയറിന്റെ റൂളിംഗിനെ ചോദ്യം ചെയ്ത ഗവൺമെന്റ് ചീഫ് വിപ്പിനെ നിയമസഭയിൽ നിന്ന് സസ്പെൻഡ് ചെയ്യാൻ ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകണം. ബഹുമാനപ്പെട്ട സഭാനേതാവ് ചീഫ് വിപ്പിന്റെ പരസ്യമായ നിലപാട് തെറ്റാണെന്ന് പറഞ്ഞുകഴിഞ്ഞു. സഭാനേതാവ് തന്നെ ഗവൺമെന്റ് ചീഫ് വിപ്പിന്റെ ഈ പ്രസ്താവന തള്ളിപ്പറഞ്ഞു. സ്പീക്കറെ ധിക്കരിച്ചു കൊണ്ട് റൂളിംഗിന് വിരുദ്ധമായി പ്രസംഗിച്ചത് തെറ്റാണെന്ന് പറഞ്ഞ സാഹചര്യത്തിൽ, പ്രതിപക്ഷ എം.എൽ.എ.-മാർക്ക് ഒരു നിയമവും ഭരണ പക്ഷത്തുള്ളവർക്ക് മറ്റൊരു നിയമവുമാകുന്നത് ശരിയല്ല. രണ്ടുകൂട്ടരോടും ഒരേ രീതിയിലുള്ള സമീപനമെടുക്കണം. സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്താൽ നിയമസഭാ ചട്ടം അനുസരിച്ച് സ്പീക്കർക്ക് തന്നെ നടപടിയെടു ക്കാം. ഗവൺമെന്റ് ചീഫ് വിപ്പ് ആയതുകൊണ്ടാണോ അങ്ങ് നടപടിയെടുക്കാ ത്തത്? കഴിഞ്ഞ ദിവസം ഈ വിഷയത്തിൽ ഞങ്ങൾ അടിയന്തര പ്രമേയം ഉന്നയിച്ചു എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഞങ്ങൾ അടിയന്തര പ്രമേയം ഉന്നയിച്ചിട്ടില്ല. അന്നത്തെ ദിവസം പ്രതിപക്ഷ നേതാവിനെതിരായി ശ്രീ. കെ. ബി. ഗണേഷ് കുമാർ നടത്തിയിട്ടുള്ള പ്രശ്നത്തെ അടിസ്ഥാന മാക്കി ചോദ്യോത്തരവേളയിൽ ആ പ്രശ്നം ഉന്നയിക്കുകയാണ് ചെയ്തത്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചു, മാപ്പു പറഞ്ഞു, അത് നല്ല കാര്യം. ഞങ്ങൾ അത് അംഗീകരിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഖേദം പ്രകടിപ്പിച്ചതിനുശേഷം പുറത്ത് ഒരു പത്രസമ്മേളനം നടത്തി ഗവൺമെന്റ് ചീഫ് വിപ്പ് പറയുകയാണ്, 'ശ്രീ. വി. എസ്. അച്ചുതാനന്ദന്

LIBRARY ARCHIVES Kerala Legislative Assembly

35 വയസ്സായിരുന്നുവെങ്കിൽ ഈ പറഞ്ഞതൊക്കെ ശരിയാണെന്ന്. അതിനോട് ഗവൺമെന്റ് യോജിക്കുന്നുണ്ടോ? മുഖ്യമന്ത്രി പറയുന്നതിന് വിരുദ്ധമായി ഗവൺമെന്റ് ചീഫ് വിപ്പ് പറയുന്നു. ശ്രീ. കെ. ബി. ഗണേഷ് കുമാർ, നിരുപാധികമായിട്ടല്ല, കണ്ടീഷണലായി ഖേദപ്രകടനം നടത്തുന്നു. മുഖ്യമന്ത്രിയുടെ നിലപാടിന് വിരുദ്ധമായി പ്രവർത്തിക്കുന്ന മന്ത്രിയും ചീഫ് വിപ്പും മന്ത്രിസഭയിൽ തുടരുന്നു. സ്പീക്കറുടെ റൂളിംഗിനെ തിരായി പ്രസംഗിക്കുന്ന ചീഫ് വിപ്പ് ആ സ്ഥാനത്തുതന്നെ തുടരുന്നു. ഇതെല്ലാം ഗൗരവമായ പ്രശ്നങ്ങളല്ലേ? പത്തനാപുരത്ത് ഇവർ നടത്തിയ പ്രസംഗങ്ങൾ ഓരോന്നും ആവർത്തിക്കാൻ എന്റെ നാക്ക് അനുവദിക്കുന്നില്ല. അതൊന്നും ഞാൻ ഇവിടെ പറയുന്നില്ല. ശ്രീമതി പി. അയിഷാ പോറ്റിയെക്കുറിച്ച് എന്താണ് പറഞ്ഞത്? ഒരു വനിതാ എം.എൽ.എ.-യെക്കുറിച്ച് പറയാൻ പാടുള്ള കാര്യങ്ങളാണോ പറഞ്ഞത്; എം.എൽ.എ.-മാർ പ്രയോഗിക്കേണ്ട ഭാഷ ഇതാണോ? മന്ത്രി പദവി ഉപയോഗിച്ച് ചെയ്യുന്ന അതിക്രമമാണിത്. സർക്കാർ കാറിൽ പോലീസ് അകമ്പടിയോടുകൂടി പോയി നിയമവിരുദ്ധമായ പ്രസംഗം നടത്തിയാൽ അതൊക്കെ അനുവദിച്ചുകൊടുക്കുമെന്നത് ഗവൺമെന്റ് ഒരു നയമായി സ്വീകരിച്ചാൽ ഇനിയും ഇത്തരം കാര്യങ്ങൾ ഇവിടെ ആവർത്തിച്ചുകൊണ്ടിരിക്കുമെന്നതിൽ സംശയമില്ല. ആർക്കും ഇവരെ നിയന്ത്രിക്കാൻ സാധിക്കാത്ത സ്ഥിതി വരും. കെ.പി.സി.സി പ്രസിഡന്റും യു.ഡി.എഫ് കൺവീനറും ഇതിനെതിരെ പ്രതികരിച്ചു. പക്ഷേ ആര് പറഞ്ഞാലെന്താണ്? ഇത് തുടർന്നുകൊണ്ടിരിക്കും. കാരണം, മുഖ്യമന്ത്രിക്ക് പറയാൻ സാധിക്കാത്തത് ശ്രീ. പി. സി. ജോർജ് പറയും. അതുകൊണ്ട് ശ്രീ. പി. സി. ജോർജിനെ ഒഴിവാക്കാൻ അദ്ദേഹത്തിന് സാധിക്കില്ല. ശ്രീ. സുകുമാർ അഴീക്കോടിനെ സംസ്ക്കാരമില്ലാത്ത ആളെന്ന് പറഞ്ഞ് മിനിഞ്ഞാന്ന് അപമാനിച്ചു. ഇതൊക്കെ ഈ ഗവൺമെന്റിന്റെ നയമാണോ? സർക്കാരിന്റെ വക്താവാണ് ഗവൺമെന്റ് ചീഫ് വിപ്പ്. അങ്ങനെയുള്ള സർക്കാർ വക്താവ് ഇത്തരത്തിൽ പറഞ്ഞാൽ അതിനെതിരായി കേസ്സെടുക്കില്ലെന്ന് പറഞ്ഞാൽ നിയമവാഴ്ചയില്ലാത്ത ഒരു സംസ്ഥാനമായി കേരളം മാറുകയല്ലേ? അബോധാവസ്ഥയിൽപ്പോലും ഒരു രാഷ്ട്രീയ നേതാവ് പറയാൻ പാടില്ലാത്ത അഭിപ്രായം മന്ത്രിയും മന്ത്രിപദവിയുള്ള ആളും പറഞ്ഞാൽ അതിനെതിരെ കേസെടുക്കാതിരുന്നാൽ ഈ സംസ്ഥാനം എവിടെ ചെന്നെത്തും?

10.00 A.M.]

മി. സ്പീക്കർ : ശ്രീ. കോടിയേരി ബാലകൃഷ്ണൻ, 17 മിനിട്ടായി. അങ്ങ് വിഷയത്തിലേക്ക് വരൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കഴിഞ്ഞ ദിവസം ശ്രീ. കെ. ബി. ഗണേഷ് കുമാർ നടത്തിയ പ്രസംഗത്തിൽ, വാളകത്ത് അദ്ധ്യാപകൻ കൃഷ്ണകുമാറിനെ കൈകാര്യം ചെയ്തതുപോലെ എന്നൊരു പ്രയോഗം നടത്തി. ആ പ്രസ്താവന വച്ച് നോക്കുമ്പോൾ കൃഷ്ണകുമാർ സംഭവം ശ്രീ. കെ. ബി. ഗണേഷ്കുമാറിനറിയാം. അദ്ദേഹത്തെ പോലീസ് ചോദ്യം ചെയ്തിട്ടുണ്ടോ? മുഖ്യമന്ത്രി വാളകം സംഭവത്തെക്കുറിച്ച്

പറഞ്ഞില്ല. വാളകം സംഭവത്തിന്റെ പേരിൽ മന്ത്രിക്കെതിരായി കേസെടുത്തിട്ടുണ്ടോ; അതിനെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ?

മി. സ്പീക്കർ: വാളകം സംഭവം എത്രയോ പ്രാവശ്യം ചർച്ച ചെയ്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ ഇവിടെ കുറേ കാര്യങ്ങൾ പറഞ്ഞു, ഇവിടെ പറയാത്ത കാര്യം സഭയ്ക്ക് പുറത്തുപോയി മന്ത്രി പറയുന്നു. മന്ത്രി പറയുന്നത്, കൃഷ്ണകുമാറിനെ കൈകാര്യം ചെയ്തതാണെന്ന് അദ്ദേഹത്തിനറിയാമെന്നാണ്. അങ്ങനെ അറിയാമെങ്കിൽ പോലീസിനോട് പറഞ്ഞ് കൈകാര്യം ചെയ്തവരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരണം. അതിനെക്കുറിച്ച് മുഖ്യമന്ത്രി, മന്ത്രിയോട് ചോദിച്ചോ? അക്രമം നടന്നിട്ട് അതെല്ലാം അറിയാവുന്ന ആൾ കാര്യങ്ങൾ മൂടിവച്ചാൽ അത് കുറ്റകരമാണ്. സർക്കാർ നയത്തെ തള്ളിപ്പറഞ്ഞ മന്ത്രിക്കെതിരായി, ഗവൺമെന്റ് ചീഫ് വിപ്പിനെതിരായി കേസെടുക്കണം. അവരെ തൽസ്ഥാനത്തുനിന്ന് ഒഴിവാക്കണം. പ്രകോപനപരമായ പ്രസംഗം നടത്തിയാൽ ആർക്കെതിരായും കേസെടുക്കും. പ്രകോപനപരമായ പ്രസംഗങ്ങൾ കേരളത്തിൽ സംഘർഷാവസ്ഥ സൃഷ്ടിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ രണ്ടുപേരെയും തൽസ്ഥാനത്തുനിന്ന് മാറ്റണം, ഇവർക്കെതിരായി നിയമാനുസൃതമായി കേസെടുക്കണം. നിയമസഭാംഗങ്ങളുടെ പെരുമാറ്റ ചട്ടം, വകുപ്പ് 50 പ്രകാരം അങ്ങ് സ്വീകരിക്കേണ്ട കാര്യങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ചെയറിനെ ഞാൻ ഓർമ്മിപ്പിക്കുകയാണ്, ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരായി നടപടിയെടുക്കാൻ അങ്ങേക്കും അധികാരമുണ്ട്. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് നിലപാടാണ് ഞങ്ങൾക്ക് അറിയേണ്ടത്. ഇതെല്ലാം മൂടിവച്ച് ഒരു കേസുമെടുക്കാതെ, മന്ത്രിമാർക്ക് എന്ത് കുറ്റവും ചെയ്യാം, മന്ത്രിപദവിയുള്ളവർക്ക് എന്തും ചെയ്യാം എന്ന നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മന്ത്രിപദവി പി. സി. ജോർജിന്റെ തലയ്ക്ക് പിടിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി എന്തും പ്രവർത്തിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ എത്തിയിരിക്കുകയാണ്. ഇതൊക്കെ ചോദ്യം ചെയ്യാതെ, നിയമവാഴ്ചയില്ലാത്ത സംസ്ഥാനമായി കേരളം മാറുന്നത് നിയമനിർമ്മാണസഭയിലെ അംഗങ്ങളായ ഞങ്ങൾക്ക് നോക്കിനിൽക്കാൻ കഴിയില്ല. അതുകൊണ്ട് ഈ അടിയന്തര പ്രമേയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ പ്രശ്നങ്ങൾ ഗൗരവമായിട്ടെടുക്കുന്നുണ്ടെങ്കിൽ ചർച്ചയ്ക്കുള്ള അവസരമുണ്ടാക്കണമെന്നാണ് ഒരിക്കൽകൂടി ഓർമ്മിപ്പിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഗവൺമെന്റിന്റെ നിലപാട് ഞാൻ വ്യക്തമാക്കി. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ തന്ന നോട്ടീസിൽ ശ്രീ. എ. കെ. ബാലനെ അപമാനിച്ച കാര്യത്തിനാണ് കൂടുതൽ പ്രാധാന്യം കൊടുത്തിരുന്നത്. രണ്ട് കാര്യങ്ങളിലുമുള്ള ഗവൺമെന്റിന്റെ ലിമിറ്റേഷൻസ് ഞാൻ പറഞ്ഞു. ഒരു കാര്യത്തെക്കുറിച്ച് അങ്ങ് ശബ്ദിച്ചിട്ടില്ല. പട്ടികജാതിയെന്ന് പറയുന്നത് ജാതിപ്പേരായി കണക്കാക്കിയിട്ടില്ല. പട്ടികജാതിക്കാരനായ ബാലൻ എന്നുപറഞ്ഞുവെന്ന് മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപത്തിൽ പറയുന്നുള്ളൂ. അപ്പോൾ ജാതിപ്പേര് വിളിച്ച് അപമാനിച്ചുവെന്നതിന് നടപടിയെടുക്കാനുള്ള പ്രായോഗികവും നിയമപരവുമായ തടസ്സമാണ് ഞാൻ പറഞ്ഞത്. അത് വളരെ വ്യക്തമാണ്.

രണ്ടാമത്തെ കാര്യം, E.K. Naynar Vs Dr. M. A. Kuttappan കേസ് കാലഹരണപ്പെട്ടുപോയി എന്ന് അങ്ങ് പറഞ്ഞു. 2011 കാലഹരണപ്പെട്ടില്ലല്ലോ? 2011-ൽ സുപ്രീംകോടതി E.K. Naynar Vs Dr. M. A. Kuttappan കേസ്സിൽ വിധി പുറപ്പെടുവിച്ചുകൊണ്ട് അതിനെ അംഗീകരിച്ചിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇ. കെ. നായനാർ പ്രസംഗിക്കുന്ന കാലത്ത് ടെലിവിഷനൊന്നുമില്ല. ശ്രീ. പി. സി. ജോർജ്, ശ്രീ. എ. കെ. ബാലനെ അപമാനിക്കുന്ന പ്രസംഗം ടെലിവിഷനിലൂടെ വ്യക്തമായി അദ്ദേഹം കേൾക്കുകയാണ്. മുഖ്യമന്ത്രി പറയുന്ന രീതിയനുസരിച്ചാണെങ്കിൽ കാണുന്നവരെയൊക്കെ നീ പട്ടികജാതിക്കാരനാണെന്ന് എനിക്ക് പറയാൻ പാടുണ്ടോ? മുഖ്യമന്ത്രിയുടെ ഇന്നത്തെ പ്രസ്താവന വച്ചുനോക്കിയാൽ പട്ടികജാതിക്കാരായ ആളുകളൊക്കെ നടന്നുപോകുമ്പോൾ അവരെ വിളിച്ച് നീ പട്ടികജാതിക്കാരനാണെന്നു പറയാമെന്ന ഒരവസ്ഥ ഉണ്ടാക്കും. പട്ടികജാതിക്കാരെയൊക്കെ 'എടാ പൊട്ടാ' എന്ന് വിളിക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ശ്രീ. എം. എ. കുട്ടപ്പൻ കേസ്സിൽ ഇ. കെ. നായനാരെ കുറ്റവിമുക്തനാക്കിക്കൊണ്ട് ഹൈക്കോടതി വളരെ വ്യക്തമായി പറഞ്ഞിരിക്കുകയാണ്. As stated by me earlier, the words used in sub-section (x) are not in public place. But within public view, which means the public must view the person being insulted for which he must be present and no offence on the allegations under the said section gets attracted. In my view, the entire allegations contained in the complaint even if taken to be true do not make out any offence against the petitioner. 2011-ൽ ഈ വിധി അംഗീകരിച്ചിരിക്കുകയാണ്. 2011-ൽ വിഷ്വൽ മീഡിയ ഉണ്ട്. ....(ബഹളം)...... ഞാൻ ന്യായീകരിക്കുകയല്ല, കേസെടുക്കാനുള്ള ബുദ്ധിമുട്ട് പറയുകയാണ്. നിയമപരമായിട്ടല്ലാതെ ഗവൺമെന്റിന് പ്രവർത്തിക്കാൻ സാധിക്കുമോ? തെറ്റ് എവിടെയുണ്ടെങ്കിലും തുറന്ന് സമ്മതിക്കാൻ തയ്യാറാണ്. ഇവിടെ ആരെയും ന്യായീകരിക്കുന്നില്ല. പക്ഷേ ഗവൺമെന്റിന് നിയമപരമായി മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. 2011-ലെ വിധിയിൽ, വിഷ്വൽ മീഡിയ വന്നതുകൊണ്ട് ഈ വിധി ഞങ്ങൾ മാറ്റിയിരിക്കുന്നുവെന്ന് പറഞ്ഞില്ല. അന്നത്തെ വിധിയെ അംഗീകരിച്ചുകൊണ്ടുള്ളതാണ് ഇപ്പോൾ വന്നിട്ടുള്ളത്. നിയമപരമായിട്ടുള്ള പരിമിതികളും പ്രയാസങ്ങളുമുണ്ട്. ശ്രീ. എ. കെ. ബാലനോട് ഞങ്ങൾക്കൊക്കെ സ്നേഹമുണ്ട്, നല്ലൊരു നിയമസഭാ സാമാജികനാണ്, നല്ല മന്ത്രിയായിരുന്നയാളാണ്. വളരെ നല്ല അഭിപ്രായമാണ് അദ്ദേഹത്തെക്കുറിച്ചുള്ളത്. പക്ഷേ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ഞങ്ങളുടെ നേരെ വിരൽ ചൂണ്ടുമ്പോൾ നാല് വിരൽ നിങ്ങളുടെ നേരെയാണെന്ന് ഓർക്കണം. നിങ്ങൾ ആരെയൊക്കെ എന്തെല്ലാം പറഞ്ഞ് അപമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആ നാലു വിരൽ ഞങ്ങൾക്കു നേരെ ചൂണ്ടാനുള്ള അവസരം ഞങ്ങൾ ചെയ്തുതരാം. സഭ നിർത്തി വച്ച് ചർച്ച ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഏത് കാര്യം ചർച്ച ചെയ്യുന്നതിനും ഗവൺമെന്റിന് വൈമനസ്യമില്ല. ഇന്ന് ഉച്ചകഴിഞ്ഞുകൂടി ഇരിക്കത്തക്കവിധത്തിൽ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യുന്നതിന് പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. അല്ലാതെ ഏത് കാര്യം ചർച്ച ചെയ്യുന്നതിനും ഗവൺമെന്റിന് മടിയില്ല. ഗവൺമെന്റിന് മറച്ചുവയ്ക്കാൻ യാതൊന്നുമില്ല. പക്ഷേ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. ഇവിടെ ശ്രീ. പി. സി. ജോർജിന്റെ പരാമർശത്തെ ഞങ്ങളാരും ന്യായീകരിച്ചിട്ടില്ല. പക്ഷേ നിങ്ങൾ ഇത്രയധികം കാര്യങ്ങൾ പറയുമ്പോൾ, കേരളത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ ബഹുമാനിക്കുന്ന, ആദരിക്കുന്ന എത്ര പേർക്കെതിരെ എന്തെല്ലാം പദപ്രയോഗങ്ങൾ നിങ്ങൾ നടത്തിയിട്ടുണ്ട്? ഒരു പദപ്രയോഗം പോലും നിങ്ങൾ പിൻവലിക്കുകയോ ഒരു കാര്യത്തിൽപ്പോലും മാപ്പു പറയുകയോ ഖേദം പ്രകടിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ? ശ്രീ. എ. പി. ജെ. അബ്ദുൾ കലാമിനെക്കുറിച്ച് നിങ്ങൾ എന്താണ് പറഞ്ഞത്; സ്വന്തം മന്ത്രിസഭയിലെ അംഗത്തെക്കുറിച്ച് എന്തു പറഞ്ഞു? തെറ്റു കാണിച്ചവരെ ഞങ്ങൾ ന്യായീകരിക്കുകയല്ല. വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് തുറന്നു പറഞ്ഞ് സംസാരിക്കുമ്പോൾപ്പോലും നിങ്ങൾ കടന്നാക്രമിക്കാനാണ് ശ്രമിക്കുന്നത്. സ്വന്തം കണ്ണിൽ കോലിരിക്കുമ്പോൾ മറ്റുള്ളവരുടെ കണ്ണിലെ കരടെടുക്കാൻ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശ്രമിക്കുന്നത് ശരിയല്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന അഭിപ്രായമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു. ........ ( ബഹളം)..............

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ് അച്ചുതാനന്ദൻ): സർ, ഇവിടെ ശ്രീ. എ. കെ. ബാലനെ സംബന്ധിച്ച്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാക്കുകളിൽ ബഹുമാനവും സ്നേഹവുമെല്ലാം നിറഞ്ഞുതുളുമ്പുന്ന തരത്തിൽ പറഞ്ഞുവെങ്കിലും ശ്രീ. എ. കെ. ബാലനെ പട്ടികജാതിക്കാരൻ എന്നുവിളിച്ചത് ദൂരെ വച്ചായിരുന്നു, ശ്രീ. ബാലന്റെ സാന്നിധ്യത്തിലല്ല, കേട്ടില്ല എന്നൊക്കെ പറഞ്ഞ് ശ്രീ. പി. സി. ജോർജിനെ ന്യായീകരിക്കുകയാണ് ചെയ്തത്. ജോർജ് എന്നുള്ളതിലെ 'ജോ' എന്നു കേൾക്കുമ്പോൾത്തന്നെ മുഖ്യമന്ത്രി ഭയന്നു വിറയ്ക്കുന്ന തരത്തിലുള്ള മനോഭാവമാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. അതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. മന്ത്രിസഭയുടെ ഇപ്പോഴത്തെ സ്ഥിതി വച്ചുനോക്കുന്നതുകൊണ്ടായിരിക്കാം. ഏതായാലും എന്റെ സ്നേഹിതൻ ശ്രീ. ഉമ്മൻ ചാണ്ടിയുടെ വിശദീകരണം വളരെ കഷ്ടമായിപ്പോയി,

10.10. A.M.]

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ജനങ്ങൾക്ക് ഈ വിശദീകരണം ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുന്നതല്ല. ആ നിലയിൽ ശ്രീ. പി. സി ജോർജിനെ ന്യായീകരിച്ചതും അദ്ദേഹം എടുത്ത നടപടികളോരോന്നും വിശദീകരിച്ചതും ഇ. കെ. നായനാരുടെ കാലത്ത് ഡോ. എം. എ. കുട്ടപ്പന്റെ കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിച്ചതും ഒക്കെ താരതമ്യപ്പെടുത്തുമ്പോൾ വളരെ ലളിതമാണ് ശ്രീ. പി. സി. ജോർജിന്റെ പരാമർശമെന്ന് ന്യായീകരിക്കാനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചത്. ഇത് സംബന്ധിച്ചുള്ള ഭരണഘടനാ നിർദ്ദേശങ്ങൾ ഇവിടെ വായിച്ചുതന്നെയാണ് സഖാവ് കോടിയേരി ബാലകൃഷ്ണനും അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. അത് ആവർത്തിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ഗവൺമെന്റിന്റെ ഈ പ്രശ്നത്തിന്മേലുള്ള വ്യത്യസ്തമായ സമീപനത്തോട് യാതൊരു തരത്തിലും ഞങ്ങൾക്ക് യോജിക്കാൻ കഴിയില്ല. പട്ടികജാതിക്കാരൻ എന്നുവിളിച്ച് ആക്ഷേപിക്കുക എന്നുപറയുന്നതുതന്നെ സമുദായത്തിലെ കുറഞ്ഞവൻ എന്നുള്ള നിലയിലാണ്. ആ പരാമർശം പിന്നീട് 'എടാ പൊട്ടാ' എന്നുള്ള നിലയിലാണ്. മി. ജോർജ് കുട്ടപ്പാ എന്ന് പറഞ്ഞ് വിളിക്കുന്നതുപോലെയാണ് 'എടാ പൊട്ടാ' എന്ന് വിളിക്കുന്നത്. അപ്പോൾ പട്ടികജാതിക്കാരനും പൊട്ടനുമാണ് എന്നുള്ള അടിസ്ഥാനത്തിലാണ് മി. ജോർജ് പറയുന്നത്. എന്റെ വീട്ടിൽ ജോലിക്ക് നിർത്തിയിരിക്കുന്നത് പട്ടികജാതിക്കാരെയാണ് എന്നും പറയുകയാണ്. അവരെല്ലാം ശ്രീ. ജോർജ്ജിനെ തമ്പ്രാൻ എന്നാണോ വിളിക്കുന്നത് എന്നൊന്നും നമുക്കറിയില്ല. ഏതായാലും അങ്ങനെയുള്ളവരേയേ നിർത്തൂ എന്നാണല്ലോ മി. ജോർജിന്റെ പരാമർശങ്ങളിലെല്ലാം കാണുന്നത്. അത്തരത്തിലുള്ള ശ്രീ. പി. സി. ജോർജിന്റെ പരാമർശങ്ങൾ നമ്മളെല്ലാം കേട്ടതാണ്, അത് ഒരാളിന്റെ മുന്നിൽവെച്ച് പറഞ്ഞില്ലാ എന്നതുകൊണ്ട് ന്യായീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രമിച്ചത് വളരെ കഷ്ടമായിപ്പോയി. സഭയേയും പ്രതിപക്ഷത്തേയും ശ്രീ. എ. കെ. ബാലനേയും അവഹേളിച്ചതിൽ നിന്ന് തടിതപ്പാൻ വേണ്ടി മുഖ്യമന്ത്രി നടത്തിയ ഒരു ന്യായീകരണമായിട്ടല്ലാതെ ഇതിനെ കാണാൻ കഴിയില്ല. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. നിർത്തി വയ്ക്കണ്ട, സഭ നടക്കട്ടെ, ചർച്ച ചെയ്യട്ടെ എന്നു പറഞ്ഞാൽ ഇതെല്ലാം സംബന്ധിച്ചുള്ള വിശദമായ ന്യായീകരണങ്ങൾ പ്രതിപക്ഷത്തുനിന്നും അതിനെ എതിർക്കുന്ന ന്യായീകരണങ്ങൾ ഭരണപക്ഷത്തുനിന്നും നമുക്ക് കേൾക്കാം. അതെല്ലാം കേട്ടിട്ട് ബഹുമാനപ്പെട്ട സ്പീക്കർ അത് സംബന്ധിച്ച് ഒരു നിലപാടെടുക്കട്ടെ. അദ്ദേഹത്തിനും ഇത് സംബന്ധിച്ച് നിലപാടെടുക്കാനുള്ള അർഹതയുണ്ട്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും ഇത് സംബന്ധിച്ച് ഒരു പരാമർശവും കേട്ടില്ല. മുഖ്യമന്ത്രിയുടെ വിശദീകരണം യാതൊരുതരത്തിലും തൃപ്തികരമല്ല എന്നുള്ളതുകൊണ്ട് ഞങ്ങളുടെ സീറ്റിലിരുന്നു കൊണ്ടുതന്നെ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. .....(ബഹളം).......

മി. സ്പീക്കർ: പ്ലീസ് ...... പ്ലീസ്........ ഞാനൊന്ന് പറയട്ടെ....

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിലിരുന്ന് മുദ്രാവാക്യങ്ങൾ മുഴക്കിക്കൊണ്ടിരുന്നു.)



LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: സഭാ നടപടികൾ അല്പനേരം നിർത്തിവയ്ക്കുന്നു. 11.00 മണിക്ക് വീണ്ടും ചേരുന്നതാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭാനടപടികൾ രാവിലെ 10.20-ന് നിർത്തിവച്ചു)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.20-ന് നിർത്തിവച്ച സഭ 11.10-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു.)

## V. അറിയിപ്പ്

മി. സ്പീക്കർ: ഓർഡർ...........ഓർഡർ........ സഭാനടപടികൾ നടത്തിക്കൊണ്ടുപോകണമെന്നത് നിങ്ങൾക്കെല്ലാപേർക്കും അറിയാവുന്ന
11.10. A.M.] കാര്യമാണ്. നമ്മുടെ നാടിന്റേയും ജനങ്ങളുടേയും വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമായ ചർച്ച നടത്തേണ്ട വേദിയായ നിയമസഭയിൽ പലപ്പോഴും അതിന് കഴിയാതെ വരുന്നത് ദു:ഖകരമാണ്. നിങ്ങളും അതിൽ പങ്കാളിയാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. റീ-ഷെഡ്യൂൾ ചെയ്തപ്രകാരം നാളെ ഈ സമ്മേളനം അവസാനിക്കേണ്ടതാണ്. അതിനിടയിൽ ധാരാളം വിഷയങ്ങൾ അജണ്ടയിൽ ചേർത്തിട്ടുണ്ട്. അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ടു നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും മറ്റ് നേതാക്കന്മാരും ചില കാര്യം ഉന്നയിച്ചു. ആ വിഷയവുമായി ബന്ധപ്പെട്ട് ഇരു വിഭാഗങ്ങളുമായും ചെയർ ദീർഘനേരം ചർച്ച ചെയ്തെങ്കിലും ഒരു മീറ്റിംഗ് പോയിന്റിൽ എത്തിച്ചേരാൻ കഴിഞ്ഞില്ലെന്നുള്ള വിവരം സഭയെ അറിയിക്കുകയാണ്. തുടർന്നുള്ള ബിസ്സിനസ്സിലേക്ക് കടക്കാനും പൂർത്തീകരിക്കാനും എല്ലാവരും സഹകരിക്കണമെന്ന് വീണ്ടും അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ ഒരു മീറ്റിംഗ് പോയിന്റിൽ എത്താൻ കഴിയാതെവന്ന കാര്യം ഇവിടെ പ്രസ്താവിച്ചത് മനസ്സിലായി. ശ്രീ. പി. സി. ജോർജ് പറഞ്ഞിട്ടുള്ളത് നിരുപാധികം പിൻവലിക്കാൻ അദ്ദേഹം തയ്യാറല്ല; ശ്രീ. പി. സി. ജോർജിനെ അനുകൂലിച്ചുകൊണ്ട് ഭരണകക്ഷിയും അതിന് തയ്യാറില്ലെന്നുള്ള നിലപാടെടുത്തത് യാതൊരു കാരണവശാലും അംഗീകരിക്കാൻ ഞങ്ങൾക്കും സാധ്യമല്ല എന്നുള്ള വിവരം അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് അറിയിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങൾ ഉന്നയിച്ചിട്ടുള്ള വിഷയം സീരിയസ്സാണ്. ..............(മൈക്ക് ഓഫ്)..................

മി. സ്പീക്കർ: അത് ചെയർ പറഞ്ഞുകഴിഞ്ഞു. .... (ബഹളം) ..... പ്ലീസ് ....... ശ്രദ്ധക്ഷണിക്കലും സബ്മിഷനും മാറ്റിവയ്ക്കുന്നു. .....(ബഹളം) ........

LIBRARY ARCHIVES Kerala Legislative Assembly

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സീറ്റ് വിട്ട് വെല്ലിനടുത്തുവന്ന് കൂട്ടംകൂടി നിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ശ്രദ്ധക്ഷണിക്കലും സബ്മിഷനും സസ്പെൻഡ് ചെയ്തതായി അറിയിച്ചശേഷം ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിയിലേക്ക് കടന്നു)

## VI. മേശപ്പുറത്തുവച്ച കടലാസുകൾ

**അജണ്ടയിലെ മൂന്നാമത്തെ ഇനമായി സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകളുടെ പട്ടിക**

**I.** മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യവിവരപ്പട്ടികയിലെ 3(1) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. സ.ഉ. (അച്ചടിച്ചത്) നമ്പർ 16/2011/ഉ.ഭ.പ.വ. തീയതി, 17-6-2011 (എസ്.ആർ.ഒ നമ്പർ 373/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
2. സ.ഉ. (അച്ചടിച്ചത്) നമ്പർ 17/2011/ഉ.ഭ.പ.വ. തീയതി, 17-6-2011 (എസ്.ആർ.ഒ നമ്പർ 374/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
3. സ.ഉ. (അച്ചടിച്ചത്) നമ്പർ 18/2011/ഉ.ഭ.പ.വ. തീയതി, 17-6-2011 (എസ്.ആർ.ഒ നമ്പർ 375/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
4. ജി.ഒ. (ആർ.ടി.) നമ്പർ 1738/2011/ഹോം. തീയതി, 13-6-2011 (എസ്.ആർ.ഒ നമ്പർ 394/2011, 395/2011, 396/2011, 397/2011, 398/2011, 399/2011, 400/2011, 401/2011, 402/2011, 403/2011, 404/2011, 405/2011, 406/2011, 407/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
5. ജി.ഒ. (ആർ.ടി) നമ്പർ 134/2011/ഹോം. തീയതി, 23-6-2011 (എസ്.ആർ.ഒ. നമ്പർ 409/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം
6. ജി.ഒ. (ആർ.ടി) നമ്പർ 2754/2011/ഹോം. തീയതി, 13-9-2011 (എസ്.ആർ.ഒ. നമ്പർ 626/2011)
7. ജി.ഒ. (ആർ.ടി) നമ്പർ 2815/2011/ഹോം. തീയതി, 20-9-2011 (എസ്.ആർ.ഒ. നമ്പർ 627/2011)
8. ജി.ഒ. (ആർ.ടി) നമ്പർ 2887/2011/ഹോം. തീയതി, 27-9-2011 (എസ്.ആർ.ഒ. നമ്പർ 628/2011)

LIBRARY ARCHIVES Kerala Legislative Assembly

9. ജി.ഒ. (ആർ.ടി) നമ്പർ 2947/2011/ഹോം. തീയതി, 3-10-2011 (എസ്.ആർ.ഒ. നമ്പർ 640/2011, 641/2011)

10. ജി.ഒ. (ആർ.ടി) നമ്പർ 2927/2011/ഹോം. തീയതി, 1-10-2011 (എസ്.ആർ.ഒ. നമ്പർ 642/2011)

11. ജി.ഒ. (എംഎസ്.) നമ്പർ 212/2011/ഹോം. തീയതി, 4-10-2011 (എസ്.ആർ.ഒ. നമ്പർ 650/2011)

12. ജി.ഒ. (എംഎസ്.) നമ്പർ 223/2011/ഹോം. തീയതി, 15-10-2011 (എസ്.ആർ.ഒ. നമ്പർ 658/2011)

13. ജി.ഒ. (എംഎസ്.) നമ്പർ 228/2011/ഹോം. തീയതി, 17-10-2011 (എസ്.ആർ.ഒ. നമ്പർ 661/2011)

14. ജി.ഒ. (പി) നമ്പർ 226/2011/ഹോം. തീയതി, 17-10-2011 (എസ്.ആർ.ഒ. നമ്പർ 667/2011)

15. ജി.ഒ. (ആർ.ടി) നമ്പർ 3055/2011/ഹോം. തീയതി, 15-10-2011 (എസ്.ആർ.ഒ. നമ്പർ 668/2011)

16. ജി.ഒ. (ആർ.ടി) നമ്പർ 3094/2011/ഹോം. തീയതി, 17-10-2011 (എസ്.ആർ.ഒ. നമ്പർ 669/2011)

17. അക്കാദമി ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ അഡ്മിനിസ്ട്രേഷന്റെ 2009-10-ലെ ഭരണ, ഓഡിറ്റ് റിപ്പോർട്ട്, വാർഷിക കണക്കുകൾ എന്നിവ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കാര്യവിവരപ്പട്ടികയിലെ 3(2) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. നോട്ടിഫിക്കേഷൻ നമ്പർ 1/1/കെ.ഇ.ആർ.സി-2005/VIII തീയതി, 14-12-2005 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. നോട്ടിഫിക്കേഷൻ നമ്പർ 1/1/കെ.ഇ.ആർ.സി-2005/IV തീയതി, 14-12-2005 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

3. നോട്ടിഫിക്കേഷൻ നമ്പർ 1/1/കെ.ഇ.ആർ.സി-2006/IX തീയതി, 13-1-2006 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

LIBRARY ARCHIVES Kerala Legislative Assembly

4. നോട്ടിഫിക്കേഷൻ നമ്പർ 1/1/കെ.ഇ.ആർ.സി-2006/X

തീയതി, 29-6-2007 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

5. നോട്ടിഫിക്കേഷൻ നമ്പർ 1/1/കെ. എസ്. ഇ. ആർ. സി-2006

തീയതി, 6-8-2007 ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

6. പ്രഖ്യാപനം നമ്പർ 11590/എ2/2011/ഗതാഗതം

തീയതി: 17-9-2011 (എസ്.ആർ.ഒ. നമ്പർ 589/2011)

**III.** എക്സൈസും തുറമുഖവും വകുപ്പു മന്ത്രി (ശ്രീ. കെ. ബാബു): സർ, കാര്യവിവരപ്പട്ടികയിലെ 3(3) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 147/2011/റ്റി.ഡി. തീയതി, 11-10-2011

(എസ്.ആർ.ഒ. നമ്പർ 647/2011)

2. ജി.ഒ. (പി) നമ്പർ 148/2011/റ്റി.ഡി. തീയതി, 11-10-2011

(എസ്.ആർ.ഒ. നമ്പർ 648/2011)

**IV.** സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, കാര്യവിവരപ്പട്ടികയിലെ 3 (4) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി. ഒ. (പി) നമ്പർ 96/2011/കോ-ഓപ്. തീയതി : 27-6-2011

(എസ്.ആർ.ഒ. നമ്പർ 435/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. ജി.ഒ. (പി) നമ്പർ 127/2011/കോ-ഓപ്. തീയതി, 3-9-2011

(എസ്.ആർ.ഒ. നമ്പർ 575/2011)

3. ജി.ഒ. (പി) നമ്പർ 106/2011/കോ-ഓപ്. തീയതി, 10-8-2011

(എസ്.ആർ.ഒ. നമ്പർ 585/2011)

4. ജി.ഒ. (പി) നമ്പർ 129/2011/കോ-ഓപ്. തീയതി, 6-9-2011

(എസ്.ആർ.ഒ. നമ്പർ 606/2011)

5. ജി.ഒ. (പി) നമ്പർ 135/2011/കോ-ഓപ്. തീയതി, 21-9-2011

(എസ്.ആർ.ഒ. നമ്പർ 615/2011)

6. ജി.ഒ. (പി) നമ്പർ 136/2011/കോ-ഓപ്. തീയതി, 20-9-2011

(എസ്.ആർ.ഒ. നമ്പർ 616/2011)

LIBRARY ARCHIVES Kerala Legislative Assembly

7. ജി.ഒ. (പി) നമ്പർ 138/2011/കോ-ഓപ്. തീയതി, 24-9-2011 (എസ്.ആർ.ഒ. നമ്പർ 629/2011)

8. ജി.ഒ. (പി) നമ്പർ 140/2011/കോ-ഓപ്. തീയതി, 27-9-2011 (എസ്.ആർ.ഒ. നമ്പർ 636/2011)

9. ജി.ഒ. (പി) നമ്പർ 142/2011/കോ-ഓപ്. തീയതി, 27-9-2011 (എസ്.ആർ.ഒ. നമ്പർ 637/2011)

10. ജി.ഒ. (പി) നമ്പർ 143/2011/കോ-ഓപ്. തീയതി, 28-9-2011 (എസ്.ആർ.ഒ. നമ്പർ 638/2011)

11. ജി.ഒ. (പി) നമ്പർ 120/2011/കോ-ഓപ്. തീയതി, 26-8-2011 (എസ്.ആർ.ഒ. നമ്പർ 643/2011)

12. ജി.ഒ. (പി) നമ്പർ 139/2011/കോ-ഓപ്. തീയതി, 27-9-2011 (എസ്.ആർ.ഒ. നമ്പർ 645/2011)

V. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കാര്യവിവരപ്പട്ടികയിലെ 3(5) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ജി.ഒ. (പി) നമ്പർ 37/2011/ജ.വി.വ. തീയതി, 2-7-2011

(എസ്.ആർ.ഒ. നമ്പർ 408/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VI. വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, കാര്യവിവരപ്പട്ടികയിലെ 3 (6) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. മെറ്റൽ ഇൻഡസ്ട്രീസിന്റെ 2009-2010-ലെ വാർഷിക റിപ്പോർട്ടും, കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. 2010-2011 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് വ്യവസായ വാണിജ്യ വകുപ്പിന്റെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട്.

**VII**. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, കാര്യവിവരപ്പട്ടികയിലെ 3 (7) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (പി) നമ്പർ 8/2011/നിയമം. തീയതി, 18-8-2011 (എസ്.ആർ.ഒ. നമ്പർ 503/2011)

LIBRARY ARCHIVES Kerala Legislative Assembly

2. ജി.ഒ. (പി) നമ്പർ 141/2011/റ്റി.ഡി. തീയതി, 28-9-2011
(എസ്.ആർ.ഒ. നമ്പർ 621/2011)

3. ജി.ഒ. (പി) നമ്പർ 142/2011/റ്റി.ഡി. തീയതി, 28-9-2011
(എസ്.ആർ.ഒ. നമ്പർ 622/2011)

4. ജി.ഒ. (പി) നമ്പർ 143/2011/റ്റി.ഡി. തീയതി, 28-9-2011
(എസ്.ആർ.ഒ. നമ്പർ 623/2011)

5. ജി.ഒ. (പി) നമ്പർ 144/2011/റ്റി.ഡി. തീയതി : 28-9-2011
(എസ്.ആർ.ഒ. നമ്പർ 624/2011)

6. നോട്ടിഫിക്കേഷൻ നമ്പർ 12058/എച്ച്1/2011/നിയമം. തീയതി, 7-10-2011
(എസ്.ആർ.ഒ. നമ്പർ 649/2011)

7. സ്ഥിരം ലോക് അദാലത്തിന്റെ 2009-10-ലെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക കണക്കുകളും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VIII. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കാര്യവിവരപ്പട്ടികയിലെ 3(8) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ. (എംഎസ്.) നമ്പർ 223/2011/ത.സ്വ.ഭ.വ. തീയതി, 16-9-2011
(എസ്.ആർ.ഒ. നമ്പർ 631/2011)

2. ജി.ഒ. (എംഎസ്.) നമ്പർ 224/2011/ത.സ്വ.ഭ.വ. തീയതി, 16-9-2011
(എസ്.ആർ.ഒ. നമ്പർ 659/2011)

IX. തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബിജോൺ): സർ, കാര്യവിവരപ്പട്ടികയിലെ 3(9) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ.(ആർ ടി) നമ്പർ 1982/2010/തൊഴിൽ തീയതി 2-12-2010 (എസ്.ആർ.ഒ.നമ്പർ 1148/2010) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. ജി.ഒ.(പി) നമ്പർ 152/2011/തൊഴിൽ തീയതി, 12-9-2011 (എസ്.ആർ.ഒ.നമ്പർ 609/2011)

3. ജി.ഒ. (പി) നമ്പർ 153/2011/തൊഴിൽ, തീയതി, 12-9-2011 (എസ്.ആർ.ഒ.നമ്പർ 610/2011)

LIBRARY ARCHIVES Kerala Legislative Assembly

4. ജി.ഒ.(പി) നമ്പർ 154/2011/തൊഴിൽ തീയതി, 12-9-2011 (എസ്.ആർ.ഒ.നമ്പർ 611/2011)

5. ജി.ഒ.(പി) നമ്പർ 155/2011/തൊഴിൽ തീയതി 12-9-2011 (എസ്.ആർ.ഒ.നമ്പർ 612/2011)

6. ജി.ഒ.(പി) നമ്പർ 160/2011/തൊഴിൽ തീയതി 23-9-2011 (എസ്.ആർ.ഒ.നമ്പർ 618/2011)

7. ജി.ഒ.(എംഎസ്) നമ്പർ 161/2011/തൊഴിൽ തീയതി 26-9-2011 (എസ്.ആർ.ഒ.നമ്പർ 619/2011)

8. ജി.ഒ.(ആർ.ടി) നമ്പർ 1445/2011/തൊഴിൽ തീയതി 30-9-2011 (എസ്.ആർ.ഒ.നമ്പർ 625/2011)

9. 2010-2011 സാമ്പത്തിക വർഷത്തിൽ ബജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച് തൊഴിലും പുനരധിവാസവും, വ്യവസായ പരിശീലനം എന്നീ വകുപ്പുകളുടെ ആന്വൽ പെർഫോമൻസ് റിപ്പോർട്ട്.

X. ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കാര്യവിവരപ്പട്ടികയിലെ 3(10) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ.(ആർ.ടി.) നമ്പർ 3026/2011/ആർഡി തീയതി 15-7-2011 (എസ്.ആർ.ഒ.നമ്പർ 436/2011) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

2. ജി.ഒ.(പി) നമ്പർ 55/2011/ ഗതാഗതം തീയതി 12-10-2011 (എസ്.ആർ.ഒ.നമ്പർ 656/2011)

3. ജി.ഒ.(പി) നമ്പർ 56/2011/ഗതാഗതം തീയതി 18-10-2011 (എസ്.ആർ.ഒ.നമ്പർ 672/2011)

XI. റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, കാര്യവിവരപ്പട്ടികയിലെ 3(11) ഇനം അനുസരിച്ചുള്ള കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

1. ജി.ഒ.(എംഎസ്) നമ്പർ 354/2011/ആർ.ഡി തീയതി, 27-9-2011 (എസ്.ആർ.ഒ.നമ്പർ 630/2011)

2. ജി.ഒ.(എംഎസ്.) നമ്പർ 342/2011/റവന്യൂ തീയതി, 22-9-2011 (എസ്.ആർ.ഒ.നമ്പർ 634/2011)

3. ജി.ഒ.(എംഎസ്) നമ്പർ 369/2011/റവന്യൂ തീയതി, 13-10-2011 (എസ്.ആർ.ഒ.നമ്പർ 663/2011)

LIBRARY ARCHIVES Kerala Legislative Assembly

## അജണ്ടയിലെ മൂന്നാമത്തെ ഇനമായി സഭയുടെ മേശപ്പുറത്തുവയ്ക്കുന്ന കടലാസുകളുടെ പട്ടിക (ചട്ടം 47(2) പ്രകാരമുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യവിവരപ്പട്ടികയിലെ ഇനം (3) അനുസരിച്ചുള്ളതും ചട്ടം 47 (2) പ്രകാരമുള്ളതുമായ രണ്ട് സ്റ്റേറ്റുമെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 2594, 2659 എന്നീ നമ്പരുകളിലുള്ള ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും.

2. ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാര്യവിവരപ്പട്ടികയിലെ ഇനം (3) അനുസരിച്ചുള്ളതും ചട്ടം 47 (2) പ്രകാരമുള്ളതുമായ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1697-ാം നമ്പരിലുള്ള ചോദ്യത്തിന്റെ അന്തിമ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

3. ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം (3) അനുസരിച്ചുള്ളതും ചട്ടം 47 (2) പ്രകാരമുള്ളതുമായ 5 സ്റ്റേറ്റുമെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 240, 242, 313, 1474, T.1547 എന്നീ നമ്പരുകളിലുള്ള ചോദ്യങ്ങൾക്കുള്ള അന്തിമ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും

4. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, കാര്യവിവരപ്പട്ടികയിലെ ഇനം (3) അനുസരിച്ചുള്ളതും ചട്ടം 47 (2) പ്രകാരമുള്ളതുമായ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 2811-ാം നമ്പരിലുള്ള ചോദ്യത്തിന്റെ അന്തിമ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

5. ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കാര്യവിവരപ്പട്ടികയിലെ ഇനം (3) അനുസരിച്ചുള്ളതും ചട്ടം 47 (2) പ്രകാരമുള്ളതുമായ രണ്ട് സ്റ്റേറ്റുമെന്റുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.



LIBRARY ARCHIVES Kerala Legislative Assembly

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1800, രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 609 എന്നീ നമ്പരുകളിലുള്ള ചോദ്യങ്ങൾക്കുള്ള അന്തിമ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റുകളും

6. മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ഞാൻ കാര്യവിവരപ്പട്ടികയിലെ ഇനം (3) അനുസരിച്ചുള്ളതും ചട്ടം 47 (2) പ്രകാരമുള്ളതുമായ സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1099-ാം നമ്പർ ചോദ്യത്തിനുള്ള അന്തിമ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

7. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ കാര്യവിവരപ്പട്ടികയിലെ ഇനം (3) അനുസരിച്ചുള്ളതും ചട്ടം 47 (2) പ്രകാരമുള്ളതുമായ സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 1715-ാം നമ്പരിലുള്ള ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും

## VII. റിപ്പോർട്ട് സമർപ്പണം

### (1) കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### (2) സബ്ജക്ട് കമ്മിറ്റി IV, VI, VIII, IX, X, XIII, XIV എന്നിവയുടെ 2010-11-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടുകൾ

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കമ്മിറ്റിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ ചെയർമാനായ ഞാൻ 2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കമ്മിറ്റിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ ചെയർമാനായ ഞാൻ 2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കമ്മിറ്റിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വനവും പരിസ്ഥിതിയും വിനോദ സഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X -ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2010-11- സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കമ്മിറ്റിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ ചെയർമാനായ ഞാൻ 2010-11 സാമ്പത്തിക വർഷത്തിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച അനന്തര നടപടികൾ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VIII. റിപ്പോർട്ട് പരിഗണന

### കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് പരിഗണന

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. ഒരു ഭേദഗതികൂടി നിർദ്ദേശിക്കുകയാണ്.

2011-ലെ ശമ്പളവും ബത്തകളും നൽകൽ (2-ാം ഭേദഗതി) ബില്ലും 2011-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം ഇന്ന് പരിഗണിക്കേണ്ടതില്ല എന്ന ഭേദഗതിയോടെ കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ പരിഗണിക്കുന്നത് ഈ സഭയുടെ മൊത്തത്തിലുള്ള അഭിപ്രായത്തോടുകൂടി ആയിരിക്കണം. പ്രതിപക്ഷം സഹകരിക്കാത്ത സാഹചര്യത്തിൽ ഇപ്പോൾ ആവശ്യമില്ല.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഭേദഗതിയോടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

## IX. ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

(1) നോട്ടീസ് നൽകിയിരുന്ന അംഗമായ ശ്രീ. എ. കെ. ബാലൻ സീറ്റിലില്ലാതിരുന്നതിനാൽ 2011 സെപ്റ്റംബർ 7-ാം തീയതിയിലെ ജി.ഒ.(പി) 126/2011/നികുതി (എസ്.ആർ.ഒ. നമ്പർ 568/11) മുഖേന പുറപ്പെടുവിച്ച 2011-ലെ കേരള അബ്കാരി ഷോപ്പ്സ് ഡിസ്പോസൽ (ഭേദഗതി) ചട്ടങ്ങൾക്കും 2011 സെപ്റ്റംബർ 20-ാം തീയതിയിലെ ജി.ഒ.(പി) 134/2011/കോ-ഓപ്പറേഷൻ (എസ്.ആർ.ഒ. നമ്പർ 587/11) മുഖേന പുറപ്പെടുവിച്ച കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ഭേദഗതി) ചട്ടങ്ങൾക്കും നൽകിയ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല)

(2) ശ്രീ. കെ.എം. ഷാജി: സർ, 2011 ജനുവരി 28-ാം തീയതിയിലെ ജി.ഒ.(പി) 14/2011/നികുതി (എസ്.ആർ.ഒ. നമ്പർ 80/2011) മുഖേന പുറപ്പെടുവിച്ച 2011-ലെ കേരള പേപ്പർ ലോട്ടറീസ് ഭേദഗതി ചട്ടങ്ങൾക്ക് നൽകിയ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

# X. നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത

11.20. A.M.] പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത ബില്ലാണ് സഭയുടെ മുമ്പാകെയുള്ളത്. സബ്ജക്ട് കമ്മിറ്റി പരിഗണനാവേളയിൽ ഈ ബില്ലിന് ചില ഭേദഗതികൾ വരുത്തുകയുണ്ടായി. കുടുംബ സംബന്ധമായ കരണങ്ങളിൽനിന്ന് വിട്ടുപോയ റിലീസ് ഡീഡ് ഇപ്പോൾ ഈ ബില്ലിൽ ചേർത്തിട്ടുണ്ട്. കൂടാതെ സെൻട്രൽ പോലീസ് ക്യാന്റീൻ വഴി വിൽക്കുന്ന സാധനങ്ങൾക്ക് ടാക്സ് ഇളവ് നൽകുകയും മാസവള്ളങ്ങളെ വാറ്റ് നികുതിയിൽ നിന്ന് പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. കോമ്പൗണ്ടിംഗ് സമ്പ്രദായം സ്വീകരിക്കുന്ന സ്വർണ്ണ വ്യാപാരികൾ ടാക്സ് പിരിക്കാൻ പാടില്ല എന്നാണ് ഒറിജിനൽ ബില്ലിൽ വ്യവസ്ഥ ചെയ്തിരുന്നത്. സബ്ജക്ട് കമ്മിറ്റി ശുപാർശ ചെയ്തതനുസരിച്ച് അവരുടെ പ്രതിനിധികളുമായി സംസാരിക്കുകയും പരമാവധി ഒന്നേകാൽ ശതമാനം വരെ അവർക്ക് ടാക്സ് പിരിക്കാമെന്നും പിരിച്ച ടാക്സ്, കോമ്പൗണ്ട് ചെയ്യുന്ന ടാക്സിനേക്കാൾ കൂടുതലാണെങ്കിൽ അധികം പിരിച്ച ടാക്സ് കൂടി അടയ്ക്കണമെന്നും ഇപ്പോൾ ബില്ലിൽ ഭേദഗതി ചെയ്തിട്ടുണ്ട്. അതുപോലെ ലാപ്സായ ബിൽ പ്രകാരം നടത്തിയ കാര്യങ്ങൾ സാധൂകരിക്കുന്നതിനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ടിന്റെ ഡിക്ലറേഷൻ അനുസരിച്ചാണ് ബില്ലിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവന്ന് നികുതി ഈടാക്കിയിരിക്കുന്നത്. ബില്ലിലെ പല വ്യവസ്ഥകൾക്കും മുൻകാല പ്രാബല്യം നൽകേണ്ടതിനാൽ ബില്ലിന്റെ commencement clause-ൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്.

(വിയോജന കുറിപ്പ് അവതരിപ്പിക്കാൻ നോട്ടീസ് നൽകിയ ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. പാലോട് രവി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള ധനകാര്യ ബിൽ വീണ്ടും അതേ സബ്ജക്ട്

LIBRARY ARCHIVES Kerala Legislative Assembly

കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ശ്രീ. പാലോട് രവി അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ

ശ്രീ. പാലോട് രവി: പ്രസ് ചെയ്യുന്നില്ല

അനുകൂലിക്കുന്നവർ....

പ്രതികൂലിക്കുന്നവർ

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മി.സ്പീക്കർ: ശ്രീ. അൻവർ സാദത്ത് അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ

ശ്രീ. അൻവർ സാദത്ത് : പ്രസ് ചെയ്യുന്നില്ല

അനുകൂലിക്കുന്നവർ

പ്രതികൂലിക്കുന്നവർ...

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പരിഗണനയ്ക്ക് എടുത്തു.

2-ാം വകുപ്പ്

*Shri Manjalamkuzhi Ali* : Sir, I move the following amendment:-

116. In section 3A(3) of the Kerala Surcharge on Taxes Act, 1957, proposed to be substituted by clause 2(1)(i), for the words and figures "30th September, 2011" the words and figures "31st March, 2012" shall be substituted.

*Shri V. M. Ummer Master*: Sir, I move the following amendment:-

118. In section 3A(4) of the Kerala Surcharge on Taxes Act, 1957, proposed to be substituted by clause 2(1)(ii), for the words and figures "30th September, 2011" the words and figures "31st May, 2012" shall be substituted.

*Shri P. K. Basheer* : Sir, I move the following amendment:-

119. In section 3B(2) of the Kerala Surcharge on Taxes Act, 1957, proposed to be substituted by clause 2(2)(i), for the words and figures "30th September, 2011" the words and figures "31st March, 2012" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

*Shri K. N. A. Khader* : Sir, I move the following amendment:-

121. In Section 3B (3) of the Kerala Surcharge on Taxes Act, 1957, proposed to be substituted by clause 2 (2) (ii), for the words and figures, "30th September, 2011", the words and figures "31st May 2011" shall be substituted.

(പ്രതിപക്ഷാംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>ശ്രീ. കെ. എം. മാണി:</u> ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

*Shri C. Mammutty* : Sir, I move the following amendment:-

123. In the marginal heading of the section 11 B proposed to be inserted in the Kerala Money Lenders Act, 1958, by clause 3, after the words "Electronic Filing", the words "of return" shall be inserted.

*Shri K. Muhammedunni Haji*: Sir, I move the following amendment:-

124. In Section 11 B proposed to be inserted in the Kerala Money Lenders Act, 1958, by clause 3, after the word "Department", the words "or otherwise" shall be inserted.

<u>ശ്രീ. കെ. എം. മാണി:</u> ഭേദഗതികൾ സ്വീകാര്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്டി അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

*Shri M. Ummer*: Sir, I move the following amendment:-

125. In the entry in column (2) of clause (i) in serial number 31 of the Schedule of the Kerala Stamp Act, 1959 proposed to be substituted by clause 4(1) after the word "sister" the words "adopted children" shall be inserted.

*Shri C. Moyinkutty* : Sir, I move the following amendment:-

131. In the entry in column (3) of clause (i) in serial number 42 of the schedule of the Kerala Stamp Act, 1959, proposed to be substituted by clause 4(2)(i), the word "the" occurring after the words "Value of" shall be deleted.

*Sri P. B. Abdul Razak* : Sir, I move the following amendment:-

135. In the explanation to serial number 42 of the Schedule of the Kerala Stamp Act, 1959, proposed to be substituted by clause 4(2)(ii) after the words "grand children", the words "adopted children", shall be inserted.

*Sri Abdurahiman Randathani* : Sir, I move the following amendment:-

136. In the entry in column (2) of clause (a) in Serial number 48 of the schedule of the Kerala Stamp Act, 1959, proposed to be substituted by clause 4(3)(i), before the words "grand children", the words "adopted children", shall be inserted.

*Shri T.A. Ahammed Kabeer*: Sir, I move the following amendment:-

LIBRARY ARCHIVES Kerala Legislative Assembly

141. In the entry in column (2) of clause (a) (i) in serial number 51 of the schedule of the Kerala Stamp Act, 1959, proposed to be substituted by clause 4(4) after the word "sister" the words "adopted children" shall be inserted.

ശ്രീ. കെ. എം. മാണി: ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

*Shri M.P. Abdussamad Samadani*: Sir, I move the following amendment:-

146. In the fourth proviso to Section 17(6) of the Kerala General Sales Tax Act, 1963, proposed to be substituted by clause 5(2)(i) for the figures "2005-06", figures "2006-07" shall be substituted.

*Shri K.M. Shaji*: Sir, I move the following amendment:

149. In Section 23 B(4) of the Kerala General Sales Tax Act, 1963, proposed to be substituted by clause 5(3)(ii), for the words and figures, "30th September, 2011", the words and figures "31st March, 2012" shall be substituted.

446/14

LIBRARY ARCHIVES Kerala Legislative Assembly

*Shri N. Samsudheen* : Sir, I move the following amendment:-

151. In Section 23 BA(2) of the Kerala General Sales Tax Act, 1963, proposed to be substituted by clause 5(4)(i), for the words and figures, "30th September, 2011", the words and figures "31st March, 2012" shall be substituted.

*Shri P. Ubaidulla* : Sir, I move the following amendment:-

153. In Section 23 BA(3) of the Kerala General Sales Tax Act, 1963, proposed to be substituted by clause 5(4)(ii), for the words and figures, "30th September, 2011", the words and figures "31st March, 2012" shall be substituted.

ശ്രീ. കെ. എം. മാണി: ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 149-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ....

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 6-ാം വകുപ്പ്

*Shri P. B. Abdul Razak* : Sir, I move the following amendment:-

154. In the first proviso to Section 4 (1) of the Kerala Tax on Luxuries Act, 1976, proposed to be substituted by the clause 6 (2) (i) (b) (ii) after the words "Indian Railways", the words "Bus stations managed by KSRTC" shall be inserted.

*Shri N. Samsudheen*: Sir, I move the following amendment:

155. In the entry in column (3) against item (i) of Section 5A (1) of the Kerala Tax on Luxuries Act, 1976 proposed to be substituted by the clause 6 (4) for the words "Eight thousand rupees" the words "Five Thousand rupees" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

*Shri K. N. A. Khader*: Sir, I move the following amendment:-

156. In the entry in column (3) against item (ii) of Section 5A (1) of the Kerala Tax on Luxuries Act, 1976 proposed to be substituted by the clause 6 (4) for the words "Twelve Thousand Rupees" the words "Ten Thousand Rupees" shall be substituted.

*Shri P. K. Basheer*: Sir, I move the following amendment:-

157. In the entry in column (3) against item (iv) of Section 5A (1) of the Kerala Tax on Luxuries Act, 1976, proposed to be substituted by clause 6 (4) the words "Fifteen Thousand Rupees" shall be substituted by the words "Ten Thousand rupees".

*Shri C. Moyinkutty* : Sir, I move the following amendment:-

158. In the entry in column (3) against item (v) of Section 5A(1) of the Kerala Tax on Luxuries Act, 1976 proposed to be substituted by the clause 6(4), the words "Twenty two Thousand Rupees" shall be substituted by the words "Twenty Thousand Rupees".

*Shri C. Mammutty:* Sir, I move the following amendment:-

159. In the entry in column (3) against item (vi) of Section 5A(1) of the Kerala Tax on Luxuries Act, 1976 proposed to be substituted by clause 6(4), the words "Seven Thousand Rupees" shall be substituted by the words "Five Thousand Rupees".

*Shri P. Ubaidulla* : Sir, I move the following amendment:-

160. In the entry in column (3) against item (vii) of Section 5A(1) of the Kerala Tax on Luxuries Act, 1976 proposed to be_ substituted by the clause 6(4), for the words "Thirty Thousand Rupees" the words "Twenty Five Thousand Rupees" shall be substituted.

*Shri Muhammedunni Haji*: Sir, I move the following amendment:-

161. In the entry in column (3) against item (viii) of section 5A(1) of the Kerala Tax on Luxuries Aet, 1976, proposed to be substituted by the clause 6(4) the words "Fifty Thousand Rupees" shall be substituted by the words "Forty Thousand Rupees".

*Shri Abdurahiman Randathani*: Sir, I move the following amendment:-

162. In the marginal heading of section 5B of the Kerala Tax on Luxuries Act, 1976, proposed to be inserted by clause 6(5) after

LIBRARY ARCHIVES Kerala Legislative Assembly

the words "Electronic filing" the words, "of return" shall be inserted.

*Shri N. A. Nellikkunnu:* Sir, I move the following amendment:-

163. In section 5B of Kerala Tax on Luxuries Act, 1976, proposed to be inserted by clause 6(5) after the word "Department", the words "or otherwise" shall be inserted.

<u>ശ്രീ. കെ. എം. മാണി:</u> ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. പി. ബി. അബ്ദുൾ റസാക് അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. കെ ബഷീർ അവതരിപ്പിച്ച 157-ാംനമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മോയിൻകുട്ടി അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 163-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

7-ാം വകുപ്പ്

*Shri M. Ummer:* Sir, I move the following amendment:-

164. In the marginal heading of section 35A proposed to be inserted in the Kerala Agricultural Income Tax Act, 1991 by clause 7 after the words "Electronic filing", the words "of return" shall be inserted.

*Shri M. P. Abdussamad Samadani*: Sir, I move the following amendment:-

165. In section 35(A) proposed to be inserted in the Kerala Agricultural Income Tax Act, 1991 by clause 7 after the word "Department", the words "or otherwise" shall be inserted.

ശ്രീ. കെ. എം. മാണി: ഭേദഗതികൾ സ്വീകാര്യമല്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 164-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, 174-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

174. The sixth proviso to section 6 (5) of the Kerala Value Added Tax Act, 2003, proposed to be inserted by clause 8(2)(iii)(d) shall be recast as follows:-

"Provided also that dealers covered under this sub-section whose total turnover for a year is below Rupees Twenty Lakhs, may pay a

LIBRARY ARCHIVES Kerala Legislative Assembly

lumpsum amount of Rupees Two Thousand annually as presumptive tax, and the payment shall be at the rate of Rupees Five Hundred per quarter along with a statement as may be prescribed. Such dealers shall also file an annual declaration as may be prescribed".

*Shri Manjalamkuzhi Ali*: Sir, I move the following amendments:-

166 In section 4(1) of the Kerala Value Added Tax Act, 2003, after the words "many other members" the words "not exceeding two" shall be inserted and the succeeding words "as they think fit" shall be deleted.

181. In section 94(2) of the Kerala Value Added Tax Act, 2003 proposed to be amended by clause 8(11)(i) for the words "or with in such time as may be extended by the Commissioner" shall be substituted by the word "positively" .

*Shri T.A. Ahammed Kabeer*: Sir, I move the following amendment:-

168. In the fifth proviso to section 6 (1) of the Kerala value Added Tax Act, 2003, proposed to be amended by clause 8(2) (i) (b) (ii), after the words "Air Force Canteen" the words "Central Police Canteen" shall be inserted.

178 . In section 40(A)(2) of Kerala Value Added Tax Act, 2003 all the words occurring after "bill/invoices" shall be deleted.

*Shri M. P. Abdussamad Samadani*: Sir, I move the following amendment:-

179. In section 74(1)(a) of the Kerala Value Added Tax Act, 2003 for the words "Five Hundred", "One Thousand" shall be substituted.

*Shri N. A. Nellikkunnu:* Sir, I move the following amendment:-

180. In the explanation to section 86 of the Kerala Value Added Tax Act, 2003 proposed to be amended by clause 8(10) after the words "Gulati Institute of Finance and Taxation" the words "or such other institution Government may prescribe" shall be added.

*Shri K. Muhammedunni Haji:* Sir, I move the following amendment:-

183. In the explanation to section 94(2A) of the Kerala Value Added Tax Act, 2003 proposed to be amended by clause 8(11)(ii) after the word "charged" the words "as per the bill" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly

*Shri K. M. Shaji* : Sir, I move the following amendment:-

184. In Section 94(1)(e) of Kerala Value Added Tax Act 2003, the word 'and' shall be substituted for the word 'or'.

ശ്രീ. കെ. എം. മാണി: ഭേദഗതികൾ സ്വീകാര്യമല്ല

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 166, 181 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. ടി. എ. അഹ്മദ് കബീർ അവതരിപ്പിച്ച 168, 178 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ശ്രീ.കെ.എം.ഷാജി അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

ഭേദഗതി ചെയ്ത പ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

*Shri P.B. Abdul Razak*: Sir, I move the following amendment:-

191.2 In clause 10 (2) delete the words "as it may consider necessary".

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സർ, ധനകാര്യ ബില്ല് ബഹളത്തിനിടയിലും പാസ്സാക്കിത്തന്നതിന് എല്ലാവരോടുമുള്ള നന്ദി പ്രകടിപ്പിക്കുന്നു. ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. പി. ബി. അബ്ദുൾ റസാഖ് അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

*Shri N. A. Nellikkunnu* : Sir, I move the following amendment:-

195. In clause 11(2) the words "as it may consider necessary" shall be deleted.

ശ്രീ. കെ. എം. മാണി: ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എൻ.എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 195-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ...

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

*Shri K. M. Mani*: Sir, I move the following amendment:-

110. For sub-section (2) of section 1, the following sub-section shall be substituted, namely:-

LIBRARY ARCHIVES Kerala Legislative Assembly

"(2) Save as otherwise provided in this Act,-

(i) clause (ii) of sub-section (2) and sub-clause (f) of clause (i) of sub-section (12) of section 8 shall deemed to have come into force on the 1st day of April, 2005;

(ii) sub-section (7) and sub-clause (g) of clause (ii) of sub-section (12) of section 8 shall be deemed to have come into force on the 1st day of April, 2007;

(iii) sub-clause (e) of clause (ii) of sub-section (3) of section 8 shall be deemed to have come into force on the 1st day of April, 2010;

(iv) section 2, clause (i) of sub-section (3) of section 4, sub-sections (1),(2),(3) and (4) of section 5, sub-sections (1), (2), (3) , (4) and (6) of section 6 and sub-section (1), item (ii) of sub-clause (b), sub-clauses (c) and (d) of clause (i), sub-clause (d) of clause (iii) of sub-section (2), sub-clauses (a), (b), (c) and (d) of clause (ii) of sub-section (3), sub-sections (4), (5), (6), (8) and (10), clause (i) of sub-section (11), sub-clauses (b), (c) and (e) of clause (i), sub-clauses (a), (c), (d), (e) and (f) of clause (ii) of sub-section (12) of section 8 shall be deemed to have come into force on the 1st day of April, 2011;

(v) section 3, sub-sections (1), (2), (4) of section 4, sub-section (5) of section 6, section 7, sub-clause (a), item (i) of sub-clause (b) of clause (i) and sub-clauses (a), (b) and (c) of clause (iii) of sub-section (2), sub -section (9), clause (ii) of sub-section (11), sub-clauses (a) and (d) of clause (i), sub-clause (b) of clause (ii) of sub-section (12) of section 8, sections 9, 10 and 11 shall be deemed to have come into force on the 19th day of July, 2011;

(vi) the remaining provisions of this Act shall come into force at once.".111, 112, 113, 114 എന്നീ ഭേദഗതികൾ 110-ൽ ഉൾക്കൊള്ളുന്നുണ്ട്. ഈ ഭേദഗതിയോടെ ഒന്നാം വകുപ്പും പീഠികയും പേരും പാസ്സാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....



LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): സർ, 2011-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി.മോഹനൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനകാര്യ ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്ന് ഉച്ചയ്ക്കുശേഷമുള്ള ബിസിനസ്സുകൂടി രാവിലെ ചർച്ചചെയ്യണമെന്ന നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്.

മി. സ്പീക്കർ: നിർദ്ദേശം അംഗീകരിച്ചിരിക്കുന്നു.

## XI. ധനകാര്യം

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും 1993-94, 1995-96, 1996-97, 1997-98, 2002-03, 2003-04, 2004-05, 2005-06, 2006-07, 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,53,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 53,84,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 156,30,85,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ.പി. അനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,50,11,000 രൂപയുടേയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 91,05,03,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 115,74,02,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 52,50,04,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,77,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,86,91,000 രൂപയുടേയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,75,01,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടേയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,45,52,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,07,46,000 രൂപയുടേയും സാമൂഹ്യ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടേയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 53,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 54,60,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,02,62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ചർച്ച ഒഴിവാക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1,360 കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് അവതരിപ്പിച്ചിരിക്കുന്നത്. ആദ്യം 11,030 കോടി രൂപ ആയിരുന്ന നമ്മുടെ വാർഷിക പദ്ധതി 12,010 കോടി രൂപയായി വർദ്ധിപ്പിച്ചു. ആ കമ്മിറ്റ്മെന്റ് സപ്ലിമെന്ററി ഡിമാൻഡിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതുപോലെതന്നെ 100 കോടി രൂപ അരി വിതരണത്തിനുവേണ്ടിയും കുട്ടനാട് പാക്കേജിന് 150 കോടി രൂപ, ഇടുക്കി പാക്കേജിന് 50 കോടി രൂപ, മലയോരവികസന അതോറിറ്റിക്ക് 25 കോടി രൂപ, കൊച്ചി മെട്രോ പദ്ധതിക്ക് 25 കോടി രൂപ, കണ്ണൂർ എയർപോർട്ട് വികസനത്തിന് 25 കോടി രൂപ, വിഴിഞ്ഞം തുറമുഖ പദ്ധതിക്ക് 50 കോടി രൂപ, ഹൈസ്പീഡ് റെയിൽവേ 50 കോടി രൂപ, പി.എം.ജി.എസ്.വൈ. 50 കോടി രൂപ, എൻ.ആർ.ഇ.ജി.പി.-ക്ക് 50 കോടി രൂപ, ശമ്പളം 50 കോടി രൂപ, ടൂറിസം 50 കോടി രൂപ, മെഡിക്കൽ കോളേജുകളുടെ വികസനത്തിന് 33 കോടി രൂപ, എസ്.സി./എസ്.ടി. ക്ഷേമപദ്ധതികൾക്ക് 101 കോടി രൂപ തുടങ്ങിയവയാണ് പ്രധാനപ്പെട്ട ചെലവുകൾ. അതുപോലെ കെ.എസ്.ഇ.ബി. 54 കോടി രൂപ, കെ.എസ്.ആർ.ടി.സി. 32 കോടി രൂപ, ഇൻകെൽ 20 കോടി രൂപ, ഗവൺമെന്റ് സെർവന്റ്സ് 40 കോടി രൂപ തുടങ്ങിയ പ്രധാനപ്പെട്ട ചില ഐറ്റംസിനുവേണ്ടിയാണ് സപ്ലിമെന്ററി ഡിമാന്റ് അവതരിപ്പിച്ചിരിക്കുന്നത്. ഈ ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,53,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 15,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 53,84,19,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 156,30,85,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,50,11,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 91,05,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു ; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 115,74,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 52,50,04,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 10,77,99,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 81,86,91,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,75,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ...........

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,45,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,07,46,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 53,00,02,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 150,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 54,60,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ...........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 82,02,62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ.............

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,50,52,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.................

പ്രതികൂലിക്കുന്നവർ.................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 20,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ .........



LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 33,21,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,08,60,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 8,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,62,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,40,05,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 29,35,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസം എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,07,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ..........

പ്രതികൂലിക്കുന്നവർ ..........



LIBRARY ARCHIVES Kerala Legislative Assembly

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,19,82,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 50,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 40,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**അധിക ധനാഭ്യർത്ഥനകൾ**

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1993-94 സാമ്പത്തിക വർഷത്തേക്ക് 8,00,000 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ..........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1995-96 സാമ്പത്തിക വർഷത്തേക്ക് 1,31,86,314 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ..........

LIBRARY ARCHIVES Kerala Legislative Assembly

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1995-96 സാമ്പത്തിക വർഷത്തേയ്ക്ക് റവന്യൂ ഇനത്തിൽ 2,14,394 രൂപയുടെയും മൂലധന ഇനത്തിൽ 10,54,781 രൂപയുടെയും അധിക ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1995-96 സാമ്പത്തിക വർഷത്തേയ്ക്ക് 34,83,165 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 199596 സാമ്പത്തിക വർഷത്തേക്ക് 57,027 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1996-97 സാമ്പത്തിക വർഷത്തേക്ക് 94,116 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1997-98 സാമ്പത്തിക വർഷത്തേക്ക് 23,51,990 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

LIBRARY ARCHIVES Kerala Legislative Assembly

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2002-03 സാമ്പത്തിക വർഷത്തേക്ക് 59,86,857 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2002-03 സാമ്പത്തിക വർഷത്തേക്ക് 6,22,58,589 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2002-03 സാമ്പത്തിക വർഷത്തേക്ക് 18,22,48,978 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2003-04 സാമ്പത്തിക വർഷത്തേക്ക് 1,21,89,740 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2003-04 സാമ്പത്തിക വർഷത്തേക്ക് 4,70,33,333 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

LIBRARY ARCHIVES Kerala Legislative Assembly

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കാർഷികാദായ നികുതിയും വിൽപ്പനനികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2003-04 സാമ്പത്തിക വർഷത്തേക്ക് 2,94,25,435 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ..........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2003-04 സാമ്പത്തിക വർഷത്തേക്ക് 12,030 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ..........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2004-05 സാമ്പത്തിക വർഷത്തേക്ക് 14,82,58,936 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ..........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2004-05 സാമ്പത്തിക വർഷത്തേക്ക് 1,02,31,142 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ..........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2005-06 സാമ്പത്തിക വർഷത്തേക്ക് 21,27,48,025 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .......

പ്രതികൂലിക്കുന്നവർ ..........

LIBRARY ARCHIVES Kerala Legislative Assembly

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2006-07 സാമ്പത്തിക വർഷത്തേക്ക് 5,88,05,425 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2007-08 സാമ്പത്തിക വർഷത്തേക്ക് 154,78,10,307 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2008-09 സാമ്പത്തിക വർഷത്തേക്ക് 42,06,436 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഷ്ടപരിഹാരവും അവകാശകൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2008-09 സാമ്പത്തിക വർഷത്തേക്ക് 43,84,312 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2008-09 സാമ്പത്തിക വർഷത്തേക്ക് 3,77,031 രൂപയുടെ അധിക ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........

പ്രതികൂലിക്കുന്നവർ ...........

LIBRARY ARCHIVES Kerala Legislative Assembly

അധിക ധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(4-11-2011-ന് രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാവിലെ 11.52-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly